വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ

# യേശുദർശനയോഗം

## ഭാരതീയ പരിപ്രേക്ഷ്യത്തിൽ

സിറിയക് കണിച്ചായ് സി.എം.ഐ.



തവചരണം മമശരണം

ചാവറ സാംസ്കാരിക കേന്ദ്രം പ്രസിദ്ധീകരണം

K, 877d
77891



# വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ
# യേശുദർശനയോഗം
# ഭാരതീയ പരിപ്രേക്ഷ്യത്തിൽ

CARMEL JYOTHI
ALWAYE
THAIKKATTUKARA

ഒരു ചാവറ പ്രസിദ്ധീകരണം

Malayalam
VAZHTHAPPETTA CHAVARAYACHANTE
YESUDHARSHANAYOGAM
BHARATHEEYA PARIPREKSHYATHIL
(Religious Spirituality)
by
Cyriac Kanichai C.M.I.

Cover Design
Rajesh Chalode

Pre-press and Layout
Anoop Antony

Co-ordinated by
Jolly Pavelil

First Published February 2014

Printed at
Anaswara Printers, Kochi

© Reserved Chavara Cultural Centre

Published By
Fr. Roby Kannanchira C.M.I.
Director, Chavara Cultural Centre
Kochi

Distributed by
Chavara Cultural Centre
Monastery Road, Karikkamury
Cochin 682 011
Ph: 0484-4070250, 2377443
E-mail: chavarakochi@gmail.com

Price: ₹. 120.00

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ

# യേശുദർശനയോഗം

## ഭാരതീയ പരിപ്രേക്ഷ്യത്തിൽ

സിറിയക് കണിച്ചായ് സി.എം.ഐ.

ചാവറ സാംസ്ക്കാരിക കേന്ദ്രം, എറണാകുളം

2014

# സിറിയക് ഏലിയാസ് കണിച്ചായ്



സി.എം.ഐ.വൈദികൻ. ജനനം 1938-ൽ. വൈദികവിദ്യാഭ്യാസം: ധർമ്മരാം കോളേജ്, ബാംഗളൂർ, പേപ്പൽ അത്തനീയം, പൂനെ. പൗരോഹിത്യസ്വീകരണം 1962-ൽ. 1963-64 വർഷങ്ങളിൽ ധർമ്മാരാം കോളേജിൽ തത്വശാസ്ത്രാധ്യാപകനായി തന്റെ ശുശ്രൂഷാജീവിതം ആരംഭിച്ചു. 1967-ൽ റോമിലെ ഗ്രിഗോരിയൻ സർവ്വകലാശാലയിൽനിന്നും ചരിത്രത്തിന്റെ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയശേഷം, ഇന്നുവരെ ധർമ്മാരാം വിദ്യാക്ഷേത്രം (ബാംഗളൂർ), പൊൻടിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ആലുവ), സെന്റ്.മേരിസ് മലങ്കര സെമിനാരി (തിരുവനന്തപുരം) തുടങ്ങി വിവിധ വൈദികപരിശീലനകേന്ദ്രങ്ങളിലും, മറ്റു പല സ്പിരിച്ച്വാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുകളിലും, അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നു. തത്വചിന്ത, ഇൻഡ്യൻ-ക്രിസ്ത്യൻ സ്പിരിച്ച്വാലിറ്റി തുടങ്ങിയ മേഖലകളിൽ താഴെ പറയുന്നവ ഉൾപ്പെടെ, മുപ്പത്തഞ്ചോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്: സന്ന്യാസസമീക്ഷ, സമീപനങ്ങൾ, സന്യാസഭാഷ്യം, വിചാരദർശനം, ആത്മദർശനം, ക്രിസ്തോപാസന, ധ്യാനനിലയം, ധ്യാനയോഗം, സന്ന്യാസം: സിദ്ധി-സാധ്യം-സാധന, ആശ്രമശ്രമം, റിലിജിയസ് മിസ്റ്റിസിസം, അധ്യാത്മയോഗം.

**ചാ**വറയച്ചന്റെ ആധ്യാത്മികതയെ ഭാരതീയ പരിപ്രേക്ഷ്യത്തിൽ വിലയിരുത്തിക്കൊണ്ടുള്ള ഈ കൃതിയെ, ഈ വിഷയത്തിൽ ഇന്നോളം നടത്തപ്പെട്ടിട്ടില്ലാത്ത പുതിയൊരു നോക്കിക്കാണലായി മാത്രം പരിഗണിച്ചാൽ പോരാ; അതിലുപരി, ഭിന്നസ്വഭാവികളെന്ന് സാമാന്യേന കരുതപ്പെടുന്ന രണ്ട് ആത്മീയപഥങ്ങളെ, ഒന്ന് മറ്റേതിന് വെളിവും വെളിച്ചവുമേകുംവിധം, പരസ്പരം കൂട്ടിയിണക്കുന്നതിൽ ഗ്രന്ഥകർത്താവ് പ്രദർശിപ്പിച്ചിട്ടുള്ള സമന്വയനൈപുണിയും ദാർശനികധിഷണയും നമ്മുടെ പ്രത്യേകമായ ആലോചനയ്ക്കും അടിവരയ്ക്കും വിഷയമാകേണ്ടതുണ്ട്. പരസ്പരം പ്രകാശിപ്പിക്കുമാറ്, ചാവറസൂക്തങ്ങളെയും ഭാരതീയഭക്തിശാസ്ത്രോക്തികളെയും മുഖാമുഖം പ്രതിഷ്ഠിക്കുകവഴി ഇന്നാട്ടിൽ ഇനിയും സുദൃഢമാകേണ്ട ഹൈന്ദവ-ക്രൈസ്തവ ഡയലോഗിന് ഇരുവർക്കും ഒരുപോലെ സ്വീകാര്യവും ഉപയോഗ്യവുമായ പുതിയൊരു മട്ടം അഥവാ പാരഡിം ഗ്രന്ഥകാരൻ ഉരുത്തിരിക്കുകകൂടി ചെയ്തിരിക്കുന്നു എന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടാകില്ല.

# ഉള്ളടക്കം

യേശുദർശനയോഗം: ക്രൈസ്തവ-
ഹൈന്ദവ സംവാദങ്ങൾക്ക് ഒരു പഠനഗ്രന്ഥം 09
ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

ആമുഖം 13

ചാവറസ്തുതിഃ 17

I. ഉപക്രമം 19–20

II. അർഹത്വം 21–46

1. അർത്ഥിത്വം 21
2. ശ്രദ്ധ 22
3. ശക്തത്വം 25
4. അപര്യുദസ്തത്വം 27

   i. വിവേകം 27
   ii. വിമോകം 33
   iii. അഭ്യാസം 34
   iv. ക്രിയ 35
   v. കല്യാണം (മംഗളം) 36
   vi. അനവസാദം 41
   vii. അനുദ്ധർഷാ 43

III. പരഭക്തി 47–57

1. പരഭക്തി - അഹൈതുകീഭക്തി 47
2. പരാനുരക്തി 49
3. ഭക്തിയും ജ്ഞാനവും 50

IV. ലോക-വേദ-വ്യാപാര-ന്യാസം 58–76

1. ആത്മവിനിഗ്രഹം 58
2. സംന്യാസദർശനം 60
3. ഏകാന്തഭക്തിയോഗം 62
4. അന്തര്യാമിത്വം 64
5. സ്നേഹപ്രഭവം 66
6. ലോകരക്ഷണയജ്ഞം 69
7. ദൈവശുശ്രൂഷയും മനുഷ്യശുശ്രൂഷയും 76

V. അന്യോന്യാശ്രയത്വം 77-88

1. ജ്ഞാനയോഗം 77
2. കർമ്മയോഗം 81
3. ഭക്തിയോഗം 82
   i. സാമീപ്യഭക്തി 82
   ii. സാലോക്യഭക്തി 84
   iii. സാരൂപ്യഭക്തി 84
   iv. സായൂജ്യഭക്തി 85

VI. അവ്യാവൃതഭജനം 89

1. ശ്രവണം 89
2. കീർത്തനം 90
3. സ്മരണം 90
4. പാദസേവനം 91
5. അർച്ചനം 92
6. വന്ദനം 92
7. ദാസ്യം 93
8. സഖ്യം 95
9. ആത്മനിവേദനം 96

VII. ഏകധാ അപി ഏകാദശധാ ഭവതി 98-105

1. ഗുണമാഹാത്മ്യാസക്തി 98
2. രൂപാസക്തി 99
3. പൂജാസക്തി 99
4. സ്മരണാസക്തി 99
5. ദാസ്യാസക്തി 100
6. സഖ്യാസക്തി 100
7. വാത്സല്യാസക്തി 101
8. കാന്താസക്തി 101
9. ആത്മനിവേദനാസക്തി 102
10. തന്മയതാസക്തി 102
11. പരമവിരഹാസക്തി 103

VIII. മഹത്സംഗം (സത്സംഗം) 105-116

1. സന്ന്യാസസത്സംഗം 106
2. അധ്യാത്മമനശ്ശാസ്ത്രം 112
3. ആശ്രമം - മോക്ഷതീർത്ഥം 114

IX. മാതൃദാസ്യം 117-118

1. തിരുസ്സഭാപഠനങ്ങളിലെ മറിയം 117
   i. ദൈവമാതൃത്വം 117
   ii. അമലോത്ഭവം 117

iii. നിത്യകന്യാത്വം 117
iv. സഹരക്ഷക 117
v. സ്വർഗ്ഗാരോപണം 117

2. മാതൃദാസ്യം 119–121
i. അന്യോന്യസ്മരണ 119
ii. രക്ഷാകരമായ മാതൃമാധ്യസ്ഥ്യം 119
iii. കർമ്മലസഭാസൗഭാഗ്യം 120
iv. മറിയം – ആത്മീയശക്തി 121
v. മറിയം – മരണനേരത്തെ ശരണം 121
vi. മറിയത്തിന്റെ മകൻ 121
vii. മറിയത്തിനു സമർപ്പിതൻ 122

X. ഉപസംഹാരം 123

Appendix I 125
The Bhakti-Yoga of Bl. Kuriakose Elias Chavara

Appendix II 141
ജീവിതരേഖ

# യേശുദർശനയോഗം: ക്രൈസ്തവ-ഹൈന്ദവ സംവാദങ്ങൾക്ക് ഒരു പഠന ഗ്രന്ഥം

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

സി.എം.ഐ., സി.എം.സി. സഭാസ്ഥാപകനും, കേരളത്തിന്റെ നവോത്ഥാന നായകരിൽ പ്രമുഖകനുമായ വാഴ്ത്തപ്പെട്ട കുര്യാക്കോസ് ഏലിയാസച്ചൻ പൊതുസമൂഹത്തിനും കേരളത്തിലെ ക്രൈസ്തവർക്കും നൽകിയ നാനാവിവിധങ്ങളായ സംഭാവനകളെ അധികരിച്ച് ഇതിനകം ഒട്ടേറെ പുസ്തകങ്ങൾ പലകേന്ദ്രങ്ങളിൽ നിന്നുമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ റവ. ഡോ. സിറിയക് കണിച്ചായ് സി.എം.ഐ., എഴുതിയ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ "യേശുദർശനയോഗം ഭാരതീയ പരിപ്രേഷ്യത്തിൽ" എന്ന പുസ്തകം തികച്ചും വ്യത്യസ്തമാണ്.

പ്രമേയത്തിന്റെ അസാധരണത്വം കൊണ്ടും വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ആദ്ധ്യാത്മിക ദർശനത്തിൽ അലിഞ്ഞുചേർന്നിരുന്ന ഭാരതീയ ആദ്ധ്യാത്മിക-തത്വചിന്താസരണികളെ കൃത്യമായി വ്യവച്ഛേദിച്ച് ലളിതമായി അവതരിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നതുകൊണ്ടുമാണ് ഈ ഗ്രന്ഥം വ്യത്യസ്തമാകുന്നത്.

ചാവറ പിതാവിന് ജന്മംകൊണ്ട് ലഭിച്ച മൂല്യസംസ്കൃതിയും ആദ്ധ്യാത്മികതയും ഭാരതീയമായിരുന്നു. എന്നാൽ പാരമ്പര്യമായി അദ്ദേഹത്തിന്റെ വിശ്വാസ വഴിയിൽ ലഭിച്ചത് ക്രൈസ്തീയമായ നന്മകളുടെ സംസ്കാരവും. അതിനാൽ ഭാരതീയവും ക്രിസ്തീയവുമായ സംസ്കാര-വിശ്വാസധാരകൾ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികബോധത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുള്ളതായി കാണാം. എങ്കിലും ഭാരതീയ അദ്ധ്യാത്മികയോട് പ്രകടമായ വൈമുഖ്യം പുലർത്തിപ്പോന്നിരുന്ന അന്നെത്തെ ലാറ്റിൻ-കൾദായ ചട്ടക്കൂട്ടിൽ ഒതുക്കപ്പെട്ട ഒരു ക്രിസ്തീയ വേദശിക്ഷണം സ്വീകരിക്കേണ്ടി വന്നതിനാൽ പ്രഥമ

ദൃഷ്ട്യാ ഭാരതീയം എന്നു തോന്നാവുന്ന ഒരു ശൈലി സ്വീകരിക്കുവാൻ അദ്ദേഹത്തിന് കഴിയാതെ പോയി.

എന്നാൽ സാധാരണ പലരും ചെയ്യുന്നപോലെ കഴിയാതെ പോയ കാര്യങ്ങളെക്കുറിച്ച് പറഞ്ഞവസാനിപ്പിക്കുകയല്ല ബഹു. കണിച്ചായിയച്ചൻ ചെയ്തിരിക്കുന്നത്. ചാവറയച്ചന്റെ ആദ്ധ്യാത്മികതയുടെ ഭാരതീയ ഭാവങ്ങളിലൂടെ ഒരു തീർത്ഥയാത്ര തന്നെ നടത്തുകയാണ് അദ്ദേഹം ഹൈന്ദവ ക്രൈസ്തവ സംവാദത്തിനും ആത്മീയാനുഭവ വിനിമയത്തിനും സഹായകമാകും വിധം തികച്ചും സൃഷ്ടിപരവും പ്രസാദാത്മകവുമായ ഒട്ടേറെ ദർശനങ്ങൾ ചാവറയച്ചന്റെ ആദ്ധ്യാത്മിക വഴികളിൽ നിന്നു കണ്ടെത്തി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ.

"കർമ്മലാംബാസുതം പുണ്യം" എന്നാരംഭിക്കുന്ന ചാവറ സ്തുതി, പിതാവിന്റെ വ്യക്തിത്വത്തെയും കർമ്മമണ്ഡലവൈവിധ്യത്തെയും ഒന്നാകെ പ്രതിധ്വനിപ്പിക്കുന്ന ഭാവോജ്ജ്വലമായൊരു ദിവ്യമന്ത്രമാലികതന്നെ. ഉപക്രമം, അർഹത്വം, പരഭക്തി, ലോക-വേദ-വ്യാപാര-ന്യാസം, അന്യോന്യാശ്രയത്വം, അവ്യാവൃതഭജനം, ഏകധാ അപി ഏകാദശധാ ഭവതി, മഹത്സംഗം, മാതൃദാസ്യം, ഉപസംഹാരം എന്നിങ്ങനെ പത്ത് അധ്യായങ്ങളിൽ ഈ ഗ്രന്ഥം പൂർണ്ണമാകുന്നു. ചാവറസൂക്തങ്ങളെ ബൈബിൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത, നാരദ ഭക്തിസൂത്രങ്ങൾ പാതഞ്ജലയോഗസൂത്രങ്ങൾ എന്നിവയുടെ പിൻബലത്തോടെ അപഗ്രഥിക്കുകവഴി ക്രിസ്തീയാദ്ധ്യാത്മികതയെയും ഹൈന്ദവാദ്ധ്യാത്മികതയെയും പരസ്പരം സമഞ്ജസിപ്പിച്ചുകൊണ്ടുള്ള ധർമ്മസമന്വയബുദ്ധിയുടെ അപൂർവ്വമായൊരു നേർകാഴ്ചയും അസുലഭമായൊരു ആത്മീയാനുഭവനിർവൃതിയും ഈ ഗ്രന്ഥം നമുക്ക് സമ്മാനിക്കുന്നു.

കഴിഞ്ഞ അൻപതിലേറെ വർഷങ്ങളായി നിരന്തരം നടത്തിവരുന്ന ഭാരതീയ ദർശനപഠന-പരിശീലന ഗവേഷണങ്ങളിലൂടെ ആർജ്ജിച്ച ജ്ഞാനവും സിദ്ധിയുമാണ് ഈ വിശിഷ്ട ഗ്രന്ഥത്തിന്റെ രചനയ്ക്ക് കണിച്ചായിയച്ചന് കരുത്തു നൽകിയത്.

ക്രൈസ്തവ-ഹൈന്ദവ ഡയലോഗിന് ഒരു റഫറൻസ് ഗ്രന്ഥമായി ഇതിനെ കണക്കാക്കാം. ശരിയായ ആദ്ധ്യാത്മിക അനുഭവം എന്നത് സനാതന സത്യവും സ്നേഹവും നന്മയുമായ ഈശ്വരനെ അപരനിൽ കണ്ടെത്തുക എന്നതാണെന്ന് ചാവറ ദർശനങ്ങൾ സമർത്ഥിക്കുന്നു.

വാഴ്ത്തപ്പെട്ട ചാവറ പിതാവ് മാനവ സമൂഹത്തിന്റെ പൊതു സ്വത്താണ്. കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിനും, പൊതുസമൂഹ സൃഷ്ടിക്കും തുടക്കമിട്ട അദ്ദേഹത്തിന്റെ "പള്ളിക്കൊരുപള്ളിക്കൂടം" പ്രഖ്യാപനത്തിന്റ 150-ാം വർഷമാണിത്. ഇൻഡ്യൻ ഭാഷയിലെ ആദ്യ നാടകം ഇടയനാടകങ്ങൾക്ക് പുറമേ മലയാളി എഴുതിയ മലയാള ത്തിലെ ആദ്യ ജീവചരിത്രവും ഖണ്ഡകാവ്യവും അദ്ദേഹത്തന്റേ താണ്, 1846-ൽ മാന്നാനത്ത് ആരംഭിച്ച സംസ്കൃത സ്ക്കൂളും, പ്രിന്റിംഗ് പ്രസ്സും, 1868-ൽ കൂനമ്മാവിൽ തുടക്കമിട്ട പെൺകുട്ടികൾക്കു വേണ്ടിയുള്ള ബോർഡിംഗും സ്ക്കൂളും, 1869-ൽ കൈനകരിയിൽ ആരംഭിച്ച കേരളത്തിലെ ആദ്യ അഗതിമന്ദിരവും, സ്ക്കൂളുകളിലെ ഉച്ചക്കഞ്ഞി സമ്പ്രദായവും ആദ്ധ്യാത്മിക സ്ത്രീശാക്തീകരണ രംഗത്ത് നൽകിയ മറ്റ് ഒട്ടനവധി സംഭാവനകളും അദ്ദേഹത്തെ അനന്യ നാക്കുന്നു. വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ 209-ാം ജന്മദിനത്തിൽ തന്നെ ഈ പുസതകം അനുവാചകർക്ക് സമർപ്പിക്കുന്നതിൽ ചാവറ സാംസ്കാരിക കേന്ദ്രത്തിന് അതിയായ ആഹ്ളാദമുണ്ട്. ബഹു. കണി ച്ചായിയച്ചനെ സംബന്ധിച്ചിടത്തോളം ഇതൊരു ഗുരുദക്ഷിണയാണ്; ഞങ്ങൾക്കും.

Speak with Him as with a Father, a Brother, a Lord and a Spouse - and, sometimes in one way and sometimes in another. He will teach you what you must do to please Him. Do not be foolish: ask Him to let you speak to Him, and, as He is your Spouse, to treat you as His brides. *Remember how important it is for you to have understood this truth - that the Lord is within us and that we should be there with Him* (St. Teresa of Avila, *Way of Perfection*, xxviii)

# ആമുഖം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ (1805-1871) അധ്യാത്മചിന്താസ്വരൂപം ഭാരതീയ വേദദർശനത്തിൽ എത്രയ്ക്ക്, എവ്വിധം, അധിഷ്ഠിതമായിരിക്കുന്നു എന്നതിനെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ടാകാം. ഏതായാലും, ഒരു കാര്യം പൊതുവെ എല്ലാവർക്കും സമ്മതമാകാതെ വരില്ല. ബോധതലത്തിലുള്ളതെന്നതിനെക്കാൾ പ്രതിബോധതലത്തിലുള്ള ആർഷവേദസ്വാധീനമേ ചാവറയച്ചന്റെ അധ്യാത്മസമീക്ഷയിൽ നമുക്കു ഇഴതിരിച്ച് കാണാനും, വേദജിജ്ഞാസുക്കൾക്ക് കാട്ടിക്കൊടുക്കാനും കഴിയൂ. ഭാരതീയാധ്യാത്മികതയോട് സിദ്ധാന്തത്തിലും പ്രയോഗത്തിലും ഒരുപോലെ വൈമുഖ്യം പുലർത്തിയിരുന്ന അന്നത്തെ ലാറ്റിൻ-കൽദായ ചട്ടക്കൂട്ടിൽ ഒതുക്കപ്പെട്ടിരുന്നൊരു ക്രിസ്തീയ വേദശിക്ഷണമായിരുന്നല്ലോ അദ്ദേഹത്തിനു ലഭിക്കാനിടയായത്. ഈ ചരിത്രസ്ഥിതി അംഗീകരിക്കെത്തന്നെ, നമ്മുടെ ചിന്തചെല്ലേണ്ട മറ്റൊരു യാഥാർത്ഥ്യംകൂടിയുണ്ട്:

ആദിമ യേശുസംഘത്തിന്റെ മാതൃസംസ്കൃതി യഹൂദീയവും പിതൃസംസ്കൃതി ക്രിസ്തീയവുമായിരുന്നല്ലോ. ആദ്യത്തേതിനെ ഇല്ലാതാക്കാനല്ല, മറിച്ച്, പൂർത്തിയാക്കാനത്രെ യേശു വന്നത് (മത്താ. 5:17). അതിനാൽ, പൂർവ്വോത്തര സംസ്കൃതികൾ എന്ന നിലയിൽ, ഇവ രണ്ടിന്റെയും പരസ്പര സ്വാധീനവും പൂരകത്വവും ആദിമ ക്രിസ്തീയാധ്യാത്മികതയിൽ നന്നേ ദൃശ്യമായിരുന്നു. വി.തോമ്മാശ്ലീഹായിൽനിന്നും ക്രിസ്തീയവിശ്വാസം കയ്യേറ്റുവാങ്ങിയ ഭാരതസഭയുടെ കാര്യത്തിലും ഈ കാഴ്ചപ്പാടും സമീപനവും നമുക്കു സ്വീകാര്യവും അംഗീകാര്യവുമാകേണ്ടതാണ്. ആ നിലയിൽ, ചാവറയച്ചന് ദേശായത്തമായി സിദ്ധിച്ച മൂലസംസ്കൃതി ആർഷവും (=ഭാരതീയവും), ധർമ്മായത്തമായി ലഭിച്ച പ്രബോധിതസംസ്കൃതി ക്രൈസ്തവവുമായിരുന്നു എന്ന കാര്യം അംഗീകരിക്കപ്പെട്ടേ തീരൂ. അതിനാൽ അവ രണ്ടിന്റെയും പ്രതിഫലനവും സങ്കലനവും അദ്ദേഹത്തിന്റെ അധ്യാത്മദർശനത്തിൽ ഉൾച്ചേർന്നിരിക്കുക തികച്ചും സ്വാഭാവികംമാത്രമാണ് - ഒന്ന് പ്രത്യക്ഷവും മറ്റേത് പരോക്ഷവും ആയിരിക്കാം എന്നുമാത്രം. ചാവറയച്ചൻ തന്റെ സന്ന്യാസയോഗ

പ്രകരണങ്ങളിലും ദൈവാനുഭവാഖ്യാനങ്ങളിലും നിരങ്കുശം ഉപയുക്തമാക്കിയിട്ടുള്ള നിരവധി ഭാരതീയ ധർമ്മ-ദാർശനിക സങ്കേതങ്ങൾ ഇതിനെ സാധൂകരിക്കുന്നു: ഉദാഹരണത്തിന്, *കൂടസ്ഥൻ, കൂടസ്ഥപിതാപുത്രൻ, പിതൃസമകൂടസ്ഥൻ, നരദേവൻ, ദൈവമേ മമ ദേവാ, മൃത്യുഞ്ജയൻ, കല്യാണരൂപൻ, പരംജ്യോതി, സൃഷ്ടിസ്ഥിതിസംഹാരം, ബ്രഹ്മം, കലിയുഗം;* (മറിയത്തെക്കുറിച്ച്) *മാതൃദേവീ, ആര്യ* തുടങ്ങിയവ.*

എങ്കിലും, ലത്തീൻ-കൽദായ സമ്പ്രദായങ്ങളിലെ ചിദ്രൂപങ്ങളാൽ അടിമുടി അങ്കിതവും ആവൃതവുമായൊരു പരിശീലനപദ്ധതിക്ക് ആദ്യം മുതല്ക്കേ കീഴ്പ്പെടേണ്ടിവന്നതിനാൽ, ചാവറയച്ചന് താൻ സമാരംഭിച്ച പുതിയ ഏതദ്ദേശീയ സന്ന്യാസസരണിക്കോ, രചിച്ച അധ്യാത്മസംഹിതകൾക്കോ, പ്രഥമദൃഷ്ട്യാതന്നെ ഭാരതീയമെന്നു തോന്നിക്കാവുന്നൊരു മുഖമോ ശൈലിയോ നല്കാൻ കഴിയാതെ പോയി. തന്മൂലം ചാവറയച്ചന്റെ ചിന്താസങ്കേതങ്ങളിലെ പ്രകടമായ ഭാരതീയസ്വാധീനമോ, ഭാരതീയരുടെ ശ്രുതി-സ്മൃതി ശാസ്ത്രങ്ങളിൽ അവയ്ക്കു നിർദ്ദേശിക്കാവുന്ന ശ്രദ്ധേയമായ തത്സമങ്ങളോ, തേടിയുള്ള പ്രയാണത്തിൽ നമുക്കു ഏറെ ദൂരം പോകാൻ കഴിയുന്നതല്ല. അതിനുള്ളൊരു ശ്രമമായി ഈ ഗ്രന്ഥത്തെ കണക്കാക്കേണ്ടതുമില്ല. മറിച്ച്, ഇതിൽ ഒന്നേ ചെയ്യാൻ പരിശ്രമിച്ചിട്ടുള്ളൂ:

തങ്ങളിൽ സ്വഭാവേന അലിഞ്ഞുചേർന്നിട്ടുള്ള ഭാരതീയമായ അന്തശ്ചോദനകളോടെ ചാവറയച്ചന്റെ ആത്മീയക്ഷേത്രഗോപുരത്തിനു മുമ്പിൽ ജ്ഞാനാർത്ഥികളായി പ്രണമിച്ചുനില്ക്കുന്ന ഒട്ടേറെ ക്രിസ്തീയസാധകർ, അദ്ദേഹം സ്ഥാപിച്ച സന്ന്യാസസംഘത്തിനകത്തും പുറത്തുമായി ഇന്ന് നമ്മുടെ ഇടയിലുണ്ട്. തങ്ങൾ തേടുന്ന സന്ന്യാസസാഫല്യത്തെയും ആത്മസായുജ്യത്തെയും ഭാരതീയച്ഛായ്വുള്ള തങ്ങളുടെ ജ്ഞാനദാഹത്തിനും ഭക്തി-കർമ്മയോഗതൃഷ്ണയ്ക്കും ഇണങ്ങുന്നതരത്തിൽ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും അവർക്കു വെളിച്ചം നല്കാൻ ശേഷിയുള്ള ഒട്ടേറെ ഉപപത്തികൾ ചാവറയച്ചന്റെ അധ്യാത്മപ്രകരണങ്ങളാകുന്ന ഖനിസമുച്ചയത്തിൽ സുവർണ്ണരത്നങ്ങൾ കണക്കെ ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ട്. അവയെ സ്വദേശീയമായ ചിന്താകരുക്കൾ ഉപയോഗിച്ചുതന്നെ ഉത്ഖനനം ചെയ്ത് ക്രൈസ്തവരായ ഭാരതീയസാധകരുടെ കയ്യിൽ കഴിയുംപോലെ എത്തിക്കാനുള്ളൊരു എളിയ ശ്രമമായി മാത്രമേ ഈ ഗ്രന്ഥത്തെ കണക്കാക്കേണ്ടതുള്ളൂ.

വേറെ വാക്കിൽ പറഞ്ഞാൽ, ചാവറയച്ചന്റെ ആത്മീയസിദ്ധാന്തങ്ങളിലേയ്ക്കു ഭാരതീയദർശനങ്ങളെ അന്ധമായി നിബന്ധിക്കാനോ,

---

* കാണുക: ചാവറയച്ചന്റെ സമ്പൂർണകൃതികൾ. വാല്യം രണ്ട്, പേജ് 20, 37, 54, 40, 72, 139, 19, 3, 112, 95, 38, 52, 79.

ആദ്യത്തേതിനെ അളവുകോലാക്കി അതാവശ്യപ്പെടുംവിധമുള്ള ത്യാജ്യഗ്രാഹ്യതാത്പര്യത്തോടെ രണ്ടാമത്തേതിനെ സമീപിക്കാനോ അല്ല ഇതിൽ ശ്രദ്ധിച്ചിട്ടുള്ളത്; മറിച്ച്, ചാവറയച്ചന്റെ ക്രിസ്തീയപ്രബോധനങ്ങളെ കൂടുതൽ അഭിവ്യക്തവും നമ്മുടെ മാതൃസംസ്കാരചേതസ്സിന് കൂടുതൽ അനുഗുണവുമാക്കിത്തീർക്കാൻ ഭാരതീയമായ ആർഷസൂക്തങ്ങൾ എവ്വിധം പ്രയോജനപ്പെടുത്താനാവും എന്നത്രേ ഇതിൽ പ്രധാനമായും അന്വേഷിച്ചിട്ടുള്ളത്. ഈ വഴിക്കുകൂടി തുനിഞ്ഞില്ലെങ്കിൽ, നാം ഇന്ന് സാമാന്യേന നടത്തുന്ന മതതാരതമ്യപഠനങ്ങളും മതാന്തരസംവാദങ്ങളും സത്യത്തിന്റെമേൽ നമുക്കായി ഒരുതരം മേൽക്കോയ്മ സ്ഥാപിച്ചെടുക്കാനുള്ള തന്ത്രപരവും ഏകപക്ഷീയവുമായ നീക്കങ്ങളായേ ഫലത്തിൽ പരിണമിക്കൂ. ഈ മട്ടിൽ നോക്കുമ്പോൾ, ക്രൈസ്തവ-ഹൈന്ദവ ഡയലോഗിലൂടെ ഇന്നാട്ടിൽ ഇനിയും നല്ലൊരളവിൽ ദൃഢപ്പെടേണ്ട, പരസ്പരപൂരകവും അന്യോന്യപ്രകാശകവുമായ മതാനുഭവവിനിമയത്തിനും മതാന്തരസംവാദങ്ങൾക്കും സഹായകമായ ഒട്ടേറെ പ്രമിതികളും പ്രമേയങ്ങളും കാഴ്ചവയ്ക്കാൻ മാത്രം പ്രാപ്തിയും പ്രസാദവും ഉള്ളവയാകുന്നു ചാവറദർശനങ്ങളെന്ന് കാണാൻ പ്രയാസമുണ്ടാകില്ല. അവ, സർവ്വോപരി, അക്കാര്യത്തിനുതന്നെ പ്രയോജനപ്പെടുത്തപ്പെടട്ടെ എന്നു ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കാർമ്മൽ ഭവൻ — **ഫാ.സിറിയക് കണിച്ചായ് സി.എം.ഐ.**
ചാലക്കുടി-680307 — 10-02-2014

■

1. ഇതിലെ ആധാരരേഖകളായി സ്വീകരിച്ചിട്ടുള്ളത് സി.എം.ഐ. പ്രസാധകസമിതി പ്രസിദ്ധീകരിച്ചിട്ടുള്ള *ചാവറയച്ചന്റെ സമ്പൂർണ്ണകൃതികൾ* ആകുന്നു: വാല്യം ഒന്ന്, നാളാഗമങ്ങൾ (രണ്ടാം പതിപ്പ്, 1985); വാല്യം രണ്ട്, സാഹിത്യകൃതികൾ (1981); വാല്യം മൂന്ന് ആധ്യാത്മികകൃതികൾ (രണ്ടാം പതിപ്പ് 1986); വാല്യം നാല്, കത്തുകൾ (രണ്ടാം പതിപ്പ് 1986).
2. സുഗമമായ വായനയെ ലക്ഷ്യമാക്കി ചാവറയച്ചന്റെ വാക്കുകളെ ഇതിൽ ആധുനിക മലയാളത്തിൽ ആക്കിയിരിക്കുന്നതിനുപുറമെ, അന്തരേണ ധ്വനിതമായിട്ടുള്ള സൂചിതാർത്ഥങ്ങളെ കൂടുതൽ സ്പുടമാക്കുന്നതിനായി ആവശ്യാനുസരണം പരാവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്.
3. ധ്യാ.സ. = ധ്യാനസല്ലാപം
4. മലയാളഭാഷാപരിചയമില്ലാത്തവരുടെ പ്രയോജനാർത്ഥം ഈ ഗ്രന്ഥത്തിന്റെ ഒരു സംഗൃഹീതരൂപം ഇംഗ്ളീഷിൽ അനുബന്ധമായി ഇതിന്റെ അവസാനത്തിൽ ചേർത്തിരിക്കുന്നു.

**ഗ്രന്ഥകർത്താവ്**



പിതൃദേവോ ഭവ

## ചാവറസ്തുതിഃ

കർമലാംബാസുതം പുണ്യം
ചാവറാഖ്യമഹാമതിം!
ആശ്രമസ്ഥാപകം വന്ദേ
നിർമലാനന്ദവർധകം!!

ഉദ്ധാരകം ദരിദ്രാണം
വിദ്യാവിതരണോത്സുഖം!
സുവിശേഷപ്രവക്താരം
വന്ദേ മിത്രം കുടുംബിനാം!!

സന്യാസിനാം വരം വന്ദേ
ധർമജ്ഞം ധ്യാനതല്പരം!
നിർമായകർമണാ മോക്ഷം
പ്രാപ്തായ ഗുരവേ നമഃ!!

# I

# ഉപക്രമം

ഈശ്വരോപാസനയ്ക്കായി ചാവറയച്ചൻ നിർദ്ദേശിച്ചിട്ടുള്ള സാധനകളിൽ പ്രഥമവും പ്രധാനവുമായത് ധ്യാനംതന്നെയാണ്. അരികെ (ഉപ) ഇരുന്ന് (ആസനം) ദൈവത്തോട് ആദരപൂർവ്വം സല്ലപിക്കുന്നതുതന്നെയാണ് ധ്യാനോപാസനയുടെ അന്തസ്സത്ത. ഇതിലൂടെ കൈവരുന്നതോ, ആത്മാവും ദൈവവും തമ്മിലുള്ള യോഗം അഥവാ ചേർച്ച. ഇവ്വിധം ധ്യാനാന്വിതമായ ഭജനത്തിലൂടെ സാധിക്കാവുന്ന, ദൈവവുമായുള്ള ഒന്നിപ്പിനെ സാധ്യമാക്കുന്ന ആത്മീയ സാധനയ്ക്കത്രെ ഭക്തി എന്നു പറയുക. ദൈവത്തിൽ നിന്നും ആത്മാവിനെ വിഭക്തമാക്കാതെ അഥവാ വേർതിരിക്കാതെ, ഭക്തമാക്കുന്നത്-ചേർത്തൊന്നിപ്പിക്കുന്നത്- ആകുന്നു ഭക്തി.

ദൈവതിരുമുമ്പിലേയ്ക്ക് കടന്നുചെല്ലുന്ന ധ്യാനാർത്ഥിയിൽ ഉണ്ടാകേണ്ട ആദ്യത്തെ ആത്മഭാവം തന്റെ അനർഹതയെപ്പറ്റിയുള്ള ബോധംതന്നെ ആയിരിക്കണം. 'നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാകുന്നു' (പുറ. 3:5) എന്ന ദൈവസ്വരം തന്നെയാകണം സാധകനിൽ ഉണരേണ്ട അനർഹതാബോധത്തിന്റെ അടിസ്ഥാനം. ദൈവത്തിന്റെ പരിശുദ്ധിയെയും തന്റെ അശുദ്ധിയെയും കുറിച്ചുള്ള ഈ ഉൾവെളിവ് ധ്യാനസാധകനിൽ അയാൾ അറിയാതെതന്നെ താഴെപ്പറയുന്ന ആത്മരോദനമുണർത്തും: 'ഞാൻ അശുദ്ധമായ അധരങ്ങൾ ഉള്ളവനും അശുദ്ധമായ അധരങ്ങൾ ഉള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാണ്. സെറാഫുകൾ അവിടുത്തെ മുമ്പിൽ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരിക്കുന്നു: പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ! കർത്താവേ, നിന്റെ സ്നേഹാഗ്നിയുടെ തീക്കനൽകൊണ്ട് എന്നെ സ്പർശിച്ചാലും! എന്റെ പാപങ്ങൾ ക്ഷമിച്ച്, എന്നിലെ മാലിന്യത്തെ നിർമാർജനം ചെയ്താലും!' (ഏശ. 6:2-7).

> ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്കു യോഗ്യതയില്ല. അതെന്ത്യെ, ഞാൻ മഹാപാപി! ഇതിനാൽ എന്റെ ആത്മം അശുദ്ധവും, തെളിച്ചമില്ലാത്തതും, വെടിപ്പ്, അടക്കം എന്നീ പുണ്യങ്ങൾ ഇല്ലാത്തതും ആയിത്തീർന്നിരിക്കുന്നു. തന്മൂലം ധ്യാനസിദ്ധി ലഭിക്കാനും പുണ്യശൃംഖത്തിലെത്താനും ഞാൻ യോഗ്യനല്ല എന്ന അന്തർവിചാരം എന്നിൽ ഉറങ്ങുനില്ക്കുന്നു! (ധ്യാ.സ. പേജ് 13).

ധ്യാനവരലബ്ധിക്കായുള്ള യാചനയോടെ ദൈവതിരുമുമ്പിൽ അണയുന്നേരം ധ്യാനാർത്ഥിയിൽ ഉണരുന്നതും ഉണരേണ്ടതുമായ അനർഹതാബോധത്തിന് പുറംതോടും ഉൾക്കാമ്പും എന്നപോലെ രണ്ടുവശങ്ങളുണ്ട്: ധ്യാനത്തിന് എനിക്ക് അധികാരം അഥവാ അർഹത ഇല്ലല്ലോ എന്ന നിമ്നതലം; തന്റെ ദാസന്റെ താഴ്മയെ തൃക്കൺപാർക്കുന്ന ദൈവത്തിന് (ലൂക്ക 1:48), കൃപാവർഷത്തിലൂടെ അയാളുടെ ആത്മദൈന്യതയുടെ ആഴത്തെ ദൈവസമ്പത്തിയുടെ ആഴംകൊണ്ട് ഒഴുക്കിനിറയ്ക്കാനാവും (സങ്കീ. 42:7) എന്ന ഉറപ്പേകുന്ന ശരണതലം.

ധ്യാനസിദ്ധമായ ഭക്തിയോഗപ്രാപ്തിക്ക് ഒരുവന് അർഹത നല്കുന്ന യോഗ്യതകളെ ആർഷഭാരതസ്മൃതികൾ അതിവിശദമായി ഉപപാദിച്ചിട്ടുണ്ട്. അവയെല്ലാം തന്നിൽ ഇല്ലല്ലോ എന്ന് ആത്മപരിശോധനയിലൂടെ കണ്ടറിയുകയും, ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ട് അവ തന്നിൽ രൂഢമൂലമാക്കാൻ വേണ്ട യത്നം ചെയ്യുകയുമാണ് ധ്യാനാർത്ഥിയായ സാധകൻ ഒന്നാമതായി ചെയ്യേണ്ടത്. അവനവൻ ചെയ്യേണ്ടത് ചെയ്യാതെയും, ചെയ്യുന്നതെല്ലാം സർവ്വേശ്വരകരുണയിൽ ആശ്രയിച്ചല്ലാതെ ചെയ്യുകയും ചെയ്യുന്ന അവസ്ഥയെ ചാവറയച്ചൻ *നിഗളം* എന്നു വിശേഷിപ്പിക്കുന്നു. തന്റെ സുകൃതനിധിയായ അമ്മ തന്നെ പറഞ്ഞുപഠിപ്പിച്ച ഈ പാഠമത്രെ ഓരോ ജ്ഞാനധ്യാനാർത്ഥിയും ആദ്യമേ മനസ്സിലാക്കിയിരിക്കേണ്ട പ്രഥമപാഠം (ധ്യാ.സ. പേജ് 13). ശിശുക്കൾക്കും ലളിതമനസ്തർക്കും മാത്രമേ ലാളിത്യത്തിന്റെയും സുതാര്യതയുടെയും മൂർത്തിമദ്ഭാവമായ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തൂ (മത്താ 11:25; സങ്കീ. 119:130). ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല (മാർക്കോ. 10:15).

> ധ്യാനം എന്നത് ദൈവത്തോടുള്ള സ്നേഹപൂർണമായ സംസാരമല്ലാതെ മറ്റൊന്നുമല്ല; അതെ, താൻ നമ്മെ സദാ സ്നേഹിച്ചുകൊണ്ടിരിക്കുന്നു എന്ന അറിവിലും അനുഭവത്തിലും, ഏകാന്തപ്രേമത്തോടെ, നാം അവിടുത്തോട് നിരന്തരം ചെയ്തുകൊണ്ടിരിക്കേണ്ട സ്നേഹസംഭാഷണംതന്നെയാണത് (St. Teresa of Avila, Life, viii).

# II

# അർഹത്വം

ഭക്തിയോഗമാർഗ്ഗപ്രവേശനത്തിന് ഒരുവൻ നേടിയിരിക്കേണ്ട അർഹതയ്ക്കാണ് അർഹത്വം എന്നു പറയുന്നത്. യോഗകാംക്ഷികൾ ആർഹതന്മാർ ആയിരിക്കണം. ആർഹതൻ എന്ന വാക്കിന് അർഹത നേടിയവൻ എന്നും, ലക്ഷ്യപ്രാപ്തിക്ക് തടസ്സമുണ്ടാക്കുന്ന ആത്മീയശത്രുക്കളെ (അരി=ശത്രു) ഹനിച്ചവൻ എന്നും അർത്ഥമുണ്ട്. ഭക്തിയോഗസിദ്ധിക്ക് അർഹത നല്കുന്ന യോഗ്യതകളെ സാമാന്യമെന്നും പ്രത്യേകമെന്നും വേർതിരിച്ചിരിക്കുന്നു. **അർത്ഥിത്വം, ശ്രദ്ധ, ശക്തത്വം, അപര്യുദസ്തത്വം** എന്നിവയാകുന്നു സാമാന്യയോഗ്യതകൾ. ഇവിടെ സാമാന്യയോഗ്യതകൾ എന്നു പറഞ്ഞിരിക്കുന്നത് അടിസ്ഥാനയോഗ്യതകൾ എന്ന അർത്ഥത്തിലാണ്. ഭക്തിയോഗാശ്രമിയായ ഏതൊരാളും ഒന്നാമതായി അഭ്യസിക്കാൻ പരിശ്രമിക്കേണ്ട ഗുണചതുഷ്ടയമാകുന്നു ഇവ. ധ്യാനയോഗശ്രേണിയിൽ ഒരുവൻ എത്രയേറെ മേല്പോട്ട് പോയിരുന്നാലും, ഇവയിൽ അടിതെറ്റുന്ന പക്ഷം കീഴ്പ്പോട്ടുള്ള വീഴ്ചയും തീർച്ചതന്നെ.

### 1. അർത്ഥിത്വം

വയലിൽ കുഴിച്ചിടപ്പെട്ടിരിക്കുന്ന മുത്തുപോലെ ഹൃദയഗുഹയിൽ നിഗൂഹിതനായിരിക്കുന്ന (കഠോപനിഷത്ത് 1.2.12) ദൈവത്തെ അന്വേഷിച്ച് കണ്ടെത്താനുള്ള ധ്യാനാർത്ഥിയുടെ ജ്വരവും, അതിനുവേണ്ടി സർവ്വതും നഷ്ടപ്പെടുത്തുന്നതിനുള്ള സന്നദ്ധതയുമത്രെ (മത്താ. 13:44-46) അർത്ഥിത്വം. ധ്യാനാർത്ഥിയുടെ ഇടവിടാതുള്ള ആത്മരോദനം ഇതൊന്നേ ആവൂ: ഭൂമിയിൽ അങ്ങയെ അല്ലാതെ ഞാൻ ആരെയും ആഗ്രഹിക്കുന്നില്ല (സങ്കീ 73:25). ധ്യാനസാധനയിലൂടെ ദൈവൈക്യം പ്രാപിക്കുന്നതിന് സാധകനുണ്ടായിരിക്കേണ്ട ഒന്നാമത്തെ ഗുണം, അതിനുള്ള അദമ്യമായ ആഗ്രഹമാകുന്നു; അതോടൊപ്പം അതിന്നാവശ്യമായ ആത്മീയയത്നം ഭംഗംകൂടാതെ ചെയ്യുന്നതിനുള്ള നിഷ്ഠയും. ഇവ രണ്ടും ഉൾക്കൊള്ളുന്ന അർത്ഥിത്വത്തെ ചാവറയച്ചന്റെ ഭാഷയിൽ, 'ദിവസംപ്രതി എളിമയുള്ള ഹൃദയത്തോടും എരിവുള്ള സ്നേഹത്തോടുംകൂടി ദൈവത്തിനായി ചെയ്യേണ്ടുന്ന നല്ല മനസ്സിന്റെ പ്രതിജ്ഞ' (വാല്യം III പേജ് 75) എന്നു വിശേഷിപ്പിക്കാം.

**2. ശ്രദ്ധ**

തന്നെത്തന്നെ ശരണപൂർവ്വം ദൈവത്തിനു സമർപ്പിക്കുകവഴി സാധകൻ ദൈവത്തിൽ പുലർത്തേണ്ട അചഞ്ചലമായ വിശ്വാസമത്രെ ശ്രദ്ധ. ദൈവ സന്നിധിയിൽ (ഉപ) ഭക്തിപൂർവ്വം (നി) ഇരുന്ന് (സത്) അവിടുത്തെ കേട്ട്, അവിടുത്തോട് സംഭാഷിക്കുന്നതാണല്ലോ ഉപനിഷത്-വിദ്യ അഥവാ ധ്യാന വിദ്യ. വിദ്യയോടും ശ്രദ്ധയോടുംകൂടി - അറിവോടും വിശ്വാസത്തോടുംകൂടി - ചെയ്യുന്ന ധ്യാനോപാസനയേ ഫലപ്രദമാവൂ (ഛാന്ദോഗ്യോപനിഷത്ത് 1:1.10). ധ്യാനാർത്ഥിക്കുണ്ടാകേണ്ട ഒന്നാമത്തെ അറിവ് തന്നെക്കുറിച്ചുതന്നെയുള്ള അറിവാണ്. തന്റെ പാപാവസ്ഥയെയും ആത്മീയ നിസ്സഹായതയെയുംകുറിച്ചുള്ള അറിവുതന്നെയാണിത്. ഈ അറിവത്രെ ഉപാസകനെ ശരണാഗത നാക്കുക. തന്റെ ദൈന്യതയും നിസ്സാരതയും അയാളെ ഭീതിയിലേയ്ക്കും നിരാശയിലേയ്ക്കുമല്ല നയിക്കുക. താൻ ഇരിക്കുന്നത് തന്റെ 'പ്രിയമുള്ള അപ്പന്റെ' (ധ്യാ.സ. പേജ് 18) മുമ്പാകെയാണെന്നുള്ള ബോധം, സർവ്വതും വിശ്വാസപൂർവ്വം അവിടുത്തേയ്ക്കു സമർപ്പിച്ച്, അവിടുത്തെ ശരണം വിളിക്കാനും ശരണം ഗമിക്കാനും അയാളെ പ്രാപ്തനും പ്രചോദിതനുമാക്കുന്നു. 'എന്റെ ആത്മാവിന്റെ അഗാധത്തിൽനിന്ന്, കർത്താവേ, ഞാൻ അങ്ങയെ വിളിക്കുന്നു. എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു. കർത്താവ് കാരുണ്യവാനാണ്. അവിടുന്ന് ഉദാരമായി എനിക്കു രക്ഷ നല്കും' എന്നുള്ള സങ്കീർത്തകന്റെ ഉദീരണം (സങ്കീ.130:7) ദൈവത്തിലുള്ള വിശ്വാസപൂർണ്ണമായ ശരണാഗതിയുടെ ഒരു സംക്ഷിപ്തഭാഷ്യമാകുന്നു.

> വിവാഹവസ്ത്രമില്ലാതെ കർത്താവിന്റെ വിരുന്നിനു വന്ന് ഇരുന്ന ഭിക്ഷക്കാരനാണ് ഞാൻ (മത്താ. 22:11). എങ്കിലും എന്നെ വെൺവസ്ത്രമണിയിക്കാൻ കെല്പില്ലാത്ത ഒരാളല്ല എന്നെ വിളിച്ചത്. എന്നെ ജീവിതപാതയിൽ ഇത്രടംവരെ സുരക്ഷിതമായി കൊണ്ടുവന്നെത്തിച്ച ആ കരുണാമയനോട് ഞാൻ യാചിച്ചാൽ ധ്യാനവരം എനിക്കു കിട്ടും, നിശ്ചയം (ധ്യാ.സ. പേജ് 13).

'ഒരാൾ എത്രമേൽ ദുശ്ശീലനായിരുന്നാലും, ദൈവത്തെത്തന്നെ ഏകാഗ്രമായി ശരണം ഗമിക്കുന്നുവെങ്കിൽ അവൻ നാശത്തെ ജയിച്ച് ഗുണസമ്പന്നനായിത്തീരും' (ഭഗവദ്ഗീത 9:30-31). ദുർമാർഗികളായി ചരിച്ചിരുന്ന എത്രയോപേർ ധ്യാനത്തിലൂടെയും ഭക്തിയിലൂടെയും ദൈവകൃപയാൽ സുകൃതചാരികളായി തീർന്നിരിക്കുന്നു (ശാണ്ഡില്യഭക്തിസൂത്രം 78).

> 'ആത്മഭാരം പേറുന്നവരായ നിങ്ങൾ എന്റെ പക്കൽ വരൂ; ഞാൻ നിങ്ങളെ എനിക്കു അനുരൂപരാക്കാം' എന്നു പറഞ്ഞ് ഒന്നല്ല, ഒരമ്പത് പ്രാവശ്യം, അവിടുന്ന് നമ്മെ വിളിക്കുന്നു. ഈ വിളി

> കേട്ട് പാപികളായ നമുക്ക് അവിടുത്തെ പക്കൽ ചെല്ലാം. നമ്മുടെ പാപകാഠിന്യത്താൽ അവിടുന്ന് നമ്മെ കൈക്കൊള്ളുമോ എന്ന ശങ്ക നമുക്കു അല്പംപോലും തോന്നാതിരിക്കുന്നതിനായി, നാം ചെല്ലുന്നപാടെ നമ്മെ കൈക്കൊൾവാൻ അവിടുന്ന് ഇരുകൈകളും വിടർത്തി നമ്മെ കാത്തിരിക്കുന്നു. നമ്മുടെ കുറ്റംമൂലം അവിടുത്തേയ്ക്ക് അപ്രിയം വരുത്തിയ നമ്മെ അവിടുന്ന് സ്നേഹിക്കുമോ എന്ന നമ്മുടെ സന്ദേഹം അകറ്റുന്നതിനായി, നാം ചെല്ലുന്നപാടെ നമ്മെ പ്രിയത്തോടെ മുത്തുന്നതിനായി അവിടുന്ന് സദാപി തന്റെ തിരുമുഖം നമ്മിലേയ്ക്ക് തിരിച്ച് നമ്മെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു! (ധ്യാ.സ. പേജ് 36-37).

ആത്മഭാരങ്ങളെല്ലാം കർത്താവിനെ കയ്യേല്പിക്കുക. അതുതന്നെ **ഭാരന്യാസം**. കുറവുകളും കഴിവുകേടുകളുമാകുന്ന ജീവിതഭാണ്ഡങ്ങളെ അവിടുത്തെ തൃപ്പാദപത്മങ്ങളിൽ സമർപ്പിച്ച്, തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിക്കുക. അതുതന്നെ **പ്രപത്തിയോഗം** അഥവാ ശരണാഗതിമാർഗ്ഗം. ദൈവമേ, നീയാകുന്നു എന്റെ ശരണം (സങ്കീ. 91:2) എന്നു പറഞ്ഞ്, ഭാരങ്ങളെല്ലാം അവിടുത്തെ തൃക്കൈയ്യിലേല്പിച്ച്, തൃപ്പാദപത്മത്ത് വീണുകിടക്കുന്നതുതന്നെയാണ് *പ്രപത്തിയോഗം* (പ്രപത്തി=വീഴ്ച). നിന്നെത്തന്നെ സമർപ്പിക്കുക **(സ്വരൂപസമർപ്പണം)**; നീ വഹിക്കുന്ന ഭാരം ദൈവത്തെ കയ്യേല്പിക്കുക **(ഭാരസമർപ്പണം)**; നിന്റെ കർമ്മഫലങ്ങളുടെ ജയാപജയങ്ങളെ തൃക്കൈകളിലേയ്ക്ക് കാഴ്ചയായി കൊടുക്കുക **(ഫലസമർപ്പണം)**. ഇവ മൂന്നും ചേർന്നതത്രെ സർവ്വാത്മസമർപ്പണം.

"സർവ്വകർമ്മങ്ങളെയും എന്നിൽ *സംന്യസിച്ച്* (എന്നിൽ സമർപ്പിച്ച്), നിന്റെ ബോധബുദ്ധികളെ എന്റെ ആത്മാവിൽ ഏകാഗ്രമാക്കി നിറുത്തി, സ്വാർത്ഥചിന്തയും തൻകാര്യവിചാരവും ഇല്ലാത്തവനായി, എല്ലാവിധ മനോദുഃഖങ്ങളെയും വെടിഞ്ഞ്, ആത്മീയ ശത്രുക്കളോടുള്ള നിരന്തരസമരത്തിൽ വ്യാപരിക്കുക" (ഭഗവദ്ഗീത 3:30). "ഹേ ഭാരതസുതാ, നിന്റെ എല്ലാ ആത്മശക്തികളോടുംകൂടി എന്നെത്തന്നെ ശരണം പ്രാപിക്കുക. എന്റെ പ്രസാദവരത്താൽ നീ പരമശാന്തിയും ശാശ്വതസ്ഥാനവുമായ എന്നെത്തന്നെ പ്രാപിക്കും" (18:62). "എന്നിൽ ചിത്തത്തെ ഉറപ്പിക്കുക. നിന്നെത്തന്നെ എന്നോടു ചേർത്തുവയ്ക്കുക; എന്നെത്തന്നെ നമസ്ക്കരിക്കുക; നീ എനിക്കു പ്രിയനായിരിക്കുന്നു; നിന്നെ സകലപാപങ്ങളിൽനിന്നും ഞാൻ മോചിപ്പിക്കും; നീ വ്യസനിക്കേണ്ട" (18:65-66). ഈശ്വരകൃപ അകിഞ്ചന്യവും നിർഹേതുകവുമാണ്. 'ഞാൻ ഒന്നുംതന്നെയല്ല' എന്ന ആത്മശൂന്യതാഭാവത്തിൽ തിരുമുമ്പാകെ സർവ്വാംഗസമർപ്പിതനായി നില്ക്കുന്ന ഭക്തനിലേയ്ക്ക് ദൈവം ഒഴുക്കുന്ന രക്ഷാകരകൃപയാകുന്നു **അകിഞ്ചന്യകൃപ**. അതിരുകൾ

ഇല്ലാത്തതും ഭക്തന്റെ ഗുണാഗുണങ്ങൾ പരിഗണിക്കാതെ തീർത്തും സൗജന്യമായി നല്കപ്പെടുന്നതുമായ കൃപയാകുന്നു **നിർഹേതുകകൃപ.**

'ഭയപ്പെടേണ്ട, വിശ്വസിക്കുകമാത്രം ചെയ്യുക' എന്ന ഗുരുവചനം (മാർക്കോ. 5:36) കേട്ട്, ആ വചനത്തിന് അചഞ്ചലവും ഏകാഗ്രവുമായി സമ്പൂർണ്ണ സമർപ്പണം ചെയ്യുന്നതുതന്നെയാണ് ശ്രദ്ധ അഥവാ വിശ്വാസം. ഇത്തരത്തിലുള്ള ഭക്തരോടത്രെ അവിടുന്നു പറയുക: 'നിനക്ക് എന്റെ കൃപമതി' (2 കൊറി. 12:9) എന്ന്. കർത്താവിന്റെ വാക്കു കേട്ട് അതിൽ വിശ്വസിച്ച നീ ഭാഗ്യവതി (ലൂക്ക 1:45) എന്ന് മറിയത്തോട് ചൊല്ലപ്പെട്ട അനുഗ്രഹവചസ്സ് കേൾക്കാനുള്ള യോഗം അപ്പോൾ ആത്മാവിനു സിദ്ധിക്കും. 'നിന്റെ ഭാരം കർത്താവിനെ ഏല്പിക്കുക; അവിടുന്ന് നിന്നെ താങ്ങിക്കൊള്ളും' (സങ്കീ. 55:22).

> എന്റെ മനോഗുണമുള്ള സർവ്വേശ്വരാ, ഇനി നീ എന്നെ കൈക്കൊൾകയില്ലെന്ന് സംശയിപ്പാൻ എനിക്ക് ഇടയില്ലാതായിരിക്കുന്നുവല്ലോ. ഹാ, നിന്റെ അവർണ്ണനീയമായ മനോഗുണം! ദൂരെനിന്നെങ്കിലും നിന്റെ തിരുമുഖം കാൺമാനിടവന്നാൽ ഭാഗ്യമായി എന്നാശിച്ച ചുങ്കക്കാരുടെ തലവനായ സക്കെയെപ്പോലെയാകുന്നു ഞാനും. എന്നോടു സംസാരിക്കുന്നതുതന്നെ നിന്റെ മഹത്വത്തിനു മതിയായതല്ല എന്നു ഞാൻ നിരൂപിച്ചിരിക്കെ, നീ എന്നിലേയ്ക്ക് ഇറങ്ങിവന്ന്, ഇന്ന് എന്റെ ഹൃദയഭവനത്തിൽ പാർക്കാൻ തിരുമനസ്സായിരിക്കുന്നു എന്ന് അരുളിചെയ്തുവല്ലോ. സക്കെയെക്കാളും ഹീനനും പാപിയുമായിരിക്കുന്ന അടിയന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന പാപാശുദ്ധങ്ങളെ പരിഗണിക്കാതെ, അതിൽ എഴുന്നുള്ളിവന്ന് വസിക്കാൻ പ്രിയം കാണിക്കുന്ന കരുണക്കടലായ ദൈവമേ! എന്റെ ഭയത്താലും ശരണക്കേടാലും അങ്ങയുടെ പക്കലണയാൻ ഞാൻ മടികാണിച്ചതുതന്നെ എന്റെ ഒന്നാമത്തെ തെറ്റ്!
>
> ദൈവമാതാവും ശുദ്ധപിതാവും എത്രയും ഭക്തിയോടും ആചാരത്തോടുംകൂടി തങ്ങളുടെ കൈകളിൽ ചുമന്ന ഉണ്ണിപ്പൈതലായ നിന്നെ, എന്റെ ഈ അശുദ്ധ കൈകൾകൊണ്ട് എടുപ്പാനും ഭക്ഷിക്കാനും മാത്രമല്ല, ഏതുനേരത്തും നിന്നെ കാണാനും, എത്ര നേരത്തേയ്ക്കും നിനക്കു അരികെ നില്ക്കാനും, നീ എന്നെ അനുഗ്രഹിച്ചു. ഇനി അടിയന് നിന്നോട് ഒന്നേ ചോദിക്കാനുള്ളൂ: എന്റെ അനിഷ്ടംകൊണ്ടും മടികൊണ്ടും നിന്നിൽനിന്നും മാറാനുള്ള ദുർഗതി എനിക്കു വരരുതേ! നിനക്കു അസഹ്യമായത് എന്തെങ്കിലും ചെയ്ത്,

> നിന്റെ തിരുമുമ്പിൽനിന്നും എന്നെ മാറ്റുവാൻ ഇടയാക്കിയേക്കാവുന്ന ഒന്നും എന്നിലുണ്ടാകാതിരിക്കട്ടെ! നീതിയുടെ കാലത്തിനുമുമ്പുള്ള ഈ ദയയുടെ കാലത്ത്, നിന്നോടൊന്നിച്ചിരിക്കാനുള്ള എന്റെ ഹൃദയാഭിലാഷത്തിന്റെ പൂർത്തീകരണത്തിനായി ഞാൻ എന്തെല്ലാം അപേക്ഷിക്കണമോ അതെല്ലാം മടികൂടാതെ അപേക്ഷിക്കാൻവേണ്ട കൃപയും എനിക്കു തന്നരുളേണമെ! (ധ്യാ.സ. പേജ് 39-40)

### 3. ശക്തത്വം

എതൊരു പദപ്രാപ്തിക്കും അത് നേടിയെടുക്കാനുള്ള ശക്തി ഉണ്ടായിരിക്കുക ആവശ്യമാണ്. ധ്യാനയോഗപദം പ്രാപിക്കുന്നതിനും യോഗാർത്ഥിക്ക് അതിനുവേണ്ട ആത്മബലം അഥവാ നിശ്ചയദാർഢ്യം ഉണ്ടായിരിക്കണം. ദൈവാത്മാവ് ബലഹീനന് ലഭ്യമാകുന്നതല്ല (മുണ്ഡകോപനിഷത്ത് 3.2.4). ഋഷി അഥവാ ഈശ്വരദർശി ആകേണ്ട ധ്യാനാർത്ഥിയുടെ ഉൾബലം ആത്മശരീര സംയമജന്യമായ തപശ്ശക്തി തന്നെയാണെന്ന് മേലുദ്ധരിച്ച ഉപനിഷദ്വാക്യത്തിൽ പറയുന്നു. തപര്യോഗം (asceticism) കൂടാതെ ഋഷിയോഗം (mysticism) സാധ്യമല്ല (വെളിപാട് 2:7,11,17,28; 3:5,12,21). തപസ്സിന്റെ പ്രാഭവംകൊണ്ട് യതിയും, ഈശ്വരദർശനംകൊണ്ട് ഋഷിയും, ആയിത്തീർന്നിട്ടുള്ള ധ്യാനയോഗിയിലേ, സായുജ്യസാധകമായ ഭക്തി സിദ്ധിയായും ശക്തിയായും തെളിയൂ (ശ്വേതാശ്വതരോപനിഷത്ത് 6:21).

ദൈവരാജ്യം ബലവശ്യമാകുന്നു; ബലവാന്മാരേ അത് പിടിച്ചടക്കൂ (മത്താ 11:12). ശരീരത്തിന്റെ പ്രവണതകളെ ആത്മാവിന്റെ ശക്തിയാൽ നിഹനിക്കുന്നവനേ തപോബലമുണ്ടാകൂ (റോമ. 8:13). ഇവ്വിധം ദൈവശക്തിയാൽ ബലപ്പെടുത്തപ്പെടുത്തപ്പെടുന്നവന് എല്ലാം സാധ്യമാവുന്നു (ഫിലി.4:13). മരുഭൂമിയിലെ തപസ്സിനുശേഷമാണല്ലോ പിശാച് യേശുവിനെ വിട്ടുപോവുകയും ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിക്കുകയും ചെയ്തത് (മത്താ. 4:11). ചാവറയച്ചൻ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, "ഇക്കാലം യുദ്ധത്തിന്റെ കാലമെന്നറിക നീ!" (ആത്മാനുതാപം X. 404).

> ദൈവശുശ്രൂഷിയായ ആത്മാവേ, ലോകമായകളിൽനിന്നകന്നും ലോകസുഖഭോഗങ്ങൾ ത്യജിച്ചും ജഡപ്രേരണകളെ ജയിച്ചും, പുണ്യത്തിന്റെ സങ്കേതമായിരിക്കുന്ന തമ്പുരാന്റെ ദേവാലയത്തിൽ - ഈ തപസ്സുഭവനത്തിൽ - ചേർന്ന് ദൈവശുശ്രൂഷയിൽ ഉൾപ്പെട്ടു ജീവിക്കുവാൻ നീ നിശ്ചയിച്ചതെന്തിന്? ലോകഭാഗ്യദ്രവ്യങ്ങളും സുഖലീലകളും വെറുത്തുപേക്ഷിച്ച്, നിന്റെ ശരീരത്തിന് അനിഷ്ടങ്ങളും ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും കൈവരുമാറ്, നീ ഈ ജീവിതാന്തസ്സിലേയ്ക്ക് കരേറിയത്

എന്തിനുവേണ്ടി ആയിരുന്നു? നിന്റെ സ്വാർത്ഥസുഖത്തെ പൂർത്തീകരിച്ചും സ്ഥാനമാനങ്ങൾനേടിയും, ധനപുഷ്ടിയോടുകൂടി ലോകഭാഗ്യങ്ങളും ജഡികസുഖങ്ങളും അനുഭവിച്ച് ജീവിക്കാൻവേണ്ടി ആയിരുന്നുവോ? തീർച്ചയായും അല്ല. പിന്നെയോ, നിന്റെ ദിവ്യഗുരുവായിരിക്കുന്ന ഈശോമിശിഹായെ പിൻചെല്ലുന്നതിനും, തന്റെ ദാസനായി സകലത്തിലും നടക്കുന്നതിനുംവേണ്ടിത്തന്നെ. അതിലൂടെ നിന്റെ ആത്മത്തെയും കൂടെപ്പിറപ്പുകളുടെ ആത്മാവുകളെയും തന്നോടു ചേർക്കുന്നതിനും, അതിനുവേണ്ടി പാപത്തിൽനിന്നു ഒഴിയുന്നതിനും മറ്റുള്ളവരെ ഒഴിക്കുന്നതിനും, പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുന്നതിനുംവേണ്ടിയത്രെ അവിടുന്ന് നിന്നെ ഈ ജീവിതാന്തസ്സിലേയ്ക്ക് വിളിച്ചിട്ടുള്ളത്. ·

എന്നാൽ ദൈവശുശ്രൂഷിയായ ആത്മാവേ, ഇതേവരെ നിന്റെ ദിവ്യഗുരുവിനെ അനുഗമിക്കുന്നതിനും തന്റെ മാതൃകാനുസരണം പുണ്യവഴിയിൽ നടക്കുന്നതിനും നിന്റെ ശക്തിക്കും കടത്തിനും തക്കവണ്ണം (ശക്തത്വം) നീ പ്രയാസപ്പെട്ടിട്ടുണ്ടോ? 'ബർനാർദേ, ബർനാർദേ, എന്തിനു സർവ്വേശ്വരൻ നിന്നെ വിളിച്ചു? നീ ഇവിടെ എന്തുചെയ്യുന്നു? എന്തിനായി നീ തമ്പുരാന്റെ വീട്ടിൽ വന്നിരിക്കുന്നു?' എന്ന് നിത്യേന തന്നോടുതന്നെ ചോദിച്ചുകൊണ്ടിരുന്ന ആ വിശുദ്ധനെപ്പോലെ, നീയും നിന്നോടുതന്നെ ചോദിച്ചുകൊണ്ട് അനുദിനം നിന്നെത്തന്നെ – നിന്നിലെ സ്വാർത്ഥതയെ – നിന്ദിക്കുകയും ദ്വേഷിക്കുകയും ത്യജിക്കുകയും ചെയ്തുകൊണ്ടിരുന്നാൽ (ലൂക്ക 14:26; 9:23), താൻ നിന്നെ വിശേഷവരപ്രസാദങ്ങളും അനുഗ്രഹങ്ങളും നല്കി ശക്തിപ്പെടുത്തും (ധ്യാ.സ. പേജ് 49,51).

ഇവിടെ *ശക്തത്വം* എന്ന സങ്കേതത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ കുറച്ചുകൂടി ആഴപ്പെടേണ്ടതുണ്ട്. ധ്യാനവിദ്യയടക്കം ഏതൊരു വിദ്യയും അഭ്യസിക്കണമെങ്കിൽ, അർത്ഥിത്വം അഥവാ ആഗ്രഹം മാത്രം പോരാ; ഗ്രഹിക്കാനുള്ള വിദ്യ ആദ്യമേ ഗുരുമുഖത്തുനിന്നും യോഗാർത്ഥിയിലേയ്ക്ക് ആഗമിക്കണം. ആഗമമില്ലാതെ, സ്വാധ്യായം (= ശിഷ്യൻ സ്വമേധയാ – സ്വന്തം മേധാശക്തി ഉപയോഗിച്ചുകൊണ്ട് – ചെയ്യേണ്ട പഠിപ്പ്) സാദ്ധ്യമല്ല. ഈശ്വരജ്ഞാനാർത്ഥം ശിഷ്യൻ വിശ്വാസത്തോടും തപസ്സോടും ഗുരുബോധനങ്ങൾ പ്രവൃത്തിയിലാക്കുന്നതിനുള്ള നിഷ്ഠയോടുംകൂടി കൈകളിൽ ജ്ഞാനദീപം എരിയാനുള്ള അഗ്നി ഒരുക്കിക്കൊണ്ട് ഗുരുവിനെ സമീപിക്കണം എന്നത്രെ ഉപനിഷദ്വചനം (മുണ്ഡകോപനിഷത്ത് 1.2.11–12;3.2.10). ധ്യാനമാർഗ്ഗപരിചയത്തിൽ തന്റെ ഗുരുനാഥയായി ചാവറയച്ചൻ അംഗീകരിച്ചനുവർത്തിച്ചിട്ടുള്ളത് ആവിലായിലെ വി.അമ്മ ത്രേസ്യയെ ആകുന്നു:

എത്രയും വലിയ അയോഗ്യനെങ്കിലും ശു.അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. പ്രിയമുള്ള ഈ അമ്മയോട് മക്കൾ ധ്യാനവരം ചോദിച്ചാൽ ആ അമ്മ അത് അവർക്കു നല്കാതിരിക്കുമോ? ധ്യാനത്തെക്കുറിച്ച് മറ്റെല്ലാവരെക്കാളും ആഴത്തിൽ പഠിപ്പിച്ചിരിക്കുന്ന ഈ അമ്മ ധ്യാനത്തിന്റെ ഗുരുനാഥ എന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. ധ്യാനവിദ്യയുടെ അന്തർരഹസ്യങ്ങളെയും അതിൽ പുരോഗമിക്കുന്നതിനുള്ള മാർഗ്ഗങ്ങളെയും തന്റെ മക്കളെ പഠിപ്പിക്കുന്നതിനായി അവർ ഏഴു സ്ഥാനപദവികൾ അഥവാ ഉൾക്കോട്ടകളുള്ള 'ആഭ്യന്തര ഹർമ്മ്യം' വിരചിച്ചിരിക്കുന്നു. ഞാൻ ഈ അമ്മയോട് ഒരപേക്ഷകൂടി നടത്തിക്കൊള്ളുന്നു: ഈ കൃതി വിരചിക്കപ്പെട്ടിരിക്കുന്ന ഭാഷ എനിക്കറിവില്ല. അതിനാൽ ഒന്നുകിൽ ആ ഭാഷ നീ എന്നെ പഠിപ്പിച്ചുതരണം; അല്ലെങ്കിൽ, അത് വായിക്കാതെ തന്നെ അതിന്റെ ഉൾപ്പൊരുൾ നീ എനിക്കു ചൊല്ലിത്തന്ന് എന്നെ പഠിപ്പിക്കുകയും എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കുകയും വേണം. (ധ്യാ.സ. പേജ് 13-14).

## 4. അപര്യുദസ്തത്വം

ധ്യാനയോഗജീവിതത്തിന് ആവശ്യമായ ബാഹ്യവും ആന്തരികവുമായ അന്തരീക്ഷം വാക്കിലും വിചാരത്തിലും വ്യാപാരത്തിലും കാത്തുസൂക്ഷിക്കുന്നതിനത്രെ അപര്യുദസ്തത്വം എന്നുപറയുന്നത്. ശ്രീരാമാനുജാചാര്യർ ഇതിനു വേണ്ട ഏഴുകാര്യങ്ങൾ നിർദ്ദേശിക്കുന്നുണ്ട്: (i) **വിവേകം** = ആത്മീയോത്കർഷത്തിന് ഉതകുന്ന കാര്യങ്ങളെ ജഡപ്രീണനത്തിനുമാത്രം സഹായകമായ കാര്യങ്ങളിൽനിന്നും വേർതിരിച്ചറിയാനുള്ള കഴിവ്; (ii) **വിമോകം** = ജഡികേച്ഛകളുടെ നിയന്ത്രണം; (iii) **അഭ്യാസം** = ധ്യാനജപാദി സാധനകളുടെ നിരന്തരമായ പരിശീലനം; (iv) **ക്രിയ** = പരസ്പരസ്നേഹവും പരോപകാരകർമ്മങ്ങളും; (v) **കല്യാണം** = സത്യം, വക്രതയില്ലായ്മ, ദയ, അഹിംസ, ദാനശീലം ഇത്യാദി സുകൃതശീലങ്ങളാൽ ജീവിതത്തെ മംഗളകരമാക്കുന്നതിനുള്ള പരിശ്രമം; (vi) **അനവസാദം** = ദൈവത്തിൽ ആനന്ദിക്കുന്ന, സംതൃപ്തമായൊരു മനസ്സ്; (vii) **അനുദ്ധർഷാ** = മിതത്വം വിട്ടുള്ള ആഹ്ലാദപ്രകടനവും, സംയമമില്ലാത്ത വിനോദരീതികളും, ദുഃഖങ്ങളിൽ അതിരില്ലാത്ത മനസ്സിടിവും, വിനയം വെടിഞ്ഞുള്ള സംസാരരീതിയും ഇല്ലാതിരിക്കൽ.

### (i) വിവേകം

മനുഷ്യന്റെ മുമ്പിൽ ***പ്രേയസ്സ്, ശ്രേയസ്സ്*** എന്നിങ്ങനെ രണ്ടു പാതകൾ തുറന്നുകിടക്കുന്നു. ജഡികാസക്തികളെ തൃപ്തിപ്പെടുത്തുന്നതാണ് പ്രേയസ്സ്;

ആത്മാവിനു ഉത്കർഷം വരുത്തുന്നതാകുന്നു ശ്രേയസ്സ്. ആത്മദർശനമുള്ളവൻ രണ്ടിനെയും നന്നായി നിരീക്ഷിച്ചിട്ട്, പ്രേയസ്സിനെ പരിത്യജിച്ച്, ശ്രേയസ്സിനെ തെരഞ്ഞെടുക്കുന്നു (കഠോപനിഷത്ത് 1.2.2). ഭഗവദ്ഗീതയിൽ ഈ രണ്ടു പാതകളെ ദൈവത്തിൽ സമ്പന്നരാകാൻ നമ്മെ സഹായിക്കുന്ന **ദൈവീസമ്പത്തി** എന്നും, ആത്മീയമായ അടിമത്തത്തിലും അന്ധകാരത്തിലും നമ്മെ ആഴ്ത്തിക്കളയുന്ന **ആസുരീസമ്പത്തി** എന്നും വേർതിരിച്ചിരിക്കുന്നു (16:1-4). സദ്‌വൃത്തർ, ദുർവൃത്തർ എന്നീ രണ്ടു സേനകളുടെ മധ്യേ, ആർക്കെതിരായി യുദ്ധം ചെയ്യേണ്ടു എന്നറിയാതെ വിഷാദയോഗത്തിൽ കഴിയുന്ന അർജ്ജുനന്റെ ചിത്രം (ഭഗവദ്ഗീത 2:10), നന്മയ്ക്കെതിരെ തിന്മയോട് ആത്മീയസമരം ചെയ്യേണ്ടിവരുന്ന ഏതൊരു മനുഷ്യന്റെയും ഒരു യഥാർത്ഥ ചിത്രം തന്നെയാണ്.

ആത്മീയജീവിതം നയിക്കാനാഗ്രഹിക്കുന്ന മോക്ഷേച്ഛുക്കൾ വിവേചിച്ചറിയേണ്ട (= **വിവേകം**) രണ്ടു പാതകളെപ്പറ്റി യേശുവും സുവ്യക്തം പറഞ്ഞിട്ടുണ്ട്: നാശത്തിലേയ്ക്കു നയിക്കുന്ന വിസ്തൃതമായ വഴിയും വാതിലും; അതിലൂടെ കടന്നുപോകുന്നവർ വളരെയാണ്; എന്നാൽ ജീവനിലേയ്ക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും, വഴി വീതി കുറഞ്ഞതുമാണ്; അത് കണ്ടെത്തുന്നവരോ ചുരുക്കം (മത്താ. 7:13-14).

ധ്യാനജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവർ ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ചു ജീവിക്കുന്ന ജഡികമനുഷ്യരാകാതെ, ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്കനുസരിച്ചു ജീവിക്കുന്ന ആത്മീയ മനുഷ്യരായിരിക്കണം (റോമ. 8:1-11). അവർ എല്ലാറ്റിനെയും വിവേചിച്ചുമനസ്സിലാക്കിയശേഷം നല്ലതിനെമാത്രം മുറുകെപ്പിടിക്കുന്നു (1 തെസ്സ. 5:21). ആത്മാവിന്റെ ഫലങ്ങളും ജഡത്തിന്റെ ഫലങ്ങളും തമ്മിൽ വി.പൗലോസ് നടത്തിയിരിക്കുന്ന വിവേചനം സുവിഖ്യാതമാണല്ലോ (ഗാല. 5:16-26). പ്രചോദനങ്ങളെ പരിശോധിച്ച് അവ ദൈവത്തിൽനിന്നുള്ളവയാണോ എന്നു വിവേചിച്ചറിയണമെന്ന് വി. യോഹന്നാനും നമ്മെ ഉദ്ബോധിപ്പിക്കുന്നു (1 യോഹ. 4:1).

**"രണ്ട് യജമാനന്മാരെ ശുശ്രൂഷിക്കരൽ"** എന്ന ശീർഷകത്തിൽ ചാവറയച്ചൻ എഴുതിയിട്ടുള്ള ആത്മീയപ്രകരണം, വിവേകം അഥവാ അന്തഃപ്രചോദനങ്ങളുടെ വിവേചനം എന്ന പ്രമേയത്തിന്റെ അതിവിശദമായൊരു പ്രതിപാദ്യംതന്നെയാണ്. (വാല്യം III. പേജ് 60-64). അതിലെ മുഖ്യാംശങ്ങളെ നമുക്കു താഴെക്കാണുംവിധം അപഗ്രഥിച്ചുദ്ഗ്രഥിക്കാം:

> ഒന്നുകിൽ നീ നിന്നെ മുഴുവനും തമ്പുരാനു കയ്യേല്പിച്ച് പുണ്യവഴിയിൽ നടക്കണം. അല്ലെങ്കിൽ, ദൈവത്തിൽ നിന്നകന്ന് നിത്യനാശത്തിന്റെ വഴിയിലാകും നീ നടക്കുക. രണ്ട് യജമാനന്മാരെ ശുശ്രൂഷിക്കാൻ ആർക്കും സാധ്യമല്ല എന്നു

നമ്മുടെ കർത്താവുതന്നെ നമ്മെ പഠിപ്പിച്ചിരിക്കുന്നു. എന്തെന്നാൽ തമ്പുരാനും ലോകവും രണ്ട് വിപരീതധ്രുവങ്ങളാകുന്നു. ഒന്നുകിൽ ഒരുത്തനെ വെറുത്തുപേക്ഷിച്ച് മറ്റവനെ സ്നേഹിക്കണം. അല്ലെങ്കിൽ ഇവനെ സ്നേഹിച്ച് മറ്റവനെ ദ്വേഷിക്കണം.

ദൈവവും ലോകവുമല്ലാതെ, ഇവ രണ്ടിനും മധ്യേ മൂന്നാമതൊന്നില്ല. അതിനാൽ നീ ചിന്തിച്ചുനോക്കുക: നീ ആർക്കായി വേലകൾ ചെയ്യുന്നു? നീ ആർക്ക് ശുശ്രൂഷിയായിരിക്കുന്നു? ലോകത്തിനു സ്നേഹിതനായിരിക്കുന്നവൻ ദൈവത്തിനു ശത്രുവാകുന്നു എന്നുള്ളത് പരിശുദ്ധാത്മാവിന്റെ അരുളപ്പാടത്രെ. രണ്ട് യജമാനന്മാരെ ശുശ്രൂഷിച്ചുകൊണ്ടുള്ള നിന്റെ ഇപ്പോഴത്തെ ജീവിതം, നിന്നെ രക്ഷയിലേക്ക് നയിക്കാൻ പ്രാപ്തിയുള്ള ചൊവ്വുള്ള വഴിയായി നിനക്കു തോന്നുന്നുണ്ടോ? ഈ വഴിക്കു നീ നീങ്ങിയാൽ, ജീവിതം നിന്നെ നാശത്തിൽ ഉൾപ്പെടുത്തുക തന്നെ ചെയ്യും എന്നു നമ്മുടെ കർത്താവുതന്നെ വിശുദ്ധ വേദപുസ്തകത്തിൽ അരുളിച്ചെയ്തിരിക്കുന്നു.

നിർഭാഗ്യവശാൽ, നിരവധിപേർ തങ്ങളുടെ ഹൃദയത്തിന്റെ ഒരു പങ്ക് ദൈവത്തിനും ഒരു പങ്ക് ലോകത്തിനും കൊടുത്തുകൊണ്ടത്രെ ജീവിക്കുന്നത്. അവർ മോക്ഷത്തിന്റെ വാതിൽ കാണാത്തവണ്ണം നാശത്തിന്റെ പാതയിലത്രെ ചരിക്കുന്നത്. ഇത്തരക്കാരോടത്രെ ഏശയ്യാ നിവ്യയിലൂടെ ദൈവം പറഞ്ഞിട്ടുള്ളത്: ഈ രണ്ട് വന്ദനയും ഒരുമിച്ച് വേണ്ട. സാക്ഷാൽ വിലപ്പെട്ട നിധി ദൈവംതന്നെയാകുന്നു എന്നു നിനക്കു ബോധ്യമുണ്ടെങ്കിൽ, ദൈവത്തെത്തന്നെ ശുശ്രൂഷിച്ചുകൊള്ളുവിൻ. അല്ല, നിന്റെ നിധി നശ്വരമായ ലോകസമ്പത്താകുന്നു എന്നു നീ ഉറപ്പിക്കുന്നുവെങ്കിൽ, ലോകത്തെത്തന്നെ നീ ശുശ്രൂഷിച്ചുകൊള്ളുക. പക്ഷെ നീ ഒന്നോർക്കണം: നീ അന്വേഷിക്കുന്നതും നീ നേടിയതുമായ ലോകഭാഗ്യങ്ങൾ, നിന്റെ മരണം നീ കരുതുന്നതിലും വേഗം വരുമെന്നുള്ളതിനാൽ, അല്പനേരംകൊണ്ടെന്നവണ്ണം പൊയ്പ്പോകും. അപ്പോൾ നിന്നെ ആശ്വസിപ്പിക്കാൻ ദൈവം മാത്രമേ നിന്റെ സമീപത്തുണ്ടാകൂ.

ദൈവത്തെയും ലോകത്തെയും ഒരുമിച്ച് ശുശ്രൂഷിച്ച് പ്രീതിപ്പെടുത്താം എന്ന രീതിയിലാണ് നീ കഴിഞ്ഞുവരുന്നത്. ഒരു വശത്തുനിന്നു നോക്കുമ്പോൾ, ധ്യാനം, പ്രാർത്ഥന തുടങ്ങിയ ആത്മീയാഭ്യാസങ്ങൾ ഇനിമേൽ തീക്ഷ്ണതയോടെ നടത്തിക്കൊള്ളാമെന്ന് നീ പ്രതിജ്ഞചെയ്യുന്നു. ഏതാനും ദിവസങ്ങൾ

നിന്റെ പ്രതിജ്ഞകൾ നീ പാലിക്കുകയും ചെയ്യുന്നു. എന്നാൽ ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ, നീ മടിമൂലം ഇവ ഉപേക്ഷിക്കുകയും വീണ്ടും ആത്മീയമായ തണുപ്പിൽ നിപതിക്കുകയും ചെയ്യുന്നു. ഇവ്വിധം ഇടയ്ക്കു ചൂടും ഇടയക്കു തണുപ്പുമായി, ആത്മീയമായ മന്ദോഷ്ണത്തിൽ കഴിയുന്ന നിന്നോട് പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു: നീ ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ, നിന്നെ ഞാൻ എന്റെ വായിൽനിന്നും ഛർദ്ദിച്ചുകളയും (വെളി 3:16).

അതിനാൽ എനിക്കു എത്രയും സ്നേഹമുള്ള എന്റെ കൂടെപ്പിറപ്പേ, നീ ഇനി ഒട്ടും താമസിക്കേണ്ട. ഗാഗുൽത്തായിൽ കുരിശിൽ കിടന്നുകൊണ്ട് നിന്നെ വിളിക്കുന്ന തിരുനാഥനെ നീ ശ്രവിച്ചാലും! അവിടുന്ന് നിന്നോടു പറയുന്നു: തന്റെ പക്കലേയ്ക്കു മടങ്ങിവന്ന ധൂർത്തപുത്രന്റെ കാര്യത്തിലെന്നപോലെ, പിതാവിനടുത്ത സ്നേഹത്തോടുകൂടി നിന്നെ തഴുകുവാനും പ്രിയപ്പെട്ട ചുംബനങ്ങളാൽ നിന്നെ ആശ്ലേഷിക്കുവാനുമായി, ഇതാ ഞാൻ നിന്റെ മുമ്പിൽ കൈകൾ വിരിച്ച് നില്ക്കുന്നു.

നീ എളിമയുള്ള മകനെപ്പോലെ വിനീതനായി എന്റെ തിരുമുഖംനോക്കി ഇങ്ങനെ പറയുക: കർത്താവേ, ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചുപോയി, നിന്റെ മകനെന്ന മഹിമയാർന്ന പേരിൽ വിളിക്കപ്പെടാൻപോലും ഞാൻ യോഗ്യനല്ല. നീ നിന്റെ വേലക്കാരിൽ ഒരുത്തനായി എന്നെ കൈക്കൊണ്ടാൽത്തന്നെയും അത് എനിക്കു വേണ്ടുവോളം മതിയായിരിക്കുന്നു. അതിനുപോലും ഞാൻ യോഗ്യനല്ല. എങ്കിലും നിന്നോടുള്ള എന്റെ അടക്കുവാൻ വയ്യാത്ത സ്നേഹം മൂലം, എന്റെ പ്രിയം നിറഞ്ഞ അപ്പാ, ഞാൻ നിന്നോടു പറഞ്ഞുകൊള്ളട്ടെ: ഞാൻ സർവ്വരാലും വിസ്മരിക്കപ്പെട്ടാലും ഞാൻ നിന്നെ മറന്ന് ജീവിച്ചുപോയെങ്കിലും, നീ എന്നെ ഒരുനാളും മറക്കുകയില്ലല്ലോ. നീ എന്നെ ഉപേക്ഷിക്കാതെ, എന്നാളും എനിക്കായി പാർത്തിരുന്നു. എന്റെ തന്നിഷ്ടപ്രകാരം ലോകമായകൾക്കുപിന്നാലെ ഇത്രനാളും നടന്ന ഞാൻ, ഒരുദിവസം പോലും ഇന്നോളം സ്നേഹത്തോടെ നില്ക്കുകയുണ്ടായിട്ടില്ല. ഞാൻ നിന്നെ ഓർക്കാതെ, എന്റെ ഇന്ദ്രിയസുഖങ്ങളുടെ പ്രേരണകൾക്കുവശപ്പെട്ടും, സ്വന്തം സ്തുതി-ബഹുമാന-സുഖ-സന്തോഷാദികൾ തേടിയും നടന്നിരുന്നപ്പോഴും, നീ എന്റെ ഉള്ളിൽ വസിച്ചുകൊണ്ടും എന്റെ പിറകെ നടന്നുകൊണ്ടും നിന്റെ സ്വരം എന്നെ കേൾപ്പിച്ചുകൊണ്ടിരുന്നു:

എന്റെ മകനെ, നീ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ലോകഭാഗ്യങ്ങൾ എത്രയോ വേഗം നിന്നോടു വിടചൊല്ലും! നീ നിന്റെ മരണകട്ടിലിൽ കിടക്കവെ, നീ സ്നേഹിച്ചവയൊന്നും നിനക്കു ആശ്വാസമേകാനായി നിന്റെ അരികെയുണ്ടാകുകയില്ല. അപ്പോൾ ഞാൻ മാത്രമേ നിന്നെ ആശ്വസിപ്പിക്കാനുണ്ടാവൂ. ഞാൻ എന്റെ തിരുരക്തം ചിന്തിയും എന്റെ പ്രാണൻ കൊടുത്തും വാങ്ങിച്ചിരിക്കുന്ന എന്റെ സമ്പത്താകുന്നു, ഞാൻ നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്ന നിന്റെ ആത്മാവ്. നീ എന്നെ ഉപേക്ഷിക്കുകയും മറ്റുള്ളവരുടെ പാവപ്പെട്ട ആത്മാക്കളെ നശിപ്പിക്കുകയും ചെയ്യുന്ന രീതിയിലാണ് ജീവിച്ചിരുന്നതെങ്കിൽ, നിന്റെ മരണസമയത്ത് ഞാൻ എങ്ങനെ എന്നെ ആശ്വസിപ്പിക്കും! ഈ ചിന്തകളും വചനങ്ങളും, മകനെ, സദാ നിന്നെപ്രതി എന്റെ മനസ്സിൽ പുലർത്തിക്കൊണ്ട്, ഞാൻ ഇത്രനാളും ഏറെ പ്രിയത്തോടുകൂടി നിന്നെ അന്വേഷിക്കുകയായിരുന്നു! ഇപ്പോൾ നീ നടത്തിയിരിക്കുന്ന ഈ മുഴുവൻ ധ്യാനത്തിലൂടെ നീ നിന്നെത്തന്നെ മുഴുവനായി എന്നോടു ചേർത്തിരിക്കുകയാണല്ലോ. അതിനാൽ ഇനിമേലുള്ള നിന്റെ പ്രാർത്ഥന ഇങ്ങനെ മാത്രമായിരിക്കണം:

അയ്യോ മനോഗുണമുള്ള പിതാവേ, എന്റെ നന്ദിയില്ലായ്മ ഒക്കെയും എന്നോടു നീ പൊറുത്തരുളേണമേ! ഇനി ഒരുനാളും ഞാൻ നിന്നിൽനിന്നും അകലുകയില്ലെന്നും എന്റെ സർവ്വശക്തിയോടുംകൂടി ഞാൻ പ്രതിജ്ഞചെയ്യുന്നു. പുണ്യരാജാവായ ദാവീദിനോടുകൂടെ ഞാനും നിന്നോടപേക്ഷിക്കുന്നു: എന്റെ ആഗ്രഹത്തെയും പ്രതിജ്ഞയെയും നീ കൈക്കൊണ്ട്, അവയെ നിറവേറ്റാൻ എനിക്കു ശക്തിയരുളേണമെ! കർത്താവേ, നിന്റെ മുമ്പിൽ നില്ക്കുന്ന ഞാൻ മൃഗസമം ജഡികവാസനകൾ ഉള്ളവനാണ്. അനുഗ്രഹനിധിയായ പിതാവേ, ഞാൻ എവിടേയ്ക്കു നടക്കണം, എന്തു ചെയ്യണം, എങ്ങനെ ചെയ്യണം എന്നിത്യാദി കാര്യങ്ങളെല്ലാം നീതന്നെ, നിന്റെ തിരുമനസ്സുപോലെ, എന്നെക്കൊണ്ട് നടത്തിക്കുകയും ചെയ്യിക്കുകയും വേണം. അതിനായി എന്റെ മനസ്സിനെ ഞാൻ സമ്പൂർണ്ണമായി അങ്ങേ തിരുഹിതത്തിനു കയ്യേല്പിച്ചിരിക്കുന്നു. അങ്ങേ തിരുഹിതം ചെയ്യുക എന്നതൊന്നു മാത്രമാണ് അടിയന്റെ ഭാഗ്യം. ഈ നിശ്ചയത്തിന് അന്തരംവരാതെ നീ എന്നെ കാത്തുകൊള്ളേണമെ!

മകനെ, ഇപ്രകാരം അപേക്ഷിക്കാനും, ഇപ്രകാരംതന്നെ മേലാൽ വ്യാപരിക്കാനും നീ ഈ ധ്യാനത്തിൽ പ്രതിജ്ഞചെയ്യുകയും വേണം.

ആത്മീയതയും ശാരീരികതയും (ഭൗതികതയും) തമ്മിൽ പരസ്പര പൂരകമല്ലാത്ത തരത്തിലുള്ള ദ്വന്ദഭാവം ചാവറയച്ചന്റെ ദർശനത്തിലില്ല. അതേസമയം രണ്ടും ഒന്നുതന്നെയാണെന്നുള്ള ഏകതാവാദത്തിനും അദ്ദേഹം അടിമയായിട്ടില്ല. അവ രണ്ടും തമ്മിൽ ചിലപ്പോഴെങ്കിലും പരസ്പരസംഘട്ടനം ഉണ്ടാകാമെന്ന യാഥാർത്ഥ്യത്തെ യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ അദ്ദേഹം അംഗീകരിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ ശാരീരികതയുടെമേൽ ആത്മീയതയ്ക്കു നല്കേണ്ട പ്രാധാന്യത്തെയും പ്രാഥമ്യത്തെയും ചാവറയച്ചൻ അടിവരയിട്ട് പറയുന്നു:

> വസ്ത്രത്തെക്കാൾ ശരീരവും, ശരീരത്തെക്കാൾ ആത്മാവും പ്രാധാന്യമുള്ളതാകുന്നു; മറ്റുള്ളവരുടെ ആത്മാവിനെ രക്ഷിക്കേണ്ടത് സ്വന്തം ആത്മരക്ഷ അപകടത്തിലാക്കിക്കൊണ്ടല്ല. ഒരു കാര്യം വസ്ത്രത്തിനും ശരീരത്തിനും ഒപ്പം ദോഷകരമാകും എന്നു കണ്ടാൽ, വസ്ത്രത്തെ വിഗണിച്ച്, ശരീരത്തെ രക്ഷിക്കുക; അതുപോലെതന്നെ, ശരീരത്തിനും ആത്മാവിനും ഒരുപോലെ ഹാനികരമായ ഒരവസ്ഥയിൽ, ശരീരത്തെ രക്ഷിക്കാനായി, ആത്മാവിന്റെ രക്ഷ അപകടത്തിലാക്കരുത്. എന്തെന്നാൽ വസ്ത്രവും ശരീരവും ഇന്നല്ലെങ്കിൽ നാളെ അഴിയാനുള്ളതാണ്; എന്നേയ്ക്കും അനശ്വരമായിട്ടുള്ളത് ആത്മാവാകുന്നു. ആത്യന്തികമായി ഇതിനുവേണ്ടിയായിരിക്കണം നാം ചെയ്യുന്ന ജോലികളൊക്കെയും. അല്ലെങ്കിൽ, കാളയും പോത്തും കലപ്പ വലിക്കുന്നതുപോലെയും, ആന തടി പിടിക്കുന്നതുപോലെയും, കഴുത ചുമടുചുമക്കുന്നതുപോലെയും ആയിരിക്കും നാം ചെയ്യുന്ന അധ്വാനങ്ങളും. ഒരാൾ നല്ലതു ചെയ്താൽ അയാൾക്കും അയാളുടെ കൂടപ്പിറപ്പുകൾക്കും ഭാഗ്യം; നാം നല്ലവരായിരുന്നാൽ നമ്മുടെ ഭാഗ്യത്തിൽ മറ്റുള്ളവർക്കും പങ്കുണ്ടായിരിക്കും; നാം തിന്മയാണ് ചെയ്തിട്ടുള്ളതെങ്കിൽ, എന്നേയ്ക്കും നമുക്കുതന്നെ നാശം... ആത്മാവിന്റെ കാര്യം ഉപേക്ഷിച്ച്, ലൗകികകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ ഒട്ടേറെ പ്രായോഗിക ന്യായങ്ങൾ പറഞ്ഞ് പിശാച് നമ്മെ പ്രലോഭിപ്പിക്കും. ഇതിൽ ഏറ്റവും അപകടകരമായ പ്രലോഭനം, 'തത്ക്കാലം ലൗകിക നേട്ടങ്ങൾക്കായി ജീവിക്കാം, ആത്മീയ കാര്യങ്ങൾ പിന്നീട്, ജീവിതത്തിന്റെ അന്ത്യം അടുത്തുവരുന്നതോടെ, ശ്രദ്ധിക്കാം' എന്ന് വിചാരിച്ച്, ആത്മാവിന്റെ കാര്യങ്ങൾ നാളേയ്ക്ക് നാളേയ്ക്ക് എന്ന തരത്തിൽ നീട്ടിവയ്ക്കുന്നതിനുള്ള പ്രലോഭനമാണ്. വി.അഗസ്തീനോസ് പറയുന്നതുപോലെ, ഈ 'ശപിക്കപ്പെട്ട നാളെ' എത്രയോ പേരെ

നരകത്തിൽ അയച്ചിരിക്കുന്നു! ഇപ്പോൾ ചെയ്ത് പൂർത്തിയാക്കേണ്ട ആത്മീയ കടമകൾ പിന്നീടാകട്ടെ എന്നു കരുതി നീട്ടി വച്ചാൽ, കാലം ചെല്ലുംതോറും രോഗം, മനഃശക്തിയുടെ കുറവ് തുടങ്ങി ഓരോരോ കാരണങ്ങളാൽ അവ ചെയ്യുന്നതിനുള്ള തടസ്സങ്ങൾ കൂടിക്കൂടി വരികയേ ഉള്ളൂ... ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതി ഒരു 'നല്ല മരണം' ലഭിക്കുക എന്നതാകയാൽ, നമുക്കു ഒരു ആത്മാവിനു ചെയ്യാവുന്ന നാനാ സഹായങ്ങളിൽ ഏറ്റവും വലിയ സഹായം മരണനേരത്ത് അയാൾക്കു ചെയ്യുന്ന സഹായമാകുന്നു (കത്തുകൾ IX/7).

### (ii) വിമോകം

ധ്യാനപഥപ്രവേശനത്തിനുവേണ്ട രണ്ടാമത്തെ വ്യവസ്ഥയാകുന്നു വിമോകം അഥവാ ജഡികേച്ഛകളുടെ സംയമം. *Deny your self* എന്നതാണല്ലോ യേശ്വനുഗമനത്തിനുള്ള ഒന്നാമത്തെ വ്യവസ്ഥ (മാർക്കോ. 8:34). (Deny = Say 'no'). **ആത്മവിനിഗ്രഹം** അഥവാ സ്വാർത്ഥതയുടെ പൂർണ്ണമായ നിഗ്രഹം എന്ന സങ്കേതത്തിലൂടെ ഭഗവദ്ഗീതയും (17:16) ഈശ്വര പ്രാപ്തിക്കുവേണ്ട ഈ അടിസ്ഥാനനിയമത്തെ നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവത്തിങ്കൽ നിശ്ചയദാർഢ്യത്തോടുകൂടി മനസ്സുറപ്പിച്ചും, സംയതസ്വഭാവനായും (= ആത്മശരീരനിയന്ത്രണമുള്ളവനായും), ജീവിക്കുന്നവനത്രെ അവിടുത്തേയ്ക്കു പ്രിയനാകുക (ഭഗവദ്ഗീത 12:14). പൗലോസിന്റെ ഭാഷയിൽ, ആർ യേശുവിനെപ്രതി ലോകം തനിക്കും, താൻ ലോകത്തിനും, ക്രൂശിക്കപ്പെട്ടിരിക്കുന്നുവോ, അയാളത്രെ സ്വശരീരത്തിൽ അവിടുത്തെ അടയാളങ്ങൾ ധരിച്ചിരിക്കുന്നത് (ഗലാ. 6:14,17).

'ദൈവംതന്നുടെയന്തികേ ചേരുവാൻ, പാപികളാം നാം നമ്മുടെ ഹീനത നീക്കണം; പുണ്യമായ് നടന്നീടണം; തണ്യതൊക്കെ ത്യജിപ്പാൻ പഠിക്കണം; ക്രോധം, അഹങ്കാരം തുടങ്ങിയ ദുർഗുണങ്ങളാൽ ആത്മാവിനു വരുത്തിയ അശുദ്ധികളിലൂടെ ആത്മനൈർമല്ല്യം നഷ്ടപ്പെടുത്തിയതിനെപ്പറ്റി പരമാർത്ഥ ഹൃദയത്തോടെ മനസ്തപിക്കണം' (ആത്മാനുതാപം, I. 128-140; II.116). 'എന്റെ പാപമാലിന്യവും ചിത്തനൈർമ്മല്യമില്ലായ്കയുമത്രെ എനിക്കു പരമാർത്ഥത്തിൽ മഹാഭയത്തിനും ഭീതിക്കും കാരണമാകേണ്ടത്' (VII. 152). 'ക്രീഡനിമിത്തം - സ്വാർത്ഥപ്രീണനജ്വരംമൂലം - ഞാൻ ചെയ്ത പാപത്തിന്റെ എണ്ണങ്ങൾ കുറഞ്ഞിരുന്നെങ്കിൽ, യേശുവിന്റെ കുരിശിന്റെ ഭാരവും കുറഞ്ഞേനേ' (VIII. 52-53) എന്ന ചാവറപ്പിതാവിന്റെ ആത്മരോദനത്തിൽ നമ്മിൽ പാപകാരണമായി വർത്തിക്കുന്ന ജഡേച്ഛകളോടുള്ള വെറുപ്പും (റോമ. 7:15-24), നമ്മുടെ പാപപരിഹാരാർത്ഥം കുരിശിൽ മരിക്കുകവഴി നമ്മോടുള്ള അനന്തസ്നേഹം തെളിയിച്ച യേശുവിനോടുള്ള (റോമ. 5:8) അദമ്യമായ പ്രതിസ്നേഹവും ഒപ്പം നിറഞ്ഞുനില്ക്കുന്നു.

## (iii) അഭ്യാസം

ധ്യാനമാർഗ്ഗപുരോഗതിക്ക് വൈരാഗ്യത്തോടൊപ്പം അഭ്യാസംകൂടി ആവശ്യമാണ് (പാതഞ്ജലയോഗസൂത്രം I.12). വിമോകത്തിലൂടെയത്രെ പ്രധാനമായും വൈരാഗ്യം സാധിക്കേണ്ടത്. രാഗദ്വേഷങ്ങളുടെമേലുള്ള വിജയംതന്നെയാണ് വൈരാഗ്യം. സുഖഭോഗദായകമായ ഇന്ദ്രിയവിഷയങ്ങളോട് മനുഷ്യന് സ്വഭാവേനയുള്ള ആസക്തിയാകുന്നു രാഗം. ജപം, തപം തുടങ്ങിയ ദൈവികസാധനകളോട് ലൗകികമനുഷ്യന് സ്വതേയുള്ള വിപ്രതിപത്തി അഥവാ വൈമുഖ്യമത്രെ ദ്വേഷം. ഇവ രണ്ടിനെയും സാധകൻ ജയിച്ചേ തീരൂ. അതിലൂടെ അയാൾ തന്നെത്തന്നെ വിരാഗി അഥവാ രാഗദ്വേഷങ്ങളുടെമേൽ വിജയം വരിച്ച ആളാക്കിത്തീർക്കുന്നു.

എന്നാൽ ദുർഗുണനിർമാർജനംമാത്രം (പ്രതികൂലസ്യ വർജനം) പോരാ; സത്ഗുണസമാർജനവും (അനുകൂലസ്യ സങ്കല്പഃ) കൂടിവേണം. ആത്മീയജീവിതത്തിന്റെ പൂർവ്വപക്ഷം വൈരാഗ്യവും, ഉത്തരപക്ഷം അഭ്യാസവുമാകുന്നു (ഗീത 6:35-36). അഭ്യാസയോഗവും (ഭഗവദ്ഗീത 8:8) ആത്മീയപ്രയത്നവും (6:45) പരിശീലിക്കുന്ന സാധകരേ ഈശ്വരൈക്യപ്രാപ്തിയിലെത്തൂ. വിശ്വാസം, ഭക്തി, ധ്യാനം, ദൈവൈക്യജീവിതം എന്നിവയുടെ അഭ്യാസത്തിൽ മോക്ഷേച്ഛുവായ സാധകൻ സ്ഥിരമായി പരിശ്രമിച്ചുകൊണ്ടിരിക്കണം (വിവേകചൂഡാമണി, 48). നമ്മെ ഇഷ്ടവിഷയങ്ങളിലേയ്ക്ക് ബലമായി പിടിച്ചുകൊണ്ടുപോകുന്ന ഇന്ദ്രിയാസക്തികളെ സംയമംചെയ്ത് ചിത്തത്തെ ദൈവത്തിൽ സ്ഥിരമായി ഉറപ്പിച്ചുനിറുത്തുക എന്നതുതന്നെയാണ് **വൈരാഗ്യത്തിന്റെയും അഭ്യാസത്തിന്റെയും** ലക്ഷ്യം. ഇതിലൂടെ സാധകൻ തന്നെത്തന്നെ സർവ്വേശ്വരനു പ്രിയനും (ഗീത 12:13-14) സർവ്വർക്കും പരമാർത്ഥത്തിൽ അഭ്യുദയകരമായതുമാത്രം പ്രവർത്തിക്കുന്നവനും (5:25) ആക്കിത്തീർക്കുന്നു.

ദുഷ്ടമനുഷ്യൻ തന്റെ ഹൃദയമാകുന്ന ദുഷ്ടഭണ്ഡാരത്തിൽനിന്നും ദുഷ്ചിന്തകൾ, അസന്മാർഗികത, പരദൂഷണം തുടങ്ങിയ തിന്മകൾ പുറപ്പെടുവിക്കുന്നു (മത്താ. 12:35; 15:19). താത്ക്കാലിക സുഖങ്ങൾക്കായി അയാൾ തിന്മ പ്രവർത്തിക്കുന്നു (റോമ. 3:8). ദൈവികരാകട്ടെ, ദൈവരാജ്യത്തെ ഭക്ഷണത്തിലും പാനീയത്തിലും കാണാതെ, പരിശുദ്ധാത്മാവിലുള്ള ആനന്ദത്തിൽ ദർശിച്ച്, ആത്മീയാഭ്യാസത്തിലൂടെ തങ്ങളെത്തന്നെ ക്രിസ്തുവിന്റെ ശുശ്രൂഷികളും ദൈവത്തിനു സ്വീകാര്യരും മനുഷ്യർക്കു സുസമ്മതരും ആക്കിത്തീർക്കുന്നു (റോമ. 14:17-18).

സുകൃതാഭ്യാസത്തിനു നമുക്കുള്ള കടമയേയും, അതിനായി ദൈവത്തിലാശ്രയിച്ച് നിരന്തരപരിശ്രമം ചെയ്തുകൊണ്ടിരിക്കാനുള്ള ബാധ്യതയേയും ധ്യാനയോഗാർത്ഥികളെ, വിശിഷ്യ വൈദികരെ, ചാവറയച്ചൻ ഇങ്ങനെ അനുസ്മരിപ്പിക്കുന്നു:

വൈദികർ ദിനംതോറും ഏറ്റം ഏറ്റം എരിവുള്ള 'മനസ്സോടെ ദൈവത്തിന് ശുശ്രൂഷ (ചിറ്റാഴ്മ) ചെയ്‌വാനുള്ളവരാണ്. അതിനായി അവർ ദിവസംപ്രതി അപേക്ഷിക്കേണ്ടുന്ന നമസ്ക്കാരം:

> സർവ്വതും വശമാകുന്ന തമ്പുരാനേ, ബലിയർപ്പണം (കുർബാന) എന്ന 'പട്ടസുഖത്തിന്റെ' മഹനീയ സ്ഥാനത്തിലേയ്ക്ക് കരേറ്റപ്പെട്ടിരിക്കുന്ന ഞങ്ങൾക്ക്, എല്ലാ ശുദ്ധതയിലും സുകൃതജീവിതം നല്കുന്ന ആത്മസുഖത്തിലും, ഭക്തിയോടും യോഗ്യതയോടുംകൂടി നിനക്കു ശുശ്രൂഷ ചെയ്‌വാനുള്ള കൃപ ചെയ്യേണമേ. എന്നാൽ ഞങ്ങൾ കടപ്പെട്ടിരിക്കുന്നതുപോലെയും ഞങ്ങളുടെ സ്ഥാനമഹിമയ്ക്കുചേർന്ന തരത്തിലും, പുണ്യജീവിതംനല്കുന്ന ആത്മീയ സുഖത്തോടും, പാപലേശംകൂടാതെയും, നിന്റെ മുമ്പിൽ വ്യാപരിക്കാൻ ഞങ്ങൾ അശക്തരത്രെ. എങ്കിലും എളിമയുള്ള ഹൃദയത്തോടും നല്ല മനസ്സിന്റെ പ്രതിജ്ഞയോടും ഏറ്റം എരിവുള്ള സ്നേഹത്തോടുംകൂടി ദിവസംപ്രതി നിനക്കു ശുശ്രൂഷ ചെയ്യുന്നതിന് ഞങ്ങൾക്കു കഴിയുന്നതിനുവേണ്ടി, ഞങ്ങൾ ചെയ്ത പാപങ്ങളിന്മേൽ യോഗ്യമാകുംവണ്ണം കരഞ്ഞു മനസ്താപപ്പെടുവാൻ ഞങ്ങൾക്കു നീ കൃപ നല്കേണമേ എന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു... (വാല്യം III. പേജ് 74-75).

### (iv) ക്രിയ

പരോപകാരം, ദീനദയാലുത്വം തുടങ്ങിയ സുകൃതശീലങ്ങളുടെ അഭ്യാസത്തിനാണ് ക്രിയ എന്നു പറയുന്നത്. ദൈവത്തിൽനിന്നും നേരേ ശിക്ഷണം ലഭിച്ചിട്ടുള്ളവർ അഭ്യസിക്കേണ്ട മൂന്ന് മൂലസുകൃതങ്ങൾ *ദമം* (ആത്മസംയമനം), *ദാനം*, *ദയ* എന്നിവയാകുന്നു എന്നത്രെ ഉപനിഷത്പാഠം (ബൃഹദാരണ്യകോപനിഷത്ത് 5.2.1-3). തപസ്സ്, ദമം, ദൈവസ്നേഹവും പരസ്നേഹവും ആവശ്യപ്പെടുന്ന സത്ക്രിയകൾ എന്നിവകൂടാതെയുള്ള ഈശ്വരജ്ഞാനം സാധുതയുള്ളതല്ല (കേനോപനിഷത്ത്, IV. 33).

പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാകുന്നു (യാക്കോ. 2:17). ഫലത്തിൽനിന്നുവേണം വൃക്ഷത്തെ അറിയാൻ (ലൂക്കാ 6:44). അയല്ക്കാരനെ സ്നേഹിക്കുന്നവൻ നിയമം പാലിച്ചുകഴിഞ്ഞു (റോമ. 13:9-10). നാം ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും വിനയവും ഉള്ളവരായിരിക്കണം (യാക്കോ. 3:8). തിന്മ നമ്മെ കീഴടക്കാതെ, തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ (റോമ 12:21). തിന്മയ്ക്കു തിന്മയോ, നിന്ദനത്തിനു നിന്ദനമോ പകരംകൊടുക്കാതെ, അനുഗ്രഹിക്കണം. അനുഗ്രഹിക്കുന്നവർക്കേ

അനുഗ്രഹം ലഭിക്കൂ. അനുഗ്രഹം അവകാശപ്പെടുത്തുന്നതിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാകുന്നു നാം (മത്താ. 5:7; യാക്കോ. 3:9).

ചാവറയച്ചന്റെ വിചാരവൃത്തത്തിലെ കേന്ദ്രബിന്ദു ദൈവംതന്നെയാണ്. പക്ഷെ, അത് ലോകവിസ്മരണത്തിൽ ഊന്നിനില്ക്കുന്നൊരു ദൈവവിചാരമല്ല. 'കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായിട്ടാണ് സർവ്വേശ്വരൻ തന്റെ സഭയെ സ്ഥാപിക്കാൻ തിരുമനസ്സായതെങ്കിലും, ആൾച്ചുരുക്കത്താൽ അവർക്കു ചെയ്യേണ്ടുന്ന സഹായങ്ങൾ ചെയ്യാൻ സാധിക്കാതെ വരുന്നു' എന്നതിനെപ്പറ്റി അദ്ദേഹം ആകുലപ്പെട്ടിരുന്നു (കത്തുകൾ VI.4). 'പരനും അപരനും വേണ്ടിയുള്ളൊരു നരനായിരിക്കുന്ന' യേശുവിനോടുള്ള അദ്ദേഹത്തിന്റെ അപ്രതിഹതബന്ധം, ദൈവവിചാരത്തിലിരിക്കെത്തന്നെ, ലോകം മുഴുവനെയും സമർപ്പിച്ചുപ്രാർത്ഥിക്കുന്നതിനുള്ള വിശാലബുദ്ധിയും ഹൃദയവും അദ്ദേഹത്തിനു സമ്മാനിച്ചു:

> ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ എന്റെ സഹോദരന്മാർ, സഹോദരിമാർ, രക്തസംബന്ധക്കാർ, സ്നേഹിതന്മാർ, ശത്രുക്കൾ എന്നിവർക്കുവേണ്ടിയും, ആത്മീയവും ശാരീരികവുമായ നന്മകൾ എനിക്കു ചെയ്തിട്ടുള്ളവർക്കുവേണ്ടിയും, എന്റെ അധികാരികൾക്കും കീഴുള്ളവർക്കുംവേണ്ടിയും, ഞാൻ ഉപദ്രവിക്കുകയോ, എന്റെ ദുർമാതൃകമൂലം ദോഷവഴിയിൽ ഉൾപ്പെടാൻ ഇടവരികയോ ചെയ്തിട്ടുള്ളവർക്കുവേണ്ടിയും, രാഷ്ട്രങ്ങൾ തമ്മിൽ അന്യോന്യബന്ധത്തിലും നിരപ്പിലും കഴിയുന്നതിനുവേണ്ടിയും, ശുദ്ധ മാർപാപ്പായുടെ സൗഖ്യത്തിനുവേണ്ടിയും ശുദ്ധീകരസ്ഥലത്തിൽ വേദനിക്കുന്ന ആത്മാക്കളുടെ രക്ഷയ്ക്കും തണുപ്പിനും വേണ്ടിയും സന്ന്യാസാശ്രമങ്ങളുടെ വർദ്ധനവിനുവേണ്ടിയും ജനങ്ങളുടെ മാനസാന്തരത്തിനുവേണ്ടിയും ഉയരവർക്കും മരിച്ചവർക്കുംവേണ്ടിയും പ്രാർത്ഥിക്കാനും അപേക്ഷിക്കാനും ഈ പൂജയെ കാഴ്ചവയ്ക്കാനും ഈശോമിശിഹായുടെ അയോഗ്യശുശ്രൂഷിയാകുന്ന ഞാൻ മനസ്സായിരിക്കുന്നേൻ. ബാവായുടെയും പുത്രന്റെയും റൂഹാദകുദശായുടെയും നാമത്താലെ, ആമ്മേൻ, ഈശോ! (III.74).

### (v) കല്യാണം (മംഗളം)

ദൈവത്തിനെന്നപോലെ തനിക്കും മറ്റുള്ളവർക്കും ജീവിതം മംഗളകരമാക്കുന്നതിനുള്ള കഴിവിനത്രെ ഇവിടെ കല്യാണം എന്നു പറയുന്നത്. ആത്മീയ ജീവിതമെന്നുവച്ചാൽ ജീവിതത്തെ പരുഷവും കഠിനവും പരസ്പര

ബന്ധാനുഭവരഹിതവും ആക്കുക എന്നല്ല അർത്ഥം. സ്നേഹശീലവും സഹൃദയത്വവും പെരുമാറ്റലാളിത്യവും ഹൃദയവിശാലതയുംകൊണ്ട് ആത്മീയമനുഷ്യൻ സ്വജീവിതത്തെ ദൈവത്തിനുമാത്രമല്ല, മറ്റുള്ളവർക്കും, എളുപ്പത്തിൽ അഭിഗമ്യമാക്കുന്നു. "ഒരു ജീവിയെയും ദ്വേഷിക്കാതെ, സർവ്വത്ര മൈത്രിയും കരുണയും പുലർത്തി, ഞാനെന്ന ഭാവം ഒട്ടുമില്ലാതെ, സുഖത്തിലും ദുഃഖത്തിലും മനസ്സുപതറാതെ, ക്ഷമപൂണ്ട്, കിട്ടിയതുകൊണ്ട് എപ്പോഴും സംതൃപ്തനായി, സർവ്വദാ ഈശ്വരൈക്യം പുലർത്തി, ഇന്ദ്രിയങ്ങളെ നന്നായി സംയമംചെയ്ത്, മനസ്സും ബുദ്ധിയും എന്നിൽ ദൃഢമായി ഉറപ്പിച്ച്, എന്നെ ആരു ഭജിക്കുന്നുവോ അവൻ എനിക്കു പ്രിയനാകുന്നു" (ഗീത 12:13-14).

മറ്റുള്ളവർക്ക് ഭാരം വരുത്താതെ ജീവിക്കുക (2 കൊറി 11:9;2 തെസ്സ. 3:8); പരസ്പരം ഭാരം വഹിക്കുക (ഗലാ. 6:2); പരസ്പരം വെറുത്ത് ദ്രോഹബുദ്ധിയിലും അസൂയയിലും കഴിയാതിരിക്കുക (തിത്തോ 3:3); ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്നനിലയിൽ, കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ, ഐക്യം, സ്നേഹം, സഹിഷ്ണുത എന്നീ ഗുണങ്ങളുടെ വിളനിലങ്ങളായിരിക്കുക (കൊളോ. 3:12-14); ഉള്ളതുകൊണ്ട് തൃപ്തരായി ജീവിക്കുക (ഫിലി. 4:11); സർവ്വോപരി, ഒരു കാരണത്താലും ക്രിസ്തുവിൽ ദൈവത്തോടുള്ള സ്നേഹത്തിൽനിന്നും വ്യതിചലിക്കാതിരിക്കുക (റോമ. 8:35-39) - സ്വജീവിതം ദൈവത്തിനും മറ്റുള്ളവർക്കും, എന്നല്ല തനിക്കുതന്നെയും, മംഗളകരമാക്കിത്തീർക്കാൻ ധ്യാനയോഗി ഉപയുക്തമാക്കുന്ന, ഒപ്പം മാനുഷികവും ദൈവികവുമായ ആത്മീയ കൗശലങ്ങളാണിവ.

യേശുവിന്റെ മനുഷ്യമുഖദർശനത്തിനുള്ള തന്റെ ഗാഢമായ അഭിവാഞ്ഛയത്രെ ചാവറപ്പിതാവിന്റെ ധ്യാനസല്ലാപങ്ങളുടെ സർവ്വാംഗമായ താളവും ലയവും. ദൈവികതയില്ലാത്ത മാനുഷികതയെയും മാനുഷികതയില്ലാത്ത ദൈവികതയെയും അദ്ദേഹം ഒരുപോലെ തള്ളിപ്പറഞ്ഞിരുന്നു. 'അമ്മാനുവേലെന്ന നാമാർത്ഥംപോൽ അവിടുന്ന് നമ്മോടു ചേർന്നതും കാണാകേണം' (ആത്മാനുതാപം, III.16) - എന്ന ആത്മരോദനത്തിലൂടെ, നാം തമ്മിൽത്തമ്മിലുള്ള ചേർച്ചയിൽ യേശുവിനെ കാണാനുള്ള തന്റെ ആത്മാവിന്റെ അന്തർദാഹത്തെയത്രെ അദ്ദേഹം അഭിവ്യഞ്ജിപ്പിച്ചിരിക്കുന്നത്.

സ്നേഹത്തിനും, സ്നേഹവർദ്ധകവും സ്നേഹദ്യോതകവുമായ മാനുഷിക വ്യാപാരങ്ങൾക്കും താൻ നല്കിയിരുന്ന പ്രാധാന്യത്തെയും കടപ്പാടിനെയും സുതരാം വ്യക്തമാക്കുന്നവയത്രെ ചാവറപ്പിതാവിന്റെ

ആത്മീയോപദേശപ്രമുഖമായ കത്തുകൾ. ഏതാനും ചില ഉദാഹരണങ്ങൾമാത്രം ഇവിടെ ചേർത്തുകൊള്ളട്ടെ.

1. പരസ്നേഹം എന്ന പുണ്യം മനസ്സിൽമാത്രം ഉണ്ടായാൽ മതി എന്നു കരുതി പ്രവൃത്തിപഥത്തിലാക്കാതെ നാം ജീവിച്ചാൽ, അതുതന്നെ മതിയാവും നമ്മുടെ ആശ്രമങ്ങളെ ചുരുങ്ങിയകാലംകൊണ്ട് ഇല്ലാതാക്കുവാൻ (കത്തുകൾ VI/1).

2. ദൈവം എന്റെ കാരണവന്മാർക്കു കൊടുത്തതിലധികം സമയം (ജീവിതദൈർഘ്യം) എനിക്കു തന്നു. ദൈവം തന്റെ അധികകൃപയാൽ കൂടുതൽ സമയം എനിക്കു നല്കിയത്, അത് ഞാൻ എനിക്കായിമാത്രം ഉപയോഗിക്കാതെ മറ്റുള്ളവർക്കുവേണ്ടിക്കൂടി വിനിയോഗിക്കുവാനാണ് (V/14).

3. ഓരോ ആശ്രമത്തിന്റെയും അധിപന് സമൂഹത്തോട് ആത്മാർത്ഥമായ സ്നേഹവും സമൂഹാംഗങ്ങളോട് ഊഷ്മളമായ ബന്ധവും വേണം. നമുക്കു എത്രമേൽ ആശ്രമങ്ങൾ ഉണ്ടായാലും, ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നും പിറന്നവർ, ഒരമ്മയുടെ പാൽകുടിച്ചു വളർന്നവർ, എന്ന ചിന്തയ്ക്കും സ്നേഹത്തിനും ഭേദം വരാത്തവിധം സ്നേഹത്തിൽ മേല്ക്കുമേൽ വർദ്ധിച്ചുവരേണ്ടതാണ്. ഇത് എന്റെ ഏറ്റവും വലിയ ഉപദേശമായി കരുതിക്കൊള്ളണം. ഈ സ്നേഹം ഒരിക്കലും കുറഞ്ഞുപോകാതിരിക്കാനായിട്ട്, ആശ്രമാധിപന്മാർ, സ്വന്തം ആശ്രമത്തിന്റെ ആവശ്യങ്ങൾ അന്വേഷിച്ചുനടത്തുന്നതിനെക്കാളും താല്പര്യത്തോടെ മറ്റു ആശ്രമങ്ങളുടെ അധിപന്മാർ അപേക്ഷിക്കുന്ന കാര്യങ്ങളെ നടത്തിക്കൊടുക്കുവാൻ ശ്രദ്ധിക്കണം. പരസ്പരമുള്ള ഈ സ്നേഹം തണുത്തുപോകാതിരിക്കുന്നതിനായി, വർഷത്തിൽ പലപ്പോഴും, ഔദ്യോഗികമായ ആവശ്യങ്ങൾ ഇല്ലെങ്കിൽപ്പോലും, ആശ്രമാധിപന്മാർ പരസ്പരം കത്തുകൾ അയയ്ക്കുകയും, മറ്റാശ്രമങ്ങളിലെ സഹോദരന്മാരുടെ സുഖവർത്തമാനങ്ങൾ അറിയുകയും അറിയിക്കുകയും, ആവശ്യങ്ങൾ ഉണ്ടായിരുന്നാൽ അവ നടത്തിക്കൊടുക്കുകയുംവേണം. (VI/4). ദൈവപുത്രനായ യേശു നമ്മെ പഠിപ്പിച്ചതുപോലെയും, നാം ദൈവമക്കൾ ആയിരിക്കയാലും, തമ്മിൽത്തമ്മിൽ നമുക്കുണ്ടായിരിക്കേണ്ട സ്നേഹംതന്നെയാവും നമുക്കു അവസാനം ഭാഗ്യത്തിനും മുക്തിക്കും ഹേതുവായി ഭവിക്കുക (ആത്മാനുതാപം XII.132).

4. കൂലികൊടുക്കാൻ പണമില്ലെന്നുപറഞ്ഞ് പറമ്പിലെയും പാടത്തെയും ജോലികൾ ചെയ്യിക്കാതിരിക്കരുത്. നാം ജോലി ചെയ്യിക്കുക. പണം തമ്പുരാൻ തരും. ഇതൊന്നും നമ്മുടെ വകയല്ല, ഈശോമിശിഹായുടെ പിതൃസ്വത്തത്രെ. നാം വേല ചെയ്താൽ മതി (VII/5).

5. സ്വന്തം കാര്യത്തിൽ ഓരോരുത്തനും ഉത്തരവാദിത്വബോധം പുലർത്തണം; അനുസരണം, എളിമ, പരസ്നേഹം, സമയം അല്പംപോലും നഷ്ടപ്പെടുത്താത്തതരത്തിലുള്ള ഉത്സാഹശീലം എന്നിവ എല്ലാവർക്കും ഉണ്ടായിരിക്കണം. ഇക്കാര്യങ്ങളുടെവില എത്രയധികമാണെന്ന് സദാ ഓർത്തിരിക്കണം (VII/5).

6. ലത്തീൻ പഠിക്കാനുള്ള സാഹചര്യം നിങ്ങൾക്കില്ല. എങ്കിലും നിങ്ങൾ തമിൾ വായിപ്പാൻ നല്ലവണ്ണം അഭ്യസിക്കണം; തമിഴിൽ പല ആത്മീയ ഗ്രന്ഥങ്ങളുണ്ട്; ഇനിയും ഉണ്ടാകും (VII /6).

7. ചാവറയച്ചന്റെ വ്യക്തിത്വത്തിന്റെ മനുഷ്യമുഖം പ്രസ്പഷ്ടമാക്കുന്ന ഒന്നാണ് തന്റെ മുറിവാതില്ക്കൽ താൻ നട്ടുവളർത്തിയ മുളകുചെടിയുടെ അവസാനഫലങ്ങളും, തനിക്കു സമ്മാനമായി ലഭിച്ചതും ഇന്ത്യയിൽ ഉള്ളതിൽ ഒന്നാംതരവുമായ മാമ്പഴങ്ങളിൽ ചുവന്നനിറശോഭയുള്ള രണ്ടെണ്ണവും, തന്റെ ആത്മീയമക്കളായ കൂനമ്മാവിലെ കന്യാസ്ത്രീകൾക്കു സമ്മാനമായി കൊടുത്തയച്ചതിനൊപ്പം താൻ അവർക്കെഴുതിയ കത്ത്. 'നിങ്ങൾ ഈ മാമ്പഴത്തിന്റെ രുചി അറിഞ്ഞ് കിളിപ്പിച്ച് ഉണ്ടാക്കുവാനായിട്ട് അയയ്ക്കുന്നു' എന്ന പിതാവിന്റെ ഉദ്ബോധനം, ഇന്നു നാം പറയുന്ന 'പ്രകൃതിസംരക്ഷണം, വികസനം, പിൻ തലമുറയ്ക്കായുള്ള കരുതൽ' എന്നിവയുടെ ഊഷ്മളമായൊരു ഓർമ്മപ്പെടുത്തൽതന്നെയാണ്. (VII/8)

8. വായനയിലൂടെ സന്ന്യാസികൾ 'അറിവും തെളിവും' ഉള്ളവരായാൽ മാത്രംപോരാ, 'അറിവും ഭക്തിയും' ഉള്ളവർകൂടി ആകണം (VII/8)

9. നമ്മുടെ വ്യക്തിത്വത്തിനുണ്ടായിരിക്കേണ്ട മനുഷ്യപ്രഭാവത്തിന്റെ മറ്റൊരു മുഖ്യമുഖമാകുന്നു ആർത്തരോടും ദീനരോടും ഉള്ള ദയയും ആർദ്രതയും. 'ഈ ചെറിയവർക്കു ചെയ്തത് എനിക്കുതന്നെയാണ് നിങ്ങൾ ചെയ്തത്' എന്ന തിരുവചനത്തിൻ തക്കവണ്ണം വിശ്വാസമുള്ള സ്നേഹത്തോടുകൂടി ദീനക്കാർക്ക് അറപ്പുകൂടാതെ ശുശ്രൂഷ ചെയ്യുകയും അവരുടെ മുറിവുകളും ചലങ്ങളും തുത്തുതുടയ്ക്കുകയും ചെയ്തിരുന്ന ചില പുണ്യവാന്മാർക്ക് കർത്താവുതന്നെ ദീനക്കാരുടെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട് അവരുടെ ശുശ്രൂഷകൾ അപേക്ഷിക്കുകയും ചെയ്യുകയുണ്ടായിട്ടുണ്ട്. നിങ്ങളുടെ കൂടപ്പിറപ്പും കൊവേന്തയിൽ ഒന്നാമതായി മരിച്ച ആളും, ധ്യാനപ്രസംഗത്തിലൂടെ അനേകരുടെ ആത്മരക്ഷയ്ക്കു കാരണക്കാരനും ആയിത്തീർന്ന വല്ല്യാറ ചാക്കോ എന്ന വൈദികനിൽ അത്ഭുതപൂർവ്വമായ ആത്മപരിവർത്തനം വന്നതും, അദ്ദേഹം

പ്രസിദ്ധനായൊരു ധ്യാനപ്രസംഗകനായിത്തീർന്നതും, രോഗപീഡമൂലം അസഹനീയമായ ദുർഗന്ധത്തോടുകൂടി കിടന്നിരുന്ന, ആശ്രമപരിചാരകനായ ഒരു ദരിദ്രരോഗിയെ മരണംവരെ നല്ലവണ്ണം ശുശ്രൂഷിക്കുകയും, തത്ഫലമായി തനിക്കുതന്നെയും ഏതാനുംനാൾ രോഗപീഡയുടെ കഠിനയാതനകൾ അനുഭവിക്കേണ്ടിവരികയും ചെയ്തതുമുതല്ക്കാണ് (IX/7). 'പില്ക്കാലത്ത് മലയാളത്തിലെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടംവരുംവിധം നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്ത് ഒരു ഉപവിശാല സ്ഥാപിച്ച് അതിൽ ആരുംപോരുമില്ലാത്ത ഒന്നുരണ്ടു ദീനക്കാരെയോ കിളവന്മാരെയോ വഴിപ്പിച്ചക്കാരായി നടക്കുന്നവരെയോ പാർപ്പിച്ച് രക്ഷിക്കുവിൻ' എന്ന് അദ്ദേഹം തന്റെ ഇടവകക്കാർക്കെഴുതിയതും (X.7) തത്ഫലമായി കേരളത്തിലെ ഒന്നാമത്തെ ആതുരാലയം കൈനകരിയിൽ ആരംഭിച്ചതും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

10. ദരിദ്രജനവിചാരമില്ലാതെ, സമ്പത്തും പ്രൗഢിയും പ്രദർശിപ്പിക്കുന്നവിധം തിരുനാളുകൾ ആചരിക്കുന്നതിനെ ചാവറയച്ചൻ അനുകൂലിച്ചിരുന്നില്ല. തിരുനാളുകളോട് അനുബന്ധിച്ച് ചെയ്യപ്പെടേണ്ട ദരിദ്രജനസേവനങ്ങൾ വിശ്വാസികളുടെ കൂട്ടായ സഹകരണംകൊണ്ടും ധനശേഖരണം കൊണ്ടും നടത്തപ്പെടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ചാവറയച്ചൻ മാന്നാനത്ത്നിന്ന് 1843-ൽ അയൽ ഇടവകകൾക്കും പരിചിതരായ വൈദികർക്കും ആൾവശം കൊടുത്തയച്ചൊരു സർക്കുലറിൽ ഇങ്ങനെ അവരെ അനുസ്മരിപ്പിക്കുന്നു: ഈശോ മറിയം യൗസേപ്പ് എന്നീ മൂന്ന് പുണ്യനാമത്തിന്മേൽ ഭക്തിയായി നടക്കണം. മാർ യൗസേപ്പ് പുണ്യവാളന്റെ തിരുനാളായ മീനമാസം 19-ാം തീയതി ഒരു പുരുഷനും ഒരു സ്ത്രീയ്ക്കും ഒരു പൈതലിനും യാവനയും ഉടുപ്പും കൊടുത്ത്, മോക്ഷപ്രാപ്തിക്കായി വി.യൗസേപ്പിനു നല്കുന്ന ഈ അച്ചാരം കാലംതോറും പുത്തനാക്കിക്കൊണ്ടിരിക്കണം. ഇത്തരത്തിലുള്ള ധർമ്മപ്രവൃത്തി ഓരോരുത്തനും തനിച്ചു തനിച്ചു ചെയ്താൽ നിലനില്ക്കാനും നടത്തപ്പെടാനും കാലാന്തരത്തിൽ പ്രയാസമായിവരും. പലരുകൂടി ചെയ്യുന്ന പുണ്യം ശക്തിയുള്ളതും നിലനില്ക്കുന്നതും ആയിരിക്കും. അതിനാൽ സൽമരണം എന്ന ആത്മീയലാഭമുള്ള ഈ കച്ചവടത്തിനായി കൂടപ്പിറപ്പുകൾ ഒരുമിക്കുകയും, ഓരോരുത്തനും മാസംതോറും അഞ്ചുചക്രം എന്ന കണക്കിന് ഇരുപത് മാസം നല്കുകയും, ആ തുക സ്വരൂപിച്ച്, അതിന്റെ ഉഭയത്താൽ, മേലെഴുതിയ ദിവസം വി.യൗസേപ്പിന്റെ അരമനയായിരിക്കുന്ന ഈ കൊവേന്തയിൽ ഈ പുണ്യകർമ്മം നടത്തണമെന്ന് അപേക്ഷിക്കുന്നു (IX.1).

**(vi) അനവസാദം**

ദൈവത്തിൽ സന്തോഷിക്കുന്നതിനുള്ള കഴിവാണ് അനവസാദം. മനസ്സമാധാനവും (പ്രസാദവും) ശാന്തമനസ്സും (പ്രസന്നചേതസ്സ്) ഉള്ളവരുടെ ബുദ്ധിയെ ദൈവത്തിൽ സ്ഥിരമായി നിൽക്കൂ (ഗീത 2:65). പാതഞ്ജലയോഗദർശനപ്രകാരം ദൈവൈക്യത്തിനുള്ള പഞ്ചനിയമങ്ങളിൽ ഒന്ന് സന്തോഷമാണ്. യോഗിയുടെ ആന്തരസന്തോഷത്തിന്റെ അടിത്തറ ദൈവത്തെ കിട്ടി എന്നുള്ള **'അനുത്തമസുഖലാഭ'** ചിന്ത (അത്യുത്തമസുഖം ലഭിച്ചു എന്നുള്ള ചിന്ത) തന്നെയാണ് (പാതഞ്ജലയോഗസൂത്രം 42). ദൈവത്തെയല്ലാതെ മറ്റൊന്നുംതന്നെ ആഗ്രഹിക്കാത്ത ആത്മവിശുദ്ധിയും (ഗീത 6:12), അതിലൂടെ സിദ്ധിക്കുന്ന മനഃനിഗ്രഹശക്തിയുമത്രെ (6:34) യോഗിയെ ഭയരഹിതനും (വിഗതഭീഃ) മനസ്സമാധാനസ്ഥിതനും (പ്രശാന്താത്മാ) ആക്കിത്തീർക്കുന്നത്.

വയലിൽ ഒളിക്കപ്പെട്ട നിധിയാകുന്ന ദൈവത്തെ ലഭിച്ചല്ലോ എന്ന ചിന്തയിൽ, അതിനുവേണ്ടി സർവ്വതും നഷ്ടപ്പെടുത്തേണ്ടിവന്നതിനെ, ലാഭമായല്ലാതെ നഷ്ടമായി അയാൾക്കു ഒരിക്കലും തോന്നിക്കുകയില്ലതന്നെ (ഫിലി. 3:8; മത്താ.13:44-46). ജീവിതക്ലേശങ്ങളെല്ലാം അയാൾക്ക് ആഹ്ലാദാരവത്തോടെ കർത്താവിന്റെ കൂടാരത്തിൽ അർപ്പിക്കുന്നതിനുള്ള ബലികൾമാത്രമായിരിക്കും (സങ്കീ. 27:6). ദൈവത്തിനായാലും മനുഷ്യർക്കായാലും, കൊടുക്കുന്നതെല്ലാം സന്തോഷത്തോടുകൂടിമാത്രമേ അയാൾ കൊടുക്കൂ. അതുതന്നെയാകും, യേശുവിനെപ്പോലെ, അയാളെ സർവ്വദാ ഒരുപോലെ ദൈവപ്രീതിയിലും മനുഷ്യപ്രീതിയിലും വളർന്നുവരാൻ പ്രാപ്തനാക്കുക (2 കൊറി. 9:7; ലൂക്കാ 2:52).

സന്ന്യാസത്തിൽ താൻ അനുഭവിക്കുന്ന ആന്തരസന്തോഷത്തിന്റെ ഇടമുറിയാതുള്ള പ്രവാഹം ചാവറയച്ചന്റെ 'ആത്മാനുതാപത്തിൽ' സർവ്വത്ര ത്രസിച്ചുനില്ക്കുന്നു: 'ദൈവമേ, നിന്നെ സ്നേഹിച്ചീടുന്ന ജനത്തിലെന്നെ ചേർത്തു നീ! അതിന്റെ ഒരേയൊരു കാരണം നിന്റെ ദയയല്ലാതെ മറ്റെന്താണ്! എനിക്ക് അതിനു എന്തു പ്രതിനന്ദിയാണ് അണയ്ക്കാൻ സാധിക്കുക!' (ആത്മാനുതാപം, II.76). 'എന്നുടെ സ്നേഹം നീയേ; നിന്നിലല്ലാതെ ഞാൻ എങ്ങനെ ജീവിക്കുമേ! ശ്വാസവുമെനിക്കു നീ, യാവന-പാനീയവും നീതന്നെ! ആശ്വാസം നിന്നിലല്ലാതെവിടെ എനിക്കയ്യോ!' (II.144). 'എന്റെ ഒരേയൊരു ദൈവമായുള്ളവനേ, നാഥാ, എത്രയും ചിത്രമാം നിൻമുഖപത്മത്തെ ഏകാന്തപ്രേമത്താൽ ഞാൻ നോക്കിനില്പൂ; ഞാൻ നിന്റെ ദാസനാകുന്നു; ആ തിരുമുഖം ഒരിക്കൽ എനിക്കു നേരിൽ കാണുമാറാകേണം' (III. 56-60). 'സ്നേഹമേ! മമദേവ നാഥനേ! ഓ, മമ മഹാസ്നേഹധാമമേ!' തുടങ്ങിയ സംബോധനകളിലൂടെ താൻ ദൈവത്തെ വിളിക്കുന്ന ഓരോ

വിളിയിലും (VIII.4,16) അടിമുടി സ്പന്ദിച്ചുനില്ക്കുന്നത് പിതാവിന്റെ അദമ്യമായ ദൈവസ്നേഹപാരമ്യംമാത്രമല്ല, അർപ്പിതജീവിതത്തിൽ താനനുഭവിക്കുന്ന അനവദ്യമായ തൃപ്തിയും തുഷ്ടിയും കൂടിയാണ്.

'എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു' (ലൂക്കാ 1:47) എന്നു ഉദീരണം ചെയ്ത അമ്മയോടൊപ്പം, ആ തിരുമടിയിൽ ജനരക്ഷയ്ക്കായി മാനുഷജന്മമെടുത്ത രക്ഷകനായ കർത്താവിനെ കണ്ടുകഴിയുന്നതിലുള്ള ആനന്ദം എത്ര വിവരിച്ചാലും ചാവറയച്ചന് മതിവരുമായിരുന്നില്ല (III.44). തന്റെ ആത്മീയമക്കളും, സർവ്വോപരി, സമർപ്പിത ജീവിതത്തിലൂടെ തങ്ങൾക്കു കൈവന്ന ദൈവലബ്ധിയിലും ദൈവദർശന ഭാഗ്യത്തിലും ആനന്ദവും സാഫല്യവും കണ്ട് ജീവിക്കണമെന്ന് കത്തുകളിലൂടെ അദ്ദേഹം അവരെ സദാ പ്രബോധിപ്പിച്ചിരുന്നു.

> സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ, പ്രിയമുള്ള മക്കളെ, നമ്മിൽ ഓരോരുത്തരും പട്ടിണികൊണ്ടും ലോകത്തിൽ നിവൃത്തിയില്ലാഞ്ഞിട്ടുമല്ല, കൊവേന്തയിൽകൂടിയത്. നാം എല്ലാവരും ലോകത്തിൽ നിന്നിരുന്നുവെങ്കിൽ, ലോകസുഖങ്ങളെ അനുഭവിക്കാൻ കഴിയുമായിരുന്നു. ദൈവത്തെപ്രതി നാം നമ്മുടെ സമ്പത്തുകളെയും കാരണവന്മാരെയും ഉപേക്ഷിച്ചു. ഇനി നമ്മുടെ മടികൊണ്ടും അശ്രദ്ധകൊണ്ടും നാം തമ്പുരാനെ ഉപേക്ഷിക്കുന്നുവെങ്കിൽ, അതിനെ അബദ്ധമെന്നല്ല, ഭ്രാന്തെന്നു തന്നെ വേണം വിശേഷിപ്പിക്കുവാൻ! (കത്തുകൾ VI/1).
>
> **പരസ്നേഹം, എളിമ, വെടിപ്പ്** (പരിശുദ്ധി), **ഉത്സാഹം** - ഇവ നാലും നിങ്ങളിൽ, നിങ്ങൾ പാർക്കുന്ന നാലുദിക്കിലും, ക്ഷതം കൂടാതെ ഭദ്രമായിരുന്നാൽ, ലോകമൊക്കെയും സുഖമനുഭവിക്കുന്നരീതിയിൽ എത്തിച്ചേരും (VI/2).
>
> പ്രിയമുള്ള കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരന്റെ വിശേഷകൃപയാൽ, ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ, കർമ്മലീത്താ സഭക്കാരായി വിളിക്കപ്പെട്ടു. ഇത് ദൈവാലോചനമൂലമല്ലാതെ, മാനുഷികനിശ്ചയംകൊണ്ട് നടന്നൊരു കാര്യമല്ല. എന്റെ ഈ വാക്കുകൾ എഴുതപ്പെട്ടിരിക്കുന്നത് കടലാസ്സിൽ എന്നു നിങ്ങൾ കണ്ട് ബോധ്യപ്പെട്ടിരിക്കുന്നതുപോലെ, ഇക്കാര്യവും നിങ്ങൾ ഉറപ്പായി ബോധത്തിൽ ഉറപ്പിക്കണം. നമ്മുടെ ബലക്ഷയം കണ്ടിട്ട് പരിശുദ്ധ അമ്മ തന്റെ വിശേഷ സ്നേഹത്താൽ നമ്മെ ഈ സഭയിൽ ചേർത്തു. എന്നാൽ ഇതുവരെയും നാം യഥാർത്ഥസന്ന്യാസികൾ ആയിട്ടില്ല. യഥാർത്ഥ

> സന്ന്യാസിയുടെ ഏകമായ അടയാളം സ്വമനസ്സിനെ മുഴുവ നായി ഉപേക്ഷിച്ച് വ്യവസ്ഥയില്ലാത്ത അനുസരണത്തിൽ ജീവി ക്കുക എന്നതാകുന്നു. ഇതോർത്ത് നാം വിഷാദിക്കേണ്ട. തുട ക്കത്തിൽ ഇത് വിഷമവും മനസ്സിനിണങ്ങാത്തതും ആയി തോന്നിച്ചാലും, കുറേ കഴിയുമ്പോൾ ഇതു നന്നായി എന്നും, ഇതാണ് വേണ്ടിയിരുന്നതെന്നും, നിങ്ങൾക്കു തോന്നിച്ചു തുടങ്ങും. തന്നെയുമല്ല, ഇതുവഴി നിങ്ങൾ 'ഹൃദയസമാധാനം രസിക്കുകയും' ചെയ്യും. മേലധികാരികളോട്, കീഴധികാരിക ളോട്, പിന്നെ തമ്മിൽത്തമ്മിലും, അനുസരണം കാണിക്കുന്ന ആൾ, ചെറിയ മോക്ഷമായ സന്ന്യാസാശ്രമത്തിൽ വച്ചുതന്നെ 'മോക്ഷസമാധാനം രസിക്കും'- നിശ്ചയം!
>
> ആ! എന്റെ കുഞ്ഞുങ്ങളേ, ഈ ഭൂമിയിൽ നിങ്ങളെപ്പോലെ സുഖമുള്ളവർ ആര്! എപ്പോഴും ഈശോമിശിഹായോടുള്ള സ്നേഹമല്ലാതെ മറ്റൊരു സ്നേഹം നിങ്ങളിലുണ്ടോ എന്ന് പരി ശോധിച്ചുകൊണ്ടിരിക്കണം. നിങ്ങൾക്ക് എന്താണ് ആവശ്യം എന്ന് വിചാരിച്ച്, എപ്പോഴും നിങ്ങളുടെകൂടെ അകത്തും പുറ ത്തും, സൂക്ഷിച്ചു നടക്കുന്ന നിങ്ങളുടെ സ്നേഹമണവാളന്റെ സ്വരം എത്രയോ മധുരമുള്ളതെന്ന് ഓർക്കുവിൻ! (VII/7).

**(vii) അനുദ്ധർഷാ**

സന്തോഷത്തിലും സന്താപത്തിലും പാലിക്കേണ്ട മിതത്വത്തിനാണ് അനുദ്ധർഷാ എന്നുപറയുന്നത്. വിജയത്തിൽ അതിരുകടന്നുള്ള ആഹ്ലാദവും പരാജയത്തിൽ അമിതമായ മനസ്സിടിവും ഒരുപോലെ ധ്യാനജീവിതത്തിനും ദൈവൈക്യത്തിനും തടസ്സം സൃഷ്ടിക്കും. നിയതാഹാരികളാണ് സർവ്വേ ശ്വരനു പ്രിയംകരമായ രീതിയിൽ യജ്ഞം ചെയ്യുക. മിതത്വം ശാരീരികാ ഹാരത്തിന്റെ കാര്യത്തിൽ മാത്രം പോരാ; സുഖദുഃഖങ്ങളുണ്ടാകുമ്പോൾ അമിതാഹ്ലാദത്തിന്റെയും അമിതദുഃഖത്തിന്റെയും രൂപത്തിൽ നാം മനസ്സി ലേക്കു കടത്തിവിടുന്ന മനസ്സിന്റെ ആഹാരത്തിന്റെ കാര്യത്തിലും നാം മിതത്വം പാലിക്കണം. അല്ലെങ്കിൽ സുഖം ലഭിക്കുമ്പോൾ എനിക്കു വേണ്ട തെല്ലാം എനിക്കു കിട്ടിക്കഴിഞ്ഞു എന്ന അത്യഹ്ളാദംകൊണ്ടും, ദുഃഖങ്ങൾ വരുമ്പോൾ എനിക്കെല്ലാം നഷ്ടപ്പെട്ടു എന്ന അമിതസന്താപംകൊണ്ടും, നാം ദൈവത്തെ മറന്നുപോയവരായി വ്യാപരിക്കും.

ഇത്തരത്തിൽ സുഖദുഃഖങ്ങളോട് മനസ്സിന്റെ സമഭാവം പുലർത്തുന്നവ നേ, എല്ലാറ്റിലും ദൈവത്തിന്റെ സ്നേഹകരം ദർശിച്ച്, എല്ലാറ്റിനെയും യോഗ ത്തിനുള്ള, ദൈവത്തോട് ഐക്യം പ്രാപിക്കുന്നതിനുള്ള, മാർഗ്ഗങ്ങളാക്കി

ത്തീർക്കു. അഭീഷ്ടം ലഭിച്ചാലും ലഭിച്ചില്ലെങ്കിലും, കർമ്മങ്ങളെ സമബുദ്ധിയോടെ ഈശ്വരാർപ്പണമായി ചെയ്ത് അവിടുത്തോട് ഐക്യപ്പെടുന്നതാണ് യോഗം (ഗീത 2:49). ഗീതയിൽ ഇതിന് **ദ്വന്ദാതീതത്വം** (സന്തോഷസന്താപങ്ങളായ ദ്വന്ദത്തെ ജയിച്ച അവസ്ഥ - 4:22;5:3), മനസ്സിന്റെ സുഖദുഃഖങ്ങളാകുന്ന ശീതോഷ്ണങ്ങളെ തുല്യമായി കരുതുന്ന **സമബുദ്ധി** (6:7-8), **സമദർശിത്വം** (6:29), നിന്ദാസ്തുതികളിലും സുഖദുഃഖങ്ങളിലുമുള്ള **സമസന്തുഷ്ടി** (12:13,19) എന്നെല്ലാം പറയുന്നു. യോഗം '**സമത്വം** ആകുന്നു' (2:48).

'എനിക്കു എല്ലാം ഉണ്ട്' എന്നു നാം കരുതുമ്പോഴും, നാം എത്രമേൽ ദരിദ്രരാണെന്നുള്ള കാര്യം നാം ഓർമ്മിക്കുന്നില്ല (വെളി. 3:17). എനിക്കു ഒന്നുമില്ലാതെ വന്നാലും, എന്റെ പ്രാർത്ഥന ദൈവം പരിഗണിക്കും, എന്റെ യാചനകൾ അവിടുന്ന് നിരസിക്കുകയില്ല (സങ്കീ. 102:17).

എനിക്കു സുഖം തരുന്ന ദൈവംതന്നെ ദുഃഖവും തരുന്നു. എന്തിന്? സുഖത്തിലും ദുഃഖത്തിലും ഞാൻ അവിടുത്തെ ഒരുപോലെ സ്തുതിക്കുന്നവൻ ആകേണ്ടതിന് (ജോബ് 2:15; 1:21). ഞാൻ ഒന്നേ ചെയ്യേണ്ടൂ; ദൈവത്തെ സ്നേഹിക്കുക; അവിടുത്തെ പദ്ധതികൾക്ക് എന്നെ പൂർണ്ണമായി സമർപ്പിക്കുക; ഇത്രയും ചെയ്താൽ സംഭവിക്കുന്നതെല്ലാം എന്റെ നന്മയ്ക്കായിട്ടുമാത്രം ദൈവം പരിണമിപ്പിച്ചുകൊള്ളും (റോമ. 8:28). നീ കർത്താവിന്റെ തിരുമുമ്പിലേയ്ക്ക് ഗാനാലാപത്തോടെ പ്രവേശിക്കുക: നീ സന്തോഷിച്ചുല്ലസിക്കും; നിന്റെ ദുഃഖവും നെടുവീർപ്പുകളും ഓടിയകലും! (ഏശ. 35:10).

വീഴ്ചകളിൽ മനസ്സിടിയാതെയും ഉയർച്ചകളിൽ മതിമറക്കാതെയും, രണ്ടിലും ഒരുപോലെ ദൈവകൃപ ദർശിച്ച്, മനസ്സമാധാനത്തോടുകൂടി കഴിയാൻ പ്രാപ്തിയരുളുന്ന ആത്മീയമായ നിരപ്പുതന്നെയാകുന്നു അനുദ്ധർഷാ. ഇതിന് ഏറ്റവും പറ്റിയ മാതൃക വി.പൗലോസ്തന്നെയാണ്. താൻ അപ്പസ്തോലന്മാരിൽ ഏറ്റവും നിസ്സാരനാണ്; കർത്താവിന്റെ സഭയെ പീഡിപ്പിച്ചതുനിമിത്തം അപ്പസ്തോലനെന്ന നാമത്തിനുതന്നെ അയോഗ്യനാണ്. എന്നാൽ ദൈവം തന്റെമേൽ ചൊരിഞ്ഞ കൃപ നിഷ്ഫലമായി പോയിട്ടില്ല. താൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാൽ മാത്രമാണ്. താനല്ല, തന്നിൽ പ്രവർത്തിച്ച ദൈവകൃപയാണ് തന്റെ എല്ലാ നേട്ടത്തിനും ഉയർച്ചയ്ക്കും നിദാനം (1 കൊറി 15:9-10). തന്റെ ബലഹീനതകളിലും ആക്ഷേപങ്ങളിലും ഞെരുക്കങ്ങളിലും പീഡനങ്ങളിലും അത്യാഹിതങ്ങളിലും ക്രിസ്തുവിനെപ്രതി സന്തുഷ്ടനായിരിക്കാൻ പൗലോസിനു സാധിച്ചു. തന്റെ ബലഹീനതയിലാണ് തന്നിലുള്ള യേശുവിന്റെ ശക്തി പൂർണ്ണമാകുന്നതെന്നും, ബലഹീനനായിരിക്കുമ്പോഴാണ് യേശുവിൽ താൻ ശക്തനാകുകയെന്നും,

പൗലോസിന് അറിയാമായിരുന്നു (2 കോറി.12:9-10). ലാഭവും നഷ്ടവും പൗലോസിനെ ഒരുപോലെ യേശുവിനോട് ചേർത്തു (ഫിലി.1:21).

സഹനത്തിലും സന്തോഷത്തിലും മനശ്ചാഞ്ചല്യത്തിന്നടിമപ്പെടാതെ, ദൈവത്തിന്റെ കൃപയും സ്നേഹവും ഒരുപോലെ കണ്ട് സമദർശിയായി നില്ക്കുന്ന ചാവറയച്ചന്റെ ആത്മഭാവം അദ്ദേഹത്തിന്റെ ധ്യാനപ്രകരണങ്ങളിൽ ആദ്യന്തം സ്പന്ദിച്ചുനില്ക്കുന്നതായി കാണാം. "ഏറെ അയോഗ്യതകളുണ്ടായിട്ടും ദൈവം തന്നെ മറിയത്തിലൂടെ 'ഉത്തരീയകൂട്ടത്തിലേയ്ക്ക്' വിളിച്ചല്ലോ എന്നൊരൊറ്റ ചിന്തമതി, അദ്ദേഹത്തിന് മറ്റെല്ലാ കുറവുകളും മറന്ന്, സർവ്വേശ്വരകരുണയ്ക്കുമുമ്പിൽ കൈകൂപ്പി നില്ക്കുവാൻ" (ധ്യാ.സ. പേജ് 18). തന്റെ മനോഗുണമുള്ള നല്ല അപ്പനായിരിക്കുന്ന ഈശോയ്ക്ക് അഹിതകരമായി പലതും ചെയ്തുവല്ലോ എന്ന ദുഃഖത്തിനിടയ്ക്കും, അദ്ദേഹം തന്നെ പാർത്തുവിളിക്കുന്ന അവിടുത്തെ സ്നേഹം നിറഞ്ഞ തിരുമുഖം കാണാനായി അവിടുത്തെ മുമ്പിൽ കണ്ണുകളുയർത്തി നില്ക്കുന്നതിൽ ആനന്ദമനുഭവിക്കുന്നു (ധ്യാ.സ. പേജ് 19). യേശു തനിക്കുവേണ്ടി സഹിച്ച സഹനങ്ങളെക്കുറിച്ചുള്ള ഓർമ്മയിൽ കണ്ണീരിലാണ്ട് നില്ക്കുമ്പോഴും, സന്താപത്തെ സന്തോഷമാക്കി പകർത്തുന്ന ആത്മവിദ്യയുടെ വാക്കുകളാണ് അദ്ദേഹത്തിൽനിന്നും ഉതിരുക: "കർത്താവേ, തീർത്തും നിസ്സാരനായ എന്നെപ്രതി നീ എത്രയോ അവർണ്ണനീയ സഹനങ്ങൾ സഹിച്ചു! ഇത് ഞാൻ അറിഞ്ഞിരുന്നിട്ടും, പിന്നെയും ഞാൻ നിന്നെ ഉപേക്ഷിച്ചതിനെപ്രതി എനിക്കു അപാരമായ ദുഃഖമുണ്ട്. എന്നാൽ എനിക്കുവേണ്ടി ഇത്രയേറെ സഹിച്ച നിന്നെ ഞാൻ സൂക്ഷിച്ചുനോക്കുമ്പോൾ, എനിക്കു എങ്ങനെയാണ് നിന്നെ സ്നേഹിക്കാതിരിക്കാൻ കഴിയുക! ഇത്രമേൽ നീ എന്നെ സ്നേഹിച്ചിരിക്കെ, നിന്നെയല്ലാതെ മറ്റൊന്നിനെ എനിക്കു സ്നേഹിക്കാൻ കഴിയുന്നതെങ്ങനെ! കർത്താവേ, നിന്നെ ഞാൻ ഉപദ്രവിച്ച അളവിലെങ്കിലും നിന്നെ സ്നേഹിക്കാൻ എനിക്കു കൃപ നല്കണമേ" (ധ്യാ.സ.പേജ് 21-22).

തന്റെ ദുഃഖങ്ങളിൽ മനസ്സിടിഞ്ഞിരിക്കാതെ, അവയെ തനിക്കായി മറ്റുള്ളവരുടെ പ്രാർത്ഥനാസഹായം അപേക്ഷിക്കാനുള്ള അവസരമാക്കിയതിലൂടെ തനിക്കു ലബ്ധമായ സന്തോഷം പിതാവ് ഇങ്ങനെ വിവരിക്കുന്നു: "എനിക്കും എന്റെ ആത്മഗുരു പെ.ബ.ദെലഗാദ് മൂപ്പച്ചനും എത്രയും വലിയൊരു ദുഃഖം വന്നപ്പോൾ, നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ട് 2 രാജ്യകന്യകേ, 3 എത്രയും ദയയുള്ള മാതാവേ എന്ന ജപവും അപേക്ഷിപ്പിച്ചു. ഉടൻ മലപോലെ വന്ന ഈ കാര്യം മാതാവ് പൂപോലാക്കുകയും ചെയ്തു" (ആധ്യാത്മികകൃതികൾ, പേജ് 46).

തന്റെ ആത്മമണവാളനായ യേശുവിനെപ്രതി സഹിക്കേണ്ടിവന്ന കഷ്ടതകളിൽ, 'ഇതിനുള്ള ശക്തി സർവ്വശക്തനായ എന്റെ നാഥൻ എനിക്കു

തന്നിടും' എന്ന പൂർണ്ണശരണത്തോടെ പ്രാർത്ഥിക്കുകയും, സർവ്വവിധ പീഡകളും സ്തുതിപ്പോടെ സ്വീകരിക്കുകയും, പാപികളുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ പൂജിച്ച യേശുനാഥനായി സ്വന്തം ജീവപൂജ ചെയ്യാൻ കഴിഞ്ഞതിൽ ആത്മസാഫല്യം അനുഭവിക്കുകയും ചെയ്ത അനസ്താസിയായുടെ വിവരണങ്ങളിൽ (**അനസ്താസിയായുടെ രക്തസാക്ഷ്യം**, 100, 130, 160), ചാവറയച്ചൻ വ്യംഗ്യമായി സൂചിപ്പിക്കുന്നത്, കഷ്ടതകളോടുള്ള തന്റെ മനസ്സമീപനംതന്നെയാണ്. കുരിശിന്റെ വി.യോഹന്നാന്റെ സഹനസന്തോഷം ആത്മനാ സ്വായത്തമാക്കിയ, ക്രൂശിതഭക്തനായ ചാവറപിതാവിന്റെയും പ്രാർത്ഥന, ആ വിശുദ്ധന്റേതിൽനിന്നും അണുവിട വിഭിന്നമായിരുന്നില്ല:

ഓ! മമ മഹാസ്നേഹധാമമേ, സ്ളീവായേ!
നീ വേഗമായ് വന്ന്
നിന്റെ കൈകളിൽ കൈക്കൊൾക മാം (എന്നെ)!
(ആത്മാനുതാപം, VIII. 16)

> പൂർണ്ണമായ യേശുശുശ്രൂഷ ആവശ്യപ്പെടുന്ന ഒരു യത്നവും നിങ്ങൾ ചെയ്യാതിരിക്കരുത്. ദൈവസഹായത്തിൽ ആശ്രയിച്ച് ശരിയായി യത്നിക്കുന്നതാകുന്നു യഥാർത്ഥമായ എളിമ. നിങ്ങൾ പരിശുദ്ധമായ ആത്മീയധീരത ഉള്ളവരായിരിക്കണം. ചഞ്ചലിക്കാതെ, ഉറപ്പോടെ യത്നം ചെയ്യുന്നവരെയത്രെ ദൈവം അനുഗ്രഹിക്കുക. (St. Teresa of Avila, Way of Perfection, XVI)

# III

# പരഭക്തി

**ഭ**ക്തിക്ക് ഭാരതീയ സ്മൃതികളിൽ ഒട്ടേറെ നിർവ്വചനങ്ങൾ നൽകപ്പെട്ടിട്ടുണ്ടെങ്കിലും, അവയിൽ താരതമ്യേന കൂടുതൽ പ്രസിദ്ധമായിട്ടുള്ളത് **പരമപ്രേമം** (നാരദഭക്തിസൂത്രങ്ങൾ, 2), **പരാനുരക്തി** (ശാണ്ഡില്യഭക്തിസൂത്രങ്ങൾ, 2) എന്നിവയാണ്.

**1. പരമപ്രേമം**

ഭക്തി എന്ന വാക്കിന്റെ അർത്ഥം, ചേർച്ച അഥവാ ഐക്യം എന്നാണ്. ദൈവത്തോടുള്ള പൂർണ്ണമായ ഐക്യമാണ് പരഭക്തി. യേശുവിന്റെ ഭാഷയിൽ, ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടി സ്നേഹിക്കുകവഴി (ലൂക്കാ 10:27) സാധകനിൽ ഉളവാകേണ്ട പരമപ്രേമംതന്നെയാണ് **പരഭക്തി**. ഒന്നിനെക്കൊണ്ടും യേശുവിനോടുള്ള സ്നേഹത്തിൽനിന്നും വേർതിരിക്കപ്പെടാൻ അനുവദിക്കാതെ (റോമ.8:35), എല്ലാവരെക്കാളും, എല്ലാറ്റിനെക്കാളും, ഉപരിയായി അവിടുത്തെ സ്നേഹിച്ച് (യോഹ.21:15-17), സദാ അവിടുത്തെ സ്നേഹത്തിൽ വസിക്കുക എന്നതാകുന്നു (യോഹ. 15:9) ഇതിന്റെ ഫലവും ലക്ഷണവും. ദൈവത്തിൽനിന്നും കിട്ടിയ ലാഭങ്ങളെയും അനുഗ്രഹങ്ങളെയും പ്രതിമാത്രം നാം അവിടുത്തെ സ്നേഹിച്ചാൽ (യോഹ.6:26) പോരാ. അത്തരം താഴ്ന്ന ഭക്തിയെ **അപരഭക്തി** അഥവാ **ഗൗണഭക്തി** എന്നേ വിശേഷിപ്പിക്കാനാവൂ. ദൈവത്തിന്റെ ഹിതംചെയ്യാതെ, വികാരപരമായ ആലാപനങ്ങളിലും ബാഹ്യാനുഷ്ഠാനജന്യമായ തോന്നിപ്പുകളിലും വാചാലമായ വാക്കുകളിലും മാത്രമായി (മത്താ.7:21; 21:28-31) ഒതുക്കി നിറുത്താവുന്നതല്ല പരഭക്തി. എല്ലാ കാര്യങ്ങളിലും 'എന്റെ ഹിതംപോലല്ല, മറിച്ച്, നിന്റെ ഹിതംപോലെ' (ലൂക്കാ 22:42) എന്നും, 'എന്റെ വാക്കുപോലല്ല, മറിച്ച്, നിന്റെ വാക്കുപോലെ' (ലൂക്കാ 1:38) എന്നും, പറഞ്ഞ യേശുവിനോടും മറിയത്തോടും ഒപ്പം, സ്വന്തം മനസ്സിനെ അഥവാ ചിത്തത്തെ സർവ്വദാ അവിടുത്തെ തിരുച്ചിത്തത്തോടുള്ള ഐക്യത്തിൽ അഥവാ യോഗത്തിൽ, *ചിത്തയോഗത്തിൽ*, കാക്കുന്നതത്രെ പരഭക്തിയുടെ കാതൽ. ഇത്തരത്തിലുള്ള ചിത്ത

യോഗികളുടെ ഭക്തി, തങ്ങൾ സ്വഹിതം ഒരുതരത്തിലും ചെയ്യാതെ (അഹൈതുകം) സർവ്വദാ ദൈവഹിതംമാത്രം ചെയ്യുന്ന തരത്തിലുള്ള ഒന്നാകയാൽ (യോഹ. 5:30; 6:38), ഇതിനെ **അഹൈതുകീഭക്തി** എന്നു വിശേഷിപ്പിക്കുന്നു.

ഇവ്വിധമുള്ള പരഭക്തി, ചാവറയച്ചന്റെ ഭാഷയിൽ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കുക എന്നതുതന്നെയാണ് (ധ്യാ.സ.പേജ് 15). അവനവനെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ച്, എട്ടംഗങ്ങളോടും കൂടി സാധകൻ അവിടുത്തെ പാദപത്മം പ്രണമിക്കുന്ന 'സാഷ്ടാംഗപ്രണാമം' തന്നെയാണിത്. പൂർണ്ണ ഭക്തിയിൽ ഉപാസകൻ ദൈവതിരുമുമ്പിലിരുന്ന്, തന്റെ അഞ്ച് ബാഹ്യേന്ദ്രിയങ്ങളേയും, ബുദ്ധി, ഹൃദയം, മനസ്സ് (അഥവാ നിശ്ചയം) എന്നീ മൂന്ന് അന്തരേന്ദ്രിയങ്ങളെയും, അവിടുത്തേയ്ക്കു പൂർണ്ണസമർപ്പണം ചെയ്യുന്നു. അതിലൂടെ തന്റെ പൂർണ്ണശക്തിയോടും ആത്മാവോടും ഹൃദയത്തോടും മനസ്സോടുംകൂടി ദൈവത്തെ സ്നേഹിക്കും വിധം അയാൾ അവിടുത്തെ പാദപൂജയിൽ - സേവയിൽ അഥവാ ശുശ്രൂഷയിൽ - മുഴുകി ജീവിക്കുന്നവനായിത്തീരുന്നു. ഭക്തി എന്ന പദത്തിന്റെ അങ്കുരംതന്നെ ഭജ് (= സേവിക്കുക, ശുശ്രൂഷിക്കുക) എന്ന ധാതുവിൽ നിന്നാണ്.

> ആ പ്രിയമുള്ള അപ്പാ, നീ എഴുന്നുള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കുന്നു. എനിക്കുവേണ്ടി തുളയ്ക്കപ്പെട്ടതും മുറിവുണങ്ങാത്തതുമായ നിന്റെ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കുന്നു. കുരിശിൽവച്ച് നീ നിന്റെ പരിശുദ്ധ അമ്മയ്ക്കായി ഹൃദയവാതിൽ തുറന്നതുപോലെ, ഈ അടിയനായും തുറക്കാതെ അങ്ങേ തൃപ്പാദച്ചുവട്ടിൽനിന്നും അടിയൻ പിന്മാറുകയില്ല. എന്റെ മനോഗുണമുള്ള അമ്മേ, എന്റെ ശക്തിയൊക്കെയോടുംകൂടെ ഉറച്ച് നിന്റെ പുത്രന്റെ തൃപ്പാദം ഞാൻ പിടിച്ചിരിക്കുന്നു (ധ്യാ.സ.പേജ് 18).

പൂർണ്ണമായ ഈ തൃപ്പാദസമർപ്പണം അഥവാ ചരണപൂജ ചാവറയച്ചന് തനിക്കുള്ളവയുടെ സമർപ്പണം മാത്രമല്ല; അതിലുപരി, തന്റെ ഉള്ളിന്റെ സമർപ്പണംകൂടിയാണ്. എങ്കിൽമാത്രമേ, സമർപ്പണം ആത്മസമർപ്പണമാകൂ. ആത്മസമർപ്പണം വന്നുകഴിയുമ്പോഴത്രെ ഭക്തൻ സ്വഹിതം ത്യജിച്ച് ദൈവഹിതം മാത്രം ചെയ്യുന്നതിനുള്ള പ്രതിജ്ഞയോടുകൂടിയ അഹൈതുകീഭക്തിയുടെ നിലയിലെത്തൂ. അവരേ സർവ്വതിലും പിതൃഹിതംമാത്രം നിർവ്വഹിച്ച യേശുവിനു സരൂപരാകൂ (ഹെബ്രാ.10:7). ചാവറയച്ചന്റെ ഒരു ധ്യാനോദ്ധരണം ശ്രദ്ധിക്കുക:

ആ എന്റെ അനുഗ്രഹമുള്ള അപ്പാ, നിനക്കിഷ്ടമില്ലാത്ത (നിന്റെ ഹിതമല്ലാത്ത) യാതൊരു വിചാരവും, ഓർമ്മയായിപ്പോലും, എന്റെ തലയിൽ കേറാതിരിക്കട്ടെ (ധ്യാ.സ. പേജ് 19). ആ എന്റെ മനോഗുണമുള്ള അപ്പാ, കർത്താവേ, ഇന്നു മുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ മുഴുവനും നിനക്കു ഞാൻ കയ്യാളിക്കുന്നു (ധ്യാ.സ.പേജ് 21).

### 2. പരാനുരക്തി

ഭക്തി പരമപ്രേമമായിരിക്കുന്നതുപോലെ പരാനുരക്തിയുംകൂടിയാണ്. അനുരക്തി എന്നു പറഞ്ഞാലർത്ഥം ഒട്ടിച്ചേർന്നിരിക്കുക എന്നാണ്. പിതാവും ഞാനും ഒന്നാകുന്നു എന്നു പറഞ്ഞ (യോഹ.10:30) യേശുവാകുന്നു പരഭക്തിയുടെ - ദൈവവുമായുള്ള ഐക്യത്തിന്റെ - പൂർണ്ണമായ മൂർത്തരൂപം. വഴിയും ജീവനും സത്യവുമായ (യോഹ. 14:6) യേശുവിലൂടെ ആ ഐക്യത്തിലേയ്ക്ക് പ്രവേശിക്കാനുള്ളവരാകുന്നു നാം (യോഹ. 17:22). ഇതു സാധ്യമാകണമെങ്കിൽ, ശാഖ മുന്തിരിവള്ളിയോടെന്നപോലെ, നാമും നമ്മെ യേശുവിനോട് അവിഭക്തമാംവിധം ഒട്ടിച്ചുചേർക്കണം (യോഹ. 15:4-8). യേശുവാകുന്ന നല്ല ഒലിവുമരത്തിന്മേൽ ഒട്ടിക്കപ്പെടുന്നതിനായി വനത്തിലെ ഒലിവുമരത്തിൽനിന്നും നാം മുറിച്ചുമാറ്റപ്പെടേണ്ടിയിരിക്കുന്നു (റോമ. 11:24).

തന്നെ യേശുവിനോട്, ശാഖയെ തായ്ത്തണ്ടിനോടെന്നവണ്ണം, അതിഗാഢം ബന്ധിച്ചുനിറുത്തിയിരിക്കുകമൂലം (= അനുരക്തി) തനിക്കു രണ്ടു ഫലങ്ങൾ സിദ്ധിച്ചതായി വി.പൗലോസ് പറയുന്നുണ്ടല്ലോ: യേശു തന്നിൽ ജീവിക്കുകയും (ഗലാ. 2:20), തന്നെ സ്വന്തമാക്കിയിരിക്കുകയും ചെയ്യുന്നു (ഫിലി. 3:12). ഈ അനുഭവത്തെത്തന്നെയാണ് 'നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു!' എന്ന ആത്മഗീതിയിലൂടെ ചാവറപിതാവും (ആത്മാനുതാപം, II.144) ആവിഷ്ക്കരിക്കുന്നത്.

'നിന്നോടുള്ള അടക്കുവാൻ വശമില്ലാത്ത എന്റെ സ്നേഹം' (വാല്യം III. പേജ് 61) എന്ന ചാവറപ്പിതാവിന്റെ ആത്മോദീരണത്തെ, അദ്ദേഹത്തിന് ദൈവത്തോടുണ്ടായിരുന്ന അപ്രതിഹതഭക്തിയുടെ അഥവാ പരഭക്തിയുടെ ഏറ്റവും സംക്ഷിപ്തമായൊരു നിർവചനമായി കണക്കാക്കാം. തന്നെത്തന്നെ പൂർണ്ണമായി യേശുവിനു സമർപ്പിച്ച്, യേശുവിൽനിന്നും വേർപിരിയാനാവാത്തവിധം അവിടുത്തോടുള്ള പരാനുരക്തിയിൽ കഴിയണമെന്നുള്ള നിശ്ചയത്തോടും പ്രതിജ്ഞയോടുംകൂടിയത്രെ പിതാവ് ഓരോ ദിവസവും ആരംഭിച്ചിരുന്നത്.

> എന്റെ സ്നേഹപ്പെട്ട ദൈവമെ, എന്റെ ഹൃദയമൊക്കെയും കൊണ്ട് നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തെ സാക്ഷിക്കുന്നതിനായിട്ട് ഇന്നത്തെ ദിവസത്തിലും എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും ഞാൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും സഹിക്കുന്ന എല്ലാ സഹനങ്ങളും നിനക്കു കാഴ്ച വച്ചിരിക്കുന്നേൻ. എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും ഒക്കെയും, എന്റെ ആഗ്രഹാഭിലാഷങ്ങളൊക്കെയും, വസ്തുക്കളൊക്കെയും, ഇന്നും എപ്പോഴും തിരുമുമ്പാകെ കാഴ്ചയായി വയ്ക്കുന്നേൻ (III. പേജ് 68).

മനസാ വാചാ കർമ്മണാ ഉള്ള ഈ **ആത്മാർപ്പണവും അർത്ഥാർപ്പണവുമ**ത്രെ ചാവറപ്പിതാവിന്റെ ഭക്തിയെ, ഭാരതീയ ശൈലിയിൽ പറഞ്ഞാൽ, പരവും (പരാനുരക്തി) പരമവും (പരമപ്രേമം) ആക്കുന്നത്. 'എമ്മാനുവേലാം എന്നുടെ നാഥൻ തന്നുടെ വാസത്തിനായി എൻമനം ഇച്ഛിച്ചു' എന്നതിനുള്ള (ആത്മാനുതാപം, IV. 192) ചാവറപ്പിതാവിന്റെ പൂർണമായ പ്രത്യുത്തരംതന്നെയാണ് ഈ ആത്മാർപ്പണവും അർത്ഥാർപ്പണവും - അതായത്, തന്റെ ഉള്ളിന്റെയും തനിക്കു ഉള്ളവയുടെയും സമ്പൂർണ്ണാർപ്പണം. ഇങ്ങനെ 'നിൻ തിരുമുമ്പിൽ ശരണം പ്രാപിച്ചിരിക്കുന്ന' തന്റെ ***ശരണാഗതിഭക്തിക്ക്*** പ്രതിഫലമായി ഇത്രയേ പിതാവ് അവിടുത്തോട് അപേക്ഷിക്കുന്നുള്ളൂ:

> നിന്നുടെ തിരുക്കരം നീട്ടി തിരുവാഴ്വ് തന്നീടണം
> മമ പാപവും പോക്കിടേണം
> തൃക്കൺപാർക്കണമടിയന്റെമേൽ
> എന്നെ നീ ചേർക്കണം തിരുമുമ്പിൽ!
>
> (ആത്മാനുതാപം, V.178-182).

## 3. ഭക്തിയും ജ്ഞാനവും

ഭക്തിയെ അനുരക്തിയായി നിർവചിച്ചിട്ടുള്ളിടത്ത് *അനു* എന്ന ഉപസർഗ്ഗം പ്രത്യേകിച്ചൊരു കാര്യത്തെ സൂചിപ്പിക്കാനത്രെ ഉപയോഗിച്ചിരിക്കുന്നതെന്ന് ശാണ്ഡില്യഭക്തിസൂത്രങ്ങളുടെ വ്യാഖ്യാനമായ സ്വപ്നേശ്വരഭാഷ്യത്തിൽ പറയുന്നു. *ശേഷം* (അനു = after) എന്നർത്ഥമുള്ള ഈ ഉപസർഗ്ഗത്തിന്റെ പ്രയോഗംകൊണ്ട്, ഭക്തിക്കുമുമ്പായി വേറേ ചില കാര്യങ്ങൾകൂടി ഉണ്ടായിരിക്കണമെന്ന് സിദ്ധിക്കുന്നു. അവയില്ലെങ്കിൽ, ഭക്തി അഥവാ *രക്തി* എന്നത് ദൈവത്തോടുള്ള നമ്മുടെ യഥാർത്ഥത്തിലുള്ള ഒട്ടിച്ചേർന്നുനില്പാകാതെ, വെറും വികാരവായ്പോ, മധുരമായ ചില തോന്നിപ്പുകളോ, ആയി ചുരുങ്ങിപ്പോകും. ഈ അപകടം വരാതിരിക്കണമെങ്കിൽ ഭക്തിയോടുകൂടിയും,

അതിനുമുമ്പായും, നാം 'ബുദ്ധിയോഗം' അഭ്യസിച്ചിരിക്കണം (ഭഗവദ്ഗീത 10:10).

ഭക്തിയുടെപേരിൽ അറിവിനെ നിന്ദിക്കരുത്. കർത്താവിനെ അറിയുക (ജെറ.31:34). ദൈവത്തെ സ്നേഹിക്കുന്നത് പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടുംകൂടി ആയിരുന്നാൽമാത്രം പോരാ; പൂർണ്ണ മനസ്സോടുകൂടിയും ആയിരിക്കണം (ലൂക്ക.10:27). ദൈവത്തെ മനസ്സിലാക്കിയിരിക്കുന്നവരേ അവിടുത്തെ സ്നേഹിക്കൂ. ചിന്തയിൽനിന്നാണല്ലോ എല്ലാ പ്രവൃത്തികളുടെയും ആരംഭം (പ്രഭാ.37:16).

ദൈവത്തെ ഒന്നാമതായി നാം *മനസ്സിൽ ആക്കണം*. ഇവരെക്കുറിച്ചേ അവിടുത്തേയ്ക്ക് *മച്ചിത്താഃ* (എന്നിൽ മനസ്സോടുകൂടിയവർ) എന്നു പറയാനാവൂ (ഗീത 10:9). ചാവറയച്ചൻ പറയുന്നു: ദൈവം ബോധവും ബുദ്ധിയും മനസ്സും നിനക്കു തന്നിട്ടുള്ളത്, തന്നെ അറിയാനും സ്നേഹിപ്പാനും വേണ്ടിയാകുന്നു (വാല്യം മൂന്ന്, പേജ് 53). ഇവ്വിധം നാം ദൈവത്തെ മനസ്സിൽ ആക്കിക്കഴിയുമ്പോൾ, നമ്മുടെ പ്രതിജ്ഞ 'വിരോധമായിട്ടുള്ള കാര്യങ്ങളിൽപ്പോലും നമ്മുടെ മനസ്സിനെ അവിടുത്തെ തിരുമനസ്സിന് ഒപ്പിപ്പാനും, എത്രയും മേല്പെട്ടതും നെറിവുള്ളതും സ്നേഹിക്കപ്പെടേണ്ടതുമായ തിരുമനസ്സിനെ എല്ലായ്പ്പോഴും സ്നേഹിച്ച് പുകഴ്ത്തുവാനും' ആയിരിക്കും (വാല്യം മൂന്ന്, പേജ് 59). ഇപ്രകാരം നമുക്കു സ്വഭാവേന വിദ്വേഷവും വിരോധവും തോന്നുന്ന കാര്യങ്ങളെപ്പോലും ദൈവഹിതത്തിനു കീഴ്പ്പെടുത്തി, അവയെക്കൂടി ദൈവസ്നേഹത്തിലും ദൈവൈക്യത്തിലും വളരുവാനുള്ള മാർഗ്ഗങ്ങളാക്കി പകർത്തുന്ന ആത്മീയമാർഗ്ഗത്തെ ഭാരതീയ ആചാര്യന്മാർ **വിപരീതഭക്തി, വിദ്വേഷഭക്തി** എന്നെല്ലാം വിശേഷിപ്പിക്കുന്നു (പാതഞ്ജല യോഗസൂത്രം II.33).

ദൈവത്തെ മനസ്സിലാക്കുന്നതിന് നാം ഉപയുക്തമാക്കേണ്ട ഒരു പ്രധാന പോംവഴി വചനപഠനംതന്നെയാണ്. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ ജ്ഞാനത്തിൽ വളരാൻ തനിക്കു സഹായകമാകുംവിധം യേശുവിനെ ഗുരുസമം മുപ്പതാണ്ട് 'ശ്രവണം' (ശ്രുതി, വേദം, ദൈവവചനം) പഠിപ്പിക്കുകയും അതിനെ സ്വയം അനുഗമിക്കുകയും (= തത്പരൻ) ചെയ്ത മല്പാനെ (വി.യൗസേപ്പിനെ) കാണാകേണം - എന്നു പാടിയതിലൂടെ (ആത്മാനുതാപം, III.84), ചാവറയച്ചൻ വചനാധ്യയനത്തോടുള്ള തന്റെ തീവ്രമായ അഭിനിവേശവും അതിലുള്ള തത്പരതയും പ്രകടമാക്കുകയത്രെ ചെയ്തിട്ടുള്ളത്. ആർഷചിന്തയിൽ ശ്രുതിയുടെ അഥവാ ദൈവവചനത്തിന്റെ മുമ്പിൽ ഉപാസകൻ നിർവ്വഹിക്കേണ്ട ധർമ്മമാണല്ലോ ശ്രവണം. ഭാരതത്തിൽ സന്ന്യാസിക്കു പറയുന്ന മറ്റൊരു നാമമത്രെ ശ്രാവകൻ എന്നത്. 'ഇവനെ ശ്രവിക്കുവിൻ' (മർക്കോ.9:7) എന്നതാണല്ലോ യേശുശിഷ്യർക്കായി

സ്വർഗ്ഗത്തിൽനിന്നും നല്കപ്പെട്ടിരിക്കുന്ന പിതൃദത്തമായ കല്പന. ദൈവ വചനം ശ്രവിച്ച് അത് അനുസരിച്ചതിനാലത്രെ യേശു തന്റെ മാതാവിനെ ഭാഗ്യവതി എന്നു വിളിച്ചത് (ലൂക്ക.11:28). ചാവറയച്ചന്റെ പ്രാർത്ഥനകളിലും പ്രബോധനങ്ങളിലും കവിതകളിലും നേരേ ഉദ്ധൃതമോ പരോക്ഷമായി സൂചിതമോ ആയിട്ടുള്ള വേദപുസ്തകവചനങ്ങളുടെ ബാഹുല്യം, പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ദൈവവചനങ്ങളെ അദ്ദേഹം എവ്വിധം ധ്യാനാത്മകവും പഠനാത്മകവുമായി സ്വാംശീകരിച്ചിരുന്നു എന്നതിനുള്ള വ്യക്തമായ തെളിവാണ്.

ധ്യാനദർശികളായ പുണ്യാത്മാക്കളുടെ ജ്ഞാനഗ്രന്ഥങ്ങൾ വായിക്കുക ദൈവത്തെ അറിയുന്നതിനുള്ള ഒരു മുഖ്യോപാധിയായി ചാവറയച്ചൻ തന്റെ ആത്മീയമക്കൾക്കു ഉപദേശിച്ചുകൊടുത്തിരുന്നു. ദൈവൈക്യജീവിതത്തിന്റെ 'മാഗ്നാ കാർട്ടാ' എന്നു വിശേഷിപ്പിക്കപ്പെടേണ്ട വി. അമ്മ ത്രേസ്യായുടെ "ആഭ്യന്തരഹർമ്മ്യം" അദ്ദേഹത്തിന്റെ ധ്യാനജീവിതത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തിയിരുന്നു:

> എത്രയും വലിയ അയോഗ്യനെങ്കിലും, വി.അമ്മ ത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മല സഭവഴി അമ്മത്രേസ്യ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. പ്രിയമുള്ള തങ്ങളുടെ അമ്മയോട് മക്കൾ ചോദിച്ചാൽ, ചോദിച്ച കാര്യം തന്റെ കയ്യിൽ ഇല്ലെങ്കിൽപ്പോലും, അന്വേഷിച്ചാൽ കിട്ടുന്നതാണെങ്കിൽ, അത് ആ അമ്മ മക്കൾക്ക് വാങ്ങിച്ചുകൊടുക്കുമല്ലോ. ഇങ്ങനെയാണെങ്കിൽ, ശാരീരിക മാതാക്കളെക്കാൾ തന്റെ മക്കളെ സ്നേഹിക്കുന്ന അമ്മത്രേസ്യ ധ്യാനത്തിനുള്ള അനുഗ്രഹം ചോദിച്ചാൽ നല്കാതിരിക്കുമോ? മറ്റെല്ലാവരെക്കാളും അധികമായി ധ്യാനത്തെക്കുറിച്ച് പഠിപ്പിച്ചിട്ടുള്ളത് ഈ അമ്മയാകയാൽ അവർ ധ്യാനത്തിന്റെ ഗുരുനാഥ എന്ന നാമധാരികൂടി ആയിത്തീർന്നിരിക്കുന്നു. മറ്റുള്ളവരെ ധ്യാനവിദ്യ പഠിപ്പിക്കാനായി ആഭ്യന്തരഹർമ്മ്യം എന്ന പേരിൽ ഒരു ഗ്രന്ഥവും അവർ രചിക്കുകയുണ്ടായി. ധ്യാനജീവിതത്തെ ഏഴു കോട്ടകളായി വിഭജിച്ചും, ഓരോ കോട്ടയിലും ആത്മാവിനു കൈവരുന്ന ഏഴു സ്ഥാനപദവികളെ വിവരിച്ചും, അവയിലൂടെ കരേറുന്നതിനുള്ള വഴികളെ ഇതിൽ അവർ വ്യക്തമാക്കിയിരിക്കുന്നു. ഇതെല്ലാം ഈ അമ്മ ചെയ്തിട്ടുള്ളത് തന്റെ മക്കളെ ധ്യാനമാകുന്ന ആത്മീയവിദ്യ പഠിപ്പിക്കുന്നതിനുവേണ്ടിയാകുന്നു (ധ്യാനസല്ലാപങ്ങൾ, പേജ് 13-14).

സന്ന്യാസജീവിതമാഹാത്മ്യം ഗ്രഹിക്കാൻ വി.അൽഫോൻസ് ലിഗോരിയുടെ *മൊതക്കാസാംത* എന്നൊരു ഗ്രന്ഥം തന്നെ സഹായിച്ചതായി അദ്ദേഹം കൂനമ്മാവിലെ കന്യാസ്ത്രീകൾക്കുള്ള കത്തിൽ സൂചിപ്പിക്കുന്നു (VII.2). വായനയിലൂടെ ലഭിക്കേണ്ട ജ്ഞാനത്തിന്റെ കുറവുകൊണ്ട് തങ്ങളുടെ ദൈവമാതൃസ്നേഹത്തിലും ശുശ്രൂഷയിലും കുറവുവന്നേയ്ക്കുമോ എന്ന മനഃക്ലേശം അവർക്കു ഉണ്ടാകാതിരിക്കാനായി തത്സംബന്ധമായ പുസ്തകങ്ങൾ അദ്ദേഹം അവർക്കു കൊടുത്തയയ്ക്കുകയുണ്ടായി – അതോടൊപ്പം, തനിക്കു മൂപ്പച്ചൻ നല്കിയ ഒരു ആത്മീയഗ്രന്ഥവും (VII.1). താൻ ആകസ്മികമായി കണ്ടെത്തിയ ചെറിയൊരു പുസ്തകം കന്യാസ്ത്രീകൾക്ക് കൊടുത്തയച്ചതിനെപ്പറ്റി ചാവറയച്ചൻ ഇങ്ങനെ എഴുതിയിരിക്കുന്നു:

> ആ പ്രിയമുള്ള കുഞ്ഞുങ്ങളെ, നമ്മുടെ കർത്താവായ സർവ്വേശ്വരൻ നമ്മുടെ കാര്യങ്ങളെ എങ്ങനെ വിചാരിച്ചു നടത്തുന്നു എന്ന് ഓർമ്മിപ്പിൻ. തമ്പുരാനെ സ്നേഹിക്കണം എന്നുള്ള മനസ്സ് നമ്മുടെ ഹൃദയത്തിലുണ്ടോ എന്നു കാൺമാൻ അവിടുന്നു നമ്മെ സൂക്ഷിച്ചുനോക്കുന്നു. അതോടൊപ്പം, നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും എത്രയോ സന്തോഷത്തോടുകൂടെ താൻ അന്വേഷിക്കുന്നു എന്നും കാൺമിൻ. ഈ മഠം സ്ഥാപിക്കപ്പെട്ടശേഷം ഇത് എങ്ങനെ നടക്കും എന്നു വിചാരിച്ചിരിക്കെ, നടത്തുവാൻ വേണ്ടതൊക്കെയും അല്പബുദ്ധിമുട്ടുപോലും കൂടാതെ ദൈവം നിറവേറ്റുന്നു. അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനത്തിന് ഇതാ ഒരു ഉദാഹരണം. ഓർക്കാതെ ഒരു ചെറിയ തമിഴ് പുസ്തകം ഒരു മുറിയിൽ എന്റെ ദൃഷ്ടിയിൽപ്പെട്ടു. എടുത്തുനോക്കിയപ്പോൾ 'കന്നികളിൽ അനുചാരം' [Manual for Novices (?)] എന്നും കണ്ടു. ഇത് നിങ്ങൾക്കായി ദൈവം കൊടുത്തയച്ചതത്രേ എന്ന് ബോധ്യപ്പെടുകയാൽ, ഇതിന്റെ മലയാള പരിഭാഷ ഇന്നലെ എഴുതിത്തീർത്തു. ഇത് ജ്ഞാനവായനയായി ഒരുവട്ടമെങ്കിലും മുഴുവനായി എല്ലാവരും നല്ലവണ്ണം വായിച്ചറിയണം. എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമിഴ് പഠിച്ചിരിക്കുന്നു എന്നതിനാൽ, വായിപ്പാനും സംശയമുള്ളിടത്ത് മൂലകൃതിയുമായി ഒത്തുനോക്കി പഠിക്കാനും വേണ്ടി രണ്ടുംകൂടെ ഉണ്ടായിരുന്നാൽ നന്നായിരിക്കുമെന്നു തോന്നി. അതിനാൽ, നോക്കി തർജ്ജമ ചെയ്ത തമിഴ് മൂലഗ്രന്ഥവും ഇതോടൊപ്പം കൊടുത്തയയ്ക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചുകൊള്ളണം. എനിക്കു വേണ്ടിയും അപേക്ഷിപ്പിൻ! (VII.11).

വായനയെക്കുറിച്ചുള്ള ചാവറയച്ചന്റെ ദർശനത്തിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമായി തോന്നുന്നു:

(i) ധ്യാനജീവിതത്തിനും അതിലൂടെ കൈവരിക്കേണ്ട ദൈവൈക്യജീവിതത്തിനും ആവശ്യമായ ആത്മീയ-ബൗദ്ധിക പോഷണം ലഭിക്കുന്നതിനുള്ള മർഗ്ഗമായിട്ടത്രെ അദ്ദേഹം വായനയെ സന്യസ്തർക്കായി പ്രഥമതഃ നിർദ്ദേശിച്ചിട്ടുള്ളത്. വായന ഏകാഗ്രമായ അർത്ഥഗ്രഹണത്തിനും, അർത്ഥഗ്രഹണം ഫലപ്രദമായ പ്രാർത്ഥനയ്ക്കും, പ്രാർത്ഥനാശീലം സ്ഥിരമായ ധ്യാനജീവിതത്തിനും സഹായകമാകണം. ഈ പൊതുതത്വം എല്ലാ സന്യാസികളും മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കേണ്ടതാണെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ഇതിനപ്പുറമുള്ള ആത്മീയപദവികളിലെത്താൻ അതിനുള്ള വിശേഷവരം സിദ്ധിച്ചിട്ടുള്ളവർക്കല്ലാതെ, സാധാരണക്കാർക്കു സാധ്യമായെന്നു വരുന്നതല്ല (VII. 8).

കൂനമ്മാവിലെ സന്യാസസമൂഹത്തിലെ ശ്രേഷ്ഠത്തിയമ്മയ്ക്ക്, ധ്യാനജീവിതത്തിന്റെ പദവികളിൽ കേറി ഈശോതമ്പുരാനോട് ഐക്യപ്പെടുവാൻ സഹായകമായ ഒരു *അഭ്യാസപുസ്തകം* കൊടുത്തയച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതി: "ഇതിനെ ഞാനല്ല ഈശോമിശിഹാതന്നെ ഇന്ന് നിങ്ങൾക്കായി അയച്ചിരിക്കുന്നു. ഉല്ലാസനേരത്തായാൽപ്പോലും എല്ലവരെയും വിളിച്ചിരുത്തി ഇതിലെ പതിനൊന്ന് അധ്യായങ്ങളെങ്കിലും വായിച്ചു കേൾപ്പിക്കണം" (VII. 10).

വചനാനുധ്യാനത്തിനും വചനസാത്മീകരണത്തിനുമായി ചാവറയച്ചൻ നിർദ്ദേശിച്ചിരിക്കുന്ന രീതി, ഇക്കാര്യത്തിനായി ഭാരതീയപാരമ്പര്യം അനുശാസിക്കുന്ന മാർഗ്ഗത്തോട് ഏറെ സാധർമ്മ്യം പുലർത്തുന്നതാണ്. അതിലെ പ്രധാന അംഗങ്ങൾ താഴെ പറയുന്നവയാണ്. വാചനം (= വിശുദ്ധ വചനങ്ങൾ ഏകാഗ്രതയോടും ഭക്തിയോടുംകൂടി വായിക്കുക); പ്രതിപ്രച്ഛന്നം (= ഗുരുവിന്റെ കീഴിൽ അവയുടെ പാഠപരവും സാങ്കേതികവുമായ അർത്ഥവ്യാപ്തി ഗ്രഹിക്കുക); പരിവർത്തനം (= അവ ഹൃദയത്തിലേക്കും ഓർമ്മയിലേക്കും ആഴ്ന്നിറങ്ങുംവിധം അവയെ പ്രാർത്ഥനാപൂർവ്വം ആവർത്തിക്കുക); അനുപ്രേക്ഷ (= വചനങ്ങളുടെ അർത്ഥത്തെപ്പറ്റി ധ്യാനപൂർവ്വം മനസ്സിൽ പര്യാലോചിച്ചുകൊണ്ടിരിക്കുക); ധർമ്മകഥ (= ധ്യാനിച്ചു സ്വന്തമാക്കിയ സുവിശേഷധർമ്മം മറ്റുള്ളവരെ അറിയിക്കുക.

ഈ അഞ്ച് അംശങ്ങളുടെയും സമഞ്ജസമായ സമ്മേളനത്താൽ വിഭൂഷിതമായിട്ടുള്ളതത്രേ ചാവറയച്ചന്റെ ആത്മാനുതാപത്തിലെ ഓരോ പാദവും. 'വേദമറിയിപ്പാൻ ശിഷ്യരെക്കൂട്ടിയ വേദനാഥാ നിന്നെ കാണാകേണം' (ആത്മാനുതാപം, III.96) എന്നത് അദ്ദേഹത്തിന് നിരന്തരമായ ആത്മത്വരയും

അദമ്യമായ ആത്മതൃഷ്ണയുമായിരുന്നു. ഋതത്തിന് - വേദധർമ്മത്തിന് - ഈശ്വരനായുള്ള **ഋതാധിനാഥന്റെ** (III. 52 56), ലോകത്തിൻ വെളിവായ് ഉദിച്ച പ്രകാശമായ യേശുവിന്റെ (VII.112), *തിരുവാക്യരേഖപോലെ* (IV.46), *വേദന്യായംപോലെ* (VII.128), സർവ്വതും തികയ്ക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമവും ജ്വരവും. സത്യവചനസാധകമായ വേദവാക്യശ്രവണമായിരുന്നു അദ്ദേഹത്തിനു ജീവിതനിയമവും നിശ്ചയവും (VI. 72 76).

(ii) വായനയെക്കുറിച്ചുള്ള ചാവറപിതാവിന്റെ ദർശനത്തോട് ഏറ്റവും ചേരുക വി. ബെനഡിക്ടിന്റെ ദിവ്യവചനപാരായണം (lectio divina) എന്നതാണ്. വേദപുസ്തകവചനങ്ങളുടെ ധ്യാനാത്മകമായ വായനവഴി, ആത്മീയമായി പ്രകാശിതരും ദൈവത്തോട് കൂടുതൽ സംയോജിതരും ആയിത്തീരുക എന്നതത്രെ ഇതിന്റെ ലക്ഷ്യം. പ്രാർത്ഥനയിൽ അന്തരാ യേശുവിനോടൊപ്പം, യേശുവിന്റെ മനോഭാവത്തോടുകൂടി, നാം വചനം ചൊല്ലി (അനു-വാദം = കൂടെ ചൊല്ലുക) പ്രാർത്ഥിക്കുകയാണ് വേണ്ടത്. അപ്പോൾ വചനവായനയിലൂടെ അഥവാ അധ്യയനത്തിലൂടെ (study) ലഭിക്കുന്ന ആത്മീയ ജ്ഞാനം ധ്യാനത്തിലേക്കും (meditation), ധ്യാനം പ്രാർത്ഥനയിലേക്കും (prayer), പ്രാർത്ഥന ഐക്യസാധകമായ ധ്യാനദർശനത്തിലേക്കും (contemplation) നയിക്കും എന്ന വി.തോമസ് അക്വീനാസിന്റെ നിരീക്ഷണം (IIa IIae q.180. a.3) ഇവിടെ സ്മർത്തവ്യമാണ്.

> ഉല്ലാസം കഴിച്ചു കിട്ടുന്ന നേരം ആത്മീയജ്ഞാനം ലഭിക്കുന്ന തരത്തിലുള്ള വായനയിൽ ചെലവഴിക്കണം. വായന രണ്ടു പ്രകാരത്തിലുണ്ട്. ചിലർക്കിഷ്ടം വിശേഷങ്ങളും പുതുമകളും വായിപ്പാനും അറിവാനുമാണ്. ഇവർ വായനകൊണ്ട് അറിവും തെളിവും (ബുദ്ധിപരമായ പ്രകാശം) ആകുന്നു തേടുന്നത്. യേശുവിന്റെ ജീവിതരഹസ്യങ്ങളുടെ ആഴവും അർത്ഥവും കൂടുതൽ ഗ്രഹിക്കാൻ സഹായിക്കുന്ന പുസ്തകങ്ങൾ വായിക്കാനാണ് രണ്ടാമത്തെ കൂട്ടർക്കിഷ്ടം. ഇതിലൂടെ അറിവും ഭക്തിയും (ദൈവൈക്യവും) വർദ്ധിക്കുന്നു. ഇത് പുണ്യത്തിൽ പുരോഗമിക്കാനും വീഴ്ച്ചകൾ ഒഴിവാക്കാനും ഉള്ള നിശ്ചയത്തെ ദൃഢപ്പെടുത്തുന്നതിനുള്ള മാർഗ്ഗമാകുന്നു.
>
> ഇവ്വിധമുള്ള വായനയിൽ താത്പര്യമുണ്ടായാൽ ഏകാഗ്രധ്യാനത്തിൽ സന്തോഷം അനുഭവിച്ചുതുടങ്ങും. അവരുടെ ആത്മാവിനെ ഏകാന്തതയിൽ കാണ്മാനായിട്ടുള്ള ആഗ്രഹത്തോടെ ഈശോമിശിഹാ അവരിലേക്ക് എഴുന്നുള്ളി വന്ന് അവരോടുകൂടെ സംസാരിച്ചുതുടങ്ങും. ആരംഭത്തിൽ ഈശോയുടെ

ശൈലിയും സംസാരവും നമുക്കു നന്നായി തിരിഞ്ഞെന്നു വരികയില്ല. അപ്പോൾ അത്രേ അവിടുന്ന് തന്റെ മണവാട്ടിയെ തന്റെ വീഞ്ഞുമുറിയിലേക്ക് പ്രവേശിപ്പിച്ച്, തന്റെ മാധുരി അല്പമായി അവൾക്കു പകർന്നുകൊടുക്കാൻ തുടങ്ങുക. ഇതോടെ തന്റെ ആത്മമണവാളന്റെ വചനശൈലി അല്പാല്പമായി അവൾക്കു തിരിഞ്ഞുതുടങ്ങും. ക്രമേണ അവിടുന്ന് തന്റെ അന്തർഗ്ഗതം കൂടുതൽ കൂടുതൽ അവൾക്കു വ്യക്തമാക്കികൊടുക്കും. അവളോടുള്ള തന്റെ സ്നേഹം എത്രയോ വലുതാണെന്ന് അവളെ അനുഭവപ്പെടുത്തും. അതിനനുസരിച്ച് മണവാട്ടിയുടെ സ്നേഹവും വർദ്ധിക്കും. അതിൽ സംപ്രീതനാകുന്ന ആത്മമണവാളൻ മണവാട്ടിക്ക് ചില ആത്മീയാഭരണങ്ങൾ നൽകി തന്റെ സ്നേഹം കൂടുതൽ വ്യക്തമാക്കും. അതോടെ അവളുടെ ആന്തരികഭയങ്ങളെല്ലാം അകലും. ആത്മീയജീവിതത്തിന്റെ ഈ നാലാം പദവിയിലെങ്കിലും നാം എല്ലാവരും എത്തിയിരിക്കണം. അതിനുള്ള വഴി: (1) **വായന**, (2) **ഏകാന്തം**, (3) ധ്യാനസഹായകരമായ **നമസ്ക്കാരം**, (4) **ധ്യാനം** (കത്തുകൾ VII.8).

ദൈവത്തിലേക്ക് ഉയരാനുള്ള ആത്മീയതാപം അഥവാ ആന്തരികമായ ചൂട് നാം നമ്മിൽ നിലനിർത്തണം. ഇതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നായത്രേ ചാവറയച്ചൻ ആത്മീയവായനയിലൂടെ നാം നമ്മിൽ നിലനിർത്തേണ്ട ജ്ഞാനത്തെ പരിഗണിച്ചിട്ടുള്ളത്. ഏകാഗ്രവും ധ്യാനാന്വിതവുമായ വായന, അത് ആവശ്യപ്പെടുന്ന ചിത്തത്തിന്റെയും ഇന്ദ്രിയങ്ങളുടെയും സംയമനംകൊണ്ടും അച്ചടക്കംകൊണ്ടും, മാനസികമായ തപസ്സുതന്നെയാണ്. 'ജ്ഞാനതപസ്സുകൊണ്ട് നീ ദൈവത്തിന്റെതന്നെ ആന്തരികഭാവത്തിലേക്ക്, അവിടുന്നുമായുള്ള ഐക്യത്തിലേയ്ക്ക് (മദ്ഭാവം), എത്തിച്ചേരണം' (ഗീത 4:10). ജ്ഞാനത്തെക്കുറിച്ചുള്ള ഈ ഉൾക്കാഴ്ച്ച, വായന മാനസികാനന്ദത്തെ മാത്രം ലക്ഷ്യമാക്കി ചെയ്യാതെ, ദൈവൈക്യസാധകമായ തരത്തിൽ കൂടി വേണം നിർവ്വഹിക്കാൻ എന്ന ചാവറയച്ചന്റെ മേലുദ്ധരിച്ച പ്രബോധനത്തോട് നന്നേ ചേരുന്നതാണ്. 'എന്റെ വാക്കുപോലെയല്ല, മറിച്ച് നിന്റെ വാക്കുപോലെ' എന്നു പറഞ്ഞ മറിയത്തോടൊപ്പവും (ലൂക്കാ.1:38), 'അറിവും ആലോചനയും വിവേകവും ദൈവത്തിലാകുന്നു' എന്നു ഉദീരണം ചെയ്ത ജോബിനോടുകൂടിയും (12:13-17), സ്വന്തം മാനുഷികജ്ഞാനത്തെ വേദന്യായത്തിനുമുമ്പിൽ, ദൈവവചനവിജ്ഞാനത്തിനു മുമ്പിൽ, ബലിചെയ്യുന്ന ***ജ്ഞാനയജ്ഞം*** (ഗീത 9:15) കൂടിയായിരിക്കണം നമുക്ക് ധ്യാന-ജ്ഞാന-വായന.

എങ്കിൽ മാത്രമേ, ഗീതാകാരനെപ്പോലെതന്നെ ചാവറയച്ചനും സൂചിപ്പിച്ചിരിക്കുന്നതുപോലെ, 'വേദന്യായജന്യമായ' (ആത്മാനുതാപം VI. 88,128) ജ്ഞാനം നമുക്കു ***അഭേദഭക്തിക്കും*** (സ്നേഹത്തിലൂടെയുള്ള ദൈവസായുജ്യത്തിനും) ***ഭേദഭക്തിക്കും*** (ശുശ്രൂഷയിലൂടെയുള്ള ദൈവദാസ്യത്തിനും) നിമിത്തമാകൂ.

ദൈവത്തെ പ്രസാദിപ്പിക്കുക എന്നതൊഴികെ മറ്റൊന്നുംതന്നെ മൂല്യമുള്ളതായി ആത്മാവ് കരുതുന്നില്ല. എന്തെങ്കിലും ഒന്ന് തന്റെ സ്വന്തം തീരുമാനപ്രകാരം അന്വേഷിക്കുന്നതിനോ സ്വന്തമാക്കുന്നതിനോ ഉള്ള ആഗ്രഹം അങ്ങനെയുള്ള ആത്മാവിൽ ഉണ്ടായിരിക്കുകയില്ല. തന്റെ സ്വന്തം മനസ്സിന്റെ താക്കോലുകൾ പൂർണമായി ദൈവത്തെ ഏല്പിച്ചുകൊണ്ടുള്ള ഈ ഭക്തി, അഹൈതുകീഭക്തിതന്നെയാണ്. ദൈവശുശ്രൂഷയ്ക്ക് ഉപകരിക്കാത്ത എല്ലാറ്റിനോടും ആത്മാവ് അനാസക്തിയും വിപ്രതിപത്തിയും പുലർത്തുന്നു (St.Teresa of Avila, V Mansions, xxi, xx; iv.)

# IV

# ലോകവേദവ്യാപാരന്യാസം

## 1. ആത്മവിനിഗ്രഹം

*യോഗശ്ചിത്തവൃത്തിനിരോധഃ* (പാതഞ്ജലയോഗസൂത്രം, 1.2). ഈശ്വരൈക്യം അഥവാ യോഗം കാംക്ഷിക്കുന്നവർ ചിത്തവൃത്തികളെ നിരോധിക്കേണ്ടിയിരിക്കുന്നു അഥവാ സംയമം ചെയ്യേണ്ടിയിരിക്കുന്നു. ദൈവത്തിൽ ഉറച്ചിരിക്കാത്തവിധം, ഇന്ദ്രിയങ്ങളിലേക്കുള്ള മനസ്സിന്റെ ചഞ്ചലതയ്ക്കാണ് ഇവിടെ ചിത്തവൃത്തി എന്നു പറയുന്നത്. നിയന്ത്രണമില്ലാത്ത മനസ്സ് അഥവാ ചിത്തം സദാ ഇന്ദ്രിയപ്രീണനത്തിനായി കാംക്ഷിച്ചുകൊണ്ടിരിക്കും. അതിനാൽ, അങ്ങനെയുള്ള മനസ്സിനെ നിരോധിക്കുകയാണ് ദൈവൈക്യപ്രാപ്തിക്കു ശ്രമിക്കുന്നവർ ഒന്നാമതായി ചെയ്യേണ്ടത്. ***മനഃനിഗ്രഹം*** (ഗീത 6:34) അഥവാ ***ആത്മവിനിഗ്രഹം*** (ഗീത 17:16) കൂടാതെ യോഗം - ഈശ്വരൈക്യം - സാധ്യമല്ല. ഇന്ദ്രിയങ്ങൾ ഇണക്കം വന്നിട്ടില്ലാത്ത, മെരുക്കപ്പെട്ടിട്ടില്ലാത്ത, കുതിരകളെപ്പോലെയാണ്. അവ ബുദ്ധിയാകുന്ന തേരാളിയുടെ കയ്യിലിരിക്കുന്ന മനസ്സാകുന്ന കടിഞ്ഞാണിനു വഴങ്ങാതെ, ശരീരമാകുന്ന രഥത്തെ ദുഷ്പ്പാതകളിലേക്ക് ബലമായി വലിച്ചുകൊണ്ടുപോകുന്നു (കഠോപനിഷത്ത് 1.3.5). സ്വന്തം പ്രജ്ഞയെ - മനസ്സും ബുദ്ധിയും ഹൃദയവും അടങ്ങിയ അന്തഃകരണത്തെ - ദൈവത്തിൽ സ്ഥിരമായി ഉറപ്പിച്ചു നിർത്തിയിരിക്കുന്ന യോഗിയെ ഭഗവദ്ഗീത (2:5) ***സ്ഥിതപ്രജ്ഞൻ*** എന്നു വിശേഷിപ്പിക്കുന്നു.

കുരിശിലൂടെ ലംബതലത്തിൽ നേടേണ്ട ദൈവൈക്യവും തിരശ്ചീനതലത്തിൽ നേടേണ്ട സഹോദരൈക്യവും സാധിക്കുന്നതിന് യേശു പറഞ്ഞിട്ടുള്ള വ്യവസ്ഥ, 'നീ നിന്നിലെ ***നിന്നെ*** (self) ഇല്ലാതാക്കുക' (deny) എന്നതാണല്ലോ (മർക്കോ. 8:34). 'നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും, എന്നാൽ പ്രവർത്തിക്കാൻ സാധിക്കില്ല; ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിച്ചുപോകുന്നത്' (റോമ.7:1819). 'ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കുമെങ്കിൽ നിങ്ങൾ ജീവിക്കും' (റോമ. 8:13). 'ഞാൻ തിരസ്കൃതനാകാതിരിക്കുന്നതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു' (1 കൊറി.9:27).

തന്റെ ചിത്തത്തേയും പ്രതിജ്ഞകളെയും ദൈവത്തിൽ ഏകാഗ്രമാക്കി നിറുത്താൻ - സ്ഥിതപ്രജ്ഞനായി വർത്തിക്കുവാൻ - തനിക്കാവുന്നില്ലല്ലോ എന്ന ചിന്ത ചാവറപ്പിതാവിന് അത്യന്തം മനഃക്ലേശം വരുത്തിയിരുന്നു:

> ഞങ്ങളുടെ കർത്താവീശോമിശിഹായെ, നീ എല്ലായിടത്തും ആകുന്നുവെന്നും, എന്റെ ഹൃദയമൊക്കെയും കാണുന്നു വെന്നും നിരൂപിച്ച് നിന്റെ തിരുമുമ്പിൽ മുട്ടുകുത്തി നിൽക്കുന്ന ഞാൻ എത്രയോ അയോഗ്യമഹാപാപിയും വലിയ നന്ദി കെട്ടവനും ആയിരിക്കുന്നു! ഇത്രനാളും നീ എന്നോടു ക്ഷമി ച്ചതുപോലെ, ഇനിയും കുറച്ചുനേരത്തേയ്ക്കുകൂടി എന്നോടു ക്ഷമിച്ചാലും! എന്റെ ദോഷത്തിനു അനുസരിച്ചുള്ള പ്രായ ശ്ചിത്തം ചെയ്യുവാൻ നീ എനിക്ക് ഇടയാക്കണമേ. എന്റെ സർവ്വേശ്വരാ, ഇന്നത്തെ ധ്യാനത്തിൽ ഞാൻ നിന്നോടു പറ ഞ്ഞതുപോലെ പിന്നീടു ഞാൻ വ്യാപരിക്കുകയുണ്ടായില്ല. ആയതുകൊണ്ട് പൂർണ്ണഹൃദയത്തോടുകൂടി നിന്റെ മുമ്പിൽ ഞാൻ മനസ്തപിക്കുന്നു. ഇനിമേൽ നിന്റെ പ്രമാണത്തിനു വിഘ്നം വരുത്താതെ ഞാൻ നടന്നുകൊള്ളാമെന്ന് എന്റെ പൂർണ്ണശക്തിയോടുകൂടി നിന്നോടു ഞാൻ വാഗ്ദാനം ചെയ്യു ന്നു (വാല്യം 3. പേജ് 46).

ലോകസുഖങ്ങൾക്കായുള്ള നമ്മുടെ ഇന്ദ്രിയപ്രവണതകളെ നിരോധിച്ചും, നമ്മിലെ മൃഗ-ജന്തുസഹജമായ (ആത്മാനുതാപം, VII.96) ജഢികവാസന കളെ ജയിച്ചും, ദോഷത്തെ ദ്വേഷിച്ചുപേക്ഷിച്ച് (വാല്യം III, പേജ് 69), മനഃനിഗ്രഹത്തിൽ ജീവിക്കുക എന്നത് കാറ്റിനെ തടുക്കുന്നതുപോലെ ദുഷ്ക്കരമാകുന്നു (ഗീത 6:34-35). ഇവടെ നാം ഒരു കാര്യം ഓർത്തിരിക്കണം. ഈ നിരോധനത്തിന് ഇന്ദ്രിയപ്രവണതകളെ അന്ധമായി അടിച്ചമർത്തുന്ന രീതിയല്ല പ്രയോജനപ്പെടുക. 'എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്ക് എല്ലാം സാധ്യമാണ്' (ഫിലി.4:13) എന്ന പൂർണ്ണശരണത്തോടെ തന്റെ സർവ്വ കർമ്മങ്ങളെയും ദൈവകരങ്ങളിൽ സംന്യാസം ചെയ്യുക എന്നതുമാത്രമാണ്, ജഢത്തിന്റെ പിടിയിൽനിന്നും മനസ്സിനെ രക്ഷിക്കാനായി സാധകനു ചെയ്യാ വുന്നതും, അയാൾ ചെയ്യേണ്ടതുമായ, ഒരേയൊരു കാര്യം.

ഇവ്വിധമുള്ള സമർപ്പണമത്രെ, 'തന്റെ ശരീരത്തിൽ നൽകപ്പെട്ട മുള്ളിൽ നിന്നുള്ള ബലഹീനതയിൽ ദൈവത്തിന്റെ ശക്തി പൂർണ്ണമായി അനുഭവി ക്കാൻ' (1 കൊറി.12:7-9) പൗലോസിനെ പ്രാപ്തനാക്കിയത്. ലോകവിജയവും ഇന്ദ്രിയനിഗ്രഹവും സാധിക്കേണ്ടത് നമ്മുടെ ക്രിയാബലംകൊണ്ടോ മനഃ ശക്തികൊണ്ടോ അല്ല; മറിച്ച്, ലോക-വേദ-വ്യാപാര-ന്യാസത്തിലൂടെയാണ്

(നാരദഭക്തിസൂത്രം, 8). ഭക്ഷിക്കുക, അധ്വാനിക്കുക തുടങ്ങിയ നമ്മുടെ എല്ലാ ലോകവ്യാപാരങ്ങളെയും (1 കൊറി.10:31), പ്രാർത്ഥിക്കുക, ബലി അർപ്പിക്കുക തുടങ്ങിയ നമ്മുടെ എല്ലാ വേദവ്യാപാരങ്ങളെയും (ഹെബ്ര. 13:15), പൂർണ്ണമായി ദൈവത്തിൽ സംന്യസിച്ചുകൊണ്ട് അഥവാ സമർപ്പിച്ചുകൊണ്ട് ചെയ്യുന്നതാണ് ***ലോക-വേദ-വ്യാപാര-ന്യാസം***.

## 2. സംന്യാസദർശനം

ന്യാസം എന്നതിന് ഉപേക്ഷ എന്നും, സമർപ്പണം എന്നും, അർത്ഥമുണ്ട്. സമർപ്പിച്ചുകൊണ്ടുള്ള ഉപേക്ഷയാണ് ത്യാഗം. യേശുവിനു സമ്പൂർണ്ണമായി സമർപ്പിക്കണം എന്ന നിഷ്ഠയോടെ നാം സർവ്വതും ഉപേക്ഷിക്കുമ്പോൾ (ലൂക്കാ.18:28), നമ്മുടെ ന്യാസം, സംന്യാസമായിത്തീരുന്നു. ഇത്തരത്തിലുള്ള ഉപേക്ഷ നമ്മെ അപേക്ഷയിലേക്ക് (അപേക്ഷ = ബന്ധം) നയിക്കും. അവനവനെത്തന്നെ സർവ്വേശ്വരന് സമർപ്പിക്കുക (**കർതൃത്വത്യാഗം**); ആസക്തികളെ സമർപ്പിക്കുക (**സംഗത്യാഗം**); കർമ്മഫലങ്ങളെ സമർപ്പിക്കുക (**ഫലത്യാഗം**). ഇവ്വിധമുള്ള ത്രിവിധ സമർപ്പണത്തിന് നമ്മെ പ്രേരിപ്പിക്കാത്ത ഉപേക്ഷ, നാം നമ്മെത്തന്നെയോ നമുക്കുള്ളവയേയോ നമ്മുടെ കർമ്മങ്ങളേയോ വെറുക്കുന്നതുകൊണ്ടുള്ള ഉപേക്ഷമാത്രമായിരിക്കും. വെറുപ്പ് ഒരു സന്യാസസുകൃതമല്ലല്ലോ. ദൈവത്തിനു സമർപ്പിച്ചുകൊണ്ട് അവിടുത്തോടുള്ള സ്നേഹം തെളിയിക്കുന്ന തരത്തിലുള്ളതല്ല നമ്മുടെ ഉപേക്ഷയെങ്കിൽ, അത് നിരർത്ഥകവും നിഷ്ഫലവുമായിരിക്കും. (1 കൊറി. 13:33).

ചാവറയച്ചന്റെ *ന്യാസദർശനം*, അതിന്റെ അർത്ഥവ്യാപ്തികൊണ്ടും ആകമാനതകൊണ്ടും ആധികാരികതകൊണ്ടും അംഗോപാംഗഭദ്രതകൊണ്ടും സമ്പൂർണ്ണമായ ***സംന്യാസദർശനം*** (= സമർപ്പണദർശനം) തന്നെയാണ്.

എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും
ഞാൻ പ്രവർത്തിക്കുന്ന എല്ലാ പ്രവൃത്തികളെയും
നിനക്കു കാഴ്ച്ചവച്ചിരിക്കുന്നേൻ
**(= ലോക-വേദ-വ്യാപാര-ന്യാസം).**
നിനക്കു കാഴ്ച്ചവച്ച
എന്റെ നെടുവീർപ്പുകൾ ഒക്കെയും,
ദൈവമേ,
നിന്റെ നേരെയുള്ള എന്റെ സ്നേഹത്തിന്റെ
പ്രകാരങ്ങൾ ആയിരിക്കണമെന്ന്
ഞാൻ മനസ്സായിരിക്കുന്നു.
എന്റെ സർവ്വ വിചാരങ്ങളും വചനങ്ങളും
പ്രവൃത്തികളും ഇന്നത്തെ ദിവസത്തിലും

എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും ഞാൻ
ചെയ്യുന്നതൊക്കെയും പാടുപെടുന്നതൊക്കെയും
(= **കർമ്മത്യാഗം**), എന്റെ പക്ഷങ്ങളൊക്കെയും
വസ്തുക്കളൊക്കെയും (= **സംഗത്യാഗം**),
എന്നെത്തന്നെയും (= **കർത്തൃത്വത്യാഗം**)
ദൈവമേ, നിനക്ക്, നിന്റെ സ്തുതിക്കായിട്ട്, ഇന്നും
എല്ലായ്പ്പോഴും ഞാൻ 'തിരുകാഴ്ച്ച' വയ്ക്കുന്നേൻ!

(വാല്യം III. പേജ് 68-69)

ലോകവ്യാപാരങ്ങളായാലും വേദവ്യാപാരങ്ങളായാലും സർവ്വ കർമ്മങ്ങളെയും 'ഈശ്വരപാദങ്ങളിൽ ന്യസ്ത'മാകുംവിധമത്രെ (ആത്മാനുതാപം, IX.128) സാധകൻ ചെയ്യേണ്ടത്. (*ന്യസ്തം, സംന്യസ്തം* = പൂർണ്ണമായി എടുത്തുവയ്ക്കപ്പെട്ടത് അഥവാ 'തിരുകാഴ്ച്ച'യായി സമർപ്പിക്കപ്പെട്ടത് എന്നർത്ഥം). ഇവ്വിധം കർമ്മം ചെയ്യുന്നതിനെയാണ്, 'കർമ്മങ്ങളെ ഈശ്വരനുള്ള ബലിയായി അഥവാ യജ്ഞമായി ചെയ്യണം' എന്ന കല്പനയിലൂടെ ഗീതാകർത്താവ് കർമ്മയോഗികളെ അനുസ്മരിപ്പിച്ചിട്ടുള്ളത്. 'ഈശ്വരനുള്ള യജ്ഞമായല്ലാതെ നീ കർമ്മം ചെയ്താൽ, നീ കർമ്മത്താൽ ബന്ധിക്കപ്പെടും. അതിനാൽ എന്റേത്, എനിക്ക്, എന്ന വിചാരമില്ലാതെ, നീ കർമ്മത്തെ ഈശ്വരനുള്ള യജ്ഞമായിത്തന്നെ ചെയ്യണം' (3:9). 'എല്ലാ കർമ്മങ്ങളെയും എന്നിൽത്തന്നെ സമർപ്പിച്ചിട്ട് (സംന്യസ്യ), എന്നിൽത്തന്നെ ശരണം പ്രാപിച്ച്, നീ എന്നോടുള്ള ഏകാന്തഭക്തിയോഗത്തിൽ ജീവിക്കണം (12:6). 'ഭക്ഷിക്കുക, ബലിയർപ്പിക്കുക, ദാനം ചെയ്യുക, തപസ്സനുഷ്ഠിക്കുക എന്നിങ്ങനെ നീ എന്തെല്ലാം ചെയ്താലും, അതെല്ലാം എനിക്കുള്ള അർപ്പണമായി (*മദർപ്പണം*) ചെയ്യുക' (9:27). ഇങ്ങനെ നീ കർമ്മം ചെയ്യുന്നത്, നിന്റെ സ്വാർത്ഥലാഭസിദ്ധിക്കുവേണ്ടി ആകാതെ, ലോകസംരക്ഷണത്തിനുവേണ്ടി (*ലോകസംഗ്രഹാത്*) ആയിരിക്കണം (3:20). ഇവ്വിധം ലോകസംരക്ഷണം സാധിക്കാൻ ഇച്ഛയുള്ളവനായി നീ കർമ്മങ്ങൾ ചെയ്യുകയും മറ്റുള്ളവരെ കൊണ്ട് ചെയ്യിക്കുകയും വേണം (3:25-26).

യേശു കുരിശിൽ പിതാവിനുള്ള ആത്മസംന്യാസമായി (ലൂക്കാ 23:46) അർപ്പിച്ച തന്റെ യജ്ഞം അഥവാ ബലി, ലോകം മുഴുവന്റെയും രക്ഷയ്ക്കായി (മത്താ. 26:28; മാർക്കോ.10:45) തന്നെത്തന്നെ ഭേദിച്ച രക്ഷാകര കർമ്മം കൂടിയായിരുന്നുവല്ലോ. ദൈവത്തിനുള്ള സമ്പൂർണ്ണമായ ആത്മസമർപ്പണം, ലോകരക്ഷയ്ക്കായി കർമ്മം ചെയ്യുന്നതിനുള്ള പ്രതിബദ്ധത എന്നീ രണ്ടംശങ്ങളേയും ഊടും പാവുംപോലെ ഉൾക്കൊള്ളുന്ന തന്റെ ബലി, തന്റെ ഓർമ്മയ്ക്കായി നാമും ചെയ്യണമെന്നത്രെ (ലൂക്കാ 22:19) അവിടുന്നു നമ്മെ കടപ്പെടുത്തിയിട്ടുള്ളത്.

ചാവറപ്പിതാവിന്റെ ദൃഷ്ടിയിൽ സന്ന്യാസത്തിന്റെ അന്തസ്സത്ത ഒരുവൻ "തന്നെത്തന്നെ മുഴുവനായി ദൈവത്തിനു കയ്യാളിക്കുന്ന കയ്യാളിപ്പിലും," "ദൈവതിരുമനസ്സല്ലാതെ മറ്റൊന്നും ആഗ്രഹിക്കാത്ത തരത്തിലുള്ള" ചിത്ത വൃത്തിനിരോധത്തിലുമാണ് (വാല്യം. III.പേജ് 21). ദൈവത്തിനുള്ള ഒരുവന്റെ പൂർണ്ണമായ കയ്യാളിപ്പിന്റെ അപ്രമാദമായ തെളിവ്, ദൈവതിരുമനസ്സിനോ ടുള്ള അയാളുടെ മനസ്സിന്റെ അഥവാ ചിത്തത്തിന്റെ പൂർണ്ണമായ ഒന്നിപ്പ് (*ചിത്തയോഗം*) തന്നെയാകുന്നു. ഇത്തരത്തിലുള്ള ചിത്തയോഗികളത്രെ, 'എന്നിൽ ചിത്തം ഭദ്രമായി ഉറപ്പിച്ചും' (*മച്ചിത്താഃ*), 'എന്നിൽ മനസ്സിനെ അച ഞ്ചലമായി നിറുത്തിയും' (*മന്മനാഃ*), (ഗീത 10:9; 9:34), 'നിന്നെത്തന്നെ എന്നോടു ചേർത്ത് (*ആത്മാനം മയി യുക്ത്വാ*) എന്നോടൊന്നിക്കുക' എന്ന പ്രമാണപ്രകാരം ദൈവത്തിനുള്ള സംപൂർണ്ണമായ കയ്യാളിപ്പിലും (= ആത്മസംന്യാസം), ദൈവഹിതത്തോടുള്ള വ്യവസ്ഥയില്ലാത്ത അനുസരണ ത്തിലും (= അഹൈതുകീഭക്തി) ജീവിച്ച്, ഇപ്പോൾത്തന്നെ ദൈവൈക്യ ത്തിൽ കഴിയുന്ന യോഗികൾ.

ഈ രണ്ട് അംശങ്ങളും ചാവറയച്ചന്റെ ദൈവയോഗദർശനത്തിൽ നമുക്കു സ്പഷ്ടമായി കാണാം. അദ്ദേഹത്തിന്റെ സംന്യാസസംവേദ്യമായ ഒരു ആത്മ പ്രരോദനം ശ്രദ്ധിക്കുക:

ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും
ഞാൻ ഉപേക്ഷിച്ച് (= **അഹൈതുകീഭക്തി**)
എന്നെ മുഴുവനും ഞാൻ നിനക്കു
കയ്യാളിക്കുന്നു (= **ആത്മസംന്യാസം**).
നിന്റെ തിരുമനസ്സല്ലാതെ
മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല

(വാല്യം III. പേജ് 21).

### 3. ഏകാന്തഭക്തിയോഗം

ചാവറയച്ചന്റെ ഭക്തിയോഗത്തെ ഭാരതീയ ശൈലിയിൽ '*ഏകാന്തഭ ക്തിയോഗം*' എന്നു വിശേഷിപ്പിക്കാം. ദൈവമാകുന്ന ഒരേയൊരു 'അറുതി യോട്' (ഏകമായ അന്തത്തോട്) തന്നെത്തന്നെ പൂർണ്ണമായി ചേർത്തൊന്നി പ്പിച്ചിരിക്കുന്ന ഭക്തിക്കാണ് ഏകാന്തതാഭക്തി എന്നു പറയുക. 'ഹൃദയത്തെ രണ്ടായി പകുത്ത്, ഒരു പങ്ക് ദൈവത്തിനും ഒരു പങ്ക് ലോകത്തിനും കൊടു ക്കുക' എന്ന ഭാവത്തിന് അദ്ദേഹത്തിന്റ ആധ്യാത്മികതയിൽ സ്ഥാനമില്ല. (വാല്യം III. പേജ് 59,60). *ഭക്താ ഏകാന്തിനോ മുഖ്യാഃ* (നാരദഭക്തിസൂത്രം,

67). ഭക്തരിൽ ഏറ്റവും ശ്രേഷ്ഠരായി കണക്കാക്കേണ്ടത് ഇവ്വിധമുള്ള ഏകാന്തഭക്തിയോഗികളെ ആകുന്നു എന്നർത്ഥം.

എത്രയും ചിത്രമാം നിൻമുഖപത്മത്തെ
*ഏകാന്തപ്രേമത്താൽ* പാർക്കുന്നഹം
(ആത്മാനുതാപം III.56)

ഏകാന്തഭക്തിയോഗത്തിന്റെ രണ്ടു ലക്ഷണങ്ങൾ നാരദഭക്തിസൂത്രങ്ങളിൽ വിവരിച്ചിട്ടുള്ളത് ഇപ്രകാരമാകുന്നു: *തസ്മിൻ അനന്യതാ, തദ്വിരോധിഷു ഉദാസീനതാ* (സൂത്രം 9). ദൈവത്തിനുള്ള പൂർണ്ണമായ അർപ്പണത്തിൽനിന്നും അന്യമായ വേറൊന്നിലേക്കും വ്യതിചലിക്കാതിരിക്കൽ (= അനന്യതാഭക്തി - സൂത്രം10); ഈ അർപ്പണത്തിന് വിരോധമായിട്ടുള്ള എല്ലാ കാര്യങ്ങളോടും വൈമുഖ്യം അഥവാ താത്പര്യമില്ലായ്മ (= ഉദാസീനത).

'ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ മുഴുവനും നിനക്കു ഞാൻ കയ്യാളിക്കുന്നു. നിന്റെ തിരുമനസ്സല്ലാതെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല' (വാല്യം III. പേജ് 21). 'അല്പമായിട്ടെങ്കിലും നീ തമ്പുരാനെ സ്നേഹിക്കുന്നുവെങ്കിൽ നീ ചെയ്യുന്ന ലഘുവായൊരു ദോഷത്തെ അഥവാ പാപത്തെപോലും ചെറിയൊരു കുറ്റമായി കരുതാൻ നിനക്ക് ആവുന്നതെങ്ങനെ? നിന്റെ എത്രയും പ്രിയപ്പെട്ട മണവാളനായിരിക്കുന്ന ഈശോമിശിഹായെ നിരസിക്കുന്നതും ഉപദ്രവിക്കുന്നതും സാരമില്ലാത്തൊരു കുറ്റമെന്ന് നിനക്കു തോന്നുന്നതെങ്ങനെ? അയ്യോ, പാപം എന്നതിന്റെ ദൈന്യത നീ ഇതുവരെയും വേണ്ടുംവണ്ണം ഗ്രഹിച്ചിട്ടില്ല. സർവ്വശക്തനും നിന്റെ സ്രഷ്ടാവുമായ ദൈവത്തെ അപമാനിക്കുന്നത് ചെറിയൊരു കുറ്റമാണെന്നാണോ നീ കരുതുന്നത്?' (III. പേജ് 56-57). 'ആയതിനാൽ ഇതുവരെയുള്ള നിന്റെ നന്ദികേടിന്മേൽ ക്ലേശിച്ച്, നീ വേദനിപ്പിച്ചിരിക്കുന്ന അനുഗ്രഹവാരിധിയായ നിന്റെ പിതാവ് നിന്നെ കൈകൊൾവാൻ ഇപ്പോഴും കാത്തിരിക്കുന്നു എന്നതിനാൽ, നീ അവിടുത്തെ പക്കൽ അണഞ്ഞ്, സുവിശേഷത്തിലെ ഇളയപുത്രനെപ്പോലെ, അവിടുത്തോട് പൊറുതി യാചിച്ചുകൊള്ളുക. ഉടൻതന്നെ അവിടുന്ന് നിന്നെ അനുഗ്രഹപൂർവ്വം തൃക്കൺപാർക്കും. നിനക്കു നഷ്ടപ്പെട്ട വസ്ത്രാഭരണങ്ങൾ അവിടുന്ന് നിന്നെ വീണ്ടും അണിയിക്കും. തന്റെ പ്രിയപ്പെട്ട മക്കളുടെ കൂട്ടത്തിൽ നിന്നെ ചേർക്കുകയും ചെയ്യും' (വാല്യം III. പേജ് 59).

മേലെഴുതിയ പ്രകരണങ്ങളിൽ ആദ്യന്തം നിറഞ്ഞുനില്ക്കുന്നത്, ചാവറയച്ചന്റെ 'അനന്യതാഭക്തിയും,' ദൈവസ്നേഹ വിരുദ്ധമായ വാഗ്വിചാരവൃത്തികളോട് അദ്ദേഹത്തിനുണ്ടായിരുന്ന വിരോധവും വിപ്രതിപത്തിയും തന്നെയാണല്ലോ.

## 4. അന്തര്യാമിത്വം

ഭക്തി, ദൈവകൃപയും ദൈവദാനവും മാത്രമല്ല; ഭക്തന്റെ ആത്മാവിൽ വസിച്ചുകൊണ്ട് അയാളിൽ ഭക്തി ഉണർത്തുന്നതും ദൈവംതന്നെയാണ്. 'ആരാണോ മനസ്സിലും ബുദ്ധിയിലും സ്ഥിതിചെയ്ത്, മനസ്സിന്റെയും ബുദ്ധിയുടെയും ഉള്ളിൽ വാഴുന്നത്, ഉള്ളിലിരുന്ന് നിന്റെ മനസ്സിനെയും ബുദ്ധിയെയും നിയന്ത്രിക്കുന്നത്, അവനാകുന്നു നിന്റെ ആത്മാവിന്റെ ആത്മാവും അമർത്ത്യനുമായ *അന്തര്യാമി*' (ബൃഹദാരണ്യകോപനിഷത്ത് 3.7.20,22). 'എന്നിൽ ശക്തിയായി പ്രവർത്തിക്കുന്നത് യേശുവിന്റ ആത്മാവാകുന്നു' (കൊളോ.1:29). 'നാമാകുന്ന ശരീരം മുഴുവൻ സന്ധിബന്ധങ്ങളാലും സിരകളാലും പരിപുഷ്ടപ്പെട്ടും കൂട്ടിയിണക്കപ്പെട്ടും ദൈവികമായ പൂർണ്ണത പ്രാപിക്കുന്നത് യേശുവാകുന്ന ശിരസ്സിൽനിന്നാകുന്നു.' (കൊളോ.2:19). ഏതു കാര്യത്തിലും യേശുവിനെ ഉള്ളിൽനിന്നും ചലിപ്പിച്ചിരുന്ന ചാലകശക്തി ദൈവത്തിന്റെ ആത്മാവായിരുന്നുവല്ലോ (മത്താ. 4:1; ലൂക്കാ.4:14,18).

ദൈവത്തിന്റെ ആത്മാവ് തന്റെ ആത്മാവിനോട് ചേർന്ന് വഹിക്കുന്ന സാക്ഷ്യവും (റോമ. 8:16), ദൈവാത്മാവ് തന്റെ അവാച്യമായ നെടുവീർപ്പുകളാൽ തന്നെ കേൾപ്പിച്ചിരുന്ന ഉൾവിളികളും (റോമ. 8:26) ചാവറയച്ചൻ സുവ്യക്തം കേട്ട് ഗ്രഹിച്ചിരുന്നു.

> എന്റെ പ്രിയം നിറഞ്ഞ അപ്പാ,
> എല്ലാവരാലും ഞാൻ കൈവിടപ്പെട്ടാലും,
> നീ എന്നെ മറക്കുന്നില്ലല്ലോ.
> അയ്യോ! ദുഷ്ടനായ ഞാൻ നിന്നെ മറന്നുപോയി;
> എങ്കിലും, എന്റെ പ്രിയമുള്ള പിതാവേ,
> നീ ഇതുവരേയും
> എന്നെ ഉപേക്ഷിക്കാതെ കാത്തിരുന്നു;
> എന്റെ തന്നിഷ്ടപ്രകാരം,
> ഞാൻ ലോകമായയ്ക്കു വശംവദനായി,
> ഒരു ദിവസമെങ്കിലും പൂർണ്ണമായ സ്നേഹത്തോടെ
> നിന്റെ പക്കൽ നിൽക്കാതെയും,
> നിന്നെ ഓർക്കാതെയും,

വ്യാപരിച്ചുപോയി.
എന്റെ ഇന്ദ്രിയസുഖം
എന്നെ പിടിച്ചുവലിക്കുന്നപ്രകാരം
ഞാൻ ബഹുമാനങ്ങൾക്കും
സുഖസന്തോഷങ്ങൾക്കും പിറകെ പോയി.
ആ നേരങ്ങളിൽപ്പോലും,
നീ എന്റെ ഉള്ളിൽ ഇരുന്നുകൊണ്ടും,
എന്റെ പിറകെ നടന്നുകൊണ്ടും,
എന്റെ ഹൃദയത്തിൽ നിന്റെ സ്വരം എന്നെ കേൾപ്പിച്ചു.

(വാല്യം III. പേജ് 62)

ദൈവമാണ് തന്റെ ഉള്ളിലിരുന്ന് തന്നെ വഴി നടത്തുന്നവൻ (സങ്കീ.73:24) എന്ന ബോധ്യത്തോടെ, തന്റെ ആത്മാവിൽ അന്തര്യാമിയായി വസിക്കുന്ന ദൈവത്തോട് ചാവറയച്ചൻ ഇങ്ങനെ അപേക്ഷിക്കുന്നു.

എന്റെ മനോഗുണമുള്ള പിതാവെ,
എന്നെ പ്രിയത്തോടുകൂടെ
അന്വേഷിച്ചുകൊണ്ടിരുന്ന നീ
എന്നെ ഇപ്പോൾ നിന്റെ പക്കൽത്തന്നെ
ചേർത്തിരിക്കുന്നുവല്ലോ.
ഇനിയൊരുനാളും നിന്നിൽനിന്നും
ഞാൻ അകലുകയില്ലെന്ന്
എന്റെ ശക്തിയൊക്കെയോടുംകൂടി
ഞാൻ പ്രതിജ്ഞ ചെയ്യുന്നു.
അനുഗ്രഹമുള്ള പിതാവേ,
ഇതാ വീട്ടുമൃഗംപോലെ
നിന്റെ മുമ്പിൽ ഞാൻ നിൽകുന്നു.
എന്നെ എവിടേയ്ക്കു നടത്തണം,
എന്തു ചെയ്യണം, എങ്ങനെ ചെയ്യണം,
ഇത്യാദിയെല്ലാം നിന്റെ തിരുമനസ്സുപോലെ,
നീതന്നെ എന്നെക്കൊണ്ട് നടത്തിക്കേണമേ!
നിന്റെ തിരുമനസ്സിന് ഞാനെന്റെ മനസ്സിനെ
കീഴ്പ്പെടുത്തി കയ്യേല്പിച്ചിരിക്കുന്നു.

കർത്താവേ, നിന്റെ തിരുമനസ്സ് എന്തോ
അതുതന്നെ അടിയന്റെ ഭാഗ്യമെന്നും ഉറച്ചിരിക്കുന്നു.
ഈ നിശ്ചയത്തിന് അന്തരം വരാതെ
നീതന്നെ എന്നെ കാത്തുകൊള്ളണമേ.
ഈ അപേക്ഷപ്രകാരം മേലിൽ വ്യാപരിപ്പാനും
ഞാൻ പ്രതിജ്ഞ ചെയ്തിരിക്കുന്നു.

(വാല്യം III. പേജ് 62-63).

## 5. സ്നേഹപ്രഭവം

ചാവറയച്ചന്റെ ആത്മന്യാസത്തിന്റെ ക്രിസ്തീയമായ മറ്റൊരു മാനവും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. താനല്ല, മറിച്ച്, ദൈവമാണ് തന്നെ ആദ്യം സ്നേഹിച്ചത് (1 യോഹ. 4:10,19). തന്നെ സ്നേഹിക്കുകയും തനിക്കായി കുരിശിൽ ആത്മസംന്യാസം ചെയ്യുകയും ചെയ്ത യേശുവിന്റെ സ്നേഹത്തിനുള്ള (ഗലാ. 2:20; എഫേ. 5:2) തന്റെ പ്രതിസന്ന്യാസമായിട്ടത്രെ ചാവറയച്ചൻ തന്റെ കയ്യാളിപ്പിനെ അഭിവീക്ഷിച്ചിട്ടുള്ളത്:

'രാജാക്കൻമാരുടെ രാജാവായ, ചക്രവർത്തിതന്നെയായ യേശു, തന്റെ അടിയനായ എന്നെ ഉയർത്തി മോക്ഷത്തിൽ ചേർക്കുന്നതിനായി തന്റെ ഒരു സ്വേദകണംമാത്രം മതിയായിരിക്കേ, ബേത്ലഹമിൽ പിറന്ന് മുപ്പത്തിമൂന്നു വർഷം വസിച്ചത്,' 'നന്ദിഹീനനാമെന്റെ സ്നേഹത്തെ വലിപ്പാനായി' - തന്നിലേക്ക് ഹഠാദാകർഷിക്കാനായി - മാത്രമായിരുന്നു (ആത്മാനുതാപം, II. 176-180). അദ്ദേഹം തന്നെത്തന്നെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു:

ദയവിന്നയോഗ്യനായിവനെങ്കിലും, തവ
ദയയാൽ വളർത്തപ്പെട്ടതിനെയോർത്തീടേണം.
(ആത്മാനുതാപം, II. 280)

യേശു തനിക്കായി സ്വശരീരത്തിൽ സഹിച്ച അവർണ്ണനീയ പീഡകളെ ഒന്നൊന്നായി ധ്യാനവിഷയമാക്കുന്ന ചാവറപിതാവിൽനിന്നും ഉതിരുന്ന സ്നേഹരോദനം ശ്രദ്ധിക്കുക:

ആ പ്രിയമുള്ള കർത്താവേ,
നിന്റെ ഈ സഹനത്തിനെല്ലാം
കാരണക്കാരൻ
ഞാൻതന്നെ എന്ന വിചാരത്തോടുകൂടിയേ

എനിക്കു
നിന്റെ വ്രണിതമായ തിരുമേനി ദർശിക്കാനാവൂ.
വെറുമൊരു പുഴുസമം
അതിനിസ്സാരനായ എന്നെപ്രതി നീ എന്തെല്ലാം,
ഏതെല്ലാം പ്രകാരത്തിൽ,
സഹിച്ചുവെന്ന് ഞാൻ അറിഞ്ഞിരുന്നിട്ടും,
പിന്നെയും നിന്നെ ഞാൻ ഉപേക്ഷിച്ചതെങ്ങനെ!
നിന്റെ സർവ്വത്ര മുറിവേറ്റ ഈ ശരീരത്തെ
സൂക്ഷിച്ചുനോക്കിയാൽ,
ഇനിയെങ്കിലും
നിന്നെ ഞാൻ സ്നേഹിക്കാതിരിക്കുന്നതെങ്ങനെ!
നീ എന്നെ ഇത്രമേൽ സ്നേഹിച്ചപ്പോൾ,
നിന്നെ സ്നേഹിക്കുകയല്ലതെ, മറ്റൊന്നിന്റെമേൽ
എനിക്കു സ്നേഹം തോന്നുന്നതെങ്ങനെ!
ആ കർത്താവേ, നിന്നെ സ്നേഹിപ്പാനുള്ള കൃപാവരം
നീ എനിക്കു തന്നരുളേണമേ!
ആ സ്നേഹമുള്ള അപ്പാ,
നിന്റെ രക്തഞരമ്പുകളിലെ ചോരമുഴുവൻ
എനിക്കുവേണ്ടി ചിന്തിത്തീർത്തിട്ടും, നിനക്കു
എന്നോടുള്ള സ്നേഹത്തിന് അത് മതിയാകാതെ,
നിന്റെ മാംസത്തിന്റെ ഇടകളിൽ ശേഷിക്കുന്ന
അവസാനത്തുള്ളി ചോരകൂടെയും
എനിക്കായി ചിന്തപ്പെടുവാൻ
നീ എന്നിലൂടെ ഇടവരുത്തി.
അതുപോലും നീ എന്റെമേൽ വച്ച
സ്നേഹത്തിനു മതിയായില്ല.
എന്നെയും നിന്റെ മണവാട്ടിയുടെ കൂട്ടത്തിൽ
ചേർപ്പാനായിട്ടത്രെ നീ ഇത്ര വലിയ
ദുഃഖഘോഷങ്ങൾ കഴിക്കുന്നത്
എന്ന ഒരൊറ്റ ചിന്തമാത്രം മതിയല്ലോ,
എനിക്കു നിന്നെ, നിന്നെമാത്രം, സ്നേഹിക്കുവാൻ!

(വാല്യം III. പേജ് 21-23)

വി. യോഹന്നാൻ ശ്ലീഹായുടെ വചനംപോലെ,
സ്നേഹം ഇതാകുന്നു:
തമ്പുരാനെ നാം സ്നേഹിച്ചു എന്നതുകൊണ്ടല്ല
തമ്പുരാൻ നമ്മെ സ്നേഹിച്ചത്!
ആ മനോഗുണമേ! ആ സ്നേഹമേ!
ആ അനുഗ്രഹമേ! ആ ക്ഷമയുടെ ആഴമേ!
നാം ശത്രുക്കളായിരിക്കെത്തന്നെ
അവിടുന്ന് ഇവ്വിധം നമ്മെ സ്നേഹിച്ചു!
നമുക്കുവേണ്ടി മരിച്ചു!
ആ നിലയ്ക്ക്, സ്നേഹിപ്പാനായി നാം
തന്റെ പക്കലേയ്ക്ക് ചെല്ലുന്നുവെങ്കിൽ,
നമ്മെ സ്നേഹിക്കാതിരിക്കാൻ
അവിടുത്തേക്കു കഴിയുമോ?
അയ്യോ! ഇതൊക്കെ ഞാൻ അറിഞ്ഞിരുന്നിട്ടും
നിന്നോടു ഞാൻ നന്ദികേടു ചെയ്തു.
ആ എന്റെ മനോഗുണമുള്ള പിതാവെ,
നിന്റെ സ്നേഹത്തെ ഞാൻ കണ്ടറിഞ്ഞിരുന്നിട്ടും,
നിന്നെ സ്നേഹിച്ചതിലേറെ അധികമായി ഞാൻ
മണ്ണിനെയും നശ്വരജീവികളെയും സ്നേഹിച്ചു.
ആ കൃപാസാഗരമേ!
നന്ദിയില്ലാത്ത മകനായ എന്നെ നീ അന്വേഷിച്ച്,
ഉച്ചയിലും പാതിരാവിലും,
മഞ്ഞിലും കുളിരിലും വെയിലിലും,
കാട്ടിലും മേട്ടിലും, കടലിലും, കരയിലും
എന്നെ തേടി ചുറ്റിത്തിരിഞ്ഞു നടന്ന
നിന്റെ തൃക്കാലുകളെയും,
കടുത്തപാറകളിൽ ചവിട്ടി നടന്ന
നിന്റെ തിരുപാദങ്ങളെയും കണ്ടിട്ടും,
നിനക്കു വിരോധമായി
ഞാൻ എന്റെ കാലുകളെ ചരിപ്പിച്ചതെങ്ങനെ!
ഇവ്വിധം നിന്നെ സങ്കടപ്പെടുത്തിയതിനെപ്രതി
നിന്നോടു പൊറുതി അപേക്ഷിച്ചുകൊണ്ട്, ഇനി
എന്റെ കാലുകളാൽ നിന്നെ സങ്കടപ്പെടുത്താതെ,

എന്റെ കാലുകളുടെ ഇനിയുള്ള സർവ്വചലനങ്ങളും
നിന്റെ തൃക്കാലുകളുടെ നൊമ്പരത്തോടും
ചലനങ്ങളോടും ചേർത്ത്
നിനക്കു ഞാൻ കാഴ്ച്ചവയ്ക്കുന്നു.

(വാല്യം III.പേജ് 27-28)

**6. ലോകരക്ഷണയജ്ഞം**

ന്യാസം അഥവാ ദൈവതൃക്കരങ്ങളിലേക്കുള്ള നമ്മുടെ കയ്യാളിപ്പ് സംന്യാസമാകുക മൂന്നു കാര്യങ്ങളുടെ എടുത്തു വയ്പ്പാകുമ്പോഴാണ്: **ആത്മന്യാസം** (= അവനവനെത്തന്നെ സമർപ്പിക്കൽ); **അർത്ഥന്യാസം** (= അവനവനു ഉള്ളവയെ സമർപ്പിക്കൽ); **വ്യാപാരന്യാസം** (= അവനവന്റെ കർമ്മങ്ങളെ സമർപ്പിക്കൽ). ഇവ മൂന്നിനെയും ഉൾക്കൊള്ളുന്നതാകുമ്പോഴത്രെ സംന്യാസം ഒരുവൻ ദൈവത്തിനർപ്പിക്കുന്ന യജ്ഞം അഥവാ ബലിയാവുക. സന്ന്യാസസമർപ്പണത്തിന്റെ ഈ യജ്ഞതലമാണല്ലോ അതിനെ ലോകരക്ഷണാർത്ഥമുള്ളൊരു തപസ്യയാക്കുക. തന്റെ ആത്മസമർപ്പണത്തിന്റെ പരസ്നേഹപരവും പരരക്ഷണോന്മുഖവുമായ വശത്തെപ്പറ്റിയും ചാവറയച്ചൻ സർവ്വദാ ബോധവാനായിരുന്നു. പരോപചാരവും ദീനദയാലുത്വവുമില്ലാത്ത സംന്യാസം ലോകസംഗ്രഹാർത്ഥമുള്ള (ലോകരക്ഷണത്തിനായുള്ള) വർത്തനമാകാതെ, ലോകത്തിൽ നിന്നുള്ള പ്രതിനിവർത്തനം അഥവാ പിൻവാങ്ങൽ മാത്രമായി മാറിപ്പോകും. മാന്നാനം ആശ്രമസ്ഥാപനത്തിന് തനിക്ക് പ്രേരകമായിത്തീർന്ന, അന്നത്തെ വികാരി അപ്പസ്തോലിക്ക മൗറേലിയൂസ് മെത്രാനച്ചന്റെ വാക്കുകൾ ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്: "അല്പം വല്ലതും തിരിയുന്ന നിങ്ങൾ ഒന്നുരണ്ടുപേരുള്ളത് മിണ്ടടക്കമായി വല്ലിടത്തും ഒതുങ്ങിപാർത്താൽ പിന്നെ ലോകരെ പഠിപ്പിക്കാൻ ആരാണുണ്ടാവുക! അങ്ങനെ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ ഒരു കൊവേന്ത വയ്പ്പിൻ; എന്നാൽ എല്ലാവർക്കും ഉപകാരമുണ്ടാകുമല്ലോ."[1]

മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നും പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുകൂടിയാണ് ജീവിക്കേണ്ടത് എന്ന തിരുവചനത്തിന്റെ (മത്താ.4:4) ചൈതന്യത്തിൽ, സമർപ്പിതരുടെ പ്രഥമധർമ്മമായി ചാവറപ്പിതാവ് കല്പിച്ചിരുന്നത്, "അപേക്ഷകളാലും നമസ്ക്കാരത്താലും ദിവ്യപൂജയാലും" (വാല്യം III.പേജ് 58) അവർ മറ്റുള്ളവർക്കു ചെയ്തുകൊടുക്കേണ്ട ആത്മീയസഹായങ്ങളെത്തന്നെയാണ്. കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായിട്ടാണ് സർവ്വേശ്വരൻ ഈ സഭയെ

1. ഫാ. വലേരിയൻ : **ചാവറ കുര്യാക്കോസ് ഏലിയാച്ചൻ** (മാന്നാനം, 1939), പേജ് 48-49.

സ്ഥാപിച്ചിരിക്കുന്നതെങ്കിലും (സഭാംഗങ്ങൾക്കുള്ള കത്തുകൾ VI.4.3), അതോടൊപ്പം, ആത്മാവും ശരീരവും ചേർന്ന മനുഷ്യന്റെ ബൗദ്ധികവും ശാരീരികവും സാമൂഹികവുമായ ആവശ്യങ്ങളിലേയ്ക്കും തന്റെ സഭാംഗങ്ങളുടെ ശ്രദ്ധയും ശുശ്രൂഷയും തിരിയണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. **വൈദിക പരിശീലനം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, മുദ്രാലയ പ്രേഷിതത്വം, ആതുരശുശ്രൂഷ, സമുദായസേവനം, അനാഥപരിപാലനം** തുടങ്ങിയ മേഖലകൾക്ക് അദ്ദേഹം കല്പിച്ചിരുന്ന പ്രാധാന്യവും അവയ്ക്ക് അദ്ദേഹം നല്കിയിരുന്ന നേതൃത്വവും ഏവർക്കും അറിവുള്ളതാകയാൽ, അക്കാര്യങ്ങളൊന്നും ഇവിടെ വിശദമായി വിവരിക്കുന്നില്ല.[2]

ചാവറയച്ചന്റെ ജനശുശ്രൂഷാപരമായ പരാർത്ഥഭക്തിയിൽ ശ്രദ്ധേമായ ഏതാനും കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു.

i. പരശുശ്രൂഷയിൽ യേശുതന്നെയാവണം നമ്മുടെ മാതൃകയും പ്രേരണയും പ്രബോധകനും. ശിഷ്യരുടെ പാദം കഴുകിയ യേശുരൂപത്തെ മനസാ സ്മരിച്ചുകൊണ്ട് പിതാവ് എഴുതുന്നു:

പുണ്യന്മാരായവർക്കൊക്കെയും മുൻപിനാൽ
പുണ്യാഭ്യാസത്തിന്നാരംഭമിതാ:
ഞാൻ ചെയ്യുന്നെന്നപോൽ നിങ്ങളും ചെയ്‌വാനായ്
ഞാൻതന്നെ മാതൃക തന്നിടുന്നു
എന്നരുൾ ചെയ്തു തൻ തൃക്കൈയ്യിൽ വെള്ളവും
നന്നാ വെളുത്തോരു തൂവാലയും
മേൽവസ്ത്രം നീക്കി, അരയതിൽ കച്ചയും
താഴ്ച്ചയാൽ ചുറ്റിയീ ദൈവപുത്രൻ,
ശിഷ്യരുമുൻപതിൽ മുട്ടുകുത്തിക്കൊണ്ടും
പത്രോസുമാദിയായ് യൂദാവരെ
കാലുകഴുകി തൻ തൃക്കൈയ്യാൽ തോർത്തിയും
ഭേദമില്ലാതെ തികച്ചശേഷം,
നിങ്ങൾക്കു നാഥനും ദൈവവും നാംതന്നെ
എന്നുവരുമ്പോഴോ നിങ്ങളും തങ്ങളിൽ
നന്ദിചെയ്തീടുവാനെത്ര കടം!

(മരണവീട്ടിൽ പാടുന്നതിനുള്ള പാന 1110-20)

2. ഫാ. വലേരിയൻ : ( " " " ) അധ്യായം 7, 8, 11, 15, 16.

ii. തന്നെത്തന്നെ പ്രഥമതഃ ദരിദ്രർക്കും അന്ധർക്കും അടിച്ചമർത്തപ്പെട്ടവർക്കും സദ്വാർത്തയാക്കിത്തീർക്കുന്നതിനുവേണ്ടി അവർക്കായി അഭിഷിക്തനാവുകയും, അവരിലേക്കു അയക്കപ്പെടുകയും ചെയ്ത യേശുവിന്റെ മാതൃക (ലൂക്കാ. 4:18-19), സമൂഹത്തിന്റെ കീഴ്ശ്രേണിയിൽ നിൽക്കുന്ന 'പാവപ്പെട്ടവരോട് പക്ഷം ചേരാൻ' നമ്മെ പ്രത്യേകം പ്രചോദിപ്പിക്കേണ്ടതാണ്.

കീഴ്ത്തരമായ മനുഷ്യരെ രക്ഷിപ്പാൻ
കീഴ്പ്പെട്ട നിന്നെ ഞാൻ കാണാകേണം.
(ആത്മാനുതാപം III. അനുബന്ധം 12)

iii. പരോപകാരകർമ്മങ്ങളിൽ, രോഗീശുശ്രൂഷയ്ക്ക് ചാവറയച്ചൻ പ്രത്യേകമായ പ്രാമുഖ്യം കൽപ്പിച്ചിട്ടുള്ളതായി കാണാം. ഇന്ന് യേശുവിനെ ശുശ്രൂഷിക്കുന്നതിന് നമുക്കുള്ളൊരു പ്രധാന വഴി, രോഗികളിൽ യേശുവിനെത്തന്നെ കണ്ടുകൊണ്ടുള്ള പരിചരണമാണല്ലോ.

രോഗിയെ കാണ്മാനായ് പോകുന്ന നേരത്തിൽ
രോഗിയിതാരെന്നുമോർത്തുകൊൾക.
രോഗത്താൽ ഞാനന്നു വലഞ്ഞോരുനേരത്ത്
ചാരത്തു നിന്നെന്നെ തോഷിപ്പിച്ചു നീയും.
രോഗിക്കു നൽതുണ ചെയ്യുന്ന നേരത്തിൽ
നേരിതു നാഥനെന്നോർത്തിടുവിൻ.
രോഗിക്കു ശുശ്രൂഷ തോഷിച്ചു ചേയ്തിടൂ...
ഇപ്പോലെ രോഗികൾക്കായ് നിങ്ങൾ ചെയ്യുകിൽ
അതാ, പരമനാഥൻതന്നെ കയ്യേറ്റുകൊള്ളും.
(മരണവീട്ടിൽ പാടുന്നതിനുള്ള പാന 1090, 1130, 1162)

iv. കുടുംബജീവിതം മംഗളകരവും മോക്ഷദായകവും ആക്കിത്തീർക്കുന്നതിന് **ഒരു നല്ല അപ്പന്റെ ചാവരുൾ** എന്ന ശീർഷകത്തിൽ ചാവറയച്ചൻ നല്കിയിട്ടുള്ള ഉപദേശമാലിക അമൂല്യരത്നങ്ങൾ അടങ്ങിയ ഒരു സുവർണ്ണ സഞ്ചികയാകുന്നു. അദ്ദേഹത്തിന്റെ ലോകബന്ധവും കുടുംബശിക്ഷണപരവുമായ അധ്യാത്മ ദർശനത്തിന്റെ അതി പ്രോജ്ജ്വലമായൊരു മാനിഫെസ്റ്റോ കൂടിയായ ഇതിന്റെ ഒരു സംഗൃഹീത രൂപം താഴെ ചേർത്തുകൊള്ളുന്നു:

1. നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിലെ അംഗങ്ങൾ സ്നേഹത്താൽ തമ്മിൽത്തമ്മിൽ കെട്ടപ്പെട്ട്, അധികാരികളോടുള്ള ആദരവിലും അനുസരണത്തിലും, ദൈവത്തോടും മനുഷ്യരോടുമുള്ള സമാധാനത്തിലും, ഓരോരുത്തരും നിത്യഗതി

പ്രാപിക്കുന്നതിനാവശ്യമായ പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുമ്പോഴത്രെ, കുടുംബം കുടുംബമാകുന്നത്. ദുഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഉണ്ടാകാവുന്ന ഓരോരോ ഞെരുക്കങ്ങൾക്കും സങ്കടങ്ങൾക്കും മധ്യെ, പരസ്പരം അനുഭവവേദ്യമാക്കുന്ന ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അവർണ്ണനീയ മാധുര്യം നുകർന്ന്, ആരോടും പ്രതികാരബുദ്ധി പുലർത്താതെ, ക്രമാനുസൃതം ജീവിക്കുക എന്നതത്രെ കുടുംബത്തെ സ്വർഗ്ഗസമമാക്കുന്നത്. ക്രമവും സമാധാനവുമില്ലാതെയും, ദൈവശുശ്രൂഷയിലും നിത്യരക്ഷയിലും താത്പര്യം പുലർത്താതെയും, നടക്കുന്നൊരു കുടുംബത്തിൽ ജീവിക്കുക എന്നതുതന്നെ ഏറ്റവും സങ്കടകരമാകുന്നു. നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹമായിരിപ്പിൻ. ഓരോരുത്തരുടെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ, ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും. ക്ഷമിക്കുന്നത് ബലഹീനതയല്ല, മറിച്ച് വലിയ ശക്തിയുടെ അടയാളമാകുന്നു (IX/6).

2. കോടതി വ്യവഹാരങ്ങൾ കുടുംബങ്ങളെ നശിപ്പിക്കുകയേ ഉള്ളൂ.

3. ഞായറാഴ്ചകളിൽ ആത്മീയ കടമകൾക്കു വിഘ്നം വരുത്തരുത്. കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവഭയവും ഭക്തിയുംതന്നെ.

4. കുടുംബങ്ങളിൽ കടബാധ്യതകൾ വരുത്തരുത്. കടമില്ലാത്ത കുടുംബമാകുന്നു ഏറ്റവും ദ്രവ്യമുള്ള കുടുംബം. ഉള്ള കടങ്ങൾ ഉത്സാഹപൂർവം തിരിച്ചടയ്ക്കണം.

5. സമ്പത്തിന്റെ പ്രദർശനം ആർക്കും ഭൂഷണമല്ല. ഉള്ളതുമുഴുവൻ പ്രദർശിപ്പിക്കുന്നവൻ ആത്മനിയന്ത്രണശക്തിയില്ലാത്ത ദുർബലനാകുന്നു.

6. സ്വന്തം സാമ്പത്തികനില മറന്നുകൊണ്ടുള്ള ആഘോഷങ്ങൾ വിനാശകരമായിരിക്കും. അതിലൂടെ കിട്ടുന്ന പ്രഭ പെട്ടെന്നണഞ്ഞുപോകും. ക്ഷണനേരംകൊണ്ട് എരിഞ്ഞടങ്ങുന്ന വൈക്കോൽത്തുറുവിന്റെ തിളക്കത്തെക്കാൾ നല്ലത്, നില നിന്നുകത്തി വെളിച്ചംതരുന്ന ചെറിയൊരു വിളക്കിന്റെ വെട്ടമാകുന്നു.

7. മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടരുത്. മറ്റു വീടുകളിൽ കാര്യമില്ലാതെ കയറി ഇറങ്ങി ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻവേണ്ടി വർത്തമാനങ്ങൾ അന്വേഷിച്ചുകൊണ്ട് നടക്കരുത്.

8. വിവാഹബന്ധങ്ങൾ ക്രമവും ദൈവപേടിയുമുള്ള കുടുംബങ്ങളോടായിരിക്കണം.

9. സ്നേഹിതർ മര്യാദയും ദൈവപേടിയും ഉള്ളവരായിരിക്കണം.

10. വീട്ടിലെ സംസാരത്തിൽ കലഹവും പരനിന്ദയും പരദൂഷണവും ഉണ്ടാകരുത്.

11. പുതിയ പുതിയ വസ്തുക്കളെ തേടിപ്പോകാതെ, ഉള്ളവയെ സൂക്ഷിച്ചും നന്നാക്കിയും ഉപയോഗിക്കാനാണ് ശ്രദ്ധിക്കേണ്ടത്. നെറ്റിയിലെ വിയർപ്പു കൊണ്ട് നനയ്ക്കുന്ന പറമ്പ് പൊന്നായിത്തീരും.

12. അധ്വാനിക്കാതിരിക്കുന്നത് ബഹുമാന്യതയല്ല; മടി സർവ്വദുർഗുണങ്ങളുടെയും മാതാവാകുന്നു; അതാണ് പലപ്പോഴും മദ്യപാനശീലത്തിന് കാരണമായി ഭവിക്കുക.

13. കച്ചവടത്തിൽ കളവും വഞ്ചനയും ഉണ്ടാകരുത്. നീതിയില്ലാതെ സമ്പാദിച്ച മുതൽ നിലനില്ക്കുകയില്ല. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകും എന്നാണ് ദൈവവചനം.

14. പരസ്പരം കഴിയുന്നത്ര ഉപകാരങ്ങൾ ചെയ്യണം.

15. അമിതധാരാളിത്വവും ലുബ്ധും ഒരുപോലെ തിന്മയാകുന്നു.

16. സ്നേഹിതന്മാർ അധികം വേണ്ട; ഉള്ളവർ സത്സ്വഭാവികളും ഈശ്വര വിശ്വാസികളും ആയിരിക്കണം.

17. വഞ്ചനയിലൂടെയും മോഷണത്തിലൂടെയും സമ്പാദിച്ച ധനം ചീഞ്ഞഴിഞ്ഞുപോകും.

18. ജോലിക്കാർക്ക് ന്യായമായ കൂലി കൊടുക്കണം; അവരുടെ കൂലി താമസിപ്പിക്കരുത്. ദരിദ്രൻ നിനക്കെതിരായി ദൈവത്തിന്റെ പക്കൽ നിലവിളിക്കാൻ ഇടയാക്കരുത്.

19. വസ്ത്രധാരണത്തിൽ ലാളിത്യവും മിതത്വവും പെരുമാറ്റത്തിൽ പരിശുദ്ധിയും പാലിക്കണം.

20. എല്ലാ കാര്യങ്ങളിലും ദൈവതിരുമനസ്സിന് വിധേയമായി മനസ്സിന്റെ സമചിത്തത കൈവെടിയാതെ ജീവിക്കണം.

21. ഭക്തിയെയും അറിവിനെയും വർദ്ധിപ്പിക്കുന്ന പുസ്തകങ്ങൾ സമ്പാദിക്കണം; അവ മക്കൾക്കു നല്കേണ്ട വിശിഷ്ട നിക്ഷേപങ്ങളാകുന്നു. അന്ധവിശ്വാസങ്ങളെയും അസന്മാർഗികതയെയും വളർത്തുന്ന പുസ്തകങ്ങൾ സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീവയ്ക്കുന്നതുപോലെയാണ്.

22. ഞായറാഴ്ചകൾ പ്രത്യേകമായി ചെലവഴിക്കേണ്ടത് ദിവ്യപൂജയിൽ സംബന്ധിക്കുക, ആത്മീയ പ്രഭാഷണങ്ങൾ ശ്രവിക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക, രോഗികളെ സന്ദർശിക്കുക, ദരിദ്രരെ സഹായിക്കുക തുടങ്ങിയ സൽപ്രവൃത്തികൾക്കായിരിക്കണം.

23. വീടുകളിൽ ആവശ്യത്തിലധികം ജോലിക്കാർ ഉണ്ടാകരുത്; അവരുടെ നടപടികളിലും ആത്മീയ കാര്യനിർവ്വഹണത്തിലും നോട്ടവും ശ്രദ്ധയും ഉണ്ടായിരിക്കണം, അവർ ദൈവഭയമുള്ളവരായിരിക്കണം.

24. ഉറക്കം, എഴുന്നേല്പ്, പ്രാർത്ഥന എന്നീ കാര്യങ്ങളിൽ ക്രമവും കൃത്യനിഷ്ഠയും ഉണ്ടായിരിക്കണം.

25. ദൈവം സൂക്ഷിക്കാനായി നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു നിങ്ങളുടെ മക്കൾ. അവർക്കുവേണ്ടി നിങ്ങൾ നിത്യേന പ്രാർത്ഥിക്കണം. അവരെക്കുറിച്ച് നിങ്ങൾ അവസാന നാളിൽ ദൈവത്തിനു കണക്കുകൊടുക്കേണ്ടിവരും.

26. അവരെ ചെറുപ്രായംമുതൽ ഭക്തിയിലും പ്രാർത്ഥനയിലും അഭ്യസിപ്പിക്കുക. ശരീരപോഷണത്തിനും ആത്മീയ വളർ ച്ചയ്ക്കും ആവശ്യമായ ഭക്ഷണം അവർക്കു നല്കണം.

27. അവരെ വിനയത്തിലും വിശുദ്ധിയിലും സദാചാരത്തിലും വളർത്തണം. അവരുടെ കാര്യം ജോലിക്കാരെ ഏല്പിക്കാതെ, മാതാപിതാക്കന്മാർ തന്നെ ശ്രദ്ധിച്ചു നടത്തണം. അവരോട് സ്നേഹമായും മാന്യമായും പെരുമാറണം.

28. അവർക്കു നല്ല വിദ്യാഭ്യാസം നല്കുകയും, അവരുടെ വിദ്യാലയജീവിതം സംബന്ധിച്ച കാര്യങ്ങളിൽ ശ്രദ്ധയും അന്വേഷണവും ഉണ്ടായിരിക്കുകയും വേണം.

29. മക്കളെ അന്വേഷണമില്ലാത്തവിധം, സംബന്ധക്കാരുടേതായിരുന്നാൽപ്പോലും, അന്യഭവനങ്ങളിൽ പാർപ്പിക്കരുത്.

30. അവരുടെ ആത്മീയകാര്യങ്ങൾ, പ്രഥമ ദിവ്യകാരുണ്യ സ്വീകരണം എന്നിവയിൽ ശ്രദ്ധിക്കുകയും, പ.കന്യകാമറിയത്തോടുള്ള ഭക്തിയിൽ അവരെ വളർത്തുകയും വേണം.

31. മക്കളോട് അമിതമായ കാർന്നിവും, അവർ ചോദിക്കുന്നതെല്ലാം ഉടനെ തന്നെ നടത്തിക്കൊടുക്കുംവിധം അനുകമ്പയും കാണിക്കരുത്. അവരെ കുറ്റപ്പെടുത്തുന്നത് വിവേകമുള്ള മഹിമയോടുകൂടി വേണം; മാതാ

പിതാക്കളെ ബഹുമാനിക്കാനും സ്നേഹിക്കാനും അവരെ ചെറുപ്പത്തിലേ ശീലിപ്പിക്കണം. അവരുടെ കൂട്ടുകാർ സത്സ്വഭാവികൾ ആയിരിക്കണം.

32. അസത്യം, തട്ടിപ്പ്, ചതി, സൂത്രം എന്നിവ മാതാപിതാക്കളിൽ ഉണ്ടാകരുത്; ഉണ്ടായാൽ, മക്കളും അത് കണ്ട് പഠിക്കാനിടയാകും.

33. വൈകീട്ട് കുടുംബത്തിൽ മക്കളോടൊന്നിച്ച് സന്ധ്യാനമസ്കാരം ഉണ്ടാകുകയും, നമസ്കാരശേഷം അവർ അപ്പനും അമ്മയ്ക്കും സ്തുതി ചൊല്ലുകയും വേണം.

34. മക്കളെ യഥാസമയം അവർക്കു യുക്തമായ തൊഴിലിൽ അഭ്യസിപ്പിക്കണം.

35. പെൺകുട്ടികളിൽ ആഭരണഭ്രമം, സാമ്പത്തികസ്ഥിതിയിൽ ഒതുങ്ങാത്തതും വിനയമില്ലാത്തതുമായ വസ്ത്രാലങ്കാരജ്വരം എന്നിവ വളരാൻ ഇടയാക്കരുത്.

36. കുട്ടികൾ, സഹപാഠികൾ എന്നിവർ തമ്മിലുള്ള നിസ്സാര പിണക്കങ്ങളെ പർവ്വതീകരിച്ച്, അവർ തമ്മിൽ അകൽച്ച ഉണ്ടാക്കരുത്.

37. മക്കൾ പ്രായപൂർത്തിയാകുമ്പോൾ, യുക്തമായ ജീവിതാവസ്ഥ സ്വതന്ത്രമായി തെരഞ്ഞെടുക്കാൻ അവരെ അനുവദിക്കണം. ദ്രവ്യത്തിനും പ്രശസ്തിക്കും പ്രാധാന്യം നല്കുന്നതിനെക്കാൾ, നല്ല മര്യാദയും ശീലഗുണവും ഉള്ളവരെയാണ് മാതാപിതാക്കളും മക്കളും തെരഞ്ഞെടുക്കേണ്ടത്.

38. മാതാപിതാക്കൾ, സാധിക്കുന്നിടത്തോളംനാൾ മക്കളുടെ ദയാദാക്ഷിണ്യത്തിൽ കഴിയാൻ നോക്കാതെ, സ്വാശ്രയത്വത്തോടുകൂടി ജീവിക്കണം.

39. ശരിയായ സമയത്ത് മാതാപിതാക്കൾ മക്കളെ മാറ്റി പാർപ്പിക്കുകയും, തർക്കങ്ങൾക്ക് ഇടവരാത്തവിധം വസ്തുവകകൾ ന്യായമായി ഭാഗിച്ചുകൊടുക്കുകയും, അവർക്കു സ്വതന്ത്രമായി വളരാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയും വേണം.

40. മക്കളേ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കാനും, അവരുടെ മനസ്സിനെ വേദനിപ്പിക്കാതിരിക്കാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. നാലാം പ്രമാണം ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല ഈ ലോകത്തിൽക്കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ! (കത്തുകൾ IX/6).

## 7. ദൈവശുശ്രൂഷയും മനുഷ്യശുശ്രൂഷയും

എല്ലാ ശുദ്ധതയിലും പുണ്യസുഖത്തിലും ഭക്തിയോടും യോഗ്യതയോടുംകൂടി, എളിമയുള്ള ഹൃദയത്തോടും മനസ്സിന്റ് പ്രതിജ്ഞയോടും എരിവുള്ള സ്നേഹത്തോടുംകൂടി, ദൈവശുശ്രൂഷ ചെയ്യുന്നതാകുന്നു സാധുവായ ഭക്തി (വാല്യം III.പേജ് 74-75). യഥാർത്ഥമായ ദൈവശുശ്രൂഷയുടെ മറുപുറമാകുന്നു മനുഷ്യർ പരസ്പരം ഉപകാരം ചെയ്യണം എന്നുള്ളത് (ഒരു നല്ല അപ്പന്റെ ചാവരുൾ, 14). ഇവ രണ്ടിനും - ദൈവശുശ്രൂഷയ്ക്കും മനുഷ്യശുശ്രൂഷയ്ക്കും - സഹായകമായവിധം എല്ലാ കർമ്മങ്ങളും ചെയ്യുകതന്നെയാണ് ഭക്തിജന്യവും ഭക്തിപോഷകവുമായ ലോക-വേദ-വ്യാപാര-ന്യാസം. സഹായമർഹിക്കുന്ന ഒരു സഹോദരനു നേരെ ഹൃദയം അടയ്ക്കുന്ന ഒരാളിൽ ദൈവസ്നേഹം കുടികൊള്ളുന്നതെങ്ങനെ? (1 യോഹ. 3:17). ഇവ്വിധം ദൈവത്തേയും അയൽക്കാരനേയും സ്നേഹിക്കുന്നതിന് സഹായകമാകുംവിധം കർമ്മം ചെയ്യുമ്പോഴേ, നാം എല്ലാ വ്യാപാരങ്ങളെയും ദൈവത്തിൽ അർപ്പിച്ച നിലയിൽ (*തദർപ്പിതാഖിലാചാരതാ* - നാരദഭക്തിസൂത്രം,19) എത്തിച്ചേരുന്നുള്ളു. തന്റെ എല്ലാ കർമ്മങ്ങൾക്കും ആധാരമായ ശരീരത്തെ ദൈവത്തി നർപ്പിക്കുകയും മനുഷ്യർക്കായി വിഭജിക്കുകയും ചെയ്തതിലൂടെയാണല്ലോ യേശു ലോകരക്ഷണാർത്ഥമുള്ള തന്റെ ദൈവാർച്ചിതയജ്ഞം അഥവാ ബലി പൂർത്തീകരിച്ചത്. യേശുവിനെ പിൻചെന്നുകൊണ്ട് 'പരജന്യദാസ്യം' (സർവ്വജനശുശ്രൂഷ) സ്വധർമ്മമായി തെരഞ്ഞെടുത്ത കർതൃദാസിയായ മറിയംതന്നെയാണ് ഇക്കാര്യത്തിൽ ചാവറയച്ചൻ ഉയർത്തിക്കാട്ടുന്ന ഏറ്റവും വലിയ മാതൃക (ആത്മാനുതാപം ix, മാതൃദുഃഖം, 156). ചിലർക്ക് ദൈവൈക്യത്തിലേയ്ക്കുള്ള വഴിയെപ്പറ്റി അപൂർണ്ണമായ ധാരണയേ ഉള്ളൂ. കർത്താവ് ആഗ്രഹിക്കുന്ന കർമ്മങ്ങളും ചെയ്തേ തീരൂ. ഭക്തിയോഗത്തിനു ഭംഗം വരും എന്നു കരുതി, രോഗിയായ ഒരാളെ കണ്ടാൽ അയാൾക്ക് കഴിവുള്ള സഹായം ചെയ്യാതിരിക്കരുത്. വിശക്കുന്നവനെ കണ്ടാൽ, അയാളുടെ വേദന നിനക്ക് നിന്നിലും തോന്നിക്കണം; ആവശ്യമെങ്കിൽ, ഉപവസിച്ച് നിന്റെ ഭക്ഷണം അയാൾക്കു കൊടുക്കുകയും വേണം. ഇവയൊന്നും അവരെപ്രതിയല്ല നീ ചെയ്യേണ്ടത്; മറിച്ച്, കർത്താവിന്റെ ഹിതം അതാകുന്നു എന്നു നീ അറിയുന്നതുകൊണ്ടുവേണം ഇവയെല്ലാം നീ ചെയ്യുവാൻ. തന്റെ ഹിതം ചെയ്യാതുള്ള ദൈവൈക്യം, ദൈവൈക്യമല്ലതന്നെ! (St. Teresa of Avila, V Mansions, iii. 263).

# V

# അന്യോന്യാശ്രയത്വം

**ഈ**ശ്വരൈക്യസാധകമായി, ജ്ഞാനം, ഭക്തി, കർമ്മം എന്നിങ്ങനെ മൂന്നു മാർഗ്ഗങ്ങളെ അവലംബിക്കാവുന്നതാണ്. എന്നാൽ അവ മൂന്നും പരസ്പരാ ശ്രിതവും പരസ്പരപൂരകവുമാണ് (നാരദഭക്തിസൂത്രം. 29). ഈശ്വര സായുജ്യം കാംക്ഷിക്കുന്നവർ സ്ഥിതപ്രജ്ഞരായിരിക്കണം. ഇന്ദ്രിയമോഹ ങ്ങൾക്ക് ജ്ഞാനികളുടെപോലും ചിന്തയെ തിരമാലകൾ കപ്പലിനെയെന്ന പോലെ (ഗീത 2:67) ദൈവത്തിൽനിന്നും ബലമായി പിടിച്ചകറ്റികൊണ്ടു പോകാൻമാത്രം ശക്തിയുള്ളതിനാൽ (ഗീത 2,60), ദൈവൈക്യം കാംക്ഷി ക്കുന്നവർ തങ്ങളുടെ ജ്ഞാനത്തെ അഥവാ പ്രജ്ഞയെ - മനസ്സിനെയും ബുദ്ധിയെയും - ദൈവത്തിൽ ഇളകാത്തവിധം പ്രതിഷ്ഠിതമായി വച്ചു കൊണ്ടിരിക്കേണ്ടതാകുന്നു (ഗീത 2:68). കർമ്മങ്ങളുടെ **അനനുഷ്ഠാനം** (= ചെയ്യാതിരിക്കൽ) കൊണ്ടുമാത്രം ഒരുവൻ ജ്ഞാനം ഉള്ളവനായി തീരുന്നില്ല (ഗീത 3:4). ഫലേച്ഛകൂടാതെ, സർവ്വകർമ്മങ്ങളെയും ദൈവത്തിൽ സമർപ്പിച്ച് (ഗീത 3:30), സ്വധർമ്മത്തെ, ലോക രക്ഷണാർത്ഥം ചെയ്യപ്പെടേണ്ട യജ്ഞ മായി അനുഷ്ഠിക്കുന്നതാണ് കൂടുതൽ ശ്രേയസ്ക്കരം (ഗീത 3:9, 20, 25, 35). അത്തരത്തിലുള്ള കർമ്മവും മോക്ഷസാധകംതന്നെ (ഗീത 12:10). ജ്ഞാനത്തിനും കർമ്മത്തിനും അശക്തരായിട്ടുള്ളവർക്കുപോലും അർപ്പി തമനോബുദ്ധിയോടുകൂടിയ ഭക്തിയിലൂടെ ഈശ്വരൈക്യം പ്രാപിക്കാവുന്ന താണ് (ഗീത 12:14,20).

### 1. *ജ്ഞാനയോഗം*

സ്നേഹം ജ്ഞാനത്തിലും (ഫിലി. 1:9), ജ്ഞാനം സ്നേഹത്തിലും (2 കൊറി. 13:2) അധിഷ്ഠിതമായിരിക്കേണ്ടതാണ്. സ്നേഹത്തിലേക്കു നയി ക്കാത്ത ജ്ഞാനം, അഹന്ത വർദ്ധിപ്പിക്കാനല്ലാതെ, പണിതുയർത്താൻ സഹായിക്കുകയില്ല. അത്തരത്തിലുള്ള 'ജ്ഞാനികളെ' ദൈവം അംഗീകരി ക്കുകയുമില്ല (1 കൊറി. 8:23). അതുപോലെതന്നെ, പരസ്നേഹകർമ്മങ്ങളി ലൂടെ തെളിയിക്കപ്പെടാത്ത സ്നേഹവും വ്യാജവും വന്ധ്യവുമായിരിക്കും.

(1 യോഹ.3:17; യാക്കോ.2:26). വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രത്യുത, പ്രവൃത്തിയിലും സത്യത്തിലുമാണ് (1 യോഹ. 3:18). തങ്ങളുടെ കാര്യംമാത്രം നോക്കി ജീവിക്കുന്നവർ കാറ്റിനാൽ തുരത്തപ്പെടുന്ന ജലശൂന്യമായ മേഘങ്ങളാണ്. ഫലമില്ലാത്തതും, പിഴുതെറിയപ്പെടുമ്പോൾ തീർത്തും നശിച്ചുപോകുന്നതുമായ പാഴ്വൃക്ഷങ്ങളാണവർ (യൂദാ.12).

മനുഷ്യബുദ്ധി ഉപയോഗിച്ചുകൊണ്ട് നമുക്കു നേടാവുന്ന ഈശ്വരജ്ഞാനത്തിന്റെ (= മതിജ്ഞാനം) പ്രാധാന്യവും പ്രയോജനവും ചാവറയച്ചൻ നിഷേധിക്കുന്നില്ല. ദൈവം നമുക്കു രണ്ടു കണ്ണുകൾ തന്നിരിക്കുന്നത്, ആ കണ്ണുകൾകൊണ്ട് മേല്പോട്ടുനോക്കി തന്റെ സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ട് തന്നെ അറിഞ്ഞു ബഹുമാനിക്കുന്നതിനുവേണ്ടിയത്രെ (വാല്യം III. പേജ് 21). ഇത്തരത്തിലുള്ള ഈശ്വരജ്ഞാനത്തെ ഉപനിഷത്തുക്കൾ 'മതിജ്ഞാനം'മെന്നും വി.ബൊനവെന്തുരാ cognitio rationis (യുക്തിസിദ്ധജ്ഞാനം) എന്നും വിളിക്കുന്നു. പക്ഷെ ഇവ്വിധമുള്ള ജ്ഞാനം, കണ്ണാടിയിലുള്ള പ്രതിഫലനത്തിലൂടെ (1 കൊറി. 13:12) യാഥാർത്ഥ്യത്തിന്റെ സ്വരൂപം ഗ്രഹിക്കുന്നതുപോലെ, അപൂർണ്ണമായിരിക്കും. ഇഹലോകയാത്രയിൽ സത്യസ്വരൂപദർശനത്തിലേക്കും, തത്സിദ്ധമായ മോക്ഷഭാഗ്യസിദ്ധിയിലേക്കും, നമ്മെ ആകാവുന്നിടത്തോളം കൈപിടിച്ചുനടത്തുക എന്ന ആപേക്ഷികമൂല്യമേ അതിനുള്ളൂ. മാനുഷികബുദ്ധികൊണ്ട് നാം ദൈവത്തെ ഏതെല്ലാം വിധത്തിൽ അറിഞ്ഞാലും, അവിടുത്തെ പരമാർത്ഥസ്വരൂപം നാം ഗ്രഹിച്ചിരിക്കുന്നതുപോലല്ല എന്നും (*നേതി നേതി* = ഇവ്വിധമല്ല ഇവ്വിധമല്ല - ബൃഹദാരണ്യകോപനിഷത്ത്, 2.3-6), നാം അവിടുത്തെ എത്രമേൽ അറിഞ്ഞിരുന്നാലും അവിടുന്ന് നമ്മുടെ ഗ്രഹണശക്തിക്കെല്ലാം സർവ്വഥാ അതീതനായിത്തന്നെ നിലനിൽക്കുമെന്നും (റോമ. 11:33-34) ഉള്ള തിരിച്ചറിവ് ചാവറയച്ചന്റെ ദൈവജ്ഞാനനിരൂപണത്തിൽ അടിമുടി നിഴലിച്ചു നിൽക്കുന്നതായി കാണാം.

> ആകാശഗഗനവുമാദിത്യചന്ദ്രന്മാരും
> പ്രകാശഗ്രഹങ്ങളും നക്ഷത്രക്കൂട്ടങ്ങളും
> ഭൂമിയിൽ മുളച്ചുള്ള പുഷ്പാദികളും
> ഭൂതലം സമസ്തവും സൂക്ഷിച്ചുനോക്കിക്കൊണ്ട്
> ഇതൊക്കെ സൃഷ്ടിച്ചതിനെന്തു കാരണമെന്നും
> മിതിനെകണ്ടു നിന്റെ മഹിമ ഗ്രഹിപ്പാനു-
> മിപ്പോലെയുള്ള ഭാഗ്യമീലോകേ വച്ചുവെങ്കി-
> ലപ്പരലോകെയുള്ള ഭാഗ്യങ്ങളെത്ര ചിത്രം!

(ആത്മാനുതാപം II.292-296)

ഒരേസമയം യഥാർത്ഥവും അയഥാർത്ഥവുമായ (*സത്-അസത്*) ഈ മായാപ്രപഞ്ചത്തിൽനിന്നും ഈശ്വരജ്ഞാനത്തിലേക്കുള്ള ആരോഹണം കൊണ്ട് നമുക്കു രണ്ടു പ്രയോ ജനങ്ങൾ ലഭിക്കുന്നതായി ചാവറ പിതാവ് നിരുപിക്കുന്നു:

ഒന്നാമതായി, ദൈവമൊഴികെ പ്രകൃതിയിലുള്ള മറ്റെല്ലാംതന്നെ അസ്ഥിരവും ക്ഷണഭംഗുരവുമാണെന്ന തിരിച്ചറിവ്:

മന്നിലുള്ളവയൊക്കെ സ്ഥൂലവുമസ്ഥൂലവും
മിന്നൽപോൽ കടന്നീടും...
ഭൂമിയുമതിൻമീതെ മാറിനീങ്ങുന്നു ക്ഷണേക്ഷണേ
ഇന്നുകാണുന്ന പച്ചപ്പുല്ലതുനാളെത്തന്നെ
മന്ദിച്ചുവളരുന്നു വാടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന പുഷ്പങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ട് മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ളോരഴകുമൊക്കെപ്പോകും.

(ആത്മാനുതാപം II.304-312)

രണ്ടാമതായി, മായാവിലാസംകൊണ്ട് നമുക്കു മുമ്പിൽ പ്രതീതമാക്കപ്പെടുന്ന ഈ ദൃശ്യപ്രകൃതി അയഥാർത്ഥമാണെങ്കിലും, അതിനുള്ളിൽ യഥാർത്ഥമായൊരു സദംശം, ദൈവത്വംതന്നെ, മറഞ്ഞിരിപ്പുണ്ട്. എന്താണ് ഈ പ്രകൃതിവിഭൂതിയുടെ ആന്തരതത്ത്വമെന്ന് ഉപനിഷദ്ദാർശനികർ ഭാരതത്തിൽ യുഗങ്ങൾക്കുമുമ്പുതന്നെ അന്വേഷിക്കുകയും ചെയ്തിട്ടുള്ളതാണ്:

ഈ സമസ്തജഗത്തിന്റെയും കാരണം ബ്രഹ്മമല്ലയോ?
ഏതൊന്നിൽനിന്നും നാമെല്ലാവരും ജനിച്ചിരിക്കുന്നു?
ഏതൊന്നിൽ നാം ജീവിക്കുന്നു?
ഏതൊന്നിൽ നാം നിലനില്ക്കുകയും ചെയ്യുന്നു?
ഏതൊന്നിൽ നിലനിന്നുകൊണ്ട്
നാം സുഖദുഃഖങ്ങളിലൂടെ കടന്നുപോകുന്നു?
ദൈവജ്ഞാനികളേ, പറഞ്ഞാലും!

(ശ്വേതാശ്വതരോപനിഷത്ത് 1:1; അപ്പ. പ്രവ. 17:28)

ഇതിനുള്ള ക്രിസ്തുധർമ്മാനുസൃതമായ ഉത്തരം, വി. യോഹന്നാന്റെ വചനസമീക്ഷയുടെ വെളിച്ചത്തിൽ ചാവറ പിതാവ് വളരെ വ്യക്തമായി നൽകുന്നുണ്ട്:

തന്നുടെചിത്തംകൊണ്ടു സമസ്തം സൃഷ്ടിച്ചു താൻ...
എന്തിതു സർവ്വേശ്വരാ! നിന്നുടെ സ്നേഹംതന്നെ
എന്നതെന്നിയേ മറ്റൊന്നില്ലിതിന്നവകാശം.
നാഥനേ, പരാപരനായകാ, ശരണമേ!
ദാസനാമടിയന്റെ രക്ഷയ്ക്കച്ചാരമിതായ്
കരുണാനിധേ നിന്റെ രുധിരമതിനാലെ
തരണമടിയന് സമസ്തപാപശുദ്ധി!

(ആത്മാനുതാപം VI.352,336).

...സർവ്വേശ്വരാ, നിൻ കരുണയിൻ കടൽ
അന്തംകൂടാതെ ചിന്തിയെന്റെമേൽ ശുഭം, ശുഭം!
എന്നതിനെന്തുമൂല,മെന്നഹമോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെ മേലുള്ള സ്നേഹം
എന്നതെന്നിയേ മറ്റു കാരണമൊന്നുമില്ല
എന്നതിനില്ലാ ഭേദം, സർവ്വേശാ ജയ ജയ!

(ആത്മാനുതാപം II.64).

ബെത്ലഹേമിൽ നടന്ന 'യേശുസംഭവം' ചാവറയച്ചൻ നോക്കികാണുന്നതുതന്നെ, 'നിന്റെ സ്നേഹാബ്ധിനിമിത്തമായ്, നന്ദിഹീനനാമെന്റെ സ്നേഹത്തെ വലിപ്പാനായ്'(വളർത്താനായ്) എന്ന വാക്കുകളിൽ (ആത്മാനുതാപം, II.176) നിറഞ്ഞുനില്ക്കുന്ന പ്രതിസ്നേഹപ്രദ്യോതകമായ നന്ദി-സ്തുതി-സ്തോത്ര പ്രകരണത്തോടുകൂടിയാണ്. മനുഷ്യസ്നേഹാർത്ഥം ദൈവം ചെയ്ത ദയാകർമ്മമാകുന്നു സൃഷ്ടി: '.......... നാഥാ, നിന്നുടെ സുതൻ ദേവൻ മന്നിതിൽ വന്നു മർത്ത്യകോലവും ചമഞ്ഞു; ദ്യോവതിൽനിന്നു വന്ന ദേവനും മർത്ത്യനുമായ്, ദയവിനാൽ സൃഷ്ടികൾക്ക് സ്നേഹാഗ്രജനുമായി' (ആത്മാനുതാപം II.172). ചുരുക്കത്തിൽ, പ്രകൃതിജ്ഞാനത്തിൽനിന്നും ഉത്ഭവിക്കുന്ന ദൈവജ്ഞാനം, ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ ദർശനമായിരിക്കണം എന്നതുപോലെ, നമ്മെ ദൈവത്തോടുള്ള സ്നേഹത്തിലേക്ക് നയിക്കുന്നതും വളർത്തുന്നതും കൂടിയായിരിക്കണം എന്നത്രെ ചാവറയച്ചന്റെ ജ്ഞാനതത്വചിന്തയുടെ പ്രഥമപാഠം.

അതേസമയം, വിശ്വാസവും സ്നേഹവും സമർപ്പണവും അങ്കുരിപ്പിക്കുകയും ദൃഢപ്പെടുത്തുകയും, 'ജ്ഞാനശത്രുവായ പിശാചിനെയും അവന്റെ ഘോഷങ്ങളെയും സുജ്ഞാനത്താൽ ത്യജിക്കാൻ' നമുക്കു പ്രാപ്തി

നൽകുകയും ചെയ്യുന്ന പരമാർത്ഥമായ ദൈവിക ജ്ഞാനം, 'ജ്ഞാനത്തിൻ തോയമാകുന്ന' ജ്ഞാനസ്നാനത്തിലൂടെ മുകളിൽനിന്നും നമുക്കു നൽക പ്പെടുന്നൊരു ദൈവദാനമാകുന്നു. മനുഷ്യബുദ്ധികൊണ്ട് പോഷിപ്പിക്കപ്പെ ടേണ്ട മതിജ്ഞാനത്തിനപ്പുറം, 'തിരുവാക്യശ്രവണത്തിലൂടെ' (ആത്മാനു താപം IV.48; III.84) നമ്മിൽ പ്രകാശിതമാകേണ്ട 'ശ്രുതിജ്ഞാനമത്രെ' സക ലവിദ്യകൾക്കും ആധാരമായിരിക്കേണ്ട, തിരുവചനപ്രദത്തമായ ദൈവികജ്ഞാനം. എല്ലാ വിദ്യകൾക്കും പ്രതിഷ്ഠ ആയിരിക്കേണ്ട ഈ ജ്ഞാനത്തെ ബ്രഹ്മവിദ്യയാകുന്ന പരവിദ്യ, അതായത്, ദൈവചനദ്വാരാ നമുക്കു ലഭിക്കുന്ന പരമാർത്ഥമായ അറിവ്, എന്ന് മുണ്ഡകോപനിഷത്തും (1.1.1,5) വിശേഷിപ്പിക്കുന്നു. ഇതിനെ വി.ബൊനവെന്തുരാ cognitio visionis (ദർശനസിദ്ധജ്ഞാനം) എന്നു വിളിക്കുന്നു.

## 2. കർമ്മയോഗം

ദൈവം യേശുവിൽ ലോകത്തെ സ്നേഹിച്ച സ്നേഹം (യോഹ. 3:16) അറിയുന്നതിനുള്ളവഴി, തന്റെ തിരുമുഖം നോക്കി, ദൈവികപ്രഭയും കൃപ യുമുള്ള ആ മുഖത്തിന്റെ നിലയ്ക്കാത്ത അനുഗ്രഹധാരയെയും, പാപിക ളായ നമ്മോടുള്ള സ്നേഹത്തെപ്രതി താൻ സഹിച്ച അവർണ്ണനീയ സഹ നങ്ങളെയും ധ്യാനപൂർവ്വം നോക്കിക്കണ്ടറിയുകയാണ് (വാല്യം കകക. പേജ് 21). ആ സ്നേഹത്തിനുള്ള പ്രതിസ്നേഹമായി നാം യേശുവിനെ ശുശ്രൂ ഷാപൂർവ്വം സ്നേഹിക്കേണ്ടിയിരിക്കുന്നു. ജ്ഞാനയോഗം ഇവ്വിധമത്രെ കർമ്മ യോഗത്തിലേക്ക് നിഷ്ക്രമിക്കേണ്ടത്.

വിശന്നും ദാഹിച്ചും ഞാൻ നടന്ന നേരം നിങ്ങൾ
വലഞ്ഞ മമ ദാഹം തീർത്തെന്നെ പോഷിപ്പിച്ചു;
നഗ്നനായെന്നെ കണ്ടനേരത്തു നിങ്ങൾ മമ
നഗ്നത തീർത്തുതന്നു, വസ്ത്രത്താൽ പുതപ്പിച്ചെന്നെ;
അന്യനായ്, ഞാൻ നിങ്ങൾതൻ ദേശേ നടന്ന സമയം
മാന്യമായ് കൈകൊണ്ടെന്നെ കേതവും നൽകീ ശുഭം
രോഗിയായ് വലഞ്ഞു ഞാൻ കാരാഗൃഹിയുമായെ-
നിക്കാരോഗ്യം വരുത്താൻ സഹായിച്ചഹോ നിങ്ങൾ
ഇച്ചെയ്ത വൃത്തിക്കിതാ എന്നെന്നും മമ വീട്ടിൽ
മറ്റൊന്നുംചിന്തിച്ചിടാതെ, തോഷിപ്പിൻ നിരന്തരം
എന്നുള്ള തിരുവാക്ക് തേൻതുള്ളിയതിൻ സമം
കേട്ടുള്ളം തെളിഞ്ഞവർ, സംപൂർണ്ണസന്തോഷമാം.

(ആത്മാനുതാപം VI. 240-252)

നമ്മുടെ കർമ്മങ്ങൾക്കു സാഫല്യമുണ്ടാകണമെങ്കിൽ, കർമ്മങ്ങൾ യേശു യോഗത്തിനുള്ള മാർഗ്ഗമാകണമെങ്കിൽ, അവ യേശുവിൽനിന്നും മേൽപ്പറഞ്ഞ വാക്കുകൾ കേൾക്കത്തക്കവിധം യേശുഭക്തിയോടും യേശുദർശനത്തോടും കൂടി ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

ഇത്യാദിവാക്കുകൾ കേൾക്കണമെന്നാകിൽ
ഇപ്പോളിതുപോലെ ചെയ്തുകൊൾവിൻ
ഇച്ചൊന്നതൊക്കെയൊമെന്നപ്രതി നിങ്ങൾ
ചെയ്തണച്ചീടുകിലെത്രഭാഗ്യം.
മേൽഗതിയൊക്കെയിതിനായ് ലഭിച്ചീടും
ഭാഗ്യവും നാഥൻ നൽകുമുയർപ്പിൻ ദിനേ.
(മരണവീട്ടിൽ പാടുന്നതിനുള്ള പാന, 1090,1162)

## 2. ഭക്തിയോഗം

ജ്ഞാനത്തിന്റെയും കർമ്മത്തിന്റെയും ആത്യന്തികലക്ഷ്യം ഭക്തി - സ്നേഹത്തിലൂടെ ദൈവവും സഹോദരങ്ങളുമായുള്ള ഐക്യം - തന്നെയാണ്. യേശുവിനെ ശുശ്രൂഷിച്ച കന്യകാമറിയത്തിൽ വിളങ്ങിയിരുന്ന 'ചിത്രമാംഭക്തിയും കാണാകേണം' എന്ന ചാവറ പിതാവിന്റെ ആത്മരോദനം (ആത്മാനുതാപം III. 36), യേശുഭക്തിക്കായുള്ള അദ്ദേഹത്തിന്റെ അന്തർദാഹത്തിന്റെ ഒരു കരകവിഞ്ഞൊഴുക്കല്ലാതെ മറ്റൊന്നുമല്ല. 'ആരാധനയോടത്രയും ഭക്തിയാൽ (യേശുവിൻ) ചാരത്തണഞ്ഞ' വി. യൗസേപ്പിനെക്കുറിച്ചുള്ള വിവരണവും (III.44), ഭക്തിയിലൂടെ 'യേശുസാമിപ്യം' കൊതിക്കുന്ന തന്റെ അന്തർവാഞ്ഛയുടെ ബഹിർസ്ഫുരണംതന്നെയാണ്.

### (i) സാമീപ്യഭക്തി

ദൈവമാണ് തന്റെ സാമീപ്യത്തിലേയ്ക്ക് തന്നെ ക്ഷണിക്കുന്നതെന്നും, ദൈവസാമീപ്യം തനിക്കു സാധ്യമാക്കിത്തരുന്നതെന്നും ചാവറയച്ചൻ നന്നേ ഗ്രഹിച്ചിരുന്നു.

പരമദേവസുതാ, കരുണാനിധേ, നാഥാ,
പരനാം പിതൃസമകൂടസ്ഥാ, സമസ്തേശാ,
നരവർഗ്ഗത്തിൻ രാജാ, ദാവീദിൻ സുതാ! ...
ഈശനായിരിക്കുന്ന നീ എന്തു തേടീടുന്നു?
'.......... എന്നുടെ സ്നേഹജമാം നിന്നെത്തേടുവാനായ്
മന്നിലെഴുന്നുള്ളി സ്നേഹത്താൽ വലയുന്നേൻ:

വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ...'
അയ്യയ്യോ സ്നേഹപിതാ, ദൈവമേ, സർവ്വേശ്വരാ!
നിന്നുടെ തിരുമുഖം ദർശിക്കാൻ മഹാദാഹം
എന്നുടെ മഹാപാപാൽ ശങ്കിക്കുന്നഹമയ്യോ!
ഒക്കെയും പൊറുക്കു, *ഞാനടുത്തുവന്നീടുമേ.*

(ആത്മാനുതാപം VII. 260 284)

*സാമീപ്യഭക്തിയുടെ* ഏറ്റവും ശക്തമായ അനുഭവവും അഭ്യാസവുമായത്രെ ചാവറ പിതാവ് ദിവകാരുണ്യസാന്നിധ്യത്തെ വിവരിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്:

ഈശോമിശിഹായുടെ സ്നേഹം
നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം.
കുർബാനസ്ഥീകരിച്ച്
കർത്താവിന്റെ സ്നേഹത്തെ ഓർക്കുക.
ആ! ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ.
എപ്പോഴും തന്റെകൺമുമ്പിൽ ഇരിപ്പിൻ.
തന്റെ അരികെ നടപ്പിൻ.
തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ.
കർത്താവിനെ വിട്ട് മറ്റൊരു വസ്തുവിന്മേൽ
നിനക്കു ഇഷ്ടമോ ആഗ്രഹമോ
അധികസന്തോഷമോ തോന്നുമ്പോൾ,
പ്രിയം നിറഞ്ഞ കർത്താവ് നിന്റെനേരെ തിരിഞ്ഞ്
നിന്നോടു പറയും: നീ എന്റെ നേരെ നോക്കുക.
എന്നെക്കാളധികം നിനക്കു സന്തോഷം വരുത്താൻ
കഴിവുള്ളതായി മറ്റെന്തെങ്കിലുമുണ്ടോ?
ദു:ഖമോ ക്ലേശമോപോലും നിന്നെ എന്നിൽനിന്നും
അകറ്റേണ്ട കാര്യമില്ലാതിരിക്കെ,
നീ എന്തുകൊണ്ട് ക്ലേശിക്കുന്നു!
ഞാൻ നിന്നെ സന്തോഷിപ്പിക്കും.
ഇതുപോരയോ? ഇങ്ങനെ ഒരു ക്ഷണനേരവും ഞാൻ
നിങ്ങളുടെ സമീപത്തുനിന്നു മാറാതെ നിൽക്കുന്നു.
നിന്നെ സന്തോഷിപ്പിക്കണം, നീ എന്നെ സ്നേഹിക്കണം

എന്നുമാത്രം എന്റെ ആഗ്രഹം.
നിനക്കു ആവശ്യമായവയൊക്കെയും
ഞാൻ ചെയ്തുതരും.
ഇനി നിനക്കു തരാത്തതായി
ഒന്നുംതന്നെ എന്റെ പക്കലില്ല - തീർച്ച.
എന്തെന്നാൽ ഞാൻ ***എന്നെത്തന്നെ*** നിനക്കു തന്നു.
ഇനി നിനക്കു തരാനായി എന്തുള്ളു.
ആകാശമോക്ഷംപോലും എന്റെ സൃഷ്ടിയായിരിക്കെ,
അതൊന്നും എന്നെത്തന്നെ നിനക്കു
തരുന്നതിനെക്കാൾ വലുതായിരിക്കുകയില്ല!

(കത്തുകൾ. VII.6)

### (ii) സാലോക്യഭക്തി

വഴിതെറ്റിയ ആടിനെപ്പോലെ, യേശുവിന്റെ സാമീപ്യം വിട്ട്, തന്റെ സ്വന്തം ലോകത്തിലേയ്ക്ക് വഴുതിവീഴാൻ ഇടവരുത്തിയ തന്റെ പിഴകളെല്ലാം തന്നോടു പൊറുത്ത്, കർത്താവിന്റെ ലോകത്തിൽ, തന്റെ അജഗണത്തിലൊരുവനായി തന്നെയും സദാ നിലനിറുത്തണേ എന്ന ചാവറയച്ചന്റെ പ്രാർത്ഥനയിൽ, സാമീപ്യഭക്തിക്കൊപ്പം *സാലോക്യഭക്തിയും* സ്പന്ദിക്കുന്നു.

പൊയ്പോയോരജത്തിനെ തേടുവാൻ വന്ന നീയേ!
കൈക്കൊണ്ടു രക്ഷിക്കണം, ഞാനുമിന്നതിലൊന്ന്:
നിന്നുടെ തിരുക്കരം നീട്ടി നിൻ തിരുവാഴ്വ്
തന്നീടണം, മമ പാപവും പോക്കീടണം;
പാർക്കണമടിയന്റെമേൽ, തീർക്കണം മമ ക്ലേശം
കാക്കണമെന്നെയും നീ ചേർക്കണം തിരുമുമ്പിൽ!

(ആത്മാനുതാപം. V.174 182)

### (iii) സാരൂപ്യഭക്തി

ചാവറയച്ചൻ തനിക്കായി വിഭാവന ചെയ്ത സന്ന്യാസാശ്രമമാകുന്ന ***ദർശനവീട്ടിൽ*** (നാളാഗമം, പേജ് 16, 68), അദ്ദേഹം വീണ്ടും വീണ്ടും കണ്ട് സ്തുതിക്കാനും ധ്യാനമനനങ്ങളിലൂടെ തന്നെത്തന്നെ സരൂപനാക്കാനും ആഗ്രഹിച്ച രൂപം, സ്വഹൃദയമാകുന്ന പൂജാമുറിയിൽ ഏകാന്തപ്രേമത്തോടെ കണ്ണിമയ്ക്കാതെ താൻ വന്ദിച്ചുനിന്നിരുന്ന രൂപം, അദ്ദേഹത്തിന്റെതന്നെ

ഭാഷയിൽ പറഞ്ഞാൽ, യേശുവിന്റെ അവതീർണ്ണമായ ദൈവ-മനുഷ്യരൂപത്തിന്റെ പൂർണ്ണപ്രതിഫലനമായിരുന്ന അവിടുത്തെ 'എത്രയും ചിത്രമാം മുഖപത്മം' തന്നെയായിരുന്നു (ആത്മാനുതാപം, III. അനുബന്ധം. 56). 'കാരുണ്യനാഥനാം ദൈവകുമാരന്റെ ആരുണ്യശോഭയെ കാണാകേണം' എന്നു തുടങ്ങുന്ന, ചാവറയച്ചന്റെ വിസ്തരമായ ദർശനാർത്ഥനമാലിക, സാരാംശത്തിൽ, അദ്ദേഹത്തിന് തന്റെ ഇഷ്ടദേവതയായ യേശുവിനോടുണ്ടായിരുന്ന *സാരൂപ്യഭക്തിയുടെ* നമസ്കാരനിർഭരമായൊരു മന്ത്രാർച്ചനയും നാമരൂപപൂജകമായൊരു ജപസാധനയുമത്രെ.

## (iv) സായുജ്യഭക്തി

സാലോക്യഭക്തിയുടെയും സാമീപ്യഭക്തിയുടെയും സാരൂപ്യഭക്തിയുടെയും പൂർണ്ണതയും പരിസമാപ്തിയുമാണല്ലോ *സായുജ്യഭക്തി.* ദൈവവും ആത്മാവും തമ്മിലുള്ള അവിഭക്തബന്ധത്തിന്റെ അനുഭവമായ, ഭാരതീയഭക്തിശാസ്ത്രങ്ങളിൽ **മാധുര്യഭക്തി** എന്നു വിളിക്കപ്പെടുന്ന സായുജ്യഭക്തിയെ, വധുവരന്മാർ തമ്മിലുള്ള പൂർണ്ണവും അലംഘനീയവുമായ പരസ്പരാർപ്പിതത്വമായി വിശേഷിപ്പിക്കുന്ന രീതി ബൈബിളിലും സാധാരണമാണ് (വെളി. 21:9; ഉത്ത. 4:8). മനുഷ്യാത്മാവ് വധുവും, യേശു വരനുമാണ് (മത്താ. 25:1-13). ചാവറയച്ചൻ തന്റെ ആത്മാവിനെ യേശുവിന്റെ മണവാട്ടിയായി ചിത്രീകരിക്കുന്ന പല ഭാഗങ്ങളും അദ്ദേഹത്തിന്റെ ഗദ്യ-പദ്യ രചനകളിൽ കാണാം. യേശു ഘോരപീഡകൾ സഹിച്ചതിനെ ഓർമ്മിക്കവെപ്പോലും അദ്ദേഹത്തിൽനിന്നും ഉതിരുന്ന ഉദീരണം ഇങ്ങനെയാണ്: 'കർത്താവേ, എന്നെയും നിന്റെ മണവാട്ടിയുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ ഇത്ര വലിയ ദു:ഖഘോഷങ്ങൾ നീ കഴിക്കുന്നത് എന്നുള്ള വിചാരംമാത്രം എനിക്കു മതിയല്ലോ... നിന്റെ ഇഷ്ടപ്രസാദമെന്ന പറുദീസായിൽ ഇപ്പോൾതന്നെ നീ എന്നോടുകൂടെ ആയിരിക്കും എന്നുള്ള തിരുവചനം എന്റെ ഉള്ളിൽ കേൾപ്പിക്കേണമേ!' (വാല്യം III. പേജ് 23).

സായുജ്യഭക്തിയെക്കുറിച്ച് ചാവറയച്ചനുണ്ടായിരുന്ന മനോദർശനത്തിന്റെ സംക്ഷിപ്തമെങ്കിലും സർവ്വാംഗമായൊരു വിവരണം **അനസ്താസിയായുടെ രക്തസാക്ഷ്യത്തിൽ** കാണാം.

> സ്നേഹമേറും മകളെ നിൻ ഭാഗ്യമേറും മണവാളൻ
> ദാഹമോടെ വിളിക്കുന്നു വേഗമായ് പോകു;
> പൂർവ്വകാലേ നിൻകരത്തെ നീട്ടി നിന്റെ ദാഹമോടെ
> മാറിടത്തിലണച്ചോരു രാജനെയോർക്ക.

നിന്നെ വധുവാക്കിടാനായ് പ്രഭയോടെ ഭൂമിയിങ്കൽ...
ഭംഗിയേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായണച്ചു തൻ ജീവനുംകൂടെ
എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നു തന്റെ മഹത്വം നീ കാട്ടീടു വേഗം.
മന്നിലുള്ള മണവാളരല്ല നിന്റെ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക!

(അനസ്താസിയായുടെ രക്തസാക്ഷ്യം 40-50)

ജ്ഞാനം, കർമ്മം, ഭക്തി എന്നീ മൂന്നു യോഗമാർഗ്ഗങ്ങളുടെയും പരസ്പരാപേക്ഷയും ആശ്രിതത്വവും അംഗീകരിച്ചുകൊണ്ടുള്ള ഒരു സമന്വിതയോഗദർശനമായിരുന്നു ചാവറയച്ചന്റേത്.

(ദൈവപ്രകാശിതമായ ബോധജ്ഞാനം കഴിഞ്ഞാൽ)
രണ്ടാമത്തെ വെളിവ് പഠിത്വമാകുന്നു
എന്ന് ശു. മാർ അപ്രേം മൽപാൻ പഠിപ്പിക്കുന്നു.
തദനുസരണം, കണ്ണിന്റെ വെളിവുകൂടാതെ
ലോകത്തിലുള്ള വസ്തുക്കൾ കാണാൻ
വശമില്ലാത്തതുപോലെ,
പഠിത്വം എന്ന വെളിവുകൂടാതെ
പരലോകത്തേയും അതിൽ കുടിയിരിക്കുന്ന
തമ്പുരാനെയും
അറിവാൻ വശമുണ്ടാകുന്നതല്ല.
കണ്ണില്ലാത്തവർ കുരുടന്മാരാകുന്നു എന്നതുപോലെ,
പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു.
ഈ കുരുടത്വം കാരണത്താൽ
നമ്മുടെ മലയാളത്തിലുള്ള ക്രിസ്ത്യാനികൾ
പൂർവ്വനസ്രാണികൾ ആകുന്നുവെങ്കിലും
തങ്ങളിൽ ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും
ഇല്ലാത്തവർ ആയിരുന്നു.
കുരുടനെ കുരുടൻ കൊണ്ടുപോയാൽ
ഇരുവരും കുഴിയിൽവീഴും എന്ന് നമ്മുടെ കർത്താവ്
അരുളിച്ചെയ്തിരിക്കുന്നു.

ആ നിലയിൽ പട്ടക്കാർ ജനങ്ങളെയും,
കാരണവന്മാർ മക്കളെയും,
പഠിപ്പിപ്പാൻ കടമായിരിക്കുന്നു.
അതിനെ തികപ്പാൻ തക്കവണ്ണം
ഒരു സെമിനാരി തീർപ്പിക്കണം.
അവിടെ മലയാളം, തമിഴ്, ലത്തീൻ, സുറിയാനി
എന്നീ ഭാഷകൾ പഠിപ്പിപ്പാൻ തക്ക മല്പന്മാരെ
നിയമിക്കേണ്ടതും ആകുന്നു.
ഇവിടെ പഠിക്കുന്ന പൈതങ്ങൾക്ക്
പ്രായവും തിരിവും വരുമ്പോൾ,
ദൈവികവൃത്തിക്ക് പ്രചോദനം തോന്നുന്നവരെ,
അതിനാവശ്യമായ
ദൈവശാസ്ത്രം പഠിപ്പിക്കുകയും വേണം.
ഇങ്ങനെ പഠനം കഴിഞ്ഞവർ, അവരുടെ
ദൈവികശുശ്രൂഷ കുറവുകൂടാതെ നടത്തുവാൻ
പ്രാപ്തിയുള്ളവരായിത്തീരുകയും ചെയ്യും

(സർക്കുലറുകൾ IX. 2).

വേറൊരിടത്ത്, 'ജ്ഞാനപുസ്തകങ്ങളെ' ദൈവം നമുക്കു ഒരുക്കിത്തന്നിരിക്കുന്ന വലിയൊരു സഹായമായും, 'ഭക്തി-ജ്ഞാന വർദ്ധകമായ' ഗ്രന്ഥങ്ങളുടെ വായനയെ ഓരോരുത്തന്റെയും 'അന്തസ്സിനടുത്ത കടമായും' ചാവറയച്ചൻ വിശേഷിപ്പിച്ചിരിക്കുന്നു (വാല്യം III.പേജ് 55, 61).

മാന്നാനത്ത് താൻ സ്ഥാപിച്ച സന്ന്യാസസംഘത്തിന്റെ ആശ്രമാനുഗുണമായ ആധ്യാത്മികതയെ ജ്ഞാനം, ഭക്തി, കർമ്മം, തപസ് എന്നീ സാധനകൾ ഉൾച്ചേരുവകകളായുള്ള **യോഗചതുഷ്ടയം** എന്ന് സന്യായം വിശേഷിപ്പിക്കാവുന്ന പദസങ്കേതങ്ങൾ ചാവറയച്ചന്റെ പ്രയോഗങ്ങളിൽ ഇടയ്ക്കിടെ കാണാവുന്നതാണ്: ഉദാ: 'ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാക്കൾക്ക് എത്രയും ഉപകാരമുള്ളതുമായ ഈ കൊവേന്തകളുടെ കൂട്ടം,' 'കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മരക്ഷയ്ക്കായി സർവ്വേശ്വരൻ സ്ഥാപിക്കാൻ തിരുമനസ്സായ ഈ സഭ ..............' (വാല്യം IV.പേജ് 89,100). 'തമ്മിൽ തമ്മിൽ സ്നേഹിച്ചുകൊണ്ട് സർവ്വർക്കും ഭാഗ്യവും മുക്തിയും കൈവരുത്തുന്നതിനും,' 'യേശുവിന്റെ തിരുവേദം (= സുവിശേഷം) അവിടുത്തെ കല്പന പോലെ ഓരോരോ നാടുകളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും' (ആത്മാനുതാപം XII. പേജ് 60, 132) തന്റെ മക്കൾക്കുള്ള കടമയെ, ജീവിതസാക്ഷ്യ

ത്തിലൂടെയും പ്രേഷിതദൗത്യനിർവ്വഹണത്തിലൂടെയും ഭക്തി-കർമ്മയോഗികളായി വ്യാപരിക്കാനുള്ള കടമയെ, പ.കന്യകാമറിയത്തിന്റെ അധരങ്ങളിലൂടെ ചാവറ പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു. സാകല്യേന പറഞ്ഞാൽ, തപസ്സ് (സംയമം), സ്വാധ്യായം (ജ്ഞാനം), ഭക്തി (ഈശ്വരപ്രണിധാനം) എന്നിവയിൽനിന്നും ഉത്ഭൂതമാകേണ്ട **ക്രിയായോഗത്തെയത്രെ** (പാതഞ്ജലയോഗസൂത്രം II.1) ചാവറയച്ചനും താൻ ഉദ്ദർശനം ചെയ്ത ***തപസുഭവനത്തിൽ*** (നാളാഗമങ്ങൾ, പേജ് 1) കർമ്മയോഗികളെങ്കിലും സംയമികളായി കഴിയേണ്ട (കത്തുകൾ VI.1) സ്വശിഷ്യർക്കായി നിർദ്ദേശിച്ചിട്ടുള്ള ആത്മീയതാപജന്യമായ സിദ്ധിയും സാധ്യവും സാധനയും.

ദൈവം നമുക്ക് ഉള്ളിലാണ്; അവിടെ നാം ദൈവത്തോടുകൂടെ ആയിരിക്കണം - ഈ ജ്ഞാനത്തിൽ ജീവിക്കുക എന്നത് എത്രയോ പ്രാധാന്യമുള്ളതാണെന്ന കാര്യം നീ വിസ്മരിക്കരുത്. (St. Theresa of Avila, Way of Perfection xiii).

ഭക്തിയിലൂടെ ഈശ്വരസായുജ്യം വരിച്ചവർക്ക് മറ്റു മാധുര്യമോ ആശ്വാസമോ വേണ്ട; അവരുടെ മാധുര്യവും ആശ്വാസവും ദൈവം തന്നെ ആകുന്നു. (St. Theresa of Avila, VII Mansions, iii. 338-40).

ആയിരംപ്രാവശ്യം മരിക്കേണ്ടിവന്നിരുന്നാലും, ദൈവസ്നേഹത്തെപ്രതി മറ്റുള്ളവരുടെ ശുശ്രൂഷാർത്ഥം തങ്ങളുടെ ജീവിതമാകെ വ്യയംചെയ്യുന്നവരോട് എനിക്ക് വലിയ ആദരവും അസൂയയുമുണ്ട് (St. Theresa of Avila, Foundations, I).

# VI

# അവ്യാവൃതഭജനം

ഭക്തി സാധിക്കേണ്ടത് അവ്യാവൃത ഭജനത്തിലൂടെയാണ് (നാരദഭക്തിസൂത്രം 36). ഈശ്വരസേവ അഥവാ ശുശ്രൂഷതന്നെയാണ് ഭജനം. ഭക്തി അവിഭക്തവും ആദ്യന്തവും ആയിരിക്കേണ്ടതാകയാൽ ഭജനവും അത്തരത്തിലുള്ളതായിരിക്കണം. നമ്മുടെ ജീവിതംതന്നെ അലംഘ്യവും നിരന്തരവുമായൊരു (= അവ്യാവൃതം) ദൈവശുശ്രൂഷയായിരിക്കണം എന്നു സാരം.

**ശ്രവണം, കീർത്തനം, സ്മരണം,**
**പാദസേവനം, അർച്ചനം, വന്ദനം,**
**ദാസ്യം, സഖ്യം, ആത്മനിവേദനം.**

അവ്യാവൃതഭജനയ്ക്കുള്ള മാർഗ്ഗമായി ഭാഗവതത്തിൽ (VII.5. 23-24) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒമ്പത് സാധനകൾ അഥവാ ഉപായങ്ങളാണിവ.

1. *ശ്രവണം: ആത്മാവിലൂടെയും* (അപ്പ.പ്രവ.10:19) *വിശുദ്ധവചനങ്ങളിലൂടെയും* (ലൂക്കാ.24:27) *നമ്മോടു സംസാരിക്കുന്ന ദൈവത്തെ ശ്രവിച്ചും* (ശ്രവണം - സങ്കീ.81:8), അവയിന്മേൽ മനസ്സിരുത്തി ധ്യാനിച്ചും (മനനം - സങ്കീ.119:15), അവയെ ഹൃദയത്തിൽ ഉറപ്പിച്ചു നിറുത്തൽ (നിദിധ്യാസനം - ലൂക്കാ 9:44).

*സേവിക്കുക* അഥവാ *ശുശ്രൂഷിക്കുക* എന്നർത്ഥമുള്ള *ഭജ്* എന്ന ധാതുവിൽ നിന്നാണല്ലോ ഭക്തി, ഭജനം എന്നീ പദങ്ങളുടെ ഉദ്ഭവം. ശുശ്രൂഷയ്ക്കുള്ള നിർവ്വചനംതന്നെ *ശ്രോതും ഇച്ഛാ ശുശ്രൂഷാ* (കേൾക്കാനുള്ള നിശ്ചയമാകുന്നു ശുശ്രൂഷ) എന്നാകുന്നു. ദൈവത്തിന് ഓരോരുത്തനോടും പറയാനുള്ളത് കേട്ട് അത് നിർവ്വഹിക്കുമ്പോഴത്രെ, ഒരുവന്റെ കർമ്മം ദൈവശുശ്രൂഷയാകുക. ധ്യാനംതന്നെയും ചാവറയച്ചന്റെ നിർവ്വചനപ്രകാരം, "ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്ന്, തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ, ആത്മമണവാളനായ ഈശോമിശിഹായോട് ഒന്നിച്ചിരുന്നു സംസാരിക്കുകയത്രെ ധ്യാനത്തിൽ നാം ചെയ്യേണ്ട പ്രവൃത്തി" (ധ്യാനസല്ലാപം,

വാല്യം III.പേജ് 14). ചാവറയച്ചന്റെ ധ്യാനസല്ലാപങ്ങളിലെ ഇടമുറിയാതുള്ള അന്തർദ്ധാരതന്നെ താൻ തന്റെ സ്വർഗ്ഗീയ അപ്പനായ ഈശോമിശിഹായെ കേട്ട്, അവിടുത്തെ സ്നേഹവചനങ്ങൾക്ക് സ്വീകൃതനായ മകനെപ്പോലെയും, അയോഗ്യനായ ദാസനെപ്പോലെയും, നന്ദിഹീനനായ പാപിയെപ്പോലെയും, സ്നേഹിക്കപ്പെട്ട വധുവിനെപ്പോലെയും അവിടുത്തോട് സല്ലപിക്കുന്ന ആത്മ സല്ലാപങ്ങളാണല്ലോ. ദൈവവചനം പഠിപ്പിക്കുക എന്നതുപോലും ചാവറയച്ചന് "ശ്രവണം പഠിപ്പിക്കലാണ്" (ആത്മാനുതാപം III. 84).

***2. കീർത്തനം:*** *അവിടുത്തെ കരുണകളെ പാടിപ്പുകഴ്ത്തൽ* (2 സാമു. 22:50; ലൂക്കാ. 1:46).

ഉന്നതനും പിതൃസുതനും നരദൈവവുമായ ഈശോയുടെ നാമ കീർത്തനം ചാവറയച്ചന്റെ ഹൃദയത്തിൽനിന്നും സർവ്വദാ നിർഗമിച്ചിരുന്നു (ആത്മാനുതാപം VI.292). തന്റെ മരണനേരത്ത് അവസാനം യേശുവിന്റെ പരിശുദ്ധനാമം വിളിച്ചുകൊണ്ട് ദേഹിയെ സർവ്വേശ്വരസമക്ഷം കാഴ്ച്ചവ യ്ക്കാനുള്ള അനുഗ്രഹത്തിനായത്രെ അദ്ദേഹം സദാപി പ്രാർത്ഥിച്ചിരുന്നത് (വാല്യം III. പേജ് 127). ചാവറയച്ചൻ യേശുകീർത്തനത്തിനായി ഉപയോഗി ച്ചിട്ടുള്ള, ആദിനായകൻ, പരംജ്യോതി, പതീനാംപതി, അനാദ്യന്തഗുണനിധി, പരാപരൻ, അനന്തദയാന്വിതൻ, സർവ്വമംഗലദേവൻ, കരുണാബ്ധി, നരദേ വൻ, അമ്മാനുവേൽ, മാനുഷത്രാതാവ്, അന്നജാപുത്രൻ, കല്യാണരൂപൻ, വേദനാഥൻ, പരമപിതൃസുതൻ, കൂടസ്ഥൻ, നിശ്ചലൻ, നിർവ്വികാരൻ, ഋത്വധി നാഥൻ, മൃത്യുഞ്ജയൻ തുടങ്ങിയ എണ്ണമറ്റ വിശേഷണങ്ങൾ കോർത്തി ണക്കി അതിധന്യവും വന്ദ്യവുമായ ഒരു 'യേശുനാമശതകം' പോലും രൂപ പ്പെടുത്താൻ നിഷ്പ്രയാസം സാധിക്കുന്നതാണ്.

***3. സ്മരണം:*** *കർത്താവ് നമുക്കായ് ചെയ്ത വലിയ കാര്യങ്ങൾ മറക്കാതെ ഒന്നൊന്നായി സർവ്വദാ ഓർമ്മിച്ചുകൊണ്ടിരിക്കൽ* (സങ്കീ. 77:11; ലൂക്കാ 2:19, 51)

ചാവറയച്ചന് സ്മരണ എന്നത്, ദൈവം തനിക്കായി ചെയ്ത കരുണ കളെ ഒന്നുപോലും മറക്കാതെ നന്ദിപൂർവ്വം അവിടുത്തോട് ഓർത്തോർത്ത് പറയലും, തന്റെ നന്ദിഹീനതകളെ സദാ മനസ്സിൽ മനസ്താപപൂർവ്വം ഓർമ്മി ച്ചിരിക്കലും, തന്നെത്തന്നെ ദൈവത്തിന്റെ ഓർമ്മയ്ക്കായി എളിമയോടെ സമർപ്പിക്കലുമാണ്.

........ സർവ്വേശ്വരാ നിൻ കരുണയിൻ കടൽ
അന്തം കൂടാതെ ചിന്തിയെന്റമേൽ ശുഭം ശുഭം
എന്നതിനെന്തുമൂലം എന്നു ഞാനോർക്കുന്നേരം
നന്ദിഹീനനായിടുമെന്റെമേലുള്ള സ്നേഹം

എന്നതെന്നിയെ മറ്റു കാരണമൊന്നുമില്ല
എന്നതിനില്ലാഭേദം സർവ്വേശാ ജയ ജയ!
എന്നുടെ ഹൃദയമേ സ്മരിക്ക, നിന്റെ കൃതി
നന്ദിഹീനതയെത്രയെന്നതുമോർത്തീടുക.
അൻപുള്ള ദൈവമേ, നിൻതിരുമുമ്പതിൽ
അല്പനാമെന്ന നീയോർത്തിടേണം!

(ആത്മാനുതാപം. II.64; അനുബന്ധം,40)

*4. പാദസേവനം: അവിടുത്തെ പാദപത്മങ്ങളിൽ സാഷ്ടാംഗം പ്രണമിച്ച്* (മർക്കോ. 5:22,33); *അവിടുത്തെ കൃപയ്ക്കും കരുണയ്ക്കുമായി സദാ യാചിച്ചുകൊണ്ടിരിക്കൽ* (മത്താ.20:30).

ചാവറപ്പിതാവിന്റെ 'തൃപ്പാദസമർപ്പണഭക്തി' (വാല്യം III പേജ് 29) രണ്ട് അന്തശ്ചോദനകളിലത്രെ അധിഷ്ഠിതമായിരിക്കുന്നത്: ഒന്ന്, ദൈവതിരുമുമ്പിലുള്ള തന്റെ അയോഗ്യത; രണ്ട്, യേശുവിന്റെ സ്നേഹാതിരേകം.

കർത്താവിന്റെ മഹാവലിപ്പത്തിൻ തിരുമുമ്പിൽ
എങ്ങനെ നീ അവിടുത്തെ സമീപിച്ച്
പൊറുതി അപേക്ഷിക്കും!
ആ! ഇത് നേരുതന്നെ. എങ്കിലും എന്റെ അപ്പൻ
എത്രയും അനുഗ്രഹമുള്ളവനും
ഊനമില്ലാത്ത സ്നേഹമുള്ളവനുമാണ്.
അവിടുത്തെനാമംതന്നെയും സ്നേഹംഎന്നല്ലയോ?
അതിനാൽ നീ ഭയപ്പെടേണ്ടതില്ല.
ഇതാ, നീ അവിടുത്തെ തിരുമുഖത്തേയ്ക്ക് നോക്കുക.
ആ മുഖപത്മത്തിൽ ഒരുപ്രഭ നീ കാണുന്നില്ലേ!
ഓ ഹോ! അവിടുന്ന് തന്റെ സ്നേഹത്തിന്റെ
വാതിലുകളെ അപ്പാടെ നിനക്കായി തുറന്നു.
അയ്യോ! ഞാൻ ഈ വേഷത്തിൽ അവിടുത്തെ എങ്ങനെ
സമീപിക്കും എന്നു നീ വ്യാകുലപ്പെടേണ്ട.
ഇപ്പോൾ എന്റെ അപ്പൻ വന്ന്
എന്നെ പിടിച്ച് തഴുകും. അയ്യോ! ഇതു വേണ്ട.
അവിടുന്ന് എന്നെ തൊടുവാനുള്ള യോഗ്യത
എനിക്കില്ലല്ലോ. അതിനാൽ ഞാൻ
അവിടുത്തെ തൃപ്പാദത്തിങ്കിൽ സാഷ്ടാംഗം വീഴട്ടെ!

(വാല്യം. III.പേജ് 17)

***5. അർച്ചനം**: കർത്താവും ദൈവവുമായ അവിടുത്തെ പാദപത്മങ്ങളിൽ പ്രണമിച്ച്* (യോഹ.20:28), *ജീവിതത്തിലെ സുഖദുഃഖങ്ങളാകുന്ന ഫലപുഷ്പാദികൾ അവിടുത്തെ തൃപ്പാദത്തിങ്കൽ അർച്ചന ചെയ്യൽ* (യോഹ.12:13).

പ്രഭാതംമുതൽ പ്രദോഷംവരെയുള്ള തന്റെ സർവ്വവ്യാപാരങ്ങളെയും മറിയത്തിലൂടെ ഈശോയ്ക്കുള്ള ഒരു അനുദിനാർച്ചനയായി മാറ്റിക്കൊണ്ടത്രെ ചാവറയച്ചൻ ജീവിച്ചിരുന്നത്.

എന്റെ എത്രയും പ്രിയമുള്ള ദൈവമേ!
ഈശോമിശിഹായുടെയും
മർത്തമറിയത്തിന്റയും യൗസേപ്പ്പുണ്യവാളന്റെയും
നന്മപ്രവൃത്തികളോടുകൂടെ, ഇന്നത്തെ ദിവസത്തിലും
എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും
ഞാൻ ചെയ്യുന്നതൊക്കെയും, പാടുപെടുന്നതൊക്കെയും,
എന്റെ വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും
ആഗ്രഹങ്ങളും വസ്തുക്കളും, ഇന്നും, എപ്പോഴും,
അങ്ങേയ്ക്കു ഞാൻ തിരുക്കാഴ്ച്ച വയ്ക്കുന്നേൻ!

(വാല്യം III പേജ് 68).

നിന്നോടുള്ള എന്റെ സ്നേഹത്തിന്റെ സാക്ഷ്യമായിട്ട്
ഈ രാത്രിയിലും, എന്റെ ആയുസ്സിന്റെ മുഴുവൻ
കാലത്തിലും, ഞാൻചെയ്യുന്നതൊക്കെയും നിനക്കു
കാഴ്ച വയ്ക്കുന്നേൻ.

(വാല്യം III.പേജ് 69).

***6. വന്ദനം**: അവിടുത്തെ ആരാധിച്ചും* (മത്താ.2:11), *സ്തുതിച്ചും* (റോമ.15:11); *അവിടുത്തേയ്ക്കു നന്ദി പറയൽ* (വെളി.11:17).

സ്രഷ്ടാവിന്റെ മുമ്പിൽ സൃഷ്ടിയായ തന്റെ ആത്മാവിലുണരുന്ന ഒന്നാമത്തെ ഉൾപ്രേരണ, അവിടുത്തെ ചാരത്തണഞ്ഞ് തന്നെ എത്രയും ഭക്തിയാൽ ആരാധിക്കണം എന്നതുതന്നെയാണ് (ആത്മാനുതാപം III.44).

സർവ്വേശാ, പരാപരാ, സർവ്വമംഗലനിധേ,
സർവ്വരക്ഷയ്ക്കായ് വന്ന നിന്നുടെ പുത്രനെത്തന്നെ
മേദിനി(=ഭൂമി)യിൽ കണ്ട് വന്ദിപ്പാനുള്ള-
യെൻ ദാഹത്തെ തീർത്തിടു വേഗം! (V.28)

പത്രോസിനെപ്പോലെ (ലൂക്കാ 5:9), തന്റെ പാപബോധവും, യേശുവിൽ നിന്നകലാനല്ല, മറിച്ച്, അവിടുത്തെ കാല്ക്കൽ വീണ്, തന്നെ കർത്താവും നാഥനുമായി ഏറ്റുപറഞ്ഞ് ആരാധനാപൂർവ്വം വന്ദിക്കാനാണ് ചാവറയച്ചനെ പ്രചോദിപ്പിച്ചത്.

അമ്മാനുവേലെന്ന തമ്പുരാനേ! നിന്നെ
അൻപോടു പാപി ഞാൻ വന്ദിക്കുന്നേൻ!

(III.അനുബന്ധം 64).

.............. പാപിയഹം പാപത്താൽ ദൂരത്തായി
നന്ദിഹീനനെങ്കിലും വന്ദിക്കുന്നിതാ പാദം! (VII.72)

ഭക്തിപൂർവ്വം തിരുനാമം ചൊല്ലി നന്ദിയോടെ ജനരക്ഷകനായ യേശുവിന്റെ തൃപ്പാദം വന്ദിച്ചു കുമ്പിടുന്നതുതന്നെ ചാവറയച്ചന് ധന്യമായൊരു മോക്ഷാനുഭവമായിരുന്നു (VI. 292-304). ദൈവവന്ദനമാണ് ഏറ്റവും വലിയ നന്ദി (XI.460). 'യേശുവേ, കന്യകാമറിയത്തിന്റെ ശുദ്ധമാമുദരത്തിൽ പിറന്ന നിന്തിരുവടിതന്നെ വന്ദനയോഗ്യൻ (IV.48) എന്ന സ്തോത്രഗീതം ചാവറയച്ചന് ദൈവ-മനുഷ്യനായ യേശുവിലുള്ള വിശ്വാസപ്രഖ്യാപനം കൂടിയായിരുന്നു.

*7. ദാസ്യം: ദാസനെപ്പോലെയും* (റോമ 1:1), *ദാസിയെപ്പോലെയും* (ലൂക്കാ. 1:38) *അവിടുത്തെ ശുശ്രൂഷയിൽ നിരതമായിരിക്കൽ.* യേശുവും (ഫിലി. 2:7; മാർക്കോ.10:45), മറിയവും (ലൂക്കാ.1:38), പൗലോസും (തിത്തോ.1:1), അപ്പസ്തോലപ്രമുഖരായ പത്രോസും (2 പത്രോ.1:1), യാക്കോബും (1:1) മറ്റുശിഷ്യരും (യൂദാ 1:1) തന്നെയായിരുന്നു ഇക്കാര്യത്തിൽ ചാവറയച്ചന്റെയും പ്രത്യക്ഷമാതൃക.

ചാവറഭക്തിസൂത്രങ്ങളിൽ അംഗിയായും അംഗമായും ഉടനീളം ത്രസിക്കുന്ന ഭക്തി, ദാസ്യഭക്തിയാണെന്നുള്ള കാര്യം ആർക്കും ഒരൊറ്റ വായന കൊണ്ടുതന്നെ ബോധ്യപ്പെടുന്നതാണ്.

നായകാ നരദേവാ, കരുണാനിധേ, നാഥാ!
നയനാൽ തൃക്കൺപാർക്ക, മേദാസൻ മഹാപാപി!

(II.244).

ദാസന്റെ കണ്ണുകൾ യജമാനനിലേക്കു എന്നതുപോലെ (സങ്കീ.123;25:15), ചാവറയച്ചന് സർവ്വദാ യേശുവിനെ, യേശുവിനെമാത്രം, കണ്ടുകൊണ്ടിരിക്കാനുള്ള ആന്തരാവേശമാണ്:

ഏകേശനാഥനേ, നിന്നുടെ ദാസൻ ഞാൻ:
ഏകദാ നിന്നെ ഞാൻ കാണാകേണം!
(III.അനുബന്ധം 60).

യേശു തന്നെപ്രതി വരിച്ച ദാസ്യത്തിനുള്ള (ഫിലി. 2:7; 2 കൊറി.8:9) പ്രതിദാസ്യമായിരുന്നു ചാവറയച്ചന് പ്രഥമതഃ ദാസ്യഭക്തി. 'ദാസനാമടിയനെ ചാരെയങ്ങിരുത്തുവാൻ ദാസനായ് നാഥാ നീ...' (VI.316). അനേകരുടെ രക്ഷയ്ക്കായി യേശു വരിച്ച ദാസ്യമത്രെ (മാർക്കോ 10:45), 'ദാസനാമടിയന്റെയും രക്ഷയ്ക്ക് അച്ചാരമായി' ഭവിച്ചത് (VI.336). യേശു തനിക്കായി വരിച്ച ദാസ്യത്തിന് അവിടുത്തേയ്ക്ക് തന്നോടുള്ള സ്നേഹമല്ലാതെ മറ്റൊരു ഹേതുവും ഇല്ലെന്നുള്ള തിരിച്ചറിവിൽ, ചാവറയച്ചന് അവിടുത്തോട് ഒന്നേ അപേക്ഷിക്കാനുള്ളൂ. "കരുണാനിധേ, നിന്റെ രുധിരമതിനാലെ തരണമടിയന് സമസ്തപാപശുദ്ധി" (VI.352); "കരുണ നൽകീടണം നാഥനേ പരാപരാ, പാപിയാമടിയനെ നീതിപോൽ ഭേദിക്കുകിൽ, ഞാനെന്തുത്തരിക്കും!" (VII. 212). തന്റെ സർവ്വാശ്രയവും ദൈവത്തിൽ (സങ്കീ.16:1) വയ്ക്കുന്നതിനും കാണുന്നതിനുമുള്ള ശക്തിക്കും ശരണത്തിനുമത്രെ ചാവറയച്ചന് ദാസ്യഭക്തി (= ശരണാഗതിഭക്തി) നിമിത്തവും നിദാനവുമായിത്തീർന്നത്.

ദുഷ്ടനാമടിയന് അഭയഗൃഹമെവിടെ?
ഞാൻ നിന്റെ കരവൃത്തി, അഭയവും നീയേ നാഥാ!
അനന്തഗുണനിധേ, എവിടെയിടമുള്ളൂ
നിൻതിരുമുമ്പിൽനിന്നും ഭയത്താലൊളിപ്പാനായ്!
നിന്നെ ഞാൻ മറന്നതു നിശ്ചയമെന്നാകിലും
എന്നെ നീ ഉപേക്ഷിച്ചില്ലെന്നതു സുനിശ്ചയം
നിന്നെ ഞാനുപേക്ഷിച്ച് പിൻതിരിഞ്ഞോരുനേരം
എന്നെ നീ മറക്കാതെ പിൻതുടർന്നെന്റെപിൻപേ,
പിഴച്ചെങ്കിലുമെന്നെയുപേക്ഷിച്ചില്ല നീയേ!
ഇത്ര നിന്ദിതനായ അടിയൻ നിന്റെ തിരു-
ച്ചിത്രകൗതുകമായ കൂട്ടത്തിൽചേർന്നീടുവാൻ
ഇന്നെനിക്കിടയാക്കിയെന്നതാലടിയനെ
നിന്ദിതനായി തള്ളിയുപേക്ഷിച്ചില്ല, ദൃഢം!

(VII.240-252).

*ദാസ്യം* (ദാസനായിരിക്കൽ, ശുശ്രൂഷകനായിരിക്കൽ) ശുശ്രൂഷയ്ക്കുള്ള വിളിയും ബാധ്യതയുമാണെന്ന ക്രിസ്തീയ തത്വം, കന്യകാമറിയത്തിന്റെ,

'നിങ്ങൾക്കുള്ള ശുശ്രൂഷാ ദാസിയഹം' എന്ന വാക്കുകളിൽ ചാവറയച്ചൻ നമ്മെ പ്രബോധിപ്പിച്ചിട്ടുള്ളതും (XII.96) ഇവടെ നാം ഓർത്തിരിക്കേണ്ട താണ്.

*8. സഖ്യം: സ്നേഹിതനെപ്പോലെ* (യോഹ. 15:15) *അവിടുത്തോട് അഭേഗ മായ സ്നേഹസംഭാഷണത്തിൽ കഴിയൽ.*

സാധുവായ എല്ലാ ക്രിസ്തീയ യോഗമാർഗ്ഗങ്ങളേയുംപോലെ, ചാവറയ ച്ചന്റെ ആത്മീയമാർഗ്ഗവും സാരാംശത്തിൽ **സ്നേഹയോഗം** തന്നെയാണ്. അദ്ദേഹത്തിന്റെ ശൈലിയിൽ ഇതിനെ ഒരൊറ്റവാക്യത്തിൽ സംഗ്രഹിക്കാം: 'എന്റെ സ്നേഹപ്പെട്ട ദൈവമേ, എന്റെ ഹൃദയമൊക്കെയുംകൊണ്ട് നിന്നെ ഞാൻ സ്നേഹിക്കുന്നു.' (വാല്യം.III. പേജ് 69).

ദൈവസ്നേഹം എന്നത് പ്രഥമതഃ നാം ദൈവത്തെ സ്നേഹിക്കുന്ന, നമ്മുടെതായൊരു മാനുഷികവൃത്തിയല്ല. ദൈവമാണ് നമ്മെ ആദ്യം സ്നേഹി ച്ചത്. അതിനാൽ, ചാവറയച്ചന്റെ ദൃഷ്ടിയിൽ ദൈവസ്നേഹം എന്നതിന്റെ ഒന്നാമത്തെ അർത്ഥം, നമുക്കു ദൈവത്തോടുള്ള സ്നേഹം എന്നതിനെ ക്കാൾ, ദൈവത്തിനു നമ്മോടുള്ള സ്നേഹം എന്നാകുന്നു: അതായത്, ദൈവം നമ്മെ സ്നേഹിച്ച, നമ്മോടു കാണിച്ച, തന്റേതായ അനന്തസ്നേഹമാകുന്നു ദൈവസ്നേഹം. ഈ സ്നേഹത്തിന്റെ ഉള്ളറകളെ ഒന്നൊന്നായി ധ്യാന പൂർവ്വം നാം കണ്ടുകണ്ടുവരുന്ന കണക്കിനും, അവിടുന്ന് നമുക്കായി ചെയ്തി ട്ടുള്ള സ്നേഹകർമ്മങ്ങളെ ഓരോന്നോരോന്നായി നാം ഓർത്തോർ ത്തറിയുന്ന കണക്കിനും, ആ സ്നേഹത്തിന് തീർത്താലും തീരാത്തവിധം പ്രതിസ്നേഹം കാണിക്കാനും, വാക്കുകളിൽ പറഞ്ഞുപറഞ്ഞറിയിക്കാനും, ഉള്ള ആത്മനിർബന്ധവും അന്തഃപ്രേരണയും (2 കൊറി. 5:14) നമ്മിൽ ഉണർന്നുണർന്നുവരും. ഇതാകുന്നു, നാം നമ്മിൽ ഉണ്ടാക്കുകയും നില നിർത്തുകയും കാണിക്കുകയും ചെയ്യേണ്ട, നമ്മുടേതായ ദൈവസ്നേഹം. ചുരുക്കത്തിൽ, ദൈവം നമ്മെ സ്നേഹിച്ച സ്നേഹത്തിനുള്ള പ്രതിസ്നേഹ മായെങ്കിലേ, നമ്മുടെ ദൈവസ്നേഹം സാധുവും സാർത്ഥകവുമാകൂ. ചാവ റയച്ചന്റെ ആത്മപ്രരോദനങ്ങൾ ശ്രദ്ധിക്കുക:

ഈശോ പറയുന്നു: നിനക്കുവേണ്ടി എന്റെ രക്തം മുഴുവൻ ഞാൻ ചിന്തി; എന്റെ ജീവൻ ബലി ചെയ്തു. കള്ളനെപ്പോലെ കുരിശിൽ തുങ്ങിമരിച്ചു. ദൈവാനുഗ്ഹത്തിന്റെയും വരപ്രസാദങ്ങളുടെയും നിക്ഷേപങ്ങളെ നിന ക്കായി ഞാൻ തുറന്നു. നിന്നോടു ഞാൻ കാട്ടിയ അറുതിയല്ലാത്ത സ്നേഹ ത്തിനു നീ എങ്ങനെ ഉത്തരിച്ചു? (വാല്യം.III.പേജ് 54).

'കർത്താവേ, ഇത്രയധികം നീ എന്നെ സ്നേഹിച്ചപ്പോൾ, നിന്നെ സ്നേഹിക്കുകയല്ലാതെ, മറ്റൊന്നിന്റെമേൽ എന്റെ സ്നേഹം വയ്ക്കാൻ എനിക്കാവുന്നതെങ്ങിനെ?' (വാല്യം. III. പേജ് 21).

ദൈവസ്നേഹപ്രകടനത്തിനുള്ള മാർഗ്ഗങ്ങളായി ചാവറയച്ചൻ **വിരോധഭക്തിയേയും പ്രേമഭക്തിയേയും** ഒരുപോലെ സ്വീകരിച്ചിരിക്കുന്നു. 'ഐന്ദ്രിയസ്നേഹവശാൽ' ദൈവസ്നേഹവിരുദ്ധമായി അപരാധങ്ങൾ ചെയ്തുപോയതിനെക്കുറിച്ചും (ആത്മാനുതാപം IV.188), 'ഇന്ദ്രിയസുഖം വലിക്കുന്നതിൻവണ്ണം' ലോകസുഖസന്തോഷങ്ങൾക്കു പിറകെ പോയതിനെക്കുറിച്ചും (വാല്യം III. പേജ് 62) ചാവറയച്ചൻ ഉടനീളം മനമുരുകി കരയുന്നത്, ദൈവസ്നേഹവിരുദ്ധമായ കാര്യങ്ങളോടുള്ള വിരോധം തന്നിൽ രൂഢമൂലമാക്കി, അവ്വിധമുള്ള വിരോധഭക്തിയിലൂടെ ദൈവസ്നേഹത്തിൽ കൂടുതൽ കൂടുതൽ പ്രതിഷ്ഠിതനാകുന്നതിനുവേണ്ടിയാണ്. അതേസമയം, ദൈവസ്നേഹവിരുദ്ധമായ ചെറിയൊരു കാര്യംപോലും അദ്ദേഹത്തിന് അചിന്ത്യവും അസ്വീകാര്യവുമായിരിക്കുന്നത്, ദൈവത്തോടുള്ള തന്റെ പരപ്രേമഭക്തിമൂലമാണ്. "അല്പമായിട്ടെങ്കിലും നീ തമ്പുരാനെ സ്നേഹിക്കുന്നുവെങ്കിൽ, ഏതതെങ്കിലുമൊരു ദോഷത്തെ ചെറിയ കുറ്റം എന്നു നീ നിരൂപിക്കുന്നതെങ്ങനെ?" നിന്റെ എത്രയും പ്രിയപ്പെട്ട മണവാളനായിരിക്കുന്ന ഈശോമിശിഹായെ നിരസിക്കുന്നതും ഉപദ്രവിക്കുന്നതും സാരമില്ലാത്തൊരു കുറ്റമെന്ന് നിനക്കു തോന്നുന്നതെങ്ങനെ? (വാല്യം III പേജ് 56). 'എന്റെ സ്നേഹത്തിൻ ദൈവമായ രക്ഷകാ' തുടങ്ങിയ സംബോധനകൾ (വാല്യം III.പേജ് 42), ചാവറയച്ചന് സ്വതഃസിദ്ധമായ സഖ്യയോഗത്തിന്റെ (= സ്നേഹയോഗത്തിന്റെ) ബഹിഃസ്ഫുരണങ്ങളായിരുന്നു.

***9. ആത്മനിവേദനം***: *യേശുവിന്റെ ശുശ്രൂഷയ്ക്കായുള്ള ഒരു നൈവേദ്യമായി ക്രിസ്തുവിലേക്ക് തന്നെത്തന്നെ സർവ്വാംഗം ചൊരിയണമെന്ന* (2 കൊറി. 2:15; ഫിലി. 2:17) *ആത്മാവിന്റെ ആഗ്രഹം മേൽക്കുമേൽ ശക്തമാക്കൽ.*

'മറിയത്തിലൂടെ യേശുവിലേയ്ക്ക്' എന്ന ആത്മീയോപായം ശീലിച്ചിരുന്ന മരിയദാസനായ ചാവറയച്ചൻ, യേശുവിനുള്ള തന്റെ ആത്മസമർപ്പണം നിർവ്വഹിച്ചിരുന്നതും മറിയത്തിലൂടെതന്നെ ആയിരുന്നു. വിശേഷിച്ചും, മരണസമയത്തുള്ള തന്റെ ആത്മസമർപ്പണവും അവ്വിധംതന്നെ ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു:

മാതാവേ, മമ നാഥേ, ദാസനെയോർത്തിടേണം
.............................. ഇപ്പോഴുമിനിയെന്നും

എന്നെ നീ ഓർത്ത് നിന്റെ പുത്രനോടപേക്ഷിച്ച്
നല്ലൊരു മൃത്യുതന്ന് രക്ഷിക്കണേ തായേ,
നിന്നുടെ തിരുമുമ്പിലെന്നുടെ ദേഹംദേഹി-
യിന്നിതാകാഴ്ച്ചവച്ച് നിന്നെ ഞാനേല്പിക്കുന്നേൻ!
(ആത്മാനുതാപം IV.208)

കന്നിയമ്മേ................ നിന്റെ സന്നിധിയണഞ്ഞിനി
നിന്റെ സ്നേഹപുത്രൻ മുൻപില-
ഞ്ജലിയണയ്ക്കുവാൻ
നിന്റെ കരുണയെനിക്കു തരണമെൻ അമ്മ നീയേ!
(ആത്മാനുതാപം, കടശിയപേക്ഷ 1-8)

ഞാൻ പറഞ്ഞുകൊള്ളട്ടെ: നിങ്ങൾക്കു സാധിക്കുന്നത്ര നേരം, എഴുന്നേറ്റു പോരാതെ, നിങ്ങൾ അവിടുത്തെ തിരുമുമ്പിൽ ഇരിക്കണം; നിങ്ങൾ അവിടുത്തെ സ്നേഹിക്കുന്നുവെന്നും അവിടുത്തെ പ്രസാദത്തിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു എന്നും, അവിടുത്തെ മുമ്പിലുള്ള നിങ്ങളുടെ ഇരിപ്പുകൊണ്ട് അവിടുത്തേക്കു കണ്ട് ബോദ്ധ്യപ്പെടുമാറാകണം. അങ്ങനെയായാൽ, ഞാൻ പറയട്ടെ, നിങ്ങൾക്ക് അവിടുത്തെ നിങ്ങളുടെ മുമ്പിൽനിന്നും ഒരു തരത്തിലും ദൂരീകരിക്കാൻ ആവുകയില്ല. (St. Theresa of Avila, Way of Perfection xxvi).

# VII

# ഏകധാ അപി ഏകാദശധാ ഭവതി

**ഭ**ക്തി ഒന്നുതന്നെയാണെങ്കിലും, അത് പതിനൊന്നു പ്രകാരത്തിൽ പ്രത്യക്ഷമാക്കപ്പെടുന്നു (നാരദഭക്തിസൂത്രം 82). അവ്യാവൃതമായ (= നിരന്തരമായ) അഖണ്ഡഭക്തിയിലും ഭജനത്തിലും ജീവിക്കുന്ന സാധകരിൽ അപ്രതിരോധ്യമായ പതിനൊന്ന് ഉൾപ്രേരണകൾ അഥവാ ആസക്തികൾ പ്രബലപ്പെടുമെന്ന് മേല്പറഞ്ഞ ഭക്തിസൂത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

**1. *ഗുണമഹാത്മ്യാസക്തി*** = *ദൈവത്തിന്റെ ഗുണങ്ങളും മാഹാത്മ്യങ്ങളും പാടിപുകഴ്ത്തുന്നതിനുള്ള ഉൾപ്രേരണ* (ലൂക്കാ 1:46-49; 1 ദിനവൃത്ത.21:13). തന്റെ ജീവിതത്തെ ആദ്യന്തം ദൈവം തന്നോടു കാണിച്ചിട്ടുള്ള അത്യന്തകൃപയുടെയും ദയയുടെയും ഒരിതിഹാസമായിട്ടത്രെ ചാവറയച്ചൻ കഥനം ചെയ്തിട്ടുള്ളത്. തന്റെമേൽ ദൈവം ചൊരിഞ്ഞിട്ടുള്ള കണക്കില്ലാത്ത കൃപകൾക്കും ദാനങ്ങൾക്കും വരങ്ങൾക്കും കാരണമായി അദ്ദേഹത്തിന് ഒന്നേ പറയാനുള്ളൂ: 'ദൈവമേ, നിന്റെ ദയതന്നെ!' (ആത്മാനുതാപം I.1); 'ദൈവമെ, നിന്റെ കരകാണാത്ത കൃപയും കാരുണ്യവുംതന്നെ!' (I.32). 'നീ എന്നെ വിളിച്ചതു പോലും നിന്റെ മഹാദയ!' (I.116); 'എന്റെ ജീവനെ സർവ്വാപത്തുകളിൽ നിന്നും കാത്തുരക്ഷിച്ച സർവ്വേശ്വരനും നീതീശ്വരനുമായ നീ സർവ്വദയവിൻ നാഥനല്ലോ!' (II.44) 'നിന്നെ സ്നേഹിച്ച ജനത്തിൽ നീ എന്നെയും ചേർത്തതിനേകമൂലം നിന്നുടെ ദയതന്നെ!' (II.76). 'അനാദ്യഗുണനിധേ, അനന്തദയാമ്പിതാ, സർവ്വമംഗലദേവാ, മരണമില്ലാത്ത ആത്മാവിനെ തന്ന് എന്നെ നീ സൃഷ്ടിച്ചതുപോലും അന്തമില്ലാത്ത നിൻ കരുണാബ്ധിയാലല്ലയോ' (II.160); 'കരുണാകരനീശോ, പരമപിതൃസുതാ, കാരുണ്യവാരിധി, ദയാനിധി നീയേ!' (അനുബന്ധം 4). 'അയ്യയ്യോ ദൈവമേ, സത്യദൈവവും സത്യമാനുഷനുമായി, നിന്റെ സ്വർഗ്ഗീയമഹിമകളെല്ലാം മറച്ചുകൊണ്ട്, എത്രയും നിസ്സാരമായ ഈ ഓസ്തിയപ്പത്തിൽ എഴുന്നുള്ളിയിരിക്കുന്ന നിന്റെ ദൈവമഹിമയും പരിശുദ്ധിയും, അയ്യോ, പാപിയായ ഈ അടിയൻ ഇനിയും വേണ്ട പോലെ അറിഞ്ഞിട്ടില്ലല്ലോ!' (വാല്യം. III.പേജ് 34).

**2. രൂപാസക്തി** = *ദൈവത്തെ സദാ മനസ്സിൽ കണ്ടുകൊണ്ടിരിക്കുന്നതിനുള്ള ഉൾപ്രേരണ* (യോഹ.14:8). യേശുരൂപത്തെ ആപാദചൂഡം കണ്ട് വന്ദിക്കുന്നതിൽ സായുജ്യവും സാഫല്യവും ദർശിച്ച ചാവറയച്ചന്റെ ഭക്തി പൂർണ്ണവും ആരാധനാവ്യഞ്ജകവുമായ നാമജപസാധനയും സ്തോത്രമാലികയുമാണല്ലോ, തന്റെ ആത്മാനുതാപത്തിലെ അതിപ്രസിദ്ധമായ 'കാണാകേണം' എന്ന കീർത്തനശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഖണ്ഡം.

**3. പൂജാസക്തി** = *സർവ്വതും സർവ്വേശ്വരപൂജയായി തൃപ്പാദപത്മങ്ങളിൽ സമർപ്പിച്ച് സാഫല്യനുഭവിക്കാനുള്ള ഉൾപ്രേരണ* (മത്താ.2:11; സങ്കീ.96:8). തന്റെ ജീവിതമാകുന്ന പൂജയും, താൻ അനുദിനം അർപ്പിക്കുന്നപൂജയും, ലോകത്തിലെ പൂജകളോടും നമസ്ക്കാരങ്ങളോടും നന്മപ്രവൃത്തികളോടും ചേർത്ത്, തന്റെ പാപപരിഹാരത്തിനും, വിശുദ്ധകാത്തോലിക്കാപള്ളിക്കും, അതിലെ ആത്മീയ-ഭൗതികമേഖലകളിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും അഭിവൃദ്ധിക്കും, ലോകസമാധാനത്തിനും, തന്റെ സൂക്ഷത്തിനും നടത്തിപ്പിനും ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജനങ്ങളുടെ സുസ്ഥിതിക്കും, ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും സൗഭാഗ്യത്തിനും വേണ്ടി കാഴ്ച്ചവെച്ചിരുന്ന കഥാനായകന് 'പൂജ'യുടെ ലക്ഷ്യചതുഷ്ടയത്തെക്കുറിച്ച് (ആരാധന, നന്ദി, പരിഹാരം, യാചന) പൂർണ്ണമായ അവബോധവും, അത് സാധിക്കുന്നതിൽ സർവ്വാംഗസ്പർശിയായ ശ്രദ്ധയുമുണ്ടായിരുന്നു (വാല്യം III.പേജ് 74).

**4. സ്മരണാസക്തി** = *മനസ്സിലും വാക്കിലും പ്രവൃത്തികളിലും സർവ്വദാ ഈശ്വരചിന്ത പുലർത്തുന്നതിനുള്ള ഉൾപ്രേരണ* (മത്താ. 22:37). ഒരു വശത്തുനിന്ന്, തന്റെ പാപമാലിന്യങ്ങളെക്കുറിച്ചുള്ള സ്മരണ ചവറയച്ചനിൽ മഹാഭയമുണർത്തുന്നു (ആത്മാനുതാപം VII. 152). അതേസമയം, പാപിയെങ്കിലും തന്നെ ഉപേക്ഷിക്കാതെ, 'ചിത്രകൗതുകമായ സന്ന്യാസക്കൂട്ടത്തിൽ' ചേരുവാനുള്ള വരം നൽകി തന്നെ ദൈവം അനുഗ്രഹിച്ചുവെന്ന സ്മരണ, അദ്ദേഹത്തിന്റെ ഹൃദയത്തെ നന്ദിനിർഭരമാക്കുന്നു (VII.252-256). കഠിനമായ താപസജീവിതത്തിന് താൻ അശക്തനെങ്കിലും, യേശു തനിക്കായി ഏറ്റ തിരുമുറിവുകളുടെ സ്മരണയെയും, ധീസ്മരണകൾ കൊണ്ട് (= ബുദ്ധി കൊണ്ടും ഓർമ്മകൊണ്ടും) ഗാഗുൽത്താമല കേറി 'നീയേ നാഥാ, എൻ മരണമടുത്തു, നിൻസ്മരണയല്ലാതെ ശരണം മറ്റൊന്നില്ല' എന്നുള്ള വിളിയെയും, തന്റെ പിഴയ്ക്കാത്ത രക്ഷാകൗശലങ്ങളായി ചാവറയച്ചൻ മുറുകെപ്പിടിക്കുന്നു (VII.352-368). 'എത്രയും ദയയുള്ള പിതാവേ, എണ്ണമില്ലാത്ത പാപങ്ങൾ ചെയ്തുപോയി എന്ന ഭയത്തോടെ നിന്റെ വിധിയുടെ ന്യായാസന

സന്നിധിയിൽ ഞാൻ നിൽക്കുമ്പോൾ, എന്റെ പിതാവും മദ്ധ്യസ്ഥനുമായിരിക്കുന്ന ഈശോയെക്കുറിച്ചുള്ള ഓർമ്മമാത്രം രക്ഷയ്ക്കുള്ള ഏകവഴി എന്ന ചിന്ത എന്റെ മനസ്സിനെ ഉറപ്പിക്കുന്നു' (വാല്യം. III.പേജ് 35).

5. ***ദാസ്യാസക്തി*** = *ദാസനെപ്പോലെ ദൈവശുശ്രൂഷാനിരതനായി ആജീവനാന്തം കഴിയുന്നതിനുള്ള ഉൾപ്രേരണ.* മനുഷ്യനുള്ള നാല് സ്വച്ഛമായ സ്നേഹസിദ്ധികളാണ് *ദാസനെപ്പോലെ* (മത്താ. 25:21), *സ്നേഹിതനെപ്പോലെ* (യോഹ. 15:15), *ശിശുവിനെപ്പോലെ* (മർക്കോ. 8:15-19), *വധുവിനെപ്പോലെ* (മത്താ. 25:10) സ്നേഹിക്കുന്നതിനുള്ള കഴിവ്. ചാവറയച്ചന്റെ ദാസ്യഭക്തിയുടെ വേദപുസ്തകപരമായ അടിസ്ഥാനത്തെക്കുറിച്ച് ഇതിനുമുമ്പുള്ള ഭാഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. തന്റെ മോക്ഷപ്രവേശനം സാധ്യമാക്കുന്നതിന് ഒരേയൊരപേക്ഷയേ അദ്ദേഹം പിതാവായ ദൈവത്തിന്റെ മുമ്പിൽ വയ്ക്കുന്നുള്ളൂ: പ്രിയ പിതാവേ, സ്നേഹപുത്രനെങ്കിലും നീക്കുപോക്കില്ലാത്ത നീതിക്കാരനുമായ ഈശോമിശിഹാ എന്നെ വിധിപ്പാനായി തന്റെ ന്യായാസനത്തിൽ കരേറുന്നതിനുമുമ്പേ, 'എന്നെ നീ നിന്റെ അടിയാനും ശുശ്രൂഷിയുമായി കൈക്കൊണ്ടിരിക്കുന്നു എന്ന തിരുവചനം മാത്രം എന്റെ കർത്താവിനോട് നീ അരുളിച്ചെയ്യണമേ!' (വാല്യം III.പേജ് 36). ഈശോമിശിഹായോട് താൻ 'ഇടവിടാതെ അപേക്ഷിക്കുമെന്ന്' ചാവറയച്ചൻ പ്രതിജ്ഞ ചെയ്തിട്ടുള്ള അപേക്ഷ, 'നിന്റെമേൽ മുഴുവനായി ആശ്രയിച്ചും ശരണപ്പെട്ടും, നിന്റെ വിശ്വാസമുള്ള അടിയാനായി നടപ്പാൻ വേണ്ട വരപ്രസാദം തന്നരുളണമെ' എന്ന ദാസാനുഗുണമായ *യാചനയായിരുന്നു* (വാല്യം III.പേജ് 73). യേശു അനുദിനം തന്റെ ഹൃദയത്തിൽ എഴുന്നുള്ളിയിരുന്നിട്ടും, അവിടുത്തെ മുമ്പിൽ 'മഹിമയുള്ളൊരു അടിമയെപ്പോലെ' താൻ ഇനിയും വ്യാപരിക്കുകയുണ്ടായിട്ടില്ലല്ലോ എന്നുള്ള തന്റെ മനോദുഃഖം (വാല്യം III.പേജ് 31) ചാവറപ്പിതാവിലെ ദാസ്യാസക്തിയുടെ ശക്തമായൊരു ബഹിഃസ്ഫുരണമാണ്. (വേദപുസ്തകത്തിൽ ദാസനും അടിമയും തുല്യപദങ്ങളാണെന്ന കാര്യം (ഫിലി.2:7) ഇവിടെ അനുസ്മരിക്കുക നന്ന്).

6. ***സഖ്യാസക്തി*** = *ദൈവത്തോട് സ്നേഹിതനെപ്പോലെ പ്രാർത്ഥനയിൽ സ്നേഹബന്ധം ആഴപ്പെടുത്തുന്നതിനുള്ള ഉൾപ്രേരണ* (യോഹ.15:10). ധ്യാനം ചാവറയച്ചന് സ്നേഹിതനോടൊന്നപ്പോലെ ദൈവത്തോട് ഒന്നിച്ചിരുന്നുള്ള സ്നേഹ സംസാരമാകുന്നു (വാല്യം.III.പേജ് 14). സ്നേഹത്തിലൂടെ ദൈവത്തോട് സംസാരിക്കുന്നതിനുള്ള പഠനമാകുന്നു ധ്യാനാഭ്യസനം (വാല്യം.III.പേജ് 15). ധ്യാനിപ്പാൻ ദൈവസ്നേഹത്താൽ ദൈവത്തോട് ചേർന്നിരിക്കണം. അതിനാൽ പാപജീവിതം ഉപേക്ഷിക്കുകയാണ് ധ്യാനജീവതപ്രവേശനത്തിനുള്ള ഒന്നാമത്തെ വ്യവസ്ഥ. വി. യോഹന്നാന്റെ ശൈലി

സ്വീകരിച്ചുകൊണ്ട് (1 യോഹ.4:8), ചാവറയച്ചനും ദൈവത്തെ നിർവചിച്ചിരിക്കുന്നത്, 'സ്നേഹമെന്നത്രെ അവിടുത്തെ നാമം' എന്നു പറഞ്ഞുകൊണ്ടാണ് (വാല്യം III.പേജ് 17). അദ്ദേഹം പറയുന്നു: 'ദൈവമെ, സ്നേഹമാകുന്ന നിന്നെ ആത്മനാ സൂക്ഷിച്ചുനോക്കികൊണ്ടിരിക്കുന്ന എനിക്ക് നിന്നെ സ്നേഹിക്കാതിരിക്കാൻ കഴിയുന്നതെങ്ങനെ! നിന്റെമേലല്ലാതെ, മറ്റേതെങ്കിലുമൊന്നിന്റെമേൽ എനിക്കു സ്നേഹം തോന്നുന്നതെങ്ങനെ! ആ ദൈവമേ, നിന്റെ നഗരിയായ എന്റെ ഉള്ളിൽ നിന്റെ ചോരയൊക്കെയും നീ എനിക്കായി ചിന്തി, മാംസം എനിക്കായി മുറിച്ചു: എന്നിട്ടും അതൊന്നും, ആ കർത്താവേ, അങ്ങ് എന്റെമേൽ വച്ച സ്നേഹത്തിനു മതിയായില്ലല്ലോ!' (വാല്യം III.പേജ് 21-22).

**7. *വാത്സല്യാസക്തി*** = *പിതാവായ ദൈവത്തിന് തന്റെ മക്കളായ നമ്മോടുള്ള വാത്സല്യം നുകർന്ന്, മക്കളെപ്പോലെ സ്വർഗ്ഗീയ പിതാവിനെ നിഷ്കളങ്കമായും പൂർണ്ണശരണത്തോടെയും സ്നേഹിക്കുന്നതിനുള്ള ഉൾപ്രേരണ* (മാർക്കോ.10:14; ഹോസ.11:1; മക്കാ.10:15). ഈശോയെ, 'എന്റെ പ്രിയമുള്ള അപ്പാ' എന്നു വിളിച്ച് അവടുത്തെ കസേരയുടെ പിറകിൽ അടിയനെപ്പോലെ മുട്ടുകുത്തിയും തൃപ്പാദം പിടിച്ചും നിൽക്കുന്ന ചാവറയച്ചനിൽ നമുക്കു കാണാനാവുക, **ദാസ്യഭക്തി**യുടെയും ശിശുതുല്യമായ **ശാന്തഭക്തി**യുടെയും **വാത്സല്യഭക്തി**യുടെയും അതിഹൃദ്യമായൊരു സമ്മേളനംതന്നെയാണ്. ചാവറയച്ചന്, സന്ന്യാസം പിതൃ-മാതൃ വാത്സല്യം (യേശുവിന്റെയും മറിയത്തിന്റെയും വാത്സല്യം) ഒരുമിച്ചനുഭവിക്കാനുള്ളൊരു യോഗവും ഭാഗ്യവുമായിരുന്നു (വാല്യം III. 41). 'വേഗത്തിൽ വന്നീടുക, നിന്നുടെ പിതാ ഞാനേ' എന്ന യേശുവിന്റെ സ്നേഹാഹ്വാനത്തിന്, കേട്ടപാടെ 'സ്നേഹപിതാ, ദൈവമേ, സർവ്വേശ്വരാ' എന്നു ചൊല്ലികൊണ്ടുള്ള (ആത്മാനുതാപം VII.380) ആത്മാർപ്പണസമേതമായൊരു പ്രത്യുത്തരമായിരുന്നു, ചാവറയച്ചന് സ്വജീവിതം മുഴുവൻ.

**8. *കാന്താസക്തി*** = *വധുവായ ആത്മാവിന് വരനോടുള്ള സമർപ്പിതമായ പ്രേമഭക്തിയിലും അനുരക്തിയിലും ജീവിക്കുന്നതിനുള്ള ഉൾപ്രേരണ* (ഉത്തമഗീതം 4:8; വെളിപാട് 21:9). ഈശോമിശിഹായെ തന്റെ 'ആത്മാവിന്റെ പ്രിയപ്പെട്ട മണവാളൻ' എന്നാണ് ചാവറയച്ചൻ വിശേഷിപ്പിച്ചിട്ടുള്ളത് (വാല്യം III.പേജ് 56). തന്നെ അവിടുത്തെ മണവാട്ടികളുടെ കൂട്ടത്തിൽ ചേർപ്പാനായിട്ടത്രെ വരനായ ഈശോ വലിയ ദു:ഖഘോഷങ്ങൾക്കുപോലും തന്നെത്തന്നെ വിധേയനാക്കിയത് (വാല്യം III.പേജ് 23). താൻ സ്ഥാപിച്ച കന്യാമഠത്തിലെ തന്റെ ആത്മീയ മക്കളെ അദ്ദേഹം വിശേഷിപ്പിച്ചിട്ടുള്ളത്, 'ഒ! എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജ

സ്ത്രീകളെ' എന്നാണ് (കത്തുകൾ VIII/2). ആത്മാവും ദൈവവും തമ്മിലുള്ള ബന്ധത്തെ വധൂവരസമാഗമരൂപത്തിൽ (**മാധുര്യഭക്തി**) വിവരിക്കുന്ന മിസ്റ്റിക്ക് ശൈലിയും ചാവറയച്ചന് സ്വാധീനമായിരുന്നു. "ഏകാന്തത്തിൽ സന്തോഷമാകുമ്പോൾ, ആ ആത്മാവിനെ ഏകാന്തത്തിൽവച്ച് കാണ്മാനായിട്ട് ഈശോമിശിഹാ എഴുന്നള്ളി വന്ന്, ആത്മാവിനോടുകൂടെ സംസാരിച്ചു തുടങ്ങും. തുടക്കത്തിൽ ആത്മാവിന് ആ ഭാഷയും സംസാരവും നല്ലവണ്ണം തിരിയുകയില്ല. അപ്പോൾ ആകും അവിടുന്ന് ഈ മണവാട്ടിയെ വീണ്ടുമുറിയിൽ കയറ്റി, തന്റെ മാധുരി പകർന്നുകൊടുക്കുക. ആദ്യം അല്പാല്പമായിട്ടായിരിക്കും. ഇത് രസിച്ചുവരുമ്പോൾ, മണവാളന്റെ സംസാരം തിരിഞ്ഞു തുടങ്ങും. തന്റെ ഭാഷ മനസ്സിലാക്കുന്നു എന്നു കാണുമ്പോൾ, മണവാളൻ കുറെക്കൂടി വ്യക്തമായി സംഭാഷിച്ചു തുടങ്ങും.തന്റെ സ്നേഹം എത്ര വലുതാണെന്ന് മനസ്സിലാക്കിക്കൊടുക്കും മണവാട്ടിയുടെ സ്നേഹം വർദ്ധിക്കുന്നതിൽ സന്തുഷ്ടനായ മണവാളൻ മണവാട്ടിക്ക് ചില ആഭരണങ്ങൾ കൊടുക്കും. തന്നെത്തന്നെ അവൾക്കു വ്യക്തമാക്കികൊടുക്കും. അതോടെ ഭയങ്ങളെല്ലാം വിട്ടുമാറും....." (കത്തുകൾ VII/8).

**9. *ആത്മനിവേദനാസക്തി*** = *യേശുവിനോട് വീണ്ടും വീണ്ടും സംസാരിച്ച് തന്നെത്തന്നെ മുഴുവനായി അവിടുന്നിലേയ്ക്ക് ശൂന്യമാക്കുന്നതിന് സാധകന് ഉള്ളിൽ തോന്നുന്ന ഉൾപ്രേരണ* (കൊള.3:3). ഓരോ ദിവസത്തെയും വിചാരങ്ങളും വചനങ്ങളും പ്രവൃത്തികളും ആശകളും സമ്പാദ്യങ്ങളും തിരുമുൽക്കാഴ്ച്ചവച്ച്, ബാവാ തമ്പുരാനെയും പുത്രൻ തമ്പുരാനെയും റൂഹാദക്കുദശാ തമ്പുരാനെയും വന്ദിച്ച്, രാത്രിയിൽ ഉറങ്ങാൻ പോകുന്നേരം യേശുവിന്റെ മരണത്തിലുള്ള പങ്കുപറ്റലിന്റെ പ്രതീകമായി ക്രൂശിതരൂപം കയ്യിൽ പിടിച്ച് തഴുകി, അവിടുത്തെ ഉത്ഥാനത്തിലേക്കുള്ള ഉണർന്നെഴുന്നേല്പിന്റെ മുന്നാസ്വാദനമെന്നോണം 'എന്റെ കർത്താവെ, നിന്റെ തൃക്കൈകളിൽ എന്റെ ആത്മാവിനെ ഞാൻ ഏല്പിക്കുന്നു' എന്നു ചൊല്ലിക്കൊണ്ട് ഉറങ്ങി എഴുന്നേൽക്കുക (വാല്യം III.പേജ് 68–70) ചാവറയച്ചന് യഥാർത്ഥമായ ആത്മന്യാസഭക്തിയുടെ ക്രിയാപരമായ സാക്ഷാത്കാരംതന്നെയായിരുന്നു.

**10. *തന്മയതാസക്തി*** = *യേശുവിനോട് സർവ്വപ്രകാരേണയും അനുരൂപയാകുന്നതിന് ആത്മാവിലനുഭവപ്പെടുന്ന ഉൾപ്രേരണ* (റോമ. 8:29). യേശ്വാനുഗമനത്തിലൂടെയുള്ള യേശുസാരൂപ്യ പ്രാപ്തിയത്രെ ചാവറയച്ചന്റെ ദൃഷ്ടിയിൽ സമർപ്പിത ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം: 'ദൈവശുശ്രൂഷിയായ ആത്മാവേ, നീ ലോകമായകളിൽനിന്നകന്ന്, ലോകസുഖലീലകൾ ഉപേക്ഷിച്ച്, സ്വകുടുംബം പരിത്യജിച്ച്, പുണ്യത്തിന്റെ സങ്കേതമായിരിക്കുന്ന തമ്പുരാന്റെ ഭവനത്തിൽ ചേർന്ന് സമർപ്പിത ജീവിതം ആശ്ലേഷിച്ചത്, നിന്റെ

ജീവിതം സുഖസന്താഷങ്ങളിലും ബഹുമതികളിലും ദ്രവ്യപുഷ്ടിയിലും കഴി പ്പാനാണോ? തീർച്ചയായും അല്ല. പിന്നെയോ നിന്റെ ദിവ്യഗുരുവായിരുന്ന ഈശോമിശിഹായെ പിൻചെല്ലുന്നതിനും തന്റെ *പ്രതിരൂപമായി* എല്ലാ കാര്യ ങ്ങളിലും തന്റെ മാതൃകപ്രകാരം നടന്ന് അവിടുത്തോട് അനുരൂപനായി, തന്റെ അമൂല്യമായ തിരുരക്തംതന്നെ വിലയായി നൽകി അവിടുന്ന് വാങ്ങി ച്ചിരിക്കുന്ന നിന്റെയും നിന്റെ കൂടപ്പിറപ്പുകളുടെയും ആത്മാക്കളെ തന്നോടു ചേർക്കുന്നതിനും, തദർത്ഥം പാപങ്ങളിൽ നിന്നൊഴിയുന്നതിനും മറ്റുള്ളവരെ ഒഴിക്കുന്നതിനും, പുണ്യങ്ങളെ ചെയ്യുന്നതിനും മറ്റുള്ളവരെക്കൊണ്ട് ചെയ്യി ക്കുന്നതിനും വേണ്ടിയാണ്. തന്മൂലം നീ നിന്റെയും അതോടൊപ്പം മറ്റുള്ള വരുടെയും ആത്മാക്കളെ രക്ഷിക്കാൻ തക്കവിധം പ്രയത്നിപ്പാൻ സർവ്വഥാ കടപ്പെട്ടിരിക്കുന്നു' (വാല്യം III. പേജ് 49).

**11. *പരമവിരഹാസക്തി*** = *യേശുവിനെ പിരിഞ്ഞിരിക്കുകമൂലമുണ്ടാകുന്ന മനോവേദനയിൽ, സദാ യേശുസാമീപ്യത്തിനും യേശുദർശനത്തിനും വേണ്ടി കരഞ്ഞും അപേക്ഷിച്ചുംകൊണ്ട് കഴിയുന്നതിനുള്ള ഉൾപ്രേരണ* (വെളി.22:20; 1 കൊറി.16:22).

യേശുവിന്റെ മരണാനന്തരം പുത്രവിരഹദു:ഖത്താൽ കേഴുന്ന കന്യാ കാമറിയത്തിന്റെ വിലാപവിവരണത്തിലൂടെ ചാവറയച്ചൻ പ്രകാരാന്തരേണ വിവരിക്കുന്നത് യേശുവിരഹത്തിൽ തപ്തചിത്തയായി, 'കർത്താവേ, വന്നാലും!' (വെളി. 2:20; 1കോറി. 16.22) എന്നല്ലാതെ മറ്റൊന്നുംതന്നെ ചൊല്ലാൻ പ്രാപ്തിയില്ലാതെ, അന്ധകാരരാത്രിയിൽ കഴിയുന്ന മനുഷ്യാത്മാ വിന്റെ ആത്മവ്യഥതന്നെയാണ്.

അന്നുരാത്രി അമ്മതന്നുടെ ദു:ഖമെ...
ആ നിശയിൽ തൻ മാനസനികേതത്തിൽ
നിശ്ചലയായ് അവളനുഭവുച്ചൊരു നൊമ്പരം...
ആ ദു:ഖകാഴ്ച്ചയോടെ, ഉള്ളിലേറ്റി കഠിനവ്യാകുലത-
കളാൽ അവളുടെ ദു:ഖം രോദനമായി ഒഴുകി.
എന്റെ കണ്ണിനു വെട്ടമായവൻ, എന്റെ സ്നേഹവും
ജീവനും എന്റെ ഹൃദയസ്പന്ദന-
ഹേതുവായവൻ ഈ പുത്രൻ
എന്റെ ജീവന്റെ ജീവൻ, നിൻസ്നേഹമൊന്നുമാത്രം.
നിൻ രത്നതിരുമുഖോശോഭയെ കാണാൻ
ഞാൻ എത്രമേൽ ദാഹിച്ചു!
നിൻചാരച്ചത്തണയുവാൻമാത്രം ഞാൻ ആശിച്ചു!

(ആത്മാനുതാപം: മാതൃദു:ഖം 24-44)

വി. യോഹന്നാൻ ക്രൂസ് തന്റെ മിസ്റ്റിക്കൽ തിയോളജിക്കൽ 'ആത്മാവിന്റെ ഇരുണ്ട രാത്രി' എന്നു വിശേഷിപ്പിക്കുന്ന ആന്തരികാനുഭവമത്രെ ദൈവയോഗാർത്ഥിയിൽ വിരഹാസക്തിയായി അനുഭവപ്പെടുക. ഈ അന്ധകാരത്തിന് രണ്ടു കാരണങ്ങൾ വിശുദ്ധൻ പറയുന്നു: ഒന്ന്, ദൈവിക വിജ്ഞാനത്തിന്റെ അനന്തതയും അത്യുജ്ജ്വലപ്രഭയും; രണ്ട്, ആത്മാവിൽ ഇനിയും ശുദ്ധീകരിക്കപ്പെടേണ്ടതായി അവശേഷിക്കുന്ന അപൂർണ്ണതകൾ. ഈ നിലയിൽ സൂര്യോദയത്തിനായി കേഴുന്ന കുരുവിയെപ്പോലെ, ദൈവവിരഹാർത്തയായ ആത്മാവിന് അവിടുത്തെ ശോഭയ്ക്കും കൃപയ്ക്കുമായി കരഞ്ഞപേക്ഷിച്ചുകൊണ്ട് തിരുമുമ്പിൽ നിൽക്കാനേ ആവൂ. (Dark Night of the Soul, BK. II. 5 & V. 381-2).

സ്വന്തം ഹൃദയാന്തരാളത്തിൽനിന്നും ദൈവത്തിലേക്കു പറന്നുയരുക എന്നതാകുന്നു പ്രാർത്ഥന. കണ്ണുകൾ സ്വർഗത്തിലേക്ക് അയത്ന ലളിതമായി ഉയർത്തുന്നതും, നന്ദിയുടെ കണ്ണീർ പൊഴിച്ച് ദൈവതിരുമുമ്പാകെ കൈകൂപ്പി നില്ക്കുന്നതും, ദൈവപ്രേമത്തിന്റെ അവാച്യമായ ആനന്ദലഹരിയിൽ ആലീനമായിരിക്കുന്നതും, സ്വന്തംനിസ്സഹായതയുടെ കല്ലോലങ്ങളിൽപ്പെട്ട് വിവശരായി ശരണപൂർവം വിളിച്ചപേക്ഷിക്കുന്നതും - ഇതെല്ലാം പ്രാർത്ഥനയുടെ നാനാരൂപങ്ങൾ മാത്രമാണ്. പ്രകൃത്യതീതമായൊരു സ്വർഗീയശക്തി പ്രാർത്ഥനയിൽ എന്റെ ഹൃദയകവാടങ്ങളെ തുറക്കുന്നു. അത് യേശുവിനോടു എന്നെ അവിഭക്തമായി ചേർത്തൊന്നിപ്പിക്കുന്നു (St. Therese of Lisieux, Autobiography, Ch. xxxvii)

# VIII

# മഹത്സംഗം (സത്സംഗം)

**ധ്യാ**നവും ഭക്തിയും വിശേഷാൽ വളരുന്നതും വളരേണ്ടതും സന്ന്യാസിമാരുടെ സമർപ്പിതസംഘങ്ങളിൽ (= മഹത്സംഗം അഥവാ സത്സംഗം) ആകുന്നു (നാരദഭക്തിസൂത്രം,40). ആത്മീയ മാഹാത്മ്യമുള്ളവരും (മഹത്) ഉത്തമരും (സത്) ആയ സന്ന്യാസിമാർ ഒരുമയോടെ (സംഗം) ജീവിക്കുന്ന സമൂഹങ്ങൾക്കാണ് മഹത്സംഗം അഥവാ സത്സംഗം എന്നു പറയുക. സമർപ്പിതസംഘങ്ങളിൽ ഭക്തിവർദ്ധനവിനും ധ്യാനപുരോഗതിക്കും ഈശ്വരൈക്യത്തിനും സഹായകവും പ്രോത്സാഹകവുമായി സാധകർക്കു ലഭിക്കുന്ന നിരവധി അനുകൂലഘടകങ്ങളെപ്പറ്റി നാരദഭക്തിസൂത്രങ്ങളിൽ പറയുന്നുണ്ട്:

1. *ലോകേ/പി ഭഗവദ്ഗുണ ശ്രവണ കീർത്തനാൽ* (സൂത്രം 37,14). ലോകത്തിലാണെങ്കിലും, സ്വധർമ്മപ്രകാരമുള്ള മറ്റു ജോലികൾക്കിടയിൽപ്പോലും, ദൈവമഹിമകളും ഗുണങ്ങളും ശ്രവിച്ചും കീർത്തിച്ചും ജീവിക്കാൻ സാധിക്കുന്നു.

2. *മുഖ്യതസ്തു മഹൽകൃപയൈവ ഭഗവൽ കൃപാലേശാദ്വാ* (സൂത്രം 38). ആത്മീയ ഗുരുക്കന്മാരുടെ  സഹായവും ദൈവകൃപയും ധാരാളമായി ലഭിക്കുന്നു.

3. *നാസ്തി തേഷു ജാതിവിദ്യാരൂപകുലധനക്രിയാദി ഭേദഃ* (സൂത്രം 72); *യതസ്തദീയാഃ* (സൂത്രം 73); *തസ്മിംസ്തജ്ജനേ ഭേദാഭാവാൽ* (സൂത്രം 41). ഉന്നതസമുദായാംഗത്വം, വിദ്യാഭ്യാസൗന്നത്യം, ശരീരസൗന്ദര്യം, കുടുംബപ്രശസ്തി, (ശമ്പളമായും മറ്റും) ഓരോരുത്തനും സമൂഹത്തിനു നേടിത്തരുന്ന ധനത്തിന്റെ കൂടുതൽ-കുറവ്, ചെയ്യുന്ന ജോലിയുടെ വലിപ്പം ഇത്യാദികാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഭേദങ്ങളൊന്നും കൂടാതെ, സമർപ്പിതസമൂഹത്തിൽ എല്ലാവരും തുല്യതയോടെ പരിഗണിക്കപ്പെടുന്നു; എല്ലാവരും ഒരുപോലെ ദൈവത്തിന്റേതാകയാൽ, അവിടുത്തേയ്ക്ക് തന്റെ മക്കൾ തമ്മിൽ ഭേദം അഥവാ വ്യത്യാസമില്ലതന്നെ.

4. *കാമക്രോധമോഹ സ്മൃതിഭ്രംശ ബുദ്ധനാശ സർവ്വനാശ കാരണത്വാൽ* (സൂത്രം 44; ഭഗവദ്ഗീത 2:62,63). ആത്മീയാധഃപതനത്തിന്റെ ആരംഭമാണ് സ്വാർത്ഥപ്രീണനത്തിനുള്ള ആഗ്രഹം (കാമം); സ്വന്തം ആഗ്രഹപൂർത്തി നടക്കാതെ വരുമ്പോൾ, അതിനു തടസ്സമായി നിൽക്കുന്ന കാര്യങ്ങളോടെല്ലാം വിരോധം തോന്നും (ക്രോധം); ഈ വിരോധംകൊണ്ടുതന്നെ, സ്വന്തം ഇഷ്ടം നടത്തിയേ അടങ്ങു എന്ന വാശി (മോഹം) പ്രബലപ്പെടും; ഈ നിലയിലെത്തിക്കഴിഞ്ഞാൽ, മുമ്പേ പഠിച്ചുവച്ചിട്ടുള്ള നല്ല തത്വങ്ങളെല്ലാം മറന്നുപോയ തരത്തിലുള്ള ഓർമ്മക്കേട് (സ്മൃതിഭ്രംശം) വന്നുഭവിക്കും; ഇത്തരത്തിലുള്ള ഓർമ്മക്കേടു വന്നാൽ സന്ന്യാസബുദ്ധി നശിച്ചതുതന്നെ (ബുദ്ധിനാശം); ബുദ്ധി നശിച്ചാൽ എല്ലാം നശിച്ചു (സർവ്വനാശം) - ഇവ്വിധമുള്ള ആത്മീയാധഃപതനം വരാതെ ജീവിക്കാൻ സമർപ്പിതസമൂഹത്തിലുള്ള ജീവിതം നമ്മെ സഹായിക്കുന്നു.

5. *യോ ലോകബന്ധമുന്മൂലയതി, യോ നിർഗ്ഗുണ്യോ ഭവതി* (സൂത്രം 47); *തീർത്ഥീ കുർവന്തി തീർത്ഥാനി* (സൂത്രം 69); *സ തരതി സ ലോകാംസ്താരയതി* (സൂത്രം 50). ഈ ലോകത്താൽ ബന്ധിതരാകാത്തവിധം, ത്രിഗുണങ്ങൾക്ക് അടിമകളാകാതെ, സംസാരസാഗരത്തെ വിജയപൂർവ്വം തരണം ചെയ്തും, തരണംചെയ്യാൻ മറ്റുള്ളവരെ സഹായിച്ചും ജീവിക്കാൻ സാധകരെ സഹായിക്കുന്ന സമർപ്പിതസംഘങ്ങൾ ഈ ഭൂമിയിൽ തീർത്ഥങ്ങളായി (= തരണം ചെയ്യാൻ പ്രാപ്തി നൽകുന്ന സങ്കേതങ്ങളായി) വർത്തിക്കുന്നു. അവയത്രെ ലോകത്തിലെ പുണ്യസ്ഥലങ്ങളെ പരമാർത്ഥത്തിലുള്ള മോക്ഷസങ്കേതങ്ങളാക്കി മാറ്റുക.

## 1. സന്ന്യാസസത്സംഗം

തിരുസഭാംഗത്വത്തിലൂടെയും പൗരോഹിത്യ സമൂഹാംഗത്വത്തിലൂടെയും കർമ്മലീത്താ സന്ന്യാസസംഘജീവിതത്തിലൂടെയും തനിക്കു ലഭിച്ച സത്സംഗഭാഗ്യത്തെയും അനുഗ്രഹങ്ങളേയും പറ്റിയുള്ള നിരവധി അനുസ്മരണങ്ങൾ ചാവറയച്ചന്റെ ആത്മഘോഷങ്ങളിൽ ആദ്യന്തം കാണാവുന്നതാണ്.

പൗരോഹിത്യാന്തസ്സിലേക്ക് തന്റെ പത്താം വയസ്സിൽ, തനിക്കു ലഭിച്ച വിളിയെക്കുറിച്ചുള്ള ചാവറയച്ചന്റെ ആദ്യ അനുസ്മരണംതന്നെ, ആ വിളി തന്നിലുണർത്തിയ അതിരില്ലാത്ത ആനന്ദത്തിന്റെ അതീവഹൃദയഹാരിയായ ഒരു ഉദ്ഘോഷണമത്രെ:

ഇങ്ങനെ ദശവത്സരം ചെന്നപ്പോൾ
അങ്ങുന്നെന്നെ വിളിച്ചു മഹാദയയാൽ

അന്നുതൊട്ട് അമ്മയിൽനിന്നും സഹോദരനിൽനിന്നും
വേർപെട്ട്, ഞാൻ ദൈവംതന്നുടെയന്തികേ ചേരുവാൻ
തന്നുടെ ദയാധികൃത്താൽ ദൈവം തിരുച്ചിത്തമായ്.

(ആത്മാനുതാപം I.124-128).

വൈദികപരിശീലനാർത്ഥം സെമിനാരിയിൽ കഴിച്ച, സത്സംഗാനുഭവ ദായകമായ ഗുരുകുലവാസത്തിലൂടെ തനിക്കു ലഭിച്ച ആത്മീയനന്മകളെ പിതാവ് ഇങ്ങനെ വിവരിക്കുന്നു:

നിന്റെ ദയാധികൃത്താൽ അന്ന് എന്നെ നീ
എനിക്കായ് നിശ്ചയിച്ച മേച്ചിൽസ്ഥലത്തിൽ ചേർത്തു.
അവിടെയുള്ള ഗുരുശ്രേഷ്ഠൻ
ശ്രദ്ധയോടെന്നെ കാത്തുവളർത്തി;
പൂജ കാണ്മാനും ശുശ്രൂഷ ചെയ്‌വാനും
പുണ്യമായ് നടക്കാനും തണ്യതൊക്കെ ത്യജിപ്പാനും
പൂജ്യമായ ദയയോടെ എന്നെ പഠിപ്പിച്ചു. (I.132-140)

തന്റെ ബലക്ഷയങ്ങൾക്കും തെറ്റുകൾക്കും ഇടയിലും ദൈവത്തിന്റെ ദയയെയും ഗുണമഹിമാദികളെയും കണ്ടും അനുഭവിച്ചും ചാവറയച്ചൻ, സൃഷ്ടിയെന്ന നിലയിൽ ആദ്യം തന്റെ കുടുംബമാകുന്ന സത്സംഗത്തിലും, അതിനെത്തുടർന്ന് ജ്ഞാനസ്നാനത്തിലൂടെ തനിക്കു കൈവന്ന ദ്വിജൻ അഥവാ പുനഃസൃഷ്ടി എന്ന നിലയിൽ, തിരുസ്സഭയാകുന്ന ദൈവജന സത്സംഗത്തിലും ജീവിച്ചു:

ആദിനായകനായ സർവ്വേശ്വരൻ
ആദത്തിൻ സുതനായ് ചമച്ചെന്നെയും
ആയതിനെന്തുകാരണം ദൈവമെ?
ആദ്യഹീനനാം നിൻ ദയതന്നെ കാരണം!
നിൻമഹത്വത്തിൻ ഛായയിൽ നീയെന്നെ സൃഷ്ടിച്ചു
ഈശനായ നിൻ കൃപതന്നെ അതിൻ ഹേതു.
നിഖിലപതി നീയേ, നിഷ്ക്കളങ്കൻ, നിർമ്മലൻ,
ഗുണരഹിതപാപി ഞാൻ, ദുർബലൻ, തവദാസൻ:
നിന്നുടെ മഹത്വവും സകല ഗുണങ്ങളും
ഇന്നു ഞാൻ നിനയ്ക്കുന്നേൻ: എന്നുടെ
പിതാവു നീ, സൃഷ്ടിനാഥനും നീയേ, നിന്നുടെ
സ്നേഹഗുണത്തിനു മാറ്റമില്ലൊരുന്നാളും ദൃഢം!

> എന്നെ നീ സർവ്വേശ്വരാ, നിന്നെ സ്നേഹിച്ചീടുന്ന
> ജനത്തിലെന്നെച്ചേർത്തു
> ആയതിനെന്തുമൂലം? നിന്നുടെ ദയതന്നെ!
> ഞാൻ അതിന് എന്ത് കൃതജ്ഞതയണയ്ക്കേണ്ടു!
>
> (ആത്മാനുതാപം I.4; V.146- 150; II.76)

സൃഷ്ടിയിലൂടെയും തിരുസ്സഭാംഗത്വത്തിലൂടെയും താൻ ആരംഭിച്ച സമർപ്പിതജീവിതത്തെ പരിപൂർത്തിയിലെത്തിക്കാനുള്ളൊരു കൃപയും വിളിയുമായിട്ടത്രെ, 'ദൈവത്തിന്റെ തിരുച്ചിത്രകൗതുകമായ കൂട്ടത്തിൽ' - കർമ്മലസഭയാകുന്ന സത്സംഗത്തിൽ - ചേരുവാൻ തനിക്കു ലഭിച്ച ദൈവികാഹ്വാനത്തെ (VII.252) ചാവറയച്ചൻ കാണുന്നത്. 'മഹാതാപസനായിടുവാൻ താൻ വശഹീനനാണെങ്കിലും, യേശുവിന്റെ സന്നിധിയണയാനും, അവിടുത്തെ തിരുപ്പാടുകളിൽനിന്നും തിരുരക്തത്തിൽനിന്നും ഒഴുകിവരുന്ന കരുണയിൽ ശരണാഗതനെപ്പോലെ ആശ്രയം തേടാനും, സമർപ്പിതജീവിതം അദ്ദേഹത്തിനു നിമിത്തമായി ഭവിച്ചു' (VII.364- 372). 'എന്റെ പ്രിയമുള്ള അപ്പനായിരിക്കുന്ന ഈശോമിശിഹാ ലോകത്തിൽനിന്ന് എന്നെ വലിച്ചതും, പൈതൽപ്രായത്തിൽത്തന്നെ എന്റെ അമ്മയുടെ കയ്യിൽനിന്നും എന്നെ തനിക്കായി കൈക്കൊണ്ടതും, എന്നെ ഉത്തരീയക്കൂട്ടത്തിൽ - കർമ്മലസഭയിൽ - ചേർക്കുന്നതിനും, അതുവഴി ഞാൻ മുഴുവനായിട്ട് തന്റെ പ്രിയമുള്ള മകനു ചേർന്നവിധം ജീവിക്കുന്നതിനും വേണ്ടിയായിരുന്നു' (വാല്യം III.പേജ് 18).

സന്ന്യാസസത്സംഗത്തെ നിരന്തരമായ ദൈവകൃപാപ്രവാഹത്തിന്റെ ഒരു അനർഗ്ഗളസരിത്തായിട്ടത്രെ ചാവറപ്പിതാവ് അനുഭവിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്:

> ബെർണർദോസ് എന്ന പുണ്യവാളൻ ഏറിയനാൾ വനവാസത്തിൽ പാർത്ത് കഠിനതപസ്സും സുകൃതങ്ങളും അനുഷ്ഠിച്ചുവന്നിരുന്നു. എങ്കിലും കൂടെക്കൂടെ അത്യന്ത സങ്കടത്തോടുകൂടി തന്നോടുതന്നെ ഇപ്രകാരം ചോദിച്ചുവന്നിരുന്നു: ബർനർദോസേ, ബർനർദോസേ, എന്തിന് സർവ്വേശ്വരൻ നിന്നെ വിളിച്ചു? നീ ഇവിടെ എന്തുചെയ്യുന്നു? എന്തിനായി നീ സർവ്വേശ്വരഭവനത്തിൽ വന്നിരിക്കുന്നു? ഇത് കേൾക്കെ, നിനക്കു നിന്റെ കാര്യത്തിൽ ലജ്ജയും നാണവും തോന്നേണ്ടതല്ലേ! കാരണം, സർവ്വേശ്വരൻ ആദ്യമേ നിന്നെ വിളിച്ചു; അനേകം ആളുകളെക്കാൾ അധികമായി നിന്നെ അനുഗ്രഹിച്ചു; നിന്നെ അവിടുന്നു തെരഞ്ഞെടുത്ത് സ്ഥാനവും അവകാശവും നിനക്കു തന്നു;

> തന്റെ സ്വന്തം ഭവനത്തിൽ തന്നോടുകൂടെ നിന്നെ പാർപ്പിച്ചു: തന്റെ പ്രിയപ്പെട്ടവനായിട്ട് താൻ നിന്നെ കൈക്കൊണ്ടു. തന്റെ വിശേഷവരപ്രസാദങ്ങളാൽ നിന്നെ അലങ്കരിച്ചു. പല പല വിശേഷകൃപകളും നിനക്കു നല്കി; പലവട്ടം നിന്നോടു ക്ഷമിച്ചു. എന്തെല്ലാം ജ്ഞാനസഹായങ്ങളും ആത്മപ്രകാശങ്ങളും നിനക്കു നല്കി; നിന്നെക്കാളേറെ നല്ലവരായി നിരവധി പേർ ലോകത്തിലുണ്ടായിരുന്നിട്ടും, അവരെ വിട്ട്, നിന്നെ അവിടുന്ന് വിളിക്കുകയും, തന്റെ കൃപയും പ്രസാദവും നിനക്കു നല്കുകയും ചെയ്തു! (വാല്യം III.പേജ് 51).

താഴെപ്പറയുന്ന അർത്ഥത്തിലുള്ളൊരു സൂക്തം കഠോപനിഷത്തിലുണ്ട്: ദൈവത്തെക്കുറിച്ച് പലർക്കും കേൾക്കാനുള്ള യോഗംപോലും സിദ്ധിക്കുന്നില്ല; കേട്ടാൽത്തന്നെയും, വേണ്ടപോലെ ഗ്രഹിക്കുന്നവരും അത്യപൂർവ്വം തന്നെ. ദൈവത്തെ ശരിയായി ഗ്രഹിച്ചിട്ടുള്ള ആചാര്യന്മാരെപ്പറ്റി നാം ആശ്ചര്യപ്പെടണം. അവരാൽ ശരിയായി ഉപദേശിക്കപ്പെട്ടിട്ടുള്ള ശിഷ്യന്മാരും നമ്മുടെ ആശ്ചര്യത്തിന് പാത്രീഭവിക്കേണ്ടവർതന്നെ! (2.7).

ആത്മീയഗുരുക്കന്മാരിൽനിന്നും ദൈവത്തെക്കുറിച്ച് പ്രകാശിതവും ഐക്യജനകവുമായ അറിവു ലഭിക്കാനിടയായത്, സന്ന്യാസസത്സംഗത്തിലൂടെ തനിക്കു ലഭിക്കാനിടയായ ഏറ്റവും അമൂല്യമായൊരു അനുഗ്രഹവും വരപ്രസാദവുമായി ചാവറയച്ചൻ ഇടക്കിടെ ഏറ്റുപറയുന്നുണ്ട്:

> എത്രയും വലിയ അയോഗ്യനെങ്കിലും, ഞാനും വി.അമ്മത്രേസ്യയുടെ മകൻ ആകുവാൻ ദൈവം തിരുമനസ്സായി. കർമ്മല അമ്മവഴി, അമ്മ ത്രേസ്യാ തന്റെ മക്കളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. ധ്യാനത്തിന്റെ ഗുരുനാഥ എന്ന നാമധാരിണിയായ ഈ പ്രിയപ്പെട്ട അമ്മയോട് ഞാൻ പ്രാർത്ഥിക്കും, ധ്യാനജീവിതത്തിന്റെ ഏഴു പദവികളും അതിലേയ്ക്ക് കേറുവാനുള്ള വഴികളും എന്നെ പഠിപ്പിച്ചുതരേണമേ എന്ന്. ശാരീരികമാതാക്കളെക്കാൾ തന്റെ മക്കളെ സ്നേഹിക്കുന്ന ഈ അമ്മ തീർച്ചയായും ഈ ജ്ഞാനം നമുക്കു നല്കുകയും, ദൈവത്തിൽനിന്നും ധ്യാനവരം നമുക്കായി ചോദിച്ചു വാങ്ങി നല്കുകയും ചെയ്യും (വാല്യം III.പേജ് 13-14).

തന്റെ സന്ന്യാസസത്സംഗത്തെ ലോകത്തിലും സ്വർഗ്ഗത്തിലും ഒരുപോലെ നിലനില്ക്കുന്നൊരു ബന്ധവും കൂട്ടായ്മയും ആയി കാണുന്ന ചാവറ പിതാവ്, ആ വലിയ സന്ന്യാസകുടുംബത്തിൽ അംഗമായിരിക്കുന്നതിൽ,

തന്റെ ജീവിതാന്ത്യം അടുത്തടുത്തുവരുന്നതോടെ താൻ അനുഭവിച്ചിരുന്ന കൂടുതലായ ആന്തരികാനന്ദത്തെ ഇപ്രകാരം വിവരിക്കുന്നു:

> പ.അമ്മയോടുകൂടി ഗാഗുൽത്തായിലെ കുരിശിൽ ഞാനും കെട്ടിപ്പിടിച്ചുകൊണ്ട് നില്ക്കുന്നു. ഈ അമ്മ എനിക്കായി അണച്ചുവരുന്ന അപേക്ഷകളുടെ ഫലം അനുഭവിക്കാനും, ഈ അമ്മയെത്തന്നെ എന്റെ കണ്ണുകൾകൊണ്ട് കാണ്മാനും ഉള്ള സമയം എനിക്കു അടുത്തുവരുന്നു. സർവ്വോപരി, എന്റെ പിതാവേ, നിന്റെ പ്രിയ മക്കളായ ഞങ്ങളുടെ അമ്മത്രേസ്യാ തന്റെ എളിയ മകനായിട്ട് എന്നെയും കൈക്കൊണ്ടിരിക്കയാൽ, തന്റെ മക്കളും എന്റെ കൂടെപ്പിറപ്പുകളുമായ എന്റെ പ്രിയപ്പെട്ട വന്ദ്യസഹോദരരും സഹോദരിമാരും സ്വർഗ്ഗത്തിലേയ്ക്കുള്ള എന്റെ വരവിനെ പാർത്തിരിക്കുന്നു എന്നു തുടങ്ങിയ എണ്ണമില്ലാത്ത ഓർമ്മകൾ എന്നെ സന്തോഷിപ്പിക്കുന്നു (വാല്യം III.പേജ് 31-32).

കർത്താവിനു യോഗ്യമായ സിംഹാസനം തന്റെ ഹൃദയമാകുന്ന ഭവനത്തിൽ ഒരുക്കിത്തരുന്നതിനായി കർമ്മലസഭാംഗമായ ചാവറയച്ചൻ പ്രത്യേകവിധം വിളിച്ചപേക്ഷിക്കുന്നത്, പാവപ്പെട്ട കുര്യാക്കോസായ തന്നെ കുരിശിൽ കിടന്നുകൊണ്ട് ഈശോ മകനായി ആർക്ക് ഏല്പിച്ചുകൊടുത്തുവോ, ആ കന്യകാമറിയത്തെയും, തന്റെ പെറ്റമ്മയെക്കാൾ തനിക്കു അമ്മയായിരിക്കുന്ന ഈശോയുടെ ത്രേസ്യാ ആകുന്ന വി.അമ്മത്രേസ്യായേയുമാണ് (വാല്യം III.പേജ് 41-42).

'കർമ്മലമാതൃദേവിയുടെ കോവിലിൽ,' തന്റെ സന്ന്യാസസമൂഹമാകുന്ന സത്സംഗത്തിൽ, വസിക്കാനായതിനെ 'മഹാഭാഗ്യവും യോഗവും' ആയിട്ടത്രെ ചാവറയച്ചൻ കരുതിപ്പോന്നിട്ടുള്ളത് (ആത്മാനുതാപം VII.184-188). 'സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ, എത്രയും പ്രിയമുള്ള മക്കളെ' എന്നു തുടങ്ങി വാത്സല്യപൂരിതമായ സംജ്ഞകളാലാണ് അദ്ദേഹം തന്റെ സമൂഹാംഗങ്ങളെ അഭിസംബോധന ചെയ്തിരുന്നത്. കൊവേന്തകളുടെ സത്സംഗത്തെ, ദൈവത്തിന് ഇഷ്ടമുള്ളതും ആത്മാക്കൾക്ക് എത്രയും ഉപകാരമുള്ളതുമായ കൂട്ടമായും, അനവദ്യമായ ദൈവാനുഗ്രഹങ്ങൾക്കു നിമിത്തമായും, അദ്ദേഹം പരിഗണിച്ചിരുന്നു. ഈ വിനീതസംഘം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ 'മനുഷ്യനിർമ്മിതമല്ല; മറിച്ച്, ദൈവം അത്യത്ഭുതകരമായ വഴികളിലൂടെ ജന്മം നല്കിയിട്ടുള്ള ഒന്നാകുന്നു. അതിനാൽ ഒരു മനുഷ്യയത്നത്തിനും പ്രതിസന്ധികൾക്കും വിരുദ്ധശക്തികൾക്കും ഇതിനെ നശിപ്പിക്കാൻ സാധ്യമാവുകയില്ല'.

'ഇവ്വിധമുള്ള സത്സംഗങ്ങളിൽ, തങ്ങളുടെ ദൈവവിളിയുടെ മഹത്വത്തെക്കുറിച്ചും, അതിന്റെ കടമകൾ നിർവ്വഹിക്കാനുള്ള ബാധ്യതയെക്കുറിച്ചും, അംഗങ്ങൾ ബോധവാന്മാരായിരിക്കണം. പ്രത്യേകിച്ച്, സന്ന്യാസസുകൃതങ്ങളായിരിക്കുന്ന എളിമ, അനുസരണം, പരസ്പരസ്നേഹം, ആത്മശരീരസംയമനം, ഭക്തി എന്നിവ ചിന്തയിലെന്നപോലെ പ്രവൃത്തിയിലും എല്ലാവരും ആചരിക്കണം. ഇവ്വിധമുള്ള സന്ന്യാസഭവനങ്ങൾ, കുറെ കാര്യങ്ങൾ നടത്തുന്നതിനുള്ള ഒരു കാര്യാലയമോ, ഓരോരുത്തർക്കും സ്വഹിതം നടത്തിച്ചെടുക്കുന്നതിനുള്ള ഒരു നടത്തിപ്പുകേന്ദ്രമോ ആയി മാറരുത്. പുണ്യത്തിന്റെ കണ്ണാടികളും പുണ്യാത്മാക്കളുടെ സങ്കേതങ്ങളും ആയിത്തീരുന്നതിനുവേണ്ടിയത്രെ സന്ന്യാസസംഘങ്ങളെ ദൈവം സ്ഥാപിച്ചിട്ടുള്ളത്. സന്ന്യാസികൾക്കടുത്ത അടക്കവും ഭക്തിക്കടുത്ത നടപ്പുമത്രെ ആശ്രമങ്ങൾക്കു ഭൂഷണം. സമൂഹപ്രാർത്ഥനകളിലും പൊതുസന്ന്യാസാഭ്യാസങ്ങളിലും ഉള്ള ഭാഗഭാഗിത്വത്തിലൂടെ സത്സംഗം ആത്മീയവും കൂട്ടായതുമായ ശക്തി സ്വരൂപിക്കണം. മൗനത്തിലൂടെ മനസ്സിനെ ദൈവത്തിൽ ഏകാഗ്രവും പരദൂഷണവിമുക്തവുമാക്കി കാക്കണം. നിയമങ്ങൾ നിർബന്ധംകൊണ്ടല്ല അനുസരിക്കപ്പെടേണ്ടത്; സമൂഹസ്നേഹവും സാഹോദര്യബുദ്ധിയുമാണ് നിയമാനുഷ്ഠാനത്തിന് നമ്മെ പ്രചോദിപ്പിക്കേണ്ടത്. കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല, മറിച്ച്, അതിൽ പാർക്കുന്നവരുടെ ആത്മീയ ശുഷ്ക്കാന്തിയും പുണ്യവുമായിരിക്കുന്നു' (കത്തുകൾ VI.1). ദൈവത്തിലുള്ള ഏകാഗ്രബുദ്ധിയത്രെ സന്ന്യാസത്തെ മധുരവും, ആത്മീയകടമകളുടെ നിർവ്വഹണത്തിൽ സന്ന്യാസിയെ നിഷ്ഠയുള്ളവനും ആക്കിത്തീർക്കുക (കത്തുകൾ VI.2).

'പരസ്നേഹം, എളിമ, ആന്തരികവും ബാഹ്യവുമായ വെടിപ്പ്, തീക്ഷണത എന്നീ നാല് ഗുണങ്ങൾ സന്ന്യാസസത്സംഗങ്ങളിലുണ്ടായിരുന്നാൽ, അത് സമസ്തലോകത്തിന്റെയും സുഖത്തിന് നിദാനമായി ഭവിക്കും' (കത്തുകൾ VI.2). 'സന്ന്യാസികളുടെ ആത്മീയാഭ്യാസങ്ങളുടെ ലക്ഷ്യം സ്വന്തം പാപപരിഹാരത്തോടൊപ്പം തിരുസ്സഭയുടെ വളർച്ചയും സുസ്ഥിതിയുംകൂടി ആയിരിക്കണം' (കത്തുകൾ VI.3).

'തന്റെ സന്ന്യാസസംഘം 'സർവ്വേശ്വരന്റെ വിശേഷകൃപയാൽ ദൈവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താ സഭക്കാർ' എന്ന് വിളിക്കപ്പെട്ടു. ഇത് 'ദൈവത്തിന്റെ ആലോചനയാലല്ലാതെ മനുഷ്യന്റെ വിചാരത്താൽ' സംഭവിച്ച ഒരു കാര്യമല്ല. സന്ന്യാസികൾ സ്വഹിതം മുഴുവനായി ഉപേക്ഷിച്ചവർ ആയിരിക്കണം. മേൽത്തലവന്മാർക്കും കീഴ്ത്തലവന്മാർക്കും, അതുപോലെതന്നെ തമ്മിൽത്തമ്മിലും, അനുസരണയോടെ സന്ന്യാസികൾ

വ്യാപരിച്ചാൽ, അവർ മോക്ഷസമാധാനം, ചെറിയൊരു മോക്ഷമായ കൊവേന്തയിൽവച്ച്, ഇപ്പോൾത്തന്നെ അനുഭവിച്ചുതുടങ്ങും'.

സമത്വം, സാഹോദര്യം, പരസ്പരസ്വാതന്ത്ര്യം എന്ന ഗുണത്രയത്താൽ വിശേഷിതമായിരിക്കണം ഓരോ സന്ന്യാസസത്സംഗവും. 'എത്ര കൊവേന്തകൾ ഉണ്ടായാലും സാക്ഷാത്തായ പരസ്നേഹത്തിനും പരസ്പരമുള്ള കെട്ടുപാടിനും ഒരു കുറവും വരാൻ പാടില്ല. ഒരേ വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നും പിറന്നവർ, ഒരമ്മയുടെ പാൽ കുടിച്ചുവളർന്നവർ എന്നതിൻവണ്ണമുള്ള, പരമാർത്ഥമായ സ്നേഹത്തിന് അംഗങ്ങൾക്കിടയിൽ ഒരുതരത്തിലും ഭേദംവരുത്തരുതെന്നുമാത്രമല്ല, അവ്വിധമുള്ള സ്നേഹം മേല്ക്കുമേൽ വർദ്ധിച്ചുവരികയും വേണം. ഇത് നിങ്ങൾക്കായി എനിക്കു നല്കാനുള്ള എത്രയും വലിയൊരു സദുപദേശമായി കരുതിക്കൊള്ളണം. അവനവന്റെ സമൂഹത്തിന്റെ സുസ്ഥിതിയിലുള്ള താത്പര്യത്തെക്കാൾ കൂടുതലായ താത്പര്യം സഭയിലെ മറ്റു സമൂഹങ്ങളെ വളർത്തുന്നതിലും അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിലും എല്ലാവരും, പ്രത്യേകിച്ച് അധികാരികളും, പ്രദർശിപ്പിക്കണം. കൂടെപ്പിറപ്പുകളുടെ സൽപ്രവർത്തനങ്ങൾ താല്പര്യപൂർവ്വം അന്വേഷിച്ചറിഞ്ഞുകൊണ്ടിരിക്കുകയും, അവയെ മറ്റുള്ളവരെ അറിയിക്കുകയും, അവർക്കു സർവ്വവിധ പ്രോത്സാഹനസഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം' (കത്തുകൾ VI.4).

പ്രാർത്ഥനയിൽപ്പോലും സത്സംഗത്തിലെ അംഗങ്ങൾ മറ്റു സമൂഹങ്ങളിൽ ഉള്ള അംഗങ്ങളുമായി പരസ്പരം ബന്ധിതരും അർപ്പിതരുമായി വ്യാപരിക്കണം. 'പുണ്യവാന്മാരുടെ ഐക്യം' എന്നു വ്യവഹരിക്കപ്പെടുന്ന ആത്മീയമായ ഈ ഒരുമ നമ്മെ കൂടുതൽ ധന്യരും അനുഗൃഹീതരുമാക്കിത്തീർക്കും. പിതാവ് പറയുന്നു: 'കർത്താവേ, എന്റെമേൽ അനുഗ്രഹിക്ക' എന്നു നീ ചൊല്ലേണ്ടതുപോലും, നിന്റെ വാക്കുകളെ എല്ലാ മഠങ്ങളിലെയും പ്രാർത്ഥനമുറികളിൽ ചെയ്യപ്പെടുന്ന നമസ്ക്കാരങ്ങളോട് മനസാ നിന്നെ സംയോജിപ്പിച്ചുകൊണ്ടായിരിക്കണം; അതുപോലെതന്നെ, നിന്നെ കർത്താവിനോട് ചേർത്തുകൊണ്ടുവേണം 'കർത്താവേ, എന്റെമേൽ അനുഗ്രഹിക്ക' എന്ന വാക്കുകൾ നീ ചൊല്ലുവാൻ. ഇങ്ങനെ ചെയ്താൽ 'മറ്റു സമൂഹങ്ങളിൽ ചെയ്യപ്പെടുന്ന നമസ്ക്കാരങ്ങൾ എല്ലാറ്റിന്റെയും പങ്ക് നിന്റെ സമൂഹത്തിനും ലഭിക്കും' (കത്തുകൾ VII.3).

**2. അധ്യാത്മമനശ്ശാസ്ത്രം:**

ചാവറയച്ചന്റെ അധ്യാത്മമനശ്ശാസ്ത്രം, 'കാമ-ക്രോധ-മോഹ-സ്മൃതിഭ്രംശ-ബുദ്ധിനാശ-സർവ്വനാശ കാരണത്വാൽ' എന്ന ഭാരതീയ മാനസാപഗ്രഥനവിധിയോട് ശ്രദ്ധേയമായ പല സാരൂപ്യങ്ങളും പുലർത്തുന്നതത്രേ.

ഒരുവൻ നിരൂപിക്കുന്ന 'വിലക്കപ്പെട്ട നിരൂപണകളും തണുമായ ആഗ്രഹങ്ങളും വിചാരങ്ങളുമത്രെ' ആത്മീയജീവിതത്തെ നശിപ്പിക്കുന്ന കാമാഗ്നിയായി അയാളിൽ ആദ്യമേതന്നെ ജ്വലിച്ചുതുടങ്ങുക (വാല്യം III.പേജ് 63). ഇവയെല്ലാം മുളയിലേ നിഗ്രഹിക്കണമെന്ന് തന്നോടാവശ്യപ്പെടുന്ന 'ദൈവസ്വരങ്ങളുടെ മുമ്പിൽ പൊട്ടനും ചെകിടനുമായി നടന്നുകൊണ്ട്,' അയാൾ സത്പ്രേരണകളോടുള്ള തന്റെ ക്രോധവും വിരോധവും പ്രകടമാക്കിത്തുടങ്ങും (പേജ് 37). അതോടെ അയാൾ കർത്താവിന്റെ സ്വരത്തിന് ചെവി അടച്ച്, 'തീക്ഷ്ണതയും ഭക്തിയുമില്ലാത്ത വഴിയിൽ' നടന്നുതുടങ്ങും (പേജ് 52). ഈ നിലയിൽ തുടരുംതോറും അയാൾ 'ഇന്ദ്രിയമോഹങ്ങളുടെ ആകർഷണശക്തിക്ക് അടിപ്പെട്ടും, ഐന്ദ്രിയസ്നേഹങ്ങൾക്ക് വശംവദനായും' (പേജ് 62; ആത്മാനുതാപം IV.188) ജീവിക്കുന്നൊരു വ്യക്തിയായി മാറും. ഈ അവസ്ഥയിൽ എത്തിയൊരാൾ, പിന്നെ 'കർത്താവിന്റെ സ്നേഹം കണ്ടിട്ടും അങ്ങോട്ടുനോക്കാതെയും, അതിൽനിന്നു മുഖംതിരിച്ചും, തന്റെ സ്വന്തമായ നാശത്തിന്റെ വഴിയിൽ, മണ്ണിനെയും നിസ്സാരവസ്തുക്കളെയും കൂടുതൽ കൂടുതലായി മോഹിച്ചും സ്നേഹിച്ചും' നടക്കുന്ന നിലയിലായിത്തീരുകയും ചെയ്യും (പേജ് 37, 27). ദൈവം മുമ്പ് നല്കിയിട്ടുള്ള 'വെളിവുകൾ, ജ്ഞാനോപായങ്ങൾ, ആദ്യകാലങ്ങളിൽ നടത്തിയിരുന്ന നമസ്കാരങ്ങൾ, ധ്യാനങ്ങൾ, ജ്ഞാനവായന, ഗുരുക്കന്മാരിൽനിന്നും ലഭിച്ചിട്ടുള്ള സദുപദേശങ്ങൾ, ഭക്ത്യാഭ്യാസങ്ങൾ' മുതലായവയിലൂടെ തന്നിൽ പതിഞ്ഞിട്ടുള്ള നല്ല ഓർമ്മകളെല്ലാം മറന്നുപോയ സ്മൃതിഭ്രംശത്തിന്റെ - ഓർമ്മക്കുറവിന്റെ - നിലയിൽ അയാൾ ക്രമേണ എത്തിപ്പെടുകയും ചെയ്യും (പേജ് 55,61). ഇതോടെ സന്ന്യാസബുദ്ധി നശിച്ച്, 'തന്റെ കുറ്റങ്ങൾ കുറ്റങ്ങളാണെങ്കിലും ആത്മീയാന്ധത മൂലം അവയെ കുറ്റങ്ങളായി കാണാൻ കഴിവില്ലാത്ത നില' അയാൾക്കു വന്നുഭവിക്കും (പേജ് 64). ഇവ്വിധം ബുദ്ധിനാശം സംഭവിച്ച അവസ്ഥയിൽ എത്തിയ ആൾ, 'സ്വർഗ്ഗീയപിതാവ് തനിക്കു നല്കിയ സമ്പത്തുകളൊക്കെയും ധൂളിച്ചുകളഞ്ഞ്, അധർമ്മശക്തികൾക്ക് - സന്ന്യാസവിരുദ്ധശക്തികൾക്ക് - അടിമവേല ചെയ്യുന്ന, ധൂർത്തപുത്രനെപ്പോലെ ആയിത്തീരും' (പേജ് 16).

പക്ഷെ, ചാവറയച്ചന്റെ അധ്യാത്മ മാർഗ്ഗനിർദ്ദേശപ്രകാരം ഈ തിരിച്ചറിവ് അയാളെ നിരാശയിലേയ്ക്കും നിസ്സഹായതയിലേയ്ക്കുമല്ല നയിക്കേണ്ടത്. അവനവന്റെ ആത്മദൈന്യതയും ആന്തരികശൂന്യതയും, എങ്ങനെ ദൈവത്തിന്റെ അനന്തകരുണയുടെയും അനവദ്യസ്നേഹത്തിന്റെയും ഉത്തുംഗശൃംഖത്തിലേയ്ക്ക് കയറിപ്പോകാനുള്ള ചവിട്ടുപടികളാക്കാം എന്ന 'ആത്മാനുതാപയോഗകൗശലം' അഥവാ ശരണാഗതിതന്ത്രം ചാവറയച്ചനിലെ അധ്യാത്മയോഗാചാര്യൻ നമ്മെ അതിവ്യക്തമായി പഠിപ്പിക്കുന്നു:

> ഓ എന്റെ ആത്മാവേ, നിന്റെ പിതാവ് എത്രയും അനുഗ്രഹമുള്ളവനാകയാൽ, നിന്റെ എല്ലാ നന്ദികേടുകളും അവിടുന്ന് മറന്നുകളയും. നിനക്കു ആദ്യമുണ്ടായിരുന്ന പുത്രസ്ഥാനത്തിൽ അവിടുന്ന് നിന്നെ വീണ്ടും അവരോധിക്കും. നിന്റെ വേഷം കൊണ്ടും ഭാഷകൊണ്ടും നീ നിന്നെ അവിടുത്തേയ്ക്ക് അനർഹനാക്കിത്തീർത്തു എന്നതു സത്യംതന്നെ. എങ്കിലും നിന്റെ പിതാവ് എത്രയും അനുഗ്രഹമുള്ളവനും സത്യമായ സ്നേഹമുള്ളവനും ആകുന്നു. തന്റെ നാമംതന്നെ സ്നേഹം എന്നാകുന്നു. നീ ദൈവത്തെ സ്നേഹിച്ചതുകൊണ്ടല്ല ദൈവം നിന്നെ സ്നേഹിച്ചത്. അതിനാൽ അവിടുത്തെ പക്കലണയാൻ നീ ഭയപ്പെടേണ്ട.
>
> നീ എഴുന്നേല്ക്കുക. ഇതാ, നിന്റെ പിതാവ് നിന്റെ പക്കലേയ്ക്ക് എഴുന്നള്ളിവരുന്നു. അവിടുന്ന് നിന്നെ ആശ്ലേഷിക്കും. അവിടുന്നു നിന്നെ സ്പർശിക്കാൻ നീ യോഗ്യനല്ല എന്നു കരുതി, ആശ്രയബോധമില്ലാതെ, നീ മാറിനില്ക്കേണ്ട. അവിടുത്തെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണ് സർവ്വതും അവിടുത്തെ കയ്യേല്പിക്കുകമാത്രം ചെയ്താൽ മതി! (പേജ് 17,27).

### 3. ആശ്രമം - മോക്ഷതീർത്ഥം:

ഭാരതീയദർശനപ്രകാരം, സംസാരം അഥവാ ലോകം ആകുന്ന ഈ സാഗരത്തെ തരണംചെയ്ത്, അതിന്റെ മറുകരയാകുന്ന മോക്ഷത്തിലെത്താൻ നമ്മെ സഹായിക്കുന്നതാകുന്നു തീർത്ഥം. തീർത്ഥമെന്ന വാക്കിന്റെതന്നെ അർത്ഥം തരണംചെയ്യിക്കുന്നത് എന്നാകുന്നു. ചാവറയച്ചന്റെ കാഴ്ചപ്പാടിൽ സന്ന്യാസഭവനങ്ങൾ ഇഹലോകത്തിൽത്തന്നെ ചെറിയൊരു മോക്ഷവും (= മോക്ഷസിദ്ധിക്കായി ഏവർക്കും സമീപിക്കാവുന്നൊരു തീർത്ഥവും), അതിൽ വസിക്കുന്ന സന്ന്യാസികൾ തീർത്ഥങ്കരന്മാരും (= മറ്റുള്ളവരെ മോക്ഷത്തിൽ എത്തിക്കുന്നവർ) ആയിരിക്കണം (കത്തുകൾ, VI.4, നമ്പർ 1,3; വാല്യം III. പേജ് 49; ആത്മാനുതാപം, XII.116,60).

'*സ തരതി സ തരതി സ ലോകാൻ താരയതി*' (അയാളാണ്, അയാളാണ് തരണം ചെയ്യുക, അയാളാണ് ജനങ്ങളെ തരണം ചെയ്യിക്കുക - നാരദഭക്തിസൂത്രം 50). ബന്ധിതനായിരിക്കുന്നവന് തരണം ചെയ്യാൻ സാധിക്കുകയില്ല. ലോകബന്ധനത്തിൽ ഉൾപ്പെടാതിരിക്കണമെങ്കിൽ ഭക്തൻ സർവ്വോപരി നിസ്ത്രൈഗുണ്യനായിരിക്കണം (നാരദഭക്തിസൂത്രം 47). *തനു-മന-ധനം* (ശരീരം, സ്വന്തം മനസ്സ്, ധനം) എന്നീ മൂന്ന് ആകർഷണ

ഗുണങ്ങളുടെ പിടുത്തത്തിൽനിന്നും അയാൾ തന്നെത്തന്നെ മോചിപ്പിച്ചിരിക്കണം. ഇതിനുള്ള ഉപാധികളായിട്ടാണ് ചാവറയച്ചൻ ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നിവ അടങ്ങിയ സന്ന്യാസവ്രതത്രയത്തെ അഭിവീക്ഷിച്ചിട്ടുള്ളത്. 'ഇന്ദ്രിയസുഖങ്ങൾ വലിക്കുന്നതിൻവണ്ണം സാധകൻ സ്വന്തം ബഹുമാനസുഖസന്തോഷങ്ങൾക്ക് പിറകെപോകാതെയും, നശ്വരമായ വസ്തുവകകൾ തേടി അലയാതെയും, തന്റെ തിരുമനസ്സുപോലെ കർത്താവിന് തനിക്കിഷ്ടമുള്ളത് അയാളുടെ കാര്യത്തിൽ ചെയ്യാനും നടത്താനും, അയാളെക്കൊണ്ട് ചെയ്യിക്കാനും നടത്തിക്കാനും, ഉള്ള സാധ്യതയും സ്വാതന്ത്ര്യവുമത്രെ വ്രതത്രയത്തിലൂടെ അയാൾക്ക് കൈവരുന്നത്' (വാല്യം III.പേജ് 62,27). ലോകബന്ധനങ്ങളെ തരണം ചെയ്യാനുള്ള പ്രാപ്തി സമർപ്പിതർക്ക് കൈവരുത്തുന്നതും ഈ സ്വാതന്ത്ര്യംതന്നെയാണല്ലോ.

ഭാരതീയ പ്രമാണങ്ങളനുസരിച്ച് സന്ന്യാസാശ്രമങ്ങളിൽ മോക്ഷാർത്ഥികളായി വരുന്നവർക്ക് പ്രധാനമായും താഴെക്കാണുന്ന തീർത്ഥങ്ങൾ അവിടെ ദർശനീയമാകണം:

ജ്ഞാനതീർത്ഥം, ക്ഷമാതീർത്ഥം, തീർത്ഥമിന്ദ്രിയനിഗ്രഹം
സർവ്വഭൂതദയാതീർത്ഥം സത്യതീർത്ഥം തഥാ/ർജ്ജവം
ദാനം തീർത്ഥം ദമഃ തീർത്ഥം സന്തോഷഃ തീർത്ഥമുച്യതെ

ആർഷമായ ഈ തീർത്ഥസങ്കല്പത്തിന്റെ സ്വാധീനം ചാവറയച്ചന്റെ ആശ്രമസങ്കല്പത്തിലും ഒളിഞ്ഞും തെളിഞ്ഞും ആദ്യന്തം കാണാവുന്നതാണ്:

തന്റെ സന്ന്യാസികൾ ആത്മീയജ്ഞാനത്താൽ പ്രശോഭിതരായിരിക്കണം (കത്തുകൾ IX.7; വാല്യം III.പേജ് 55,61); ജീവിതഭാരങ്ങളും സഹനങ്ങളും, സങ്കടവും പിറുപിറുപ്പും കൂടാതെ ക്ഷമയോടെ വഹിക്കുന്നവർ ആകണം (കത്തുകൾ VI.1); 'മറ്റുള്ളവർക്ക് എളിമയുടെയും അനുസരണത്തിന്റെയും ഭക്തിയുടെയും കണ്ണാടികളായിരിക്കേണ്ട' അവർ ആത്മനിഗ്രഹത്തിന്റെയും ഇന്ദ്രിയസംയമത്തിന്റെയും 'തുടൽ പൊട്ടിച്ച്' സർവ്വസ്വതന്ത്രരായി, ഒന്നിനും കീഴ്പ്പെടാതെ നടക്കേണ്ടവരല്ല (VI.1). സന്ന്യാസികൾ പ്രകൃതിയിൽ അധ്വാനിച്ചും (VII.5), ശബ്ദമലിനീകരണം, ജലമലിനീകരണം മുതലായവ ഒഴിവാക്കിയും (VIII.2), പ്രകൃതിസൗഹൃദമായ രീതിയിൽ ജീവിക്കേണ്ടതാണ്; വക്രതയില്ലാത്തവിധം 'ബോധത്തെയും ഹൃദയത്തെയും വെടിപ്പായി (നിർമ്മലമായി) കാത്ത്, സത്യത്തിൽ വ്യാപരിക്കേണ്ടവരാകുന്നു അവർ (വാല്യം III.പേജ് 68). കർത്താവിന്റെ പ്രമാണത്തിന് (= സ്നേഹത്തിന്റെ പ്രമാണത്തിന്) വിഘ്നം വരുത്താതെ (വാല്യം III.പേജ് 67), സകലത്തിലും

തന്റെ ദാസരായി ഈശോമിശിഹായെ മാർഗ്ഗഭ്രംശം വരാത്തവിധം ഋജുവായി (= ആർജവം) പിൻചെല്ലേണ്ടവരാകുന്നു അവർ (വാല്യം III.പേജ് 49). 'ജപതപ ദാനം' - പ്രാർത്ഥനയും തപസ്സും (ദമം) ദാനവും - മോക്ഷസാധകമായ തീർത്ഥങ്ങളാകുന്നു (വാല്യം II.പേജ് 169). എല്ലായിടത്തും ദൈവത്തെയും ദൈവതിരുമനസ്സിനെയും മാത്രം അന്വേഷിക്കുന്നവർക്ക് എല്ലായിടത്തും സുഖവും സന്തോഷവും കിട്ടുന്നു (വാല്യം IV.പേജ് 92).

> സന്ന്യാസസമൂഹം ഒരു കണ്ണാടി ആയിരിക്കട്ടെ. സ്വർഗത്തിലേക്കുള്ള മാർഗത്തെ ദീപ്തമാക്കുന്ന വഴിവിളക്കും അഗ്നിസ്തംഭവും ഉഷഃകാലനക്ഷത്രവും ആയിരിക്കണം അത്. ഭൂമിയിൽ തീർത്ഥാടകരായ നമ്മെ കൈപിടിച്ചു നടത്തുന്നൊരു മാർഗദർശിയായി അത് നിലനില്ക്കട്ടെ! (Letter of Fr. Rubeo to St. Teresa of Avila)

# IX

# മാതൃദാസ്യം

## 1. തിരുസ്സഭാപഠനങ്ങളിലെ മറിയം

ചാവറയച്ചൻ മറിയത്തെ **മാതൃദേവീ** എന്ന് അഭിസംബോധന ചെയ്തിട്ടുള്ളതിൽ (ആത്മാനുതാപം VII.184), *മാതൃദേവോഭവ* എന്ന ഉപനിഷദനുശാസനത്തിന്റെ (തൈത്തിരീയോപനിഷത്ത്,1.11.2) പ്രതിബോധസ്വാധീനവും, മറിയം ദൈവമാതാവാകുന്നു എന്ന ക്രിസ്തീയ പഠനത്തിന്റെ പ്രത്യക്ഷസ്വാധീനവും നമുക്കു ഒരുമിച്ച് ദർശിക്കാവുന്നതാണ്. ദൈവമാതാവായ മറിയത്തെക്കുറിച്ചുള്ള എല്ലാ സഭാപഠനങ്ങളും ചാവറയച്ചൻ തന്റെ കൃതികളിൽ അസന്നിഗ്ദ്ധമായി അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിരിക്കുന്നു:

**i. ദൈവമാതൃത്വം:** 'ഉന്നതനാം ദൈവം കന്യാമറിയത്തിൽ വന്നു പിറന്നതും കാണാകേണം' (വാല്യം II.പേജ് 17). 'ദൈവജനനി, കന്നിയമ്മ' (വാല്യം II. പേജ് 6).

**ii. അമലോത്ഭവം:** 'കറയില്ലാത്ത നിന്റെ ജനനം... അമലോത്ഭവ', 'മരിയമ്മ, മഹാശുദ്ധ, ജന്മപാപമാലിന്യനിഴലേതും തീണ്ടാതെ ജനിച്ചവൾ' (വാല്യം II.പേജ് 104,105).

**iii. നിത്യകന്യാത്വം:** 'പ്രസവം മുൻപിൽ കന്യ, പ്രസവമതിൽ കന്യ, പ്രസവശേഷം കന്യ, സർവ്വനേരവുമേവം' (വാല്യം II.പേജ് 119).

**iv. സഹരക്ഷക:** 'നരരക്ഷയ്ക്കായ് ഞാൻ (യേശു) അനുഷ്ഠിച്ചതെല്ലാം പരരക്ഷയ്ക്കായ് എന്നോടൊന്നിച്ചു ക്ലേശിച്ചവൾ, ജനനം മുതൽ സർവ്വം ഒന്നിച്ചു ദൈവവേല അനുഷ്ഠിച്ചു' (വാല്യം II.പേജ് 121).

**v. സ്വർഗ്ഗാരോപണം:** 'നരജന്മത്തിലുള്ള പൊതുവാം ജന്മശാപം നിഴലും തീണ്ടാതിവൾ, ആകാശമാർഗ്ഗേ പൊങ്ങി മാതാവാം കന്യാമണി... ദൈവത്തോടൊന്നിച്ചു; സ്നേഹദൈവം തന്നുടെ സ്നേഹപത്നിയെ തന്നുടെ പുത്രന്റെ രാജ്യത്തിൽ കരേറ്റുവാൻ നിശ്ചയം ചെയ്തു ദൃഢം; കല്ലടപ്പിനെ തുറക്കാതെ

മാതൃദേഹം, മാതൃവാത്മാവുമതിൽ, മാർത്താണ്ഡശോഭായുതം ഉയിർത്തു' (വാല്യം II.പേജ് 106,115,122).

'ഇതാ കർത്താവിന്റെ ദാസി' (ലൂക്കാ.1:38) എന്നു തന്നെപ്പറ്റിത്തന്നെ പറഞ്ഞ മറിയത്തോട് ചാവറയച്ചനുണ്ടായിരുന്ന ഭക്തിയും സർവ്വോപരി 'ദാസ്യഭക്തി' തന്നെ ആയിരുന്നു. ('ദാസി' എന്നതിനു തുല്യമായി മറിയം ഉപയോഗിച്ച പദം, അടിമ എന്നർത്ഥമുള്ള 'ദൂലെ' എന്ന വാക്കായിരുന്നു വല്ലോ).

തന്റെ അമ്മ ശിശുവായ തന്നെ മാതാവിന് ദാസനായി അടിമവച്ചതിനെ അതീവം കാവ്യാത്മകവും ഭക്തിനിർഭരവുമായി ചാവറയച്ചൻ വിവരിച്ചിട്ടുള്ളത് ഇവിടെ ഗദ്യരൂപത്തിൽ പരാവർത്തനം ചെയ്തുകൊള്ളുന്നു:

> കരുണാനാഥനായ ദൈവം തന്റെ അടിയനായ എന്നെ മുന്നേ തന്നെ പരമനാഥയുടെ ദാസനാക്കി. ശിശുവായിരുന്ന എന്നെ ലാളിച്ചു വളർത്തിയിരുന്ന നാളിൽ എന്റെ അമ്മ എന്നെ ദൈവ ജനനിയുടെ പാദത്തിൽ കിടത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു:
>
> ശുദ്ധമാതാവേ, ദൈവജനനീ, കന്നിയമ്മേ, എന്റെ ശുദ്ധിയില്ലാത്ത ഉദരത്തിൻ ഫലമായ ഇവനെ, നീ നിന്നുടെ ദാസനായ് കൈക്കൊണ്ട് രക്ഷിക്കുന്നതിനായി, ഇന്ന് നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ കാഴ്ചവയ്ക്കുന്നു.
>
> ഇവ്വിധം പറഞ്ഞ് അവൾ ദാസനായ അടിയനെ അന്ന് മാതാവിന്റെ മുമ്പിൽ കിടത്തി പ്രാർത്ഥിച്ചപ്പോൾ, ദേവാലയത്തിലെ ഗുരുശ്രേഷ്ഠൻ ദൈവമാതാവിന്റെ നാമത്തിൽ പൂവും ജലവും എന്റെ അമ്മയുടെ കയ്യിൽ കൊടുത്തുകൊണ്ടും, എന്റെ ചെറു കയ്യിൽ പിടിച്ചുകൊണ്ടും, അവളോടു പറഞ്ഞു:
>
> 'മാതൃദാസനായി നീ ഇവനെ സുക്ഷിച്ചുവളർത്തുക, പാലിച്ചു ഭരിക്കുക: ഇനി ഇവൻ നിന്റെ മകനല്ല, മാതാവിന്റെ ദാസനാകുന്നു എന്നു ഉറച്ചുകൊള്ളുക'. ഇവ്വിധം ചൊല്ലി ഗുരു എന്നെ അപ്പോൾ എന്റെ അമ്മയുടെ കൈകളിൽ തിരികെ ഏല്പിച്ചു.
>
> അമ്മ ആ വചനം ഉറപ്പോടെ പാലിക്കുകയും ചെയ്തു. തന്നെയുമല്ല, കന്നിമാസത്തിലെ എല്ലാ എട്ടാംദിനവും അമ്മയോടു കൂടി ചെന്ന് ഞാൻ മാതാവിനെ കുമ്പിടുകയും ചെയ്തിരുന്നു. അമ്മയുടെ മരണംവരെ എക്കാലവും മടികൂടാതെ ദാസ്യപ്പണം കൊടുക്കുകയും ചെയ്തിരുന്നു.

അമ്മ എന്നോടു പറഞ്ഞ ജ്ഞാനവാക്യം ഒരു സ്നേഹവചന മായി എന്റെ ചിത്തത്തിലുണ്ടായിരുന്നു:

> നിന്നുടെ നാഥ മാതാവ്; അവൾക്ക് ദാസൻ നീയേ;
>
> എന്നതു മനസ്സുതിൽ എപ്പോഴും നീ
> സ്മരിക്കണം. (ആത്മാനുതാപം, II.പേജ് 6).

**2. മാതൃദാസ്യം** (കാണുക: ആത്മാനുതാപം-കടശിയപേക്ഷ, 1-4)

ചാവറയച്ചന്റെ മാതൃദാസ്യത്തിൽ അന്തർഭവിച്ചിട്ടുള്ള അടിസ്ഥാന വിചാര-വികാരങ്ങളെ നമുക്കു ഏതാണ്ട് താഴെക്കാണുംവിധം സംഗ്രഹിക്കാം:

**i. അന്യോന്യസ്മരണ:**

കന്യകേ, മമ മാതാവേ, അമ്മേ, ശരണം നീ!
ഞാൻ അന്യഭാവേന ചരിച്ചു; അതെൻകുറ്റം; എങ്കിലും
അമ്മേ, ഞാൻ മാതൃദാസനെന്നോർത്തീടുക:
മങ്കയാം മനോഹരീ, എന്നെ നീ മറക്കുമോ?
എന്നെ നീ മുന്നേതന്നെ ചേർത്തു നിൻ ദാസനാക്കി
അന്നുനാൾമുതൽ എന്നെ നീ പാലിച്ചുരക്ഷിച്ചല്ലോ!
അമ്മേ, നീ മറക്കല്ലേ: എന്റെ ചങ്കതിൽ
നിന്റെയോർമ്മ എപ്പോഴുമുണ്ടുതാനും!

(ആത്മാനുതാപം II.പേജ് 244-252).

**ii. രക്ഷാകരമായ മാതൃമാധ്യസ്ഥ്യം:**

ദുഷ്ടനാമടിയന്റെമേൽ നിൻപുത്രന്റെ
കോപാഗ്നി കലരുമ്പോൾ, എന്റെ അമ്മയാം നീ
നിന്നുടെ കരുണതൻ മേന്മയാലടിയനെ
തന്നുടെ തിരുമുമ്പിലണപ്പാൻ ശ്രമിച്ചിടും!
പ്രാർത്ഥിക്കും നീയെനിക്കായ് നിൻമഹാദയയാൽ
പ്രാപ്തിഹീനനാം നിൻദാസനെ തൃക്കൺപാർക്ക:
നിൻമാതാവാം എന്നുടെ ദാസനെന്നോർത്തിവനെ
രക്ഷിച്ചീടണേ എന്നവൾ പ്രാർത്ഥിക്കഹേതുവാൽ
അങ്ങ് പൊറുത്തയ്യോ, ശിക്ഷിച്ചതുമില്ല എന്നെ!

(ആത്മാനുതാപം II.പേജ് 268-288).

ആദിത്യയാടയണിഞ്ഞു, ചന്ദ്രനെ
തൻ പാദത്തിൻകീഴിൽ മെതിക്കും നാഥേ,
പാപിയാമെന്നുടെ പാപത്തെ പോക്കി നിൻ
പാദേയടിയനെ ചേർത്തീടേണം!

(ആത്മാനുതാപം III, അനുബന്ധം, 68)

**iii. കർമ്മലസഭാസൗഭാഗ്യം:**

എന്റെ ഭാഗ്യം, മഹാഭാഗ്യം, എന്റെ നാഥേ,
മഹാനാഥേ, നിന്നെ
സർവ്വർക്കും മാതാവായിത്തന്ന സർവ്വേശ്വരൻ,
എനിക്കും നിന്നെ അമ്മയായി തന്നു;
അവൾ തന്റെ കൈകളാൽ എന്നെ
തൻ ദാസനായ് കൈക്കൊണ്ടു, എന്റെ ഭാഗ്യം!
പിന്നെ ജപമാലസഭയിലൂടെ ബാല്യത്തിൽത്തന്നെ
എനിക്കു മാതൃദാസ്യഭാഗ്യം ലഭിച്ചു.
എന്നാൽ മഹാഭാഗ്യമെന്നോണം, അടുത്തകാലത്ത്
കർമ്മലസഭാവസ്ത്രം എനിക്കു ലഭിച്ചു.
ആ അമ്മ തീർച്ചയായും എന്നെ
തനിക്കു അനുരൂപനാക്കും എന്ന ഉറപ്പോടെ
അവളുടെ പാദാന്തികത്തിലണഞ്ഞ്,
'കരുണ നല്കീടണം, ശരണം നീയേ നാഥേ!
എനിക്കു നീയല്ലാതെ വേറൊരഭയവും ഇല്ലതന്നെ'
എന്നു ചൊല്ലി ഞാൻ പ്രണമിച്ചു നില്ക്കുന്നു.
എന്നെ നീ ഉപേക്ഷിക്കാതെ, നിന്റെ സുകൃത-
സുരഭിലമായ സഭക്കൂട്ടത്തിൽ ചേർന്നിടാനുള്ള
അനുഗ്രഹം നല്കി നീ എന്നെ അനുഗ്രഹിച്ചു.
നിന്റെകാരുണ്യം സ്മരിച്ച് നിന്റെപക്കലണയുന്ന
ഈ ദാസനെ നിന്റെപാദത്തിൽ നീ ചേർത്തീടേണെ

(ആത്മാനുതാപം VII.പേജ് 196-252).

കർമ്മല, അമ്മ നീയേ, എന്നതു മഹാമുഖ്യം
നിർമ്മല! അമ്മേ തവദാസ്യവുമതു കിട്ടി

എന്നതു നിനയ്ക്കുമ്പോൾ എന്നുടെ മഹാഭാഗ്യം
ഇന്നതെന്നടിയനുമുറയ്ക്കുന്നയോഗ്യനായ്!

(ആത്മാനുതാപം VII.176).

**iv. മറിയം – ആത്മീയശക്തി:**

അമ്മയേ, മഹാദയാനാഥേ, മമരാജ്ഞിയേ,
നിർമ്മലാംഗിയേ, മമ ശക്തിയേ, രാജേശ്വരി!

(ആത്മാനുതാപം VII.436).

ബെക്കൻട്രോഫ്, സെമേന്തോ, ജോൺ ഹിൽഡെസ്ഹൈം തുടങ്ങിയ കർമ്മലീത്താ ദൈവശാസ്ത്രജ്ഞന്മാരുടെ, മധ്യകാല ഫ്യൂഡൽ വ്യവസ്ഥിതിയുടെ സ്വാധീനമാർന്നവിചാരശൈലിയിൽ, കർമ്മലയാകുന്ന വയലിന്റെ ഉടമസ്ഥയും രാജ്ഞിയുമാകുന്നു മറിയം. സഭാംഗങ്ങൾ ഈ രാജ്ഞിയുടെ ദാസന്മാരാണ്. അവരുടെ രക്ഷ, ഈ രാജ്ഞിയുടെ ദയയും സംരക്ഷണശേഷിയും, ചക്രവർത്തിയുടെ പക്കൽ തങ്ങളുടെ രാജ്ഞിക്കുള്ള മാധ്യസ്ഥ്യശക്തിയും തന്നെയാണ്. 'മമ നാഥേ, നീയല്ലാതൊരു ശരണമില്ലടിയന്; അടിയന്നായ് തിരുവാമൊഴിഞ്ഞു പ്രാർത്ഥിക്ക മമ തായേ, അടിയന്നായ്'

(ആത്മാനുതാപം VI.204-212).

**v. മറിയം – മരണനേരത്തെ ശരണം:**

എന്റെ ലോകതരണനേരത്ത്, ഇമ്പമായ് വന്നു നീ
അൻപിനോടനുഗ്രഹിച്ച് തുണച്ചീടേണമേ!
മരണനേരമതിനുമുമ്പിൽ കരുണവച്ചു ദാസിയെ* ഓർത്ത്,
കാത്ത്, രക്ഷ ചെയ്ക, കരുണയുള്ള നാഥയേ!
(ആത്മാനുതാപം IV.204-214; കടശിയപേക്ഷ, 60,76,16).

**vi. മറിയത്തിന്റെ മകൻ:**

'എന്റെ കർത്താവേ, നിന്റെ തിരുമരണത്തിൻ സമയത്ത്, നിന്റെ അമ്മയെ തൃക്കൺപാർത്തുകൊണ്ട്, 'നിന്റെ പുത്രൻ ഇതാ' എന്ന് അരുളി

---

* ദൈവത്തിന്റെ വധുവായ സ്വന്തം ആത്മാവിനെ ഉദ്ദേശിച്ച് ചാവറയച്ചൻ തന്നെ ഇവിടെ ദാസി എന്നു വിശേഷിപ്പിച്ചിരിക്കുന്നു.

ച്ചെയ്തുകൊണ്ട്, ഈ പാവപ്പെട്ട കുര്യാക്കോസിനെയും നീ നിന്റെ അമ്മയ്ക്ക് മകനായി ഏല്പിച്ചു കൊടുത്തുവല്ലോ' (വാല്യം III.പേജ് 43).

**vii. മറിയത്തിനു സമർപ്പിതൻ:**

'പ. കന്യാസ്ത്രീ ആയ ദൈവമാതാവേ, സർവ്വതും കൈക്കൊണ്ട തമ്പുരാന്റെ തിരുസ്സന്നിധിയിൽ നിന്റെ നിർമ്മലമായ പാദങ്ങൾക്കു മുമ്പാകെ കമിഴ്ന്ന് വീണ് എന്റെ ഹൃദയത്തെ നിനക്കു കാഴ്ചവച്ച്, നിന്റെ മക്കളുടെ ഗണത്തിൽ എന്നെക്കൂടെയും കൂട്ടണമെന്ന് അപേക്ഷിക്കുന്നു' (വാല്യം III.പേജ് 68).

ഓ, എന്റെ ജീവിതത്തിന്റെ ആരംഭത്തിലേ നീ പുഞ്ചിരിയുമായി എന്റെ മുമ്പിൽ വന്നു! ഒരിക്കൽക്കൂടി എന്റെ മുമ്പിൽ നിന്റെ പുഞ്ചിരിയുമായി നീ വന്നാലും! അമ്മേ, എന്റെ ജീവിതയാത്ര രാത്രിയോടടുത്തിരിക്കുന്നു!

എന്റെ ചെറിയ ചെറിയ ആഗ്രഹങ്ങളിൽ എന്തു ചെയ്യണമെന്ന് എന്റെ സ്വർഗ്ഗീയ മാതാവിനറിയാം. അവയെല്ലാം കേട്ട് നടത്തിത്തരണമെന്ന് അവൾ നല്ല ദൈവത്തെ നിർബന്ധിക്കുകയില്ല; എല്ലാം അവൾ ദൈവത്തിന്റെ തിരുച്ചിത്തത്തിന് സമർപ്പിക്കുമാത്രം ചെയ്യും!

പ. കന്യക ഒരുനാളും എന്നിൽനിന്നും മറഞ്ഞിരിക്കുകയില്ല; അവൾക്ക് അത് സാധിക്കാത്തത്രവിധം ഞാൻ അവളെ സ്നേഹിക്കുന്നു! (St. Therese of Lisieux, Autobiography, Poems, p. 328; Novissima Verla, August 15, p. 99N July 8, p. 35)

# X

# ഉപസംഹാരം

**ചാ**വറയച്ചന്റെ ധ്യാനയോഗദർശനത്തെ ഭാരതീയമായ അധ്യാത്മസങ്കേതങ്ങളിലൂടെ അഭിവീക്ഷിക്കുകവഴി നമുക്കു രണ്ട് പ്രയോജനങ്ങൾ കൈവരുന്നു. ഒന്നാമതായി, അദ്ദേഹത്തിന്റെ ക്രിസ്തീയ അധ്യാത്മബോധിയുടെയും സന്ന്യാസചിത്രത്തിന്റെയും ഉള്ളറകളെ, അല്പം ഭിന്നമായൊരു വീക്ഷണകോണിലൂടെയാണെങ്കിൽപ്പോലും, ഒന്നുകൂടി ദീപ്തവും വ്യാപ്തവുമായി കാണാൻ ഈ സമീപനം നമുക്കു വഴിയൊരുക്കും. ചാവറയച്ചന്റെ ദർശനം നമ്മെ സംബന്ധിച്ചിടത്തോളം സംദർശനമാകുക - പൂർണ്ണമായ ദർശനമാകുക - അതിനെ നാം അദ്ദേഹത്തിന്റെ മാതൃ-പിതൃ സംസ്കൃതിയാൽ പ്രകാശിതമായൊരു ചിന്താബിംബമായി ദർശിക്കുമ്പോഴത്രെ. *ദർശനം, സ്പർശനം, രസനം, വന്ദനം, പൂജനം, സഖ്യം, ദാസ്യം മാധുര്യം, വാത്സല്യം, ശരണം, അനുഭവം, അനുഗമനം, സാലോക്യം, സാമീപ്യം, സാരൂപ്യം, സായുജ്യം, ഭക്തി, കർമ്മം, ജ്ഞാനം, ധ്യാനം, സംന്യാസം, സത്സംഗം, മാതൃദേവീദാസ്യം* തുടങ്ങി ഭാരതീയ ഭക്തിശാസ്ത്രങ്ങളിലെ പ്രോജ്ജ്വലമായ അധ്യാത്മകിരണങ്ങളാൽ പ്രകാശിതനാകാനുള്ള സിദ്ധിയും ബുദ്ധിയും ചാവറയച്ചന്റെ സത്വവ്യക്തിത്വങ്ങളിൽ നന്നേ സമരസപ്പെട്ടിരിക്കുന്നു. മേല്പറഞ്ഞ തരത്തിലുള്ള സങ്കേതങ്ങളുടെ പിൻബലത്തോടെ, അദ്ദേഹത്തിന്റെ ആത്മയോഗപ്രകരണങ്ങൾക്ക് നാം ക്രിസ്തീയ-ഭാരതീയ ഭാഷ്യം രചിക്കുന്നതോതിന് അവയിൽ ഗുപ്തമായി കിടക്കുന്ന രത്നസഞ്ചയത്തിന്റെ ശോഭയും മൂല്യവും നമുക്കു കൂടുതൽ കൂടുതൽ വെളിപ്പെട്ടുതുടങ്ങും. ഇത് സാധ്യമാക്കുന്നതിനുള്ള നിശ്ചയവും നൈപുണ്യവും നമുക്കു ഉണ്ടാകണമെന്നുമാത്രം. ഭിന്നസംസ്കൃതികളെ പരസ്പരവിധ്വംസകമായല്ലാതെ, അന്യോന്യവിധായകമായി കാണാനും കൈക്കൊള്ളാനും നമുക്കാവശ്യമായിരിക്കുന്നത് സത്യത്തിന്റെ ഏകത്വത്തിൽ അധിഷ്ഠിതമായ സമഗ്രദർശനവും, ദൈവാത്മ പ്രകാശിതമായ സമന്വിതബുദ്ധിയുമാണ്.

രണ്ടാമതായി, എല്ലാ ധർമ്മഗുരുക്കളും മാനവസമൂഹത്തിന്റെ പൊതുസമ്പത്തും, അവരുടെ ധർമ്മബോധനം മാനവരാശിക്കുള്ള പൊതു

സന്ദേശവും ആയിരിക്കുകയാൽ, താന്താങ്ങളുടെ ധർമ്മവിധാതാക്കളെ മറ്റു ധർമ്മപഥങ്ങളിൽ ചരിക്കുന്നവർക്കുകൂടി സുജ്ഞേയവും സ്വീകാര്യവുമായ തരത്തിൽ പുനരവതരിപ്പിച്ചുകൊണ്ടിരിക്കാനുള്ള ബാധ്യത, ബന്ധപ്പെട്ട ധർമ്മ മാർഗ്ഗികൾക്കുണ്ട്. ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ ക്രൈസ്തവ സന്ന്യാസധർമ്മസംഘത്തിന്റെ സ്ഥാപകപിതാവായ വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ കാര്യത്തിൽ ഈ ധർമ്മം നിർവ്വഹിക്കേണ്ടത് പ്രഥമതഃ അദ്ദേഹത്തിന്റെതന്നെ ശിഷ്യരുടെ ദൗത്യവും ചുമതലയുമാണ്.

ഇക്കാര്യം നടക്കണമെങ്കിൽ, ഭാരതീയ ഭക്തി-യോഗ-ദർശനങ്ങളുടെ സഹായത്തോടെ, ഭാരതസഭയിൽ 'തപസ്സുഭവനത്തിന്റെയും ദർശനവീടിന്റെയും' അടിസ്ഥാനക്കാരനായ ചാവറ പിതാവിനെപ്പോലുള്ളൊരു മഹാത്മാവിന്റെ ക്രിസ്തീയ സന്ന്യാസാധ്യാത്മികതയുടെ മാതൃ-പിതൃ സംസ്ക്കാര സംയുക്തമായ അടിവേരുകളെ കൂടുതൽ ആഴത്തിലും തെളിവിലും കാണാനും, ഭാരതീയരുടെ സംഘാതമായ ബോധാ-ബോധമനസ്സിനു സംഗതവും സ്വീകാര്യവുമാകുംവിധം അദ്ദേഹത്തിന്റെ ബോധനസംഹിതയെ അവരുടെ മുമ്പിൽ അവതരിപ്പിക്കാനും, നാം ഒന്നിനൊന്ന് ശ്രമിക്കുകയും ശ്രദ്ധിക്കുകയും വേണം. എങ്കിൽമാത്രമേ ഭാരതഭൂമിയിൽ പൂർവ്വാധികം അഭിവൃദ്ധമാകേണ്ട ഹൈന്ദവ-ക്രൈസ്തവ ഡയലോഗ് സാധ്യവും സുകരവും സൗഹൃദവുമാക്കി ത്തീർക്കാൻമാത്രം ശക്തിയും വശ്യതയുമുള്ളൊരു മാതൃകയും മാപിനിയും മാധ്യമവുമായി ചാവറപിതാവിനെ നമുക്കു എടുത്തുകാട്ടാനും, ഭാരതീയ വേദജിജ്ഞാസുക്കൾക്ക് ആ പ്രവാചകചേതസ്സിനെ അവ്വിധംതന്നെ അംഗീകരിച്ചാദരിക്കാനും കഴിയൂ.

> നീ ഇവിടെനിന്നും പുറപ്പെട്ട് കിഴക്കോട്ട് നീങ്ങുക; അവിടെ ജോർദാനു കിഴക്കുള്ള കാരിത്ത് എന്ന നീർച്ചാലിനരികെ ഏകാന്ത ധ്യാനിയായി കഴിയുക!
>
> 1 രാജാ. 17:3

APPENDIX I

# The Bhakti-Yoga of Bl. Kuriakose Elias Chavara

*Retold in an Indian Lingo*

***Abstract:*** This is a case study to demonstrate how new paradigms for inter-religious dialogue could be brought out by drawing on the life-example and spiritual teachings of the native saints and sages of one's own land or country. The author aims to do this by proposing a set of key Indian concepts, largely articulated on par with the Indian *Bhakti-.Sūtras,*with which the spiritual treasury of, for example, Bl. Chavara may be opened up with greater ease, appeal and profit by the Indian Christians as well as the followers of other Indian religions. *Mutatis mutandis*, this method may be taken as a working model in introducing the other 'Servants of God' too of our country to its spiritual seekers, Christian or non-Christian.

## I

## A Much Needed Pradingm Shift in Religious Dialogue

Recently, as I was reading an article on the spirituality of our Founding Father, Blessed Kuriakose Elias

Chavara,[1] a thought to the following tune occurred to my mind so suddenly as though from nowhere: why can't we make an attempt to delve into the depths of the spiritual vision of Bl. Chavara by using our inborn Indian categories rather than expound it by the Graeco-Roman concepts of the West? And my reasoning rested on the following premise: as an Indian by birth and rearing, his native, inbuilt unconscious must have been, to be sure, fundamentally indigenous in its warp and woof; upon it was imprinted or overlaid his Western mind-set through later vocational education and professional ministry. The recognition of this factual truth would warrant us that our prospects of getting at an in-depth understanding of the hidden profundity of Bl. Chavara, and for that reason of any other Indian Christian sage or saint, would be far greater, if we cared to elucidate it by means of expressly Indian spiritual concepts - a lesson, sad to say, we are yet to learn in our method of inter-religious dialogue!

Religious dialogue shouldn't be on our side a process of sitting in judgment on the truth or tenability of the doctrines of others with a view to framing a balance sheet or concession chart as to what degree their articles of faith are reconcilable with ours. In that case we would be committing the plain blunder of correcting their language with the grammar and syntax of our own! To start with, we have to let ourselves be educated of the religious language of our dialogue partners, so that with the

1. Blessed Kuriakose Elias Chavara (1805-1871): The Founder of the CM1 & CMC Religious Congregations, declared Blessed by Pope John Paul 11 in 1986, a leading figure in the history of the 19th century Kerala Church, Spiritual Reformer, Pioneer in the Apostolate of Education, Priestly Formation, Press, Social Action and Care of the Poor and Orphaned.

aid of it we can translate our concepts and systems into a style and structure congenial to that of theirs. By doing so we shall be enabled to unveil, first to ourselves and then to them, the hitherto unnoticed or unexplored nuances/overtones of our own mental images or theoretical stances. Then only any religious dialogue worth its name will serve the purpose of making the Christian initiator of it a person enlightened as well as enlightening!

For a presentation of our religious message cast in the mould of the language construct of the other partner will alone equip the latter to respond to it intelligently, pointedly and fruitfully with mutual understanding and integral or conjoint perception, so that a common standpoint of meaningful, easy and feasible *unity in difference* may be arrived at.

## II

## The Doctrine of Blessed Chavara's Bhakti-Yoga

**K**eeping this mode of approach in mind, I made an endeavour to give shape to a broad spectrum of Bl. Chavara's doctrine and practice of Bhakti-Yoga (union with God through serving love) drawing mainly on the Indian *Bhakti-Sūtras* in general and those of Nārada in particular. In view of brevity I shall give here only a general outline of it with very short annotations.[2] It is

2. For the sake of easy readability I have avoided repeating supportive citations from Bl. Chavara's writings which indeed have been profusely incorporated in the Malayalam text of the present work. Besides, *The Complete Works of Bl. Chavara* (IV Volumes: Chavara Hills, Kakkanad, Kochi, Kerala, India) are available for the reader to peruse, where one can easily find out passages illustrative of the points mentioned here.

my hope that this sketch will serve as a useful model in presenting the spiritual paths of the majority of other Indian Christian 'Servants of God' too in a language congenial to our native culture and context so that they are made more easily intelligible and appreciable, also to the non-Christian spiritual seekers around us.

### i. *Arhatvam* (Prerequisites of Bhakti)

1. *Arthitvam* (sincere seeking)
2. *Śraddhā* (faith in God and Guru)
3. *Śaktatvam* (inner valour)
4. *Aparyudastatvam* (conditions conducive to bhakti)
    - i. *viveka* (discrimination of spirits)
    - ii. *vimoka* (self-denial)
    - iii. *abhyāsa* (spiritual practices)
    - iv. *kriyā* (observance of duties)
    - v. *kalyāṇa* (auspicious life)
    - vi. *anavasāda* (peace of soul)
    - vii. *anuddharṣa* (even-mindedness)

The spiritual aspirant ofi *bhakti* shall be resolved to uninterruptedly seek God with a heart replete with love, humility and ardour. God will no doubt bestow on the soul the gift of meditation, if he prays for it with true and sincere faith, presenting himselfi at His feet with all he is *(ātmasamarpaṇam)*, has *(bhārasamarpaṇam)* and does *(phalasamarpaṇam)*. God will freely infuse His grace into the soul of the sincere seeker surrendering himself before Him in his utter nothingness *(akiñcanya-kṛpa)*, regardless of his being worthy of it *(nirhetuka-kṛpa)*.

What is required of the seeker is only inner valour wherewith he should remain resolved on conquering/ denying his *self (ātmavinigraham)* through a life of asceticism *(taparyoga)* which is the irreplaceable gateway to mysticism *(ṛṣiyoga)*. Such power has to be instilled into the disciple through his being continually instructed at the feet of a divinely appointed Master (Guru).

What is entailed in the *śrama* or constant endeavour to be made by the *sādhaka* (aspirant) at the *āśrama* are in the main the following: to master the power to discriminate *(viveka)* between the rules of serving God and mammon (Mt 6:24), between *śreyas* and *preyas* (Kaṭha Upaniṣad 11.1); to habituate himself with a life crucified with Jesus *(vimoka);* to learn the art and science of prayer *(abhyāsa);* to excel in charity and charitable works *(kṛiyā);* to adorn one's life *(kalyāṇa)* with the monastic or monk-like virtues such as non-violence *(ahimsā)*, benevolence to all living beings *(sarvabhūta dayā)*, forgiveness *(kṣamā)*, generosity *(dāna)* etc; to acquire a mind meek, peaceful and serene *(anavasāda);* to remain even-minded in pain or pleasure, success or failure *(anuddhrṣā)* by keeping one's *prajñā* (conscience and consciousness) firmly settled on God *(sthithaprajñā)*.

### ii. Bhakti as *Parama-Prema* (Supreme Love)

1. *Parābhakti (supreme love/divine service)*
2. *Parānurakti (supreme attachment)*
3. *Bhakti vis-à-vis* Jñāna *(love and knowledge)*

True *Bhakti (parābhakti)* is naught else than loving God alone above all else *(parama prema)* the acid test of which is *ahaitukībhakti,* i.e. a love expressed in the total conformity of one's will *(hita)* with that of God. That alone will make the Christian *bhakta* conformed to Jesus. Such unity should be one of total unitedness *(parānurakti)* with Jesus in words, thoughts and deeds after the manner of the inseparable unity *(samavāya)* of the branches with the vine (Jn. 15: 5). It would demand of us that we be owned by Jesus (Phil. 3:12) and live in him (Gal. 2:12) so as to be buried in him (Col. 3:3). Such absolute surrender of love and dependence resulting in inseparable unitedness with Jesus is the gist of Christian *śaraṇāgati-bhakti.* Being no mere sentimentalism, *bhakti* (love) has to be preceded by true *jñāna* (knowledge) to be acquired by the meditative reading of the Scripture *(svādhyāya)* and spiritual classics and consummated in the oblation of our human knowledge to the word and wisdom of God *(jñāna-yajña).*

### *iii. Loka-Veda-Vyāpara-Nyāsa*

### (Total Offering of Actions Both Secular and Sacred)

1. *Ātma-vinigraham* (total self-emptying)
2. *Sannyāsa* (religion or relationship)
3. *Ekānta-bhakti* (single-pointed love
4. *Bhagavat-prema-kāraṇatvāt* (rooted in God's love or us)
5. *Loka-rakṣaṇa-yajñam* (sacrifice for cosmic redemption)
6. *Sarva-Sraveśvara-Dāsyam* (service of God and Humanity)

More than a mere mental attitude, *bhakti* is also a style of action having a negative and positive pole. Negatively, it demands a total elimination of every sort of self-centredness *(ātmavinigraham* or *manaḥ-nigraham).* Positively, it calls for a total offering or consecration of all our actions, secular as well as sacred, into the hands of God *(loka-veda-vyāpāra-nyāsa).* What is thereto entailed is *upekṣa* (total renunciation) in view of a*pekṣa* (relatedness to God and all) wherein lies the very core of *religion (sannyāsa)* as total offering. Its very dynamics consists in remaining detached to what we are *(kartṛtva-tyāga),* have *(phala-tyāga)* and do *(samga-tyāga)* so as to make our persons, resources and actions single-pointedly consecrated to God the Father with an ensuing obligation on our part to share them with all His children (creatures) as a matter of their right.

Such an obligation on the part of the *bhakta* to live a life of consecration and sharing accrues from his realization that it is God who has loved him first as well as from the commandment of God to break and share his body - his person and resources - for the redemption of the entire cosmos. By consecration he causes the world to reach the hands of God, and by sharing he makes it reach the hands of all, with the consequence that the entire cosmos happens to be supported *up* by the hands of God, and *down* by the hands of humanity, so much so that the world has nowhere to fall down. This is how the *bhakta* is called upon to make his life as a sacrificial offering to God *(madarpaṇam* = 'an offering to Me' - Gitā IX. 27) in view of the redemption of the world *(lokasamgraham* - Gitā III.20), that is to say, as a service to the ALL and

all. The enlightened man is to do all his works with this double end in mind and should set others too to act in the same way (cf. Gitā III. 26).

### iv. *Yogatraya* (the Triple Yoga)

1. *Jñāna Yoga* (unity by spiritual enlightenment)
2. *Karma Yoga* (unity by selfless action)
3. *Bhakti Yoga* (unity by universal love)
   - i. *sāmīpya bhakti* (being in the nearness of God)
   - ii. *sālokya bhakti* (being in the world of God)
   - *iii. sārupya bhakti* (being in the likeness of God)
   - iv. *sāyujya bhakti* (being in absolute oneness with God)

Jnana, karma and bhakti are so intertwined to each other that one cannot be practised independently of the other two. True Jñāna transcends our rational knowledge of things *(aparavidyā* or *matijñāna)*. It is the very wisdom of God enshrined in His word *(paravidyā* or *brahmavidyā)* and is obtained by listening to it *(śravana)*, reflecting over it *(manana)* and treasuring it up in one's heart *(nididhyāsana)*. All our human reasonings have only relative validity as pointers to the supreme or ultimate Reality *(paramārtha)* concealed in appearances *(pratibhāsa)* and as practical guides in our day-to-day actions *(vyavahāra)*. The object of true knowledge is the word of God enfleshed in the cosmic, which is revealed to us in the Christ-event *(Yeśu-sambhava)*. Karmayoga should lead us to unity with Christ, and, Christ being both God and Man, it entails service both of God *(mādhavaseva)* and Humanity *(mānavaseva)*. Through

such service we have to grow into a love of nearness to Christ *(sāmīpya)*, fully alive to the demands of his kingdom *(sālokya)*, thereby attaining conformity or likeness *(sārūpya)* and inseparable unity *(sāyujya)* with him, that is, with God and Humanity.

### v. *Avyāvṛta Bhajan* (Uninterrupted Service of God)

1. *Śravaṇa* (listening to God's word)
2. *Kīrtana* (praising Him)
3. *Smaraṇa* (remembering Him)
4. *Pādasevana* (surrendering oneself to Him)
5. *Arcana* (offering our actions to the Lord)
6. *Vandana* (doing obeisance to the Lord)
7. *Dāsya* (waiting on the Lord as a servant)
8. *Sakhya* (communing with the Lord as a friend)
9. *Ātma-nivedana* (total offering of oneself to the Lord)

Our life has to be lived in an uninterrupted service of God *(bhajan)*, which is made possible through the practice of it in the above-mentioned nine ways *(navavidha bhakti)*. The community of *bhaktas* must be a resort of persons who have meditatively and experientially tasted for themselves how sweet the word of the Lord is by listenimg to it *(śravana)*, praising it *(kīrtana)* and pondering over it *(smaraṇa)*. They must find their joy and happiness in serving the Lord at His feet *(pādasevana)*, in offering Him the fruits of their actions *(arcana)* and in rendering Him praise and honour through different gestures and symbols *(vandana)*. Their passion for action must erupt from their supreme love, attachment and adhesion to the Lord. It will induce them

to perform actions for His sake alone as selfless servants in His vineyard *(dāsya)*. But they are not only His servants but also His friends. In prayer they will commune with Him as his most intimate friends *(sakhya)* and will open even the innermost secrets of their hearts to Him in absolute love, faith and hope *(ātma-nivedana)*.

### vi. *Ekādaśadha Āsakti* (Eleven Spiritual Passions)

1. *Guṇa-māhatmya-āsakti*
2. *Rūpa-āsakti*
3. *Pūja-āsakti*
4. *Smaraṇa-āsakti*
5. *Dāsya-āsakti*
6. *Sakhya-āsakti*
7. *Vātsalya-āsakti*
8. *Kānta-āsakti*
9. *Ātma-nivedana-āsakii*
10. *Tanmayatā-āsakti*
11. *Parama-viraha-āsakti* (to be explained below)

The steadfast practice of *bhakti* will engender in the seeker after God-realization certain ardent spiritual passions *(āsakti)* corroborating and confirming his quest for *paramaprema* (supreme love) and *parānurakti* (supreme attachment). They are:

1.*Guṇa-māhatmya-āsakti* = an inner urge to sing the glories *(guṇa)* and greatness *(māhatmya)* of the Lord. 2. *Rūpa-āsakti* = a vehement desire to see the Lord in his

incarnate form *(rūpa)*. 3. *Pūja-āsakti* = a feeling of immense pleasure in offering *pūja* (oblation) to the Lord. 4. *Smaraṇa-āsakti* = an inner need to keep a constant memory *(smarana)* of the Lord. 5. *Dāsya-āsakti* = an absolute readiness to serve the Lord in any form as selfless servants *(dāsya)*. 6.*Sakhya-āsakti* = supreme joy in intimately communing with the Lord as with one's own dear friend *(sakhya)*. 7. *Vātsalya-āsakti* = an inner craving to be loved by God as by a parent *(vātsalya)* as well as to love him like a child *(śanta-bhakti)*. 8. *Kānta-āsakti* = feeling of an intensely passionate bridal love for the Lord, the bridegroom *(kānta)* of the soul. 9. *Ātma-nivedana-āsakti* = an inner urge to narrate even the utmost secrets of oneís heart *(ātma-nivedana)* to the Lord. 10. *Tanmayatā-āsakti* = a great desire to become conformed *(tanmayatā)* to the Lord. 11. *Parama-viraha-āsakti* = a feeling of intense sorrow in the absence *(viraha)* of the Lord. [Even hatred to sin as well as acceptance of God's punishments are for the *bhakta* a means to grow and get confirmed in the love of God *(dveṣa bhakti)*].

## vii. *Satsang* (Religious Communion/Community)

1. *Mahat-bhagavat-kṛpa* (grace of great souls and God)
2. *Nāsti...bheda* (a community without inequalities)
3. *Nistraiguṇyam* (mastery over the three overpowering forces)
4. *Sangat...sarvanāśam* (sensuality leading to total destruction)
5. *Mokṣa-tīrtham* (ford or path to heaven)
6. *Samgachadvam, samvadadham* (walk together, speak together)

A *satsang* is a religious community in which its members, enlightened as they are by the divine Spirit, live united with God in prayer, with each other by fraternal love, with the people, especially the poor, through liberating actions. In such communities of the *bhaktas* the guidance of the great-souled holy people together with God's grace is obtained much more easily and abundantly. They are indeed a prefiguration of the Kingdom of Heaven to come in the end. For in them the members, as they are all equally God's, live with perfect freedom, fraternity and equality, without any difference or discrimination based on 'social status, educational standard, physical beauty, family position, financial condition, greatness of office and the like' (Nārada-Bhakti-Sūtras 72, 41). They are great spiritual victors *(gina)* and heroes (*vīra*) who have overcome the three pulling powers of sensuality, money and self-will. To the spiritual seekers journeying on this vale of sin and darkness the *satsangs* serve the purpose of being a ford or isthmus *(tīrtha)* to liberation *(mokṣa)*. With their love, service and hospitality the members thereof create a sense of heaven in all those who come to their abode.

The following *tīrthas* shine forth in the *satsangs* more particularly: spiritual knowledge *(jñāna)*, forgiving gentleness *(kṣamā)*, mortification *(indriyanigraha)*, compassion to all beings *(sarva-bhūta-dayā)*, truth *(satya)*, integrity *(ārjavam)*, charity *(dāna)*, self-discipline (*dama*), contentment *(saṃtoṣa)* etc. In them are people in the world to find spiritual Gurus who are persons established in God and his wisdom.

The way leading to spiritual destruction has been well analyzed by Narada (*sūtra* 44) and Bhagavadgitā (II.62-63), with which the ascetical teachings of Bl. Chavara stand in perfect agreement: when a man dwells his mind on the objects of sense, attachment to them *(sanga)* is produced; from attachment springs lustful desire *(kāma)*; from inordinate desire, anger *(krodha)* towards the things seen as impediments to the fulfilling of one's desire is born; anger makes the mind infatuated with *(moha)* the thought of obtaining the desired pleasure at any cost; infatuation or bewilderment gives rise to a state of loss of memory *(smṛtivibramaḥ)* in regard to the right principles previously learnt from the instructions of the spiritual masters; this is followed by the destruction of intelligence *(buddhināśa)*, that is, the power to discriminate between what is conducive to the progress or perdition of the soul; when the power of spiritual discrimination is lost, the man is lost (*sarvanāśa*).

The *āśrams*, playing the role of *satsangs*, are not only *vihāras* (monasteries) where members live in prayer, study, social service and care of the poor; they are also sojourns for all pilgrims to be received with hospitality and trained in the art of living co- existentially and pro-existentially. To this effect one may recall the well-known Rgvedic *mantra*, highly reminiscent of the ideals Bl. Chavara has proposed for his religious community as a living togetherness of communion, communication and service:

> Walk together, speak together:
> Let your minds be of one accord.
> As the devas of the old, being of one mind,
> Accepted their share of sacrifice.

May your hymn be common, your dwelling common,
Common the mind and the thoughts of these united.
A common hymn do I chant with you,
And worship with your common oblation.

Your call is the same:
Let your hearts be of one accord.
And all of you be of one mind,
As you dwell well together.

(Rgveda X, 191.2-4)

III

## CONCLUSION

Saints and sages are not the private property of any particular country or community. They are, indeed, great souls *(mahātmā)*, liberated persons *(muktā)*, unique human beings *(viśeṣapuruṣa)*, teachers for all *(jagatgurus)*. As path-finders *(tathāgātas)* and bridge-makers *(tīrthankaras)*, never putting up walls but only creating ways, they belong to the entire world-family regardless of caste, creed or church.

It being so, their followers have an obligation of presentifying *(aggiornomento)* their Founding Guru's person and teachings by recasting them in a style compatible with the collective, conscious/unconscious mental types of the religious psyche of the people or communities of other creeds, particularly of the nearby places where they live or work. Only by doing so any given religious group shall succeed in facilitating its animating Guru (in our case Bl. Chavara) being regarded

as worthy of serious attention and earnest emulation by its dialogue partners. For it is by creating mutual responsiveness in an atmosphere of co-existential/co-operative living that new working models and refreshing paradigm shifts are to evolve gradually, short of which the prospects of religious dialogue will ever remain alarmingly scant and highly unlikely. Indeed, God began his dialogue with humanity, inaugurated with creation, by having His *messengers* translate the eternal word of His love and wisdom in the words of the peoples to whom they were sent.

*Dr. Cyriac Kanichai is a member of the CMI Congregation founded by Bl. Kuriakose Elias Chavara. He has obtained an STL, from the Jnana-Deepa Vidyapeeth, Pune, and Ph.D. from the Gregorian University Rome. Since 1967 he has been teaching Philosophy at various centres such as Dharmaram Vidya Ksetram, Bangalore, St. Joseph's Pontifical Institute, Aluva, St. Mary's Malankara Major Seminary, Trivandrum etc. He has authored a good number of books on Indian Philosophy, Religion and Spirituality.*

*His address: Carmel Bhavan, Chalakudy - 680 307, Kerala, India.*

*Phone O 09497064234*

*E-mail: carmelhsschalakudy@yahoo.com*

APPENDIX II

## PORTRAIT

# KURIAKOSE ELIAS CHAVARA

1. Born in Kainakary, Kerala on 1 0-2-1805
2. Baptized at Chennamkary Parish Church on 18-2-1805
3. Dedicated to the Blessed Virgin Mary at Vechoor Church on 8-9-1805
4. Started his primary education in Asan Kalari at Kainakary : 1810 - 1815
5. Received early seminary formation from his Parish Church at Chennamkary : 1816-1817
6. Joined the Parish Seminary at Pallipuram : 1818
7. Chavara was ordained priest at Arthunkal church on 29-11-1829
8. With Fathers Thomas Palackal and Thomas Porukara, founded the First Indian Religious Congregation for Men presently known as CMI on 11-5-1831
9. Popularized the Sunday Homilies and introduced Retreats for Priests and Laity in Kerala with other two founding fathers : 1830
10. Established the First Syro Malabar Common Seminary with other two founding fathers at Mananam : 1833
11. *Way of the Cross* was started at Mannanam : 1838
12. Appointed as *Malpan* (Tutor of sacred subjects), Examiner for candidates for Priesthood and was authorized to give patents to the newly ordained to hear confessions and to preach in the Churches on 16-2-1844

13. Founded the first press and publishing house of Syro-Malabar Church at Mananam on 3-7-1846

14. Founded the First Sanskrit School in Kerala at Mananam with its doors open to all castes : 1846

15. Started the First Syro-Malabar Catechumenate for faith formation at Mananam : 1853

16. Became the first professed religious priest in the Indian Church on 8-12-1855

17. Wrote 10 Ecologues (Shepherd Plays) and introduced them in the novitiate at Koonamavu Seminary, the first play written in Indian language : 1856-1858

18. Appointed the first Vicar General in the Syro-Malabar Church after the time of Archdeacons on 8-6-1861

19. Took leadership in protecting the Syro-Malabar Church from the schismatic intruders Bishop Roccos : 1861

20. Authored the First Malayalam Narrative poem - *Anasthasyaude Rakthasakshyam* : 1862

21. Edited the Divine Office for priests, Compiled and composed Liturgical Rubrics, Thukkasa, liturgical calendar, set the Office of the dead for Priests, laity and children of the Malabar Church etc. : 1862-1869

22. Popularized the new *May Month devotion of Blessed Virgin Mary* from Mananam : 1864

23. As Vicar General implemented *A school for every Church* in the in the Kerala : 1864

24. In collaboration with Fr. Leopold Maria Beccaro OCD, an Italian Missionary, founded the first Indian Religious Congregation for women now known as (CMC) at Koonamavu on 13-2-1866

25. Started the 40 Hours Eucharistic Adoration in Kerala at Koonammavu on 15-2-1866

26. Supported by Fr. Leopold OCD, started the first boarding house and school in Kerala for girls at Koonammavu on 2-1-1868

27. Prepared the first Instruction Manual, *A Testament of a Loving Father* for the Christian Families, first of its kind in the church on 13-2-1868

28. Founded the first lay charitable organization, the *Confraternity of St .Joseph for Happy Death* at Kainakary, Kerala : 1869
29. Founded the first Home of Charity, Upavisala for the sick, old and Destitute at Kainakary : 1869
30. Initiated the Catholic re-union movement of the 19th Century : 1869
31. Died at St. Philominais Monastery at Koonammavu on 3-1-1871
32. Mortal remains re-entombed at Mannanam the Mother house of the Congregation he founded on 24-5-1889
33. Canonization process started at the Congregation level on 21-12-1936
34. Canonization process officially started by Arch diocese Changanserry on 9-12-1955
35. Declared Venerable by Pope John Paul II in Rome on 7- 4- 1984
36. Beatification at Kottayam, Kerala by Pope John Paul II on 8-2- 1986
37. Government of India released a postal stamp in respectful recognition of his social reforms on 20-12-1987
38. Government of Kerala un veiled a painting of Blessed Chavara in the Kerala Sahitya Academy Hall at Thrissur honouring his contributions to literature and refinement of Malayalam Language on 4-5-2006
39. *Beth Rauma,* an initiative of Chavara Central Secretariat to widen the exposures of the Life and Vision of Blessed Chavara amongst the general public, through Print, Audio, Visual Media was started in 2011.
40. Honoured former President, Dr. A.P.J. abdul Kalam with *Chavara Sanskruthy* Puraskar. Dr. A.P.J. Abdul Kalam delivered Chavara Memorial Lecture and inaugurated the Lecture Series on National and International platforms.



തവപാദേ പ്രണാമം മേ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ

# യേശു ദർശനയോഗം

## ഭാരതീയ പരിപ്രേക്ഷ്യത്തിൽ

സിറിയക് കണിച്ചായ് സി.എം.ഐ.

ചാവറസൂക്തങ്ങളെ ബൈബിൾ, ഉപനിഷത്തുകൾ,
ഭഗവദ്ഗീത, നാരദഭക്തിസൂത്രങ്ങൾ
പതഞ്ജലയോഗസൂത്രങ്ങൾ എന്നിവയുടെ
പിൻബലത്തോടെ അപഗ്രഥിക്കുകവഴി
ക്രിസ്തീയാദ്ധ്യാത്മികതയെയും ഹൈന്ദവാദ്ധ്യാത്മി
കതയെയും പരസ്പരം സമഞ്ജസിപ്പിച്ചു
കൊണ്ടുള്ള ധർമ്മസമന്വയബുദ്ധിയുടെ അപൂർവ്വ
മായൊരു നേർകാഴ്ചയും അസുലഭമായൊരു
ആത്മീയാനുഭവനിർവൃതിയും
ഈ ഗ്രന്ഥം നമുക്ക് സമ്മാനിക്കുന്നു.

**CHAVARA CULTURAL CENTRE**
Monastery Road, Ernakulam - 682011